# ജീവിതം
# പ്രവർത്തികളിലൂടെ

ഗ്രന്ഥകർത്താവ്

റ്റി. അയ്യനേത്ത്

www.malankaralibrary.com

# ജീവിതം പ്രവർത്തികളിലൂടെ

ഗ്രന്ഥകർത്താ

റ്റി. അയ്യനേത്ത്

JAYAKERALAM PUBLICATIONS
T. AYENETH
TRIVANDRUM - 15.

N. B. ഗ്രന്ഥകർത്താവിന്റെ മുദ്ര ഇല്ലാത്ത പുസ്തകം വ്യാജനിർമ്മിതം ആകുന്നു.

www.malankaralibrary.com

# GEEVITHAM PRAVARATHIKALILOODE

Author: T. Ayeneth

Publishers & Distributors

Jayakerlam publications

Nalanchira

Trivandrum-15

First Edition 1983

Printed at Swaraj Press, Trivandrum-1

Price Rs. ~~20~~

www.malankaralibrary.com

# സമർപ്പണം

എന്റെ സഹോദരങ്ങളായ ലോകജനതയുടെ മുമ്പാകെയും പ്രത്യേകിച്ചു ഉയർന്ന നിലയിലും, മധ്യസ്ഥിതമായും ജനിച്ചുവളർന്നു നിർദ്ധനതയിലെത്തി ആത്മാഭിമാനത്താൽ ഇരക്കാനും ദൈവ വിശ്വാസത്താൽ മരിക്കാനും കഴിയാതെ, പട്ടിണിയുടെ പട്ടിണിയിൽ ജീവനെ താങ്ങി താങ്ങുന്ന സ്നേഹസോദരങ്ങളുടെ മുമ്പാകെ അതിലുപരി, എല്ലുന്തി, കഴുത്തുനീണ്ട്, ഒട്ടിയവയറോടെ, കുഴിഞ്ഞകണ്ണുകളോടെ, പിച്ചച്ചട്ടിയുമേന്തി, നടന്നടുക്കുന്ന വാത്സല്യസോദരങ്ങളുടെ മുമ്പാകെയും, വിശപ്പിന്റെ വിളിയാൽ, ഭക്ഷണശാലകളിലെ എച്ചിലിലക്കുഴിയിൽ ഉഛിഷ്ടങ്ങൾക്കായി അടിപിടി കൂടുന്ന എന്റെ കുഞ്ഞുസോദരങ്ങളുടെ മുമ്പാകെയും, കിടക്കാനിടമില്ലാതെ, ഉടുക്കാൻ തുണിയില്ലാതെ, വിശപ്പടക്കുവാനാഹാരമില്ലാതെ, എല്ലാവിധത്തിലും അവശരും, ആർത്തരും, രോഗാതുരരും, ആലംബഹീനരുമായി കഷ്ടപ്പെടുന്ന, എന്റെ അസ്ഥിയുടെ അസ്ഥിയും, മാംസത്തിന്റെ മാംസവുമായ എല്ലാ വാത്സ്യലസോദരങ്ങളുടെ മുമ്പാകെയും, ഹൃദയംകൊണ്ടു ഞാനും പങ്കുചേർന്ന ആത്മാർഥമായ മനോവേദനയുടെയും സഹാനുഭൂതിയുടെയും സഹോദരസ്നേഹത്തിന്റെയും പ്രതീകമായി എന്റെ എളിയതൂലികാ ചലനാങ്കിതമായ ഈ വിനീതോപഹാരഗ്രന്ഥത്തെ സാദരം, സഹർഷം, സമർപ്പണം ചെയ്തുകൊള്ളുന്നു.

ഗ്രന്ഥകർത്താ

www.malankaralibrary.com

# മുഖവുര

വത്സലസോദരങ്ങളേ! എന്റെ പുസ്തകങ്ങൾക്ക്—ഞാൻ ആരുടെയും അവതാരികയോ, അഭിപ്രായങ്ങളോ വാങ്ങാൻ ആഗ്രഹിക്കുന്നില്ല. പുസ്തകത്തിന്റെ ഗുണദോഷനിരൂപണവും അഭിപ്രായങ്ങളും വായനക്കാർതന്നെ വിധിയെഴുതിയാലും.

എല്ലാവർക്കും എന്റെ സ്നേഹാദരവുകൾ

കൂപ്പുകൈ!

MALANKARA
LIBRARY

www.malankaralibrary.com

# പ്രസ്താവന

സ്നേഹസഹോദരങ്ങളേ! പേരിനും പെരുമയ്ക്കും വേണ്ടിയല്ല, ധനം ആർജിച്ച് കൂട്ടിവയ്ക്കാനല്ല. അമിത സുഖാനുഭവങ്ങൾക്കുമല്ല. ഈ ഗ്രന്ഥോദ്ദേശ്യം—ജീവിതത്തിന്റെ ജീവൽ പ്രശ്നങ്ങളുമായി നാലഞ്ചു ദശവർഷക്കാലം ഏറ്റുമുട്ടി അങ്കം പെരുത്, വിജയാപജയങ്ങളിലൂടെ സുഖദു:ഖങ്ങളിലൂടെ, നയിച്ച ജീവിതയാത്രയിൽ ലഭിച്ച, അനുഭവ പാഠങ്ങളിലെ അനുഭവസാരം, സോദരനന്മയ്ക്കുതകുന്നതിനുള്ള ലക്ഷ്യകണമാണിതിലേക്കെന്നെ പ്രേരിപ്പിച്ചത്. ഒരു ഏകപിതാവിന്റെ, സ്വർഗീയ പിതാവിന്റെ മക്കളായ മനുഷ്യരെല്ലാം അന്യോന്യം സഹോദരങ്ങളാണ്. ജാതി, മത, വർഗ, വർണ, വ്യത്യാസങ്ങൾക്കോ, സ്ഥലകാല ദൂരങ്ങൾക്കോ, ചിന്താ—വാക്ക്, പ്രവർത്തനങ്ങൾക്കോ, ദൈവത്തിൽ നിന്നു ലഭിച്ച ആമാനുഷിക, പിതൃത്വം മൂലമുള്ള സാഹോദര്യം, ഇല്ലാതാക്കുന്നതിന് അവകാശമോ, അധികാരമോ ഇല്ല,

ഇന്നത്തെ ലോകം, സ്വാർത്ഥതയ്ക്കു വേണ്ടി, അധികാരത്തിനുവേണ്ടി, പ്രശസ്തിക്കായി, അമിത സുഖാനുഭവങ്ങൾക്കായി, ധനാർജനത്തിനായി, വെമ്പലോടെ, എരിപൊരികൊണ്ട്, സഹോദരസ്നേഹത്തെ ബലികഴിച്ച്, അന്യോന്യം കടിച്ചുകീറുന്ന മൃഗതുല്യം, സമാധാനമില്ലാതെ നെട്ടോട്ടം ഓടുകയാണ്. ഈ ഓട്ടവും, പരക്കം പാച്ചിലും, വ്യക്തിത്വത്തിൽ ഓരോരുത്തരുടെയും അന്ത്യത്തോടെ, അവസാനിക്കുന്നെങ്കിലും. ലോകത്തിന്റെ മുമ്പോട്ടുള്ള ഗമനത്തിൽ വളർന്നുകൊണ്ടിരിക്കുകയാണ്. ലോകം മുഴുവൻ നേടിയാലും, ലോകസുഖങ്ങൾ, ആഗ്രഹാനുസരണം, അനുഭവിച്ചു മതിവന്നാലും, ആത്മാവു നശിച്ചാൽ

www.malankaralibrary.com

ജീവിതം കൊണ്ടുള്ള പ്രയോജനം എന്നുള്ള ക്രിസ്തു നാഥൻെറ വിലയററ ഉപദേശം ലോകം ശ്രവിക്കുന്നതിനും, തദനുസാരം സഹോദരങ്ങളെ സ്നേഹിച്ചു നിസ്വാർത്ഥത ജീവിതം നയിക്കുന്നതിനും ഇടയാകണമെന്നുള്ള ലക്ഷ്യമാണ് ഈ പുസ്തക രചനയിലൂടെയുള്ള എൻെറ ഉദ്ദേശ്യം. എല്ലാ സഹോദരങ്ങളും പരസ്പരം സ്നേഹമുള്ളവരായി, സ്വാർത്ഥത്യാഗത്തിലൂടെ, ഈശ്വരവിശ്വാസത്തിലൂടെ, ജീവിതം നയിച്ച് തങ്ങൾക്കും, ലോകത്തിനും, നന്മവരുത്തി നല്ല അന്ത്യം പ്രാപിച്ച്, സ്വർഗീയ സമ്മാനാർഹരാകുന്നതിന്, ഈ പുസ്തകം ഉതകട്ടെ, ഇടവരുത്തട്ടെ, എന്നു പ്രാർത്ഥിക്കുന്നു.

ജീവിതാനുഷ്ഠാനങ്ങളിൽ കൂടി ലഭിച്ച അനുഭവങ്ങൾ കുറിച്ചതിൽ ആരേയും, അപഹർഷരോ, അപഹാസ്യരോ, ആക്കണമെന്നുള്ള ഉദ്ദേശം എനിക്കില്ല. ജീവിതാനുഷ്ഠാനങ്ങളിൽ ലഭിച്ച അനുഭവസാരങ്ങളെ പ്രദ്യോതിപ്പിക്കാതിരിക്കുന്നത് സത്യവിരുദ്ധമാകുമെന്നുള്ള സത്യം മുൻനിർത്തി, ചിലതെല്ലാം കുറിച്ചതിൽ ആരും പരിഭവിക്കരുതെന്ന് പ്രത്യേകം അപേക്ഷിക്കുന്നു.

എനിക്ക് ഈ പുസ്തക രചനയിൽ, കയ്യെഴുത്തു പ്രതി സ്വീകരിച്ചു, അച്ചടിക്കാൻ സഹായിക്കുന്ന കേരള സർക്കാരിനോടുമാത്രമാണ് കൃതജ്ഞത പറയുവാനുള്ളത്. ആ കൃത്യം ഞാൻ സന്തോഷസമേതം നിർവഹിച്ചുകൊള്ളുന്നു. വത്സല സോദരങ്ങളായ ലോകജനതയ്ക്കു മുഴുവനും എൻെറ വിനീതമായ കൂപ്പുകൈ.

നമസ്തേ—

ഗ്രന്ഥകർത്താവ്.

www.malankaralibrary.com

# ഉള്ളടക്കം


| | | |
|---|---|---|
| 1 | ഞാൻ | 9 |
| 2 | ജീവിതം (1) | 10 |
| 3 | ജീവിതം (2) | 13 |
| 4 | ജീവിതം (3) | 16 |
| 5 | ജീവിതം (4) | 19 |
| 6 | ജീവിതലക്ഷ്യം (1) | 24 |
| 7 | ജീവിതലക്ഷ്യം (2) | 28 |
| 8 | ജീവിതം പ്രവർത്തനത്തിലൂടെ (1) | 31 |
| 9 | ജീവിതം പ്രവർത്തനത്തിലൂടെ (2) | 37 |
| 10 | ജീവിതം പ്രവർത്തനത്തിലൂടെ (3) | 41 |
| 11 | ജീവിതം അനുഭവത്തിലൂടെ (1) | 49 |
| 12 | ജീവിതം അനുഭവത്തിലൂടെ (2) | 51 |
| 13 | ജീവിതാനുഭവസാരം (1) | 54 |
| 14 | ജീവിതാനുഭവസാരം (2) | 56 |
| 15 | ജീവിതം പ്രവൃത്തികളിൽ (1) | 60 |
| 16 | ജീവിതം പ്രവൃത്തികളിൽ (2) | 65 |
| 17 | സംതൃപ്തിയും സമാധാനവും | 72 |
| 18 | ഇന്നത്തെ തലമുറ | 79 |
| 19 | അന്ത്യം | 84 |
| 20 | വിടവാങ്ങൽ (1) | 90 |
| 21 | വിടവാങ്ങൽ (2) | 94 |
| 22 | വിടവാങ്ങൽ (3) | 98 |
| 23 | വിടവാങ്ങൽ (4) | 103 |
| 24 | വിടവാങ്ങൽ (5) | 110 |
| 25 | ക്ഷമാപണം | 115 |
| 26 | മരണം (1) | 118 |
| 27 | മരണം (2) | 122 |
| 28 | സ്വർഗവും നരകവും | 130 |
| 29 | ലോകസമാധാനം | 133 |
| 30 | പ്രാർത്ഥന | 140 |


www.malankaralibrary.com

## അദ്ധ്യായം 1

# ഞാൻ

ഞാൻ, ഞാനല്ല. എന്റേത് എന്റേതല്ല. എന്റേതായി ഒന്നുമില്ല. ഞാനാകുന്നവൻ ഞാനാകുന്നു. ഞാനാകുന്നു എന്നുള്ളവൻ ഞാനാകുന്നു. ഞാനായി എന്നും വർത്തിക്കുന്നവൻ ഞാനാകുന്നു.

അതായത്, സർവ്വത്തിന്റെയും സൃഷ്ടാവും, രക്ഷിതാവും, ദാതാവുമായ ഞാൻ ആദ്യനും, അന്ത്യനും, അന്ത്യമില്ലാത്തവനും എന്നും സദാവർത്തമാനകാലസംഘടിതവർത്തിതനും, തന്നിൽ താനായിരിക്കുന്നവനും, അളവില്ലാത്ത നന്മകളുടെ, കരുണയുടെ, സ്നേഹത്തിന്റെ, നീതിയുടെ, ശക്തിയുടെ, ജ്ഞാനത്തിന്റെ, ശ്രീഭണ്ഡാരവും മൂർത്തിമത്വമായ ദൈവം— ഞാനായ ഞാനായിരിക്കുന്ന, ഞാനാകുന്ന, ഞാനാകുന്നു.

ദൈവം, എന്നെ, നമ്മെ, മനുഷ്യവർഗത്തെ അവിടുത്തെ രൂപസദൃശ്യത്തിൽ മറ്റു ജീവികൾക്കൊന്നിനുമില്ലാത്ത വിശേഷബുദ്ധിയോടും, ആത്മാവോടും കൂടി സൃഷ്ടിച്ചു. സർവ്വത്തിന്റെയും, സൃഷ്ടാവും രക്ഷിതാവും ദാതാവുമായ അവിടുത്തെ അറിഞ്ഞ് നോക്കിക്കൊണ്ട് സ്നേഹനിർഭരമായ ഹൃദയത്തോടെ, സ്നേഹിച്ചു നമുക്കു ജീവിക്കാം. ക്ഷണികവും നശ്വരവുമായ ഈ ലോക ജീവിതശേഷം അത്യാനന്ദകരവും ഊഹാതീതമായ സുഖപ്രദായകവും, ആയ സ്രഷ്ടാവോടൊരുമിച്ചുള്ള വാസത്തിലേക്കു നമ്മുടെ വ്യക്തിത്വത്തിൽ മാത്രം ആശ്രയിക്കാതെ, എല്ലാമറിയാമെ



www.malankaralibrary.com

ന്നുള്ള ഭാവേന ഞെളിയാതെ, എല്ലാം ഞാനെന്നഹങ്കരിക്കാതെ, സാക്ഷാൽ ഞാനായിരിക്കുന്ന, ഞാനാകുന്ന സർവ്വേശ്വരനിലാശ്രയിച്ചു അവിടുത്തെ അറിഞ്ഞു സ്നേഹിച്ചു നമുക്കു ഇനിയുള്ള ജീവിതം തുടരാം. അതിലേക്കു, ഞാനായിരിക്കുന്ന അപരിമേയ കാരുണികനിൽ നമുക്കാശ്രയിക്കാം. ശരണീകരിക്കാം. പ്രാർത്ഥിക്കാം. അവിടുത്തെ വാഴ്ത്തി പുകഴ്ത്തി സ്തുതിക്കാം.

# അദ്ധ്യായം 2

# ജീവിതം I

ഭൂമണ്ഡലത്തിലും പ്രപഞ്ച നഭോമണ്ഡലത്തിലുമായി, എണ്ണമററ, സംഖ്യാതീതമായ കോടാനുകോടി ജീവികളുണ്ട്. അവയെല്ലാം, ജനിക്കുന്നു, വളരുന്നു, ജീവിക്കുന്നു; നശിക്കുന്നു. ഒരു ജീവിതം കൊണ്ടവസാനിക്കുന്നു. മറെറാരു ജീവിതം അവക്കില്ല. ഒരിക്കൽ ഒരു ജീവിതം ലഭിച്ച ഒരു ജീവിയും അതിന്റെ അവസാനശേഷം വീണ്ടും ജീവിക്കുന്നില്ല. ഈ ജീവജാലങ്ങളുടെയെല്ലാം സ്രഷ്ടാവും ഉടമസ്ഥനും, സംരക്ഷകനും ദൈവമാകുന്നു, പ്രപഞ്ച പ്രകൃതിയിൽ നിന്നും, പഞ്ചഭൂത നിർമ്മിതമായ ശരീര ജീവനുകളോടുകൂടി അവ ജനിക്കുന്നതിനും, വളരുന്നതിനും സന്താനപരമ്പരകളെ ഉളവാക്കുന്നതിനും അവസാനം പ്രപഞ്ചഭൂമണ്ഡലത്തിലേക്കു തന്നെ ലയിച്ചു എന്നേക്കുമായി ആ ഓരോ ജീവിതത്തോടെ അവസാനിക്കുന്നതിനും ഇടയാക്കുന്നു.

എന്നാൽ മനുഷ്യനെ സംബന്ധിച്ചിടത്തോളം അ



www.malankaralibrary.com

വനൊരിക്കൽ ജന്മംകിട്ടികഴിഞ്ഞാൽപിന്നെ അതൊരിക്കലും അവസാനിക്കയില്ല. നിത്യകാലം ജീവിക്കുന്നു. മനുഷ്യനും മററുള്ളവയെപ്പോലെതന്നെയാണുളവാകുന്നതെങ്കിലും അവൻ ഉരുവാകുമ്പോൾ തന്നെ ഒരിക്കലും മരണമില്ലാത്ത നിത്യകാലം ജീവിക്കുന്ന ദൈവത്തിന്റെ രൂപസദൃശമായ ആത്മാവോടുകൂടി ജാതനാകുന്നു. മരണാനന്തരശേഷം അവൻ തന്റെ ശരീരത്തെ സ്വീകരിക്കുന്നു. ഇവിടെവച്ചു സ്വീകരിച്ചിരുന്ന ആ ശരീരം നിത്യലോകത്തിൽ പ്രവേശിക്കുമ്പോൾ മഹത്വീകരിക്കപ്പെട്ടതായി രൂപം പ്രാപിക്കുന്നു. അണിമ, മഹിമ, ഗിരിമ, തുടങ്ങി അഷ്ടൈശ്വര്യസിദ്ധികളും ആ ശരീരത്തിന് ലഭിക്കുന്നു. ഇതെല്ലാം ദൈവത്തിന്റെ പിതൃത്വംമൂലം ലഭ്യമാകുന്ന ഗുണസിദ്ധികളാകുന്നു.

മനുഷ്യർ, ദൈവത്തിന്റെ മക്കളും ദൈവം മനുഷ്യരുടെ പിതാവുമാകുന്നു. ദൈവത്തിന്റെ മകുടമണിയായ മനോഹരസൃഷ്ടിയാകുന്നു മനുഷ്യൻ, ഈ ലോകവും അതിലെ സർവചരാചരങ്ങളും മനുഷ്യന്റെ ഏതാനും നാളത്തെ വാസത്തിനായി ദൈവം ഉളവാക്കി നൽകിയിരിക്കുന്ന മനോഹരമായ ഭംഗിയുള്ള തോട്ടമാകുന്നു. ഈ ലോകമാകുന്ന തോട്ടത്തിന്റെ ഉടമസ്ഥനും സംരക്ഷകനും ദൈവമാകുന്നു.

മനുഷ്യൻ വിശേഷബുദ്ധിയുള്ളവനായി സൃഷ്ടിക്കപ്പെട്ടിരിക്കയാണ്, വിവേകവും, ചിന്താധാരണശക്തികളും. സംസാരശക്തിയും സൃഷ്ടാവായ ദൈവം അവന് നൽകി എന്തും ചെയ്യുന്നതിനും ചെയ്യാതിരിക്കുന്നതിനുമുള്ള പരിപൂർണ സ്വാതന്ത്ര്യവും അവിടന്ന് ദാനം ചെയ്തു. ദൈവത്തിന്റെ പിതൃത്വത്തെയും ദൈവത്തെയും മനുഷ്യൻ മനസിലാക്കിതന്നെ അറിഞ്ഞുസ്നേഹിച്ച് തന്റെ കൽപനകളെ അനുവദിക്കപ്പെടുന്നിടത്തോളം കാലം ഇവിടെ ജീവിച്ചശേഷം മരണമാകുന്ന പ്രസവത്തിൽകൂടി സ്വദേശമായ പരലോകത്തേക്ക് നിത്യാനന്ദവസതിയിൽ



www.malankaralibrary.com

നിത്യമായി തന്നോടൊത്തു ജീവിതം തുടരുന്നതിനാണ് മനുഷ്യജീവിതം ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്, ജീവിതം, ഈ ലോകസുഖാനുഭവങ്ങൾക്കായിട്ട് മാത്രമുള്ളതല്ല. ജീവിതം ഏതാനും വർഷത്തെ ഇവിടത്തെ വാസശേഷം അവസാനിക്കുവാനുള്ളതല്ല, ജീവിതം— ശരീരപോഷണത്തിനും സുഖാനുഭവത്തിനും മാത്രമുള്ളതല്ല. ഈ ലോകത്തിൽവച്ച് കണ്ണ് കാണുന്ന, ഹൃദയം കൊതിക്കുന്നതുമായ എല്ലാ സുഖാനുഭവ പ്രവർത്തനങ്ങൾക്കും മാത്രമുള്ളതല്ല ജീവിതം. തൻെറ ചിന്തകൾക്കനുസരിച്ച് തൻെറ ഇഷ്ടംമാത്രം പ്രവർത്തിച്ചും അവസാനിപ്പിക്കുവാനുള്ളതല്ല. ജീവിതം തൻെറ സുഖത്തിനായി, സ്വാർത്ഥനന്മക്കായി മാത്രമുള്ളതല്ല ജീവിതം. മററുള്ളവരെ, തൻെറ സഹോദരങ്ങളെ ഉപദ്രവിക്കുവാനുള്ളതല്ല. ഇവരെയെല്ലാം സ്നേഹിക്കുന്നതിനുള്ളതാണ് ജീവിതം. സ്വാർത്ഥത്യാഗത്തോടെ, നിസ്വാർത്ഥതയോടെ, പരിത്യാഗത്തോടെ, നന്മപ്രവർത്തികൾ ചെയ്യുന്നതിനുള്ളതാണ് ജീവിതം. എല്ലാ മനുഷ്യരെയും സ്രഷ്ടാവായ ദൈവത്തെയും സ്നേഹിച്ച് വ്യാപരിക്കുന്നതിനുള്ളതാണ് ജീവിതം.

മാതാപിതാക്കളുടെ സുഖേഛാ പൂർത്തീകരണത്തിന് മാത്രമായിട്ടുള്ളതല്ല മനുഷ്യജീവിതം. മനുഷ്യപരമ്പരയെ ഈ ലോകത്തിൽ നിർത്തുന്നതിന് മാത്രമായിട്ടുള്ളതല്ല ജീവിതം. ഇപ്രകാരം വെറുതെ പാഴാക്കി കളയുവാനുള്ളതല്ല മനുഷ്യജീവിതം. അവശരും, ആർത്തരും ആലംബഹീനരുമായ അഗതികളെ, പട്ടിണിപ്പാവങ്ങളെ, വിശക്കുന്നവയറുകളെ, എല്ലുന്തി നെഞ്ചും കണ്ണുംകുഴിഞ്ഞ്, കഴുത്തുനീണ്ട് തൊലി ചുളുങ്ങി ഒട്ടിയവയറുമായി ഭിക്ഷാടനത്തിന് നടക്കുന്നവരെ, ശരീരമാസകലം പരുക്കളുടെ പഴുപ്പിനാൽ വ്രണവ്രണിതമായി ചലത്തുള്ളികളുടെ ദുർഗന്ധപൂരിതമായ മാറാ, തീരാവ്യാധി, കൊണ്ടും രോഗത്താൽ ഉരുണ്ടുപിരണ്ടുനിലവിളിക്കുന്നവരെ, അറിയാതെ—



www.malankaralibrary.com

അറിഞ്ഞെന്ന് ഭാവിക്കാതെ സ്വന്തം കാര്യം മാത്രം സുഖസംതൃപ്തമാക്കാനുള്ളതല്ല മനുഷ്യജീവിതം. പേരും പെരുമയും പ്രശസ്തിയും വളർത്തി ധനംകൂട്ടിവച്ച് അനുഭവിക്കാവുന്ന ഉന്നതമായ സുഖാനുഭവത്തിനുവേണ്ടി മാത്രമായിട്ടുള്ളതല്ല—മനുഷ്യജീവിതം.

## അദ്ധ്യായം 3

# ജീവിതം 2

ഈ പ്രപഞ്ചമണ്ഡലത്തിലെ കോടാനുകോടി ജീവരാശികളോടൊപ്പം മനുഷ്യരും ജീവിക്കുന്നു. എല്ലാം മണ്ണിൽനിന്നു ജനിക്കുന്നു. വളരുന്നു. നശിക്കുന്നു. എല്ലാജീവികൾക്കും മനുഷ്യനും പഞ്ചഭൂതനിർമ്മിതമായ ശരീരവും ജീവനും ഉണ്ട്. മനുഷ്യരൊഴികെയുള്ള സർവജീവജാലങ്ങളും,ശാരീരികജീവനോടുകൂടി ഇവിടെ തന്നെ അവസാനിക്കുമ്പോൾ മനുഷ്യൻ നിത്യമായ, മറ്റൊരു ലോകത്തിൽ നിത്യമായ ജീവിതം തുടരുകയാണുചെയ്യുന്നത്. മനുഷ്യജീവിതം ഈ ലോകത്തിൽ അവസാനിക്കുന്നില്ല.

മാതാപിതാക്കളുടെ സുഖേച്ഛാപൂർത്തിയായിട്ടുമാത്രമല്ല, മനുഷ്യൻ ജാതനാകുന്നത്. പക്ഷിമൃഗാദികളായ ഇതര ജീവികളെപ്പോലെ ആത്മാവില്ലാതെ വിശേഷബുദ്ധിയും ജ്ഞാനശക്തിയുമില്ലാതെ, ശാരീരിക ജീവനിൽ മാത്രം ജനിച്ചു വളർന്നു മനുഷ്യൻ അവസാനിക്കുന്നില്ല. മറ്റു ജീവികളിൽ നിന്നെല്ലാം വ്യത്യസ്തമായി വിശേഷബുദ്ധിയും,, ജ്ഞാനബുദ്ധിയും, ചിന്താശക്തിയും, സംസാരശക്തിയും—



www.malankaralibrary.com

ആകാശചക്രവാളം വരെ അതിലുപരി സൂര്യചന്ദ്രനക്ഷത്രാദികളെവരെ നോക്കി കാണുന്നതിന് മേല്പോട്ട് ഉയരങ്ങളിലേക്കു നോക്കുന്നതിനുള്ള നയനശക്തിയും മനുഷ്യനു ലഭിച്ചിരിക്കുന്നു. ഉയരങ്ങളുടെ ഉയരത്തിൽ അങ്ങകലെ സ്വർഗാധിസ്വർഗത്തിൽ വസിക്കുന്ന സൃഷ്ടാവിനെ മേല്പോട്ടു നോക്കി കാണുന്നതിനും, അന്തർനേത്രങ്ങളാൻ ദർശിച്ച്, ജ്ഞാനധ്യാനശക്തിയിലൂടെ അവിടുന്നുമായി സംസർഗം ചെയ്യുന്നതിനും, മനുഷ്യനുകഴിയുന്നു. ഈ വിധമായ നയനശക്തിയും ജ്ഞാനശക്തിയും മറ്റൊരു ജീവിക്കും നൽകപ്പെട്ടിട്ടില്ല. അതിൽനിന്നു തന്നെ, മനുഷ്യജീവിതം മറ്റെല്ലാ ജീവരാശികളുടേതിൽ നിന്നും വ്യത്യസ്തമാണെന്നു വ്യക്തമാകുന്നു.

പ്രപഞ്ചപ്രകൃതിയിലെ കോടാനുകോടി ജീവികൾ ശാരീരിക ജീവനിൽ മാത്രം ജനിച്ചുവളർന്ന് ഇവിടെത്തന്നെ അവസാനിക്കുമ്പോൾ മനുഷ്യൻ ഇവിടെ നിന്നും വിട്ട് അവസാനമില്ലാത്ത ഒരു നിത്യലോകത്തിൽ, നിത്യമായി ജീവിതം തുടരുന്നു. മനുഷ്യരായ നമ്മുടെ ജനനത്തോടുകൂടെ തന്നെ ഉളവാക്കപ്പെട്ടു നിമിഷം മുതൽ ദൈവം അവിടുത്തെ രൂപസാദൃശ്യമായ ആത്മാവിനെ നമ്മിലേക്കു പ്രദാനം ചെയ്യുന്നു. ഈ ആത്മാവാകട്ടെ ഈ ലോകത്തിൽ വച്ചു ശരീരത്തോടുകൂടി നശിക്കുന്നില്ല. ഈ ലോകജീവിതശേഷവും ആത്മാവു ദേഹത്തിൽ നിന്നുവിട്ടുപിരിഞ്ഞ് നിത്യകാലം ജീവിക്കുന്നു. മനുഷ്യനെ സംബന്ധിച്ചിടത്തോളം മററുജീവികളെ അപേക്ഷിച്ചു നിത്യകാലം നിത്യതയിൽ ജീവിക്കുന്ന ആത്മാവിൻെറ ഏതാനും നാളത്തെ അധിവാസത്തിനുള്ള ആലയമാണ്. ശരീരം ശരീരത്തെ വിട്ടുപിരിയുന്ന ആത്മാവിന് ഒരിക്കലും മരണമില്ല. നാശമില്ല. അവസാനമില്ലാതെ, മനുഷ്യാത്മാവുനിത്യകാലം എന്നും ജീവിതം തുടരുന്നു.

മനുഷ്യന് ജന്മം കിട്ടിക്കഴിഞ്ഞാൽ പിന്നീടൊ



www.malankaralibrary.com

രിക്കലും ആ ജന്മം, ജീവൻ അവസാനിക്കാതെ നിത്യം തുടരുകയാണ്. മൂന്നുഘട്ടങ്ങളായിട്ടാണ്, മൂന്നവസ്ഥകളിൽ കൂടിയാണ്, മൂന്നു ലോകങ്ങളിലായിട്ടാണ് ജീവിതം തുടരുന്നത്. ജീവിതം ആരംഭിക്കുന്നത്. ഗർഭാലയലോകത്തിലാകുന്നു, അവിടെ പത്തുമാസക്കാലം ജീവിച്ചു, പ്രപഞ്ചലോകത്തിലേക്ക് വരുന്നു. തുടർന്ന് ഏതാനും നാളത്തെയോ, വർഷങ്ങളിലെയോ ജീവിതശേഷം മരണമാകുന്ന പ്രസവത്തിൽകൂടി ആത്മാവിന്റെ സ്വദേശമായ നിത്യലോകത്തിലെത്തി നിത്യകാലം ജീവിക്കുന്നു. മനുഷ്യരൊഴികെയുള്ള സർവജീവരാശികളും, ഈ പ്രപഞ്ചപ്രകൃതിയിലാരംഭിച്ച് ഇവിടത്തന്നെ അവസാനിക്കുമ്പോൾ, അവരോടൊത്ത് ജീവിച്ച മനുഷ്യനാകട്ടെ ഇവിടെനിന്നും വിട്ട്പിരിഞ്ഞ് അപ്പുറത്തെ ലോകത്തിൽ പരലോകത്തിൽ നിത്യജീവിതം തുടരുകയാണ് ചെയ്യുന്നത്.

സ്രഷ്ടാവും പിതാവുമായ ദൈവം മനുഷ്യന് മരണാനന്തരലോകത്തിലെ നിത്യജീവിതത്തിന് രണ്ടു സ്ഥാനങ്ങൾ, വസതികൾ കൽപ്പിച്ചുനൽകുന്നുണ്ട്. അതിലൊന്നുതന്നോടുകൂടിയുള്ള ആനന്ദസൗഭാഗ്യസുഖാനുഭവജീവിത സ്ഥാനവും മറ്റൊന്ന്, തന്നിൽ നിന്ന് വിദൂരമായിത്തന്നെ കൂടാതെയും കാണാതെയും നിത്യ ദുഃഖ,ദുരിത, ദൗർഭാഗ്യ, ജീവിത സങ്കേത സ്ഥാനവുമാകുന്നു. ദൈവത്തോടുകൂടിയുള്ള വാസസ്ഥാനം സ്വർഗവും അല്ലാതുള്ളത് നരകവുമെന്ന പേരിലറിയപ്പെടുന്നു. ഈ ലോകത്തിൽ വച്ചുതന്നെ അറിഞ്ഞു സ്നേഹിച്ചു തന്റെ കൽപനകൾ പാലിച്ചു നല്ലവരായി, നന്മകൾ പ്രവർത്തിച്ച് ജീവിച്ചവരെ മാത്രമെ തന്നോടൊന്നിച്ചുള്ള സ്വർഗവസതിയിലേക്ക് പ്രവേശിപ്പിക്കുകയുള്ളു. ദുഷ്ടജീവിതം നയിച്ചവർ, നരകവാസത്തിലേക്ക് നയിക്കപ്പെടും.



www.malankaralibrary.com

## അദ്ധ്യായം 4

# ജീവിതം 3

ധനം സമ്പാദിച്ചുകൂട്ടി രമ്യഹർമ്മ്യങ്ങളായ സൗധങ്ങളിൽ സുന്ദരികളായ തരുണീമണികളുമൊത്ത് തിന്നുകുടിച്ച് സുഖിച്ചാനന്ദിച്ച് എല്ലാ സ്ഥാനങ്ങളിലും, എല്ലാ രംഗങ്ങളിലും പേരും പെരുമയും, പ്രശസ്തിയും ആർജ്ജിച്ച് കാൽ, അര, മുക്കാൽ, അഥവാ, ഒരു ശതവർഷക്കാലംവരെ ഈ ലോകത്തിൽ ജീവിച്ചു ജീവിതം അവസാനിക്കുക എന്നുള്ളത് നമ്മുടെ ജീവിതത്തിന്റെ പ്രധാനലക്ഷ്യമോ, ഉദ്ദേശ്യമോ അല്ല. കണ്ണു കൊതിച്ചതും ഹൃദയം ആഗ്രഹിച്ചതുമായ സുഖസൗഭാഗ്യങ്ങൾ അംശംപോലും ഒരു നിമിഷമെങ്കിലും അനുഭവിക്കാനിടവരാതെ ക്ലേശകരവും, ദുഃഖഭൂയിഷ്ടവും, ദരിദ്രവുമായ ജീവിതത്തിലൂടെ ജീവിതം അവസാനിക്കുന്നതും മറിച്ചുള്ള ജീവിതാനുഭവത്തിന് തുല്യം തന്നെയാണ്. ഏതാനും നിമിഷങ്ങൾ, മണിക്കൂറുകൾ, ദിവസങ്ങൾക്കകം കൃമിയും പുഴുവും ചിതലും മണ്ണും പൊടിയുമാകുന്ന ശരീരം, വെന്തുവെണ്ണീറായി അതിൽ വസിച്ചിരുന്ന ആത്മാവ് ശരീരത്തിൽ നിന്നും പറന്നു കഴിഞ്ഞാൽ, എല്ലാ ശരീരവും തുല്യനിലയിലെത്തുന്നു.

ജീവിതത്തിൽ കഴിഞ്ഞുപോകുന്ന നിമിഷങ്ങൾ എല്ലാവർക്കും തുല്യനിലയിലാണ് നൽകുന്നത്. എല്ലാവിധ സുഖങ്ങളനുഭവിച്ച ശരീരവും, മറിച്ച് സർവഥാ കഷ്ടതകളനുഭവിച്ച ശരീരവും മരണത്തോ



www.malankaralibrary.com

ടുകൂടി ഒരേ നിലയെ പ്രാപിക്കുന്നു. ശരീരത്തിൽ നിന്നും വിട്ടുപോകുന്ന ആത്മാവിന്റെ നിത്യജീവിതാനുഭവത്തിൽമാത്രം, മരണശേഷം വ്യത്യസ്തനില കൈവരുന്നു. ഈ ലോകജീവിതത്തിൽ കൈവരിച്ച അനുഭവിച്ച സുഖദുഃഖങ്ങളുടെ മാനദണ്ഡത്തിലല്ല; പ്രവർത്തനാനുഷ്ഠാനങ്ങളുടെ നിലയനുസരിച്ചായിരിക്കും മരണശേഷം ആത്മാവ് നിത്യസുഖദുഖാനുഭവങ്ങളിലേക്ക് പ്രവേശിക്കുന്നത്. അതിനാൽ ഈ ലോകജീവിതത്തിൽ ശരീരസുഖദു:ഖാനുഭവങ്ങൾക്ക് പ്രഥമവും പ്രധാനവുമായ സ്ഥാനം നൽകാതെ അനശ്വര ജീവിതത്തിലേക്കായി, ശരീരത്തിലധിവസിക്കുന്ന ആത്മാവിന്റെ നിത്യാനന്ദാനുഭവ സുഖസ്ഥാന ലബ്ദിക്കായി, പ്രഥമവും പ്രധാനവുമായ സ്ഥാനം സദാ നൽകി ജീവിച്ചു, ജീവിതോദ്ദേശ്യം സഫലമാകണം.

തിന്നുകുടിച്ച് സുഖിച്ചാനന്ദിക്കയും, പേരും പെരുമയും പ്രശസ്തിയും ആർജ്ജിക്കയും ധനം സമ്പാദിച്ചുകൂട്ടുകയും ചെയ്താൽ ജീവിതം സഫലമായി എന്ന ധാരണ തെററാണ്. ജീവിതലക്ഷ്യം അതിലേക്കായിട്ടുള്ളതല്ലാ, ജീവിതത്തിൽ അതിനെല്ലാം രണ്ടാം സ്ഥാനങ്ങളെ നൽകാവൂ. മാത്രമല്ല ഒന്നാം സ്ഥാനം നൽകി ആത്മാവിന്റെ നിത്യജീവിതാനന്ദ പ്രാപ്തിക്കുള്ള പ്രവർത്തനങ്ങൾക്കത് വിഘാതമാകാതെയും സൂക്ഷിക്കണം. ഈ ലോകജീവിതാനുഭവങ്ങൾക്കായിട്ടുമാത്രമുള്ളതല്ല മനുഷ്യജീവിതം, പക്ഷിമൃഗാദികളെപ്പോലെ മററുള്ള സർവജീവരാശികളെപ്പോലെ മനുഷ്യജീവിതം, ഈ ലോകത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നില്ല; അവസാനിക്കുന്നില്ല. മനുഷ്യജീവിതം അനശ്വരവും നിത്യവുമാണ്. അവന്റെ സ്വദേശം ഈ ലോകമല്ല. ഈ ലോകം മനുഷ്യന്റെ താൽക്കാലിക വസതിയാണ്. സ്വദേശമായ നിത്യലോകത്തേക്കുള്ള യാത്രയിലെ വിശ്രമകേന്ദ്രമാണ് ഈ ലോകം. മനുഷ്യജീവിതത്തെ സംബന്ധിച്ചിടത്തോളം നിത്യജീവി



www.malankaralibrary.com

തയാത്രയിലെ ഒരു യുദ്ധാഭ്യാസ പരീക്ഷണശാലയു മാണീലോകം.

ലോക ജീവിതം നിത്യാനന്ദ ജീവിതത്തിനു മനുഷ്യനെ തയ്യാറാക്കുന്ന ഒരു കളരിയാണ്. ഈ ലോകമാകുന്ന അഭ്യാസശാലയിലെ യുദ്ധക്കളരിയിൽ വിജയിക്കാതെ വന്നാൽ നിത്യദുഃഖദുരിതനിബിഡമായ നരകവാസത്തിനവനർഹനാകും. മാത്രമല്ല, പിന്നീടൊരിക്കലും അവിടുന്നു വിട്ടുമാറുന്നതിനും, സ്വർഗസൗഭാഗ്യം കൈവരിക്കുന്നതിനും സാദ്ധ്യമാകുകയില്ല. അതിനാൽ വെറും പക്ഷിമൃഗാദികളെപ്പോലെ തിന്നുകുടിച്ചഹങ്കരിച്ചുല്ലസിച്ചും ചിന്തയില്ലാതെ, ജീവിതോദ്ദേശ്യം നഷ്ടമാക്കരുത്. മനുഷ്യൻ ഏതാനും വർഷക്കാലം ഇവിടെ ജീവിച്ചു ലോകത്തോടു യാത്ര പറഞ്ഞ് അവന്റെ സ്ഥിരവാസസ്ഥാനമായ പരലോകത്തിൽ സ്രഷ്ടാവും പിതാവുമായ ദൈവത്തോടൊന്നിച്ചു നിത്യകാലം സുഖസൗഭാഗ്യ സംതൃപ്തിയിൽ കഴിയേണ്ടവനാണ്. അതിലേക്കു തയ്യാറാകാനുള്ളാതണ് ഈ ലോക ജീവിതം. ആ തയ്യാറെടുപ്പിൽ വിജയിക്കുന്നതിലേക്കായി സദാകരുതലോടെ ജീവിതം നയിക്കണം.

ഈ ലോകത്തിൽ വച്ചു നമ്മുടെ ശരീരത്തെ പോഷിപ്പിച്ചോ, ശോഷിപ്പിച്ചോ, സുഖിപ്പിച്ചോ, ദുഃഖിപ്പിച്ചോ, എങ്ങനെ ജീവിച്ചാലും, ആ ജീവിതം നിത്യജീവിതാനന്ദ പ്രാപ്തിക്കുള്ള പ്രധാന ലക്ഷ്യത്തിലായിരിക്കണം. സമ്പൽസമൃദ്ധിയുടെ ഉന്നതിയിൽ എല്ലാവിധ ശാരീരക സുഖങ്ങളും അനുഭവിച്ചുള്ള ജീവിതവും, എല്ലാം ഒന്നുപോലെ ഒരേ നിലയിൽ മരണത്തോടെ, ശ്മശാനകുടീരത്തിലവസാനിക്കുന്നു. മരണാനന്തര ജീവിതത്തിലേക്കു നമുക്കു കൊണ്ടുപോകാനുള്ള ഏകധനം, നമ്മുടേ നല്ല ജീവിതത്തിൽ, നന്മ പ്രവർത്തികളാൽ ലഭിച്ചിട്ടുള്ള പരിശുദ്ധിയുടെ. വെണ്മയുടെ നിറവ് മാത്രമാകുന്നു. ആത്മാവ് വെണ്മയുടെ വസ്ത്രം ധരിച്ച് പുണ്യമാകുന്ന നാണയം



www.malankaralibrary.com

നിറഞ്ഞ ഭാണ്ഡവുമേന്തി തന്റെ നിത്യവസതിയിലേക്കു ഇവിടെ നിന്നും യാത്രയാകണം. അതാണ്, അതുമാത്രമാണ്, നമ്മുടെ പ്രധാനവും, പ്രഥമവുമായ ജീവിതലക്ഷ്യം. ആ വസ്ത്രവും, നാണയവും. ലഭിക്കുന്നത് നമ്മുടെ പരിശുദ്ധവും, നിർമലവും, നിഷ്ക്കളങ്കവും, സത്യസന്ധവും, സ്വാർഥരഹിതവും പരോപകാരപ്രദവുമായ ജീവിതത്തിലൂടെ മാത്രമാണ്. അങ്ങനെയുള്ള ജീവിതം നയിക്കുവാൻ നാം ശ്രമിച്ചു ജന്മോദ്ദേശ്യം സഫലമാക്കണം.

## അദ്ധ്യായം 5

# ജീവിതം 4

ജീവിതം, ജീവന്റെ ആത്മാവിന്റെ അധിവാസസ്ഥാനമായ നശിച്ചു പോകുന്ന ഈ ശരീരസുഖാനുഭവങ്ങൾക്കുള്ളതായിട്ടുള്ളതല്ല. ജീവിതം, ജീവന്റെ വസതിയായ, ശരീരത്തിന്റെ അധിവാസസ്ഥാനമായ ഈ ലോകത്തിനുവേണ്ടിയുള്ളതല്ല. ജീവിതം, ആത്മാവിന്റെ നിത്യസൗഭാഗ്യലബ്ധിക്കുതകുന്നതായിരിക്കണം. ജീവിതം, ശരീര മനസ്സുകളെ സുഖിപ്പിച്ചോ, ദു:ഖിപ്പിച്ചോ ഉള്ളതായാലും, ലോകത്തെ സ്നേഹിച്ചോ, വിദ്വേഷിച്ചോ ഉള്ളതായാലും. പ്രശസ്തമോ, അപ്രശസ്തമോ ആയാലും, ധനസമൃദ്ധിയിലോ, നിർദ്ധനതിയിലോ, ആയാലും. സന്തോഷത്തിലോ, സങ്കടത്തിലോ, ഉള്ളതായാലും, ഏതുവിധമായായാലും, എങ്ങനെയായായാലും, അനശ്വരാത്മാവിന്റെ നിത്യസൗഭാഗ്യസംപ്രാപ്തിക്കുള്ള ലക്ഷ്യം മുൻനിർത്തി, മുന്നിൽ കണ്ടുകൊണ്ടുള്ളതായിരിക്കണം.



www.malankaralibrary.com

ലോകസൗഭാഗ്യാദികളിൽ ഇണങ്ങിച്ചേർന്നു ശരീരസുഖഭോഗങ്ങളിൽ ലയിച്ച് ഉള്ള ജീവിതം ആത്മാവിന്റെ നിത്യഭാഗ്യലബ്ധിക്കു തടസ്സമാകാതിരിക്കണം. ഇവിടെ വച്ചുള്ള ജീവിതത്തിൽ ലോകസുഖദുഃഖാനുഭവങ്ങൾ ക്ഷണികങ്ങളാണ്. മരണാനന്തരജീവിതം നിത്യമായിട്ടുള്ളതാകുന്നു. അതുദുഃഖദുരിതമാകാതിരിക്കണം. നിത്യലോകജീവിതത്തിൽ ആനന്ദ സൗഭാഗ്യം ലഭ്യമാക്കണം. ഈ ലോകസുഖങ്ങൾക്കു ഒരിക്കലും ഒന്നാം സ്ഥാനം നൽകരുത്. അതുരണ്ടാമത്തേതായിരിക്കട്ടെ ജീവിതോദ്ദേശലക്ഷ്യമായ സ്വർഗസംപ്രാപ്തിക്കു ഒന്നാംസ്ഥാനം നൽകിവർത്തിക്കണം, സ്വർഗസംപ്രാപ്തി കൈവരിക്കാൻ കഴിഞ്ഞാൽ ജന്മം, ജീവിതം, സഫലമായി.

ജീവിതം, നിത്യകാലം, ദൈവത്തോടൊത്താനന്ദിക്കുവാനുള്ളതാണ്. ജീവിതം മനുഷ്യനെ സംബന്ധിച്ചിടത്തോളം ഇവിടെ അവസാനിക്കുന്നില്ല. പത്തുമാസത്തെ ഗർഭാലയലോകവാസം, ജീവിതാരംഭഘട്ടമാണ്. തുടർന്നുള്ള ഈ പ്രപഞ്ചജീവിതം രണ്ടാംഘട്ട ജീവിതവുമാണ്. ഏതാനും നാളത്തെ ഈ രണ്ടാംഘട്ടജീവിതശേഷം, നിത്യജീവിതമാകുന്ന മൂന്നാംഘട്ടത്തിലേക്കു, മരണമാകുന്ന പ്രസവത്തിൽക്കൂടി നിത്യവസതിയിൽ നാം എത്തിച്ചേരുന്നു. പ്രാരംഭ ജീവിതത്തിൽ ഗർഭാലയലോകവാസത്തിൽ ഈപ്രപഞ്ചജീവിതത്തെപ്പറ്റി നാം ഒന്നും അറിഞ്ഞിരുന്നില്ലെങ്കിലും അനുഭവസ്ഥരായിഭവിക്കുന്നു. അതുപോലെ, ഈ രണ്ടാംഘട്ട ജീവിതശേഷം നിത്യലോക നിത്യജീവിതത്തിന് നാം അനുഭവസ്ഥരായിതീരും. ആ അനുഭവം, ദുഃഖകരമാകാതെ, സുഖകരമാകുന്നതിനുള്ളതായിരിക്കണം. നമ്മുടെ ലക്ഷ്യവും പ്രവർത്തനങ്ങളും നമ്മുടെ ഇവിടുത്തെ ജീവിതത്തിൽ സർവപ്രധാനമായ സ്ഥാനം അതിനെ ലക്ഷീകരിച്ചുള്ളതായിരിക്കണം.

നിത്യലോകത്തിൽ, സുഖത്തിന്റെയും ദുഃഖത്തി



www.malankaralibrary.com

ൻെറതുമായ രണ്ടു സ്ഥാനങ്ങളാണുള്ളത്. സ്വർഗവും നരകവും. ഈ ലോകസുഖസന്തോഷ സൗഭാഗ്യാനുഭവങ്ങൾ ഒന്നായിചേർന്നാലുണ്ടാകുന്നതിനേക്കാൾ അനേകമടങ്ങു വലിയതും, ഊഹചിന്താമണ്ഡലങ്ങളിലൊതുക്കി നിർത്താൻ സാധിക്കാത്ത വിധത്തിലുള്ളതുമാണ് സ്വർഗത്തിലെ ഏററവും ചെറിയ സുഖാനുഭവം അതുപോലെ ഈ ലോകത്തിലെ ദുഖ:ദുരിതങ്ങൾ ഒന്നുചേർന്നാലുള്ളതിനേക്കാൾ അനേകമടങ്ങു വലുതാണ്. നരകത്തിലെ ഏററവും ചെറിയ ദുഃഖാനുഭവം—ശരീരത്തിൽ ഇവിടെവച്ചുള്ള പ്രവർത്തനം സ്വർഗീയ സംപ്രാപ്തിയെ ലക്ഷ്യീകരിച്ചുള്ളതായിരിക്കണം.

സൃഷ്ടികളുടെയെല്ലാം മകുടമണിയും, അധിനായകനുമായിട്ടാണ് പ്രപഞ്ചത്തിൽ ദൈവം മനുഷ്യനെ സൃഷ്ടിച്ചാക്കിയിരിക്കുന്നത്. പ്രപഞ്ചത്തെ മുഴുവനും മുൻകൂർ തയ്യാർ ചെയ്ത് അവനു നൽകി പ്രപഞ്ചത്തിൻെറ മേൽക്കോയ്മയും, അധിശാധിനായകത്വവും അവിടുന്നവനു പ്രദാനം ചെയ്തു. മനുഷ്യൻ സൃഷ്ടാവായി തന്നെ അറിയുന്നതിനും, തന്നെ സ്നേഹിച്ചു തൻെറ കല്പനപ്രകാരം വർത്തിച്ചും ഏതാനും വർഷം ഇവിടെ കഴിയുന്നതിനും അതിനുശേഷം തന്നോടുകൂടി നിത്യലോകത്തിൽ നിത്യം ആനന്ദിച്ചു ജീവിക്കുന്നതിനുമാണ് മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്.

ഇല്ലായ്മയിൽ നിന്നു മനുഷ്യനെ സൃഷ്ടിക്കയും, ഇല്ലായ്മയിൽ നിന്നുതന്നെ അവനു വേണ്ടി തയ്യാർ ചെയ്തു നല്കുകയും തുടർന്നു നിത്യലോകത്തിൽ നിത്യസൗഭാഗ്യത്തിനു തന്നോടുകൂടി അവനെ, അർഹനാക്കയും ചെയ്തിരിക്കുന്ന സൃഷ്ടാവിൻെറ അപരിമേയ സ്നേഹത്തെ വിലമതിക്കാതെ, പ്രതിനന്ദിയില്ലാത്തവരായി, കൃതഘ്നനായി, തനിക്കു നഷ്ടമാകുന്ന വിലമതിക്കാനാകാത്ത നിത്യസമ്മാനത്തെ നിരസിച്ച് ക്ഷണികങ്ങളായ ശാരീരിക



www.malankaralibrary.com

സുഖങ്ങൾക്കായി മാത്രം ജീവിതപ്രവർത്തനങ്ങൾ ഒരിക്കലും നടത്താനിടയാകാതെ, സദാകരുതലോടെ, വർത്തിക്കണം. ശരീരത്തിൻെറയും ലോകത്തിൻെറയും മുന്നിലുള്ള നമ്മുടെ ജീവിതാനുഷ്ഠാനങ്ങൾ, നമ്മുടെ ഓരോ ചലനങ്ങളും പ്രവർത്തനങ്ങളും ചിന്തകളും ആത്മാവിൻെറ അനശ്വരജീവിത സൗഭാഗ്യപ്രാപ്തിയെ ലക്ഷീകരിച്ചുള്ളതായിരിക്കണം. ദൈവത്തോടുകൂടി നിത്യകാലം ആനന്ദിച്ചു ജീവിക്കുന്നതിനാണ് അവിടുന്നു നമ്മെ സൃഷ്ടിച്ചിരിക്കുന്നതെന്നുള്ള വസ്തുത നമ്മുടെ ഓരോ പ്രവർത്തനങ്ങളിലും സ്മരിക്കണം.

അനശ്വരമായ ആത്മാവിൻെറ താല്ക്കാലിക വസതിയായ ശരീരവും ശരീരത്തിൻെറ അധിവാസസ്ഥാനമായ ലോകവും നമുക്കു നഷ്ടപ്പെടും. എന്നാൽ അനശ്വരമായ ആത്മാവു നിത്യലോകത്തിൽ എന്നും ജീവിക്കും. ആത്മാവിൻെറ നിത്യകാല ജീവിതത്തിനുള്ള രണ്ടു വാസസ്ഥാനങ്ങളിൽ ഉത്തമമായതു തെരഞ്ഞെടുക്കേണ്ടത്, കൈവശമാക്കേണ്ടത് ഇവിടുത്തെ നമ്മുടെ ജീവിതത്തിലൂടെ മാത്രമാണ്! അതിനാൽ നമ്മുടെ ഇവിടുത്തെ പ്രവർത്തനങ്ങളെല്ലാം അനശ്വര ലോകത്തിലെ ആനന്ദ ഭവനത്തിൽ ചെന്നെത്തുന്നതിനു തക്കവിധമായിരിക്കണം. സ്വർഗസൗഭാഗ്യത്തിനിടവരത്തക്കവിധം ക്ഷണികമായി ഈ ലോകജീവിതം നയിക്കണം. ഈ ലോകം മുഴുവൻ സമ്പാദിച്ചാലും ഈ ലോകത്തിലെ സുഖങ്ങൾ മുഴുവൻ ഒന്നായനുഭവിച്ചാലും ഇവിടുത്തെ ജീവിതം ആദ്യന്തം സുഖാനുഭൂതിയിൽ ലയിച്ചു മതിവന്നാലും നിത്യലോകജീവിതം നഷ്ടമായാൽ, ആ നഷ്ടം നികത്തി വീണ്ടെടുക്കാൻ സാദ്ധ്യമല്ല.

നഷ്ടമാകുന്ന ഒരു ജീവൻെറ വില ഈ ലോകം മുഴുവൻെറയും വിലയേക്കാൾ അനേകമടങ്ങു വലുതാണ്. മരണാനന്തരം മരണമില്ലാത്ത ഒരു സ്ഥിരജീവിതമാണു നമുക്കു ലഭിക്കുന്നത്. എന്നെന്നും ജീവി



www.malankaralibrary.com

ക്കുന്നു. ഒരിക്കലും അവസാനിക്കാത്ത ആജീവിതം, ദു:ഖദുരിതങ്ങൾ നിറഞ്ഞ നരകമാകാതിരിക്കാൻ നാം അതിവ്രശ്രദ്ധയോടെ, കരുതലോടെ, നമ്മുടെ ഇവിടെ വച്ചുള്ള ജീവിതാനുഷ്ഠാനങ്ങൾ നടത്തണം. നല്ല ജീവിതം ദൈവകല്പന പ്രകാരം നൻമപ്രവർത്തനങ്ങളിലൂടെ, സ്വാർത്ഥാരഹിതമായി നയിക്കണം.

നമുക്ക്, ആത്മാവ് എന്നൊരു ജീവിനമ്മിൽ വസിക്കുന്നുണ്ടോ എന്നു സംശയിക്കുന്നവരുണ്ടെങ്കിൽ അവർ, അവരുതന്നെ ഇല്ലന്ന്, ജീവിക്കുന്നില്ലന്നു പറയുന്നതിനു തുല്യമാണ്. ആത്മാവുണ്ടെങ്കിൽ എന്തുകൊണ്ടു കാണുന്നില്ല എന്നു സംശയമാണെങ്കിൽ ഓരോരുത്തരും അവരവരുടെ ജീവനെയും അതിനെ നിലനിർത്തുന്ന ശ്വാസവായുവിനെയും കാണുന്നില്ലെങ്കിലും തങ്ങൾ ജീവനുള്ളവരായിരിക്കുന്നത്— ആശ്വാസവായു മൂലമാണെന്നുള്ളത് അവിശ്വസിക്കുന്നില്ലല്ലോ? അതുപോലെ, പക്ഷിമൃഗാദികളിൽ, ജീവികളിൽ, നിന്നു വ്യത്യസ്തമായ വിശേഷബുദ്ധി, ജ്ഞാനബുദ്ധി, സംസാരശക്തി, ചിന്താശക്തി, എല്ലാം നമുക്കുണ്ടന്നു നാം സമ്മതിക്കാതെ സാദ്ധ്യമല്ല. ഈ പ്രത്യേകതകൾക്കു കാരണം, ആത്മാവു നമ്മിൽ വസിക്കുന്ന എന്നുള്ളതുകൊണ്ടു മാത്രമാണ്. ആത്മാവുണ്ടെങ്കിൽ അതിനു നിത്യജീവിതമുണ്ടോ? സ്വർഗനരകങ്ങളുണ്ടോ? ദൈവമുണ്ടോ? എന്നിത്യാദികളെപ്പററി ഉറപ്പില്ലാത്ത സംശയാലുക്കൾ, ജീവിതലക്ഷ്യമായ, പരമ പ്രധാനമായ ഈ കാരണങ്ങളെക്കുറിച്ചു വിവരിക്കുന്ന മതഗ്രന്ഥങ്ങൾ പഠിക്കുകയും, മതപണ്ഡിതരെ സമീപിക്കുകയും, ചെയ്യണം. ആത്മാർത്ഥമായ സ്നേഹത്തോടെ, മനസ്സോടെ, പരമകാരുണികനും സൃഷ്ടാവും, രക്ഷിതാവും, പിതാവുമായ ദൈവത്തോടു പ്രാർത്ഥിക്കണം. സ്നേഹസ്വരൂപനായ അവിടുന്നുതന്നെ ശരണീകരിച്ചു സമീപിക്കുന്നവരെ ഒരിക്കലും ഉപേക്ഷിക്കുകയില്ല. ദൈവാശ്രയത്തിലൂടെ ജീവിക്കുന്നവർക്കു



www.malankaralibrary.com

ജീവിതസാഫല്യം ലഭ്യമാകുമെന്നുള്ളത് തീർച്ചയാണ്, നിശ്ചയമാണ്.

## അദ്ധ്യായം 6

# ജീവിതലക്ഷ്യം I

നാം അറിയാതെതന്നെ നാം ജാതമായി നമുക്ക് ജന്മം ലഭിച്ചു. ശരീരവും, ആത്മാവും. വ്യക്തിത്വവും ജീവനും. നാം അനുഭവിക്കുന്ന വായു, വെള്ളം, ആഹാരം, എന്നല്ല ഈ കാണപ്പെടുന്ന പ്രപഞ്ചം മുഴുവനും നമുക്ക് ഒരുക്കിയിരിക്കുന്നു. അവയെല്ലാം യാതൊരുവിലയുംകൂടാതെ ദാനമായി നമുക്കുനൽകി നമ്മെ ഇല്ലായ്മയിൽനിന്ന് സൃഷ്ടിച്ച് നമുക്കുവേണ്ടി മുൽകൂട്ടി ഇല്ലായ്മയിൽ നിന്നുതന്നെ ഈ പ്രപഞ്ചത്തെയും ഉളവാക്കി— ഇതിന്റെയെല്ലാം അധിശാധിപത്യം നമുക്ക് ദാനം ചെയ്തിരിക്കുന്നത് സൃഷ്ടാവായ ദൈവമാണ്. ഇത് മാത്രമല്ല, ഇതിനോട് തുലനം ചെയ്യുവാൻ ഒരു വിധത്തിലും സാധ്യമല്ലാത്തവിധം നിത്യം നിലകൊള്ളുന്ന അവർണ്ണനീയവും ചിന്താതീതവുമായ രണ്ട് മഹാസാമ്രാജ്യം ഈ പ്രപഞ്ചത്തിനപ്പുറത്ത്, അങ്ങകലെ, അതിവിദൂരതയിലുണ്ട്.

അതിലൊന്ന് ഉന്നതിയുടെ ഉന്നതിയിൽ, സർവ്വസൗഭാഗ്യസുഖങ്ങളും നിറഞ്ഞിരിക്കുന്ന സ്വർഗസാമ്രാജ്യമാകുന്നു. ഒന്ന് ചിന്തിക്കാനാകാത്ത, ദുഃഖദുരിതനിർഭാഗ്യനിബദ്ധമായി അങ്ങ് അകലെ ആഴിയുടെ ആഴത്തിന്റെ ആഴത്തിൽ സ്ഥിതിചെയ്യുന്ന നരകസാമ്രാജ്യമാണ്. സ്വർഗത്തിൽ ദൈവവും എണ്ണമററ



www.malankaralibrary.com

സംഖ്യാതീതമായ ദൈവദൂതന്മാരും ഈ ഭൂമിജീവിതത്തിൽ, ദൈവത്തെ അറിഞ്ഞ് സ്നേഹിച്ച്, സഹോദരസ്നേഹികളായി, പരോപകാരികളായി, സ്വാർത്ഥത്യാഗികളായി, ജീവിച്ച് മരണാനന്തരജീവിതത്തിലേക്ക് ചെന്നെത്തിയ, നല്ല മനുഷ്യരും അത്യാനന്ദസൗഭാഗ്യത്തിൽ ദൈവത്തോടുകൂടി വാഴുന്നു. നരകത്തിൽ ദൈവത്താൽ വെറുക്കപ്പെട്ട എണ്ണമററ പിശാചുക്കളും, ഈ ഭൂമിയിൽ ദൈവേഷ്ടപ്രകാരം ജീവിക്കാതെ, പരദ്രോഹികളായി നന്മ പ്രവർത്തിക്കാതെ, സ്വാർത്ഥമായി ജീവിച്ചുമരിച്ച് ചെന്നെത്തിയ ദുഷ്ടമനുഷ്യരും ഒന്നിച്ചും സ്രഷ്ടാവും പിതാവുമായ ദൈവത്തെക്കാണാതെ, ദുഃഖാരിഷ്ടതകളിലും, തീരാവേദനകളിലും അത്യധികം സങ്കടപ്പെട്ട് കഴിയുന്നു. ജീവിതലക്ഷ്യമായ സ്വർഗപ്രാപ്തിയിലെ അത്ഭുതപ്രവർത്തനമാണ് നാം അനുഷ്ഠിക്കേണ്ടത്.

ദൈവത്തെ സ്നേഹിച്ച് ജീവിക്കുന്നതിന് ആദ്യമായി നമ്മുടെ സഹോദരങ്ങളെ, നമ്മുടെ തലമുറയിലുള്ള എല്ലാ മനുഷ്യരെയും ഒന്നുപോലെ ആത്മാർത്ഥമായി സ്നേഹിക്കണം. ദൈവം സ്നേഹമാണ്; സ്നേഹക്കുമ്പാരമാണ്; സ്നേഹഭണ്ഡാരമാണ്; സ്നേഹമൂർത്തിയാണ്; സ്നേഹം തന്നെയാണ്. അവിടുത്തെ സ്നേഹം വഴിഞ്ഞൊഴുകുന്ന, ചെറുകുംഭങ്ങളാണ്, പാത്രങ്ങളാണ്, നാം ഓരോരുത്തരും. സ്നേഹസ്വരൂപനായ അവിടുന്നു തൻെറ സ്വന്തസാദൃശ്യത്തിലും രൂപത്തിലുമാണ് നമ്മെ സൃഷ്ടിച്ചിരിക്കുന്നത്. സർവ്വ മനുഷ്യരുടെയും സൃഷ്ടാവും, പിതാവും അവിടുന്നാകുന്നു നാം എല്ലാം അവിടുത്തെ സ്നേഹമക്കളാകുന്നു. എല്ലാ മനുഷ്യരുടെയും പിതാവും അവിടുന്നുതന്നെയാകയാൽ, നാം എല്ലാം സ്വർഗസ്ഥനായ ഏക പിതാവിൻെറ മക്കളും, സഹോദരങ്ങളുമാകുന്നു. ഓരോ തലമുറയിലും ലോകമൊക്കയിലുമുള്ള സർവമനുഷ്യരും സ്വർഗസ്ഥനായ ഏകപിതാവിൻെറ മക്കളാക



www.malankaralibrary.com

യാൽ, എല്ലാവരും അന്യോന്യം സഹോദരങ്ങളാണ്. ആരും അന്യരല്ല. അതിനാൽ മനുഷ്യരെ സംബന്ധി ച്ചിടത്തോളം, അന്യർ, അന്യൻ എന്ന വാക്കുതന്നെ അർത്ഥമില്ലാത്തതാകുന്നു. ലോക ഭാഷകളിലെ നിഘണ്ടുക്കളിൽ നിന്ന് അന്യർ, അന്യൻ എന്ന പദം നീക്കം ചെയ്യേണ്ടതുമാണ്. അന്യൻ ഇല്ലാതിരിക്കെ അതു അർത്ഥം ശൂന്യമാകുന്നു.

തന്റെ മക്കളെല്ലാം ഒന്നുപോലെ സ്നേഹത്തിൽ വർത്തിച്ചു അന്യോന്യം സ്നേഹിച്ചു സഹോദരങ്ങളായി ജീവിക്കണമെന്നാണ് ദൈവാഗ്രഹം. അതിനാൽ ലോകമാസകലമുള്ള സകല മനുഷ്യരെയും സഹോദരങ്ങളായി നാം സ നേഹിച്ചുവർത്തിക്കണം, നമ്മുടെ ഹൃദയാഗ്രഹത്തിലൂടെ നമ്മുടെ സ്നേഹം ലോകമെങ്ങുമുള്ള എല്ലാ സഹോദരങ്ങളിലേക്കും നാം വ്യാപിപ്പിക്കണം. ലോകത്തിന്റെ ഏതു ഭാഗത്തുമുള്ള എല്ലാവരിലും വന്നനുഭവിക്കുന്ന കഷ്ടാരിഷ്ടതകൾ നാം അറിയുമ്പോൾ അത് നമുക്കനുഭവിച്ചാലുണ്ടാകുന്ന അനുഭവങ്ങളായി ഹൃദയം നൊന്ത് അവർക്കുവേണ്ടി നമ്മുടെ സ്വർഗീയ പിതാവിനോട് പ്രാർത്ഥിക്കണം.

നമ്മുടെ അയൽക്കാർ, അതിനടുത്തുള്ളവർ. അടുത്തദേശക്കാർ, നമ്മുടെ വ്യാപാരമണ്ഡലത്തിൽ നാം ഇടപ്പെടുന്നവർ. അറിയപ്പെടുന്നവർ, എല്ലാവരെയും ആത്മാർത്ഥമായി സ്നേഹിച്ചു നാംവർത്തിക്കണം. അവരുടെ ആപത്തുകളിൽ, ഞെരുക്കങ്ങളിൽ, കഴിവുള്ളത്ര എല്ലാ സഹായവും നാം ചെയ്യണം. ഏതെങ്കിലും കാരണത്തിലോ, കാരണമില്ലാതെയോ, നമ്മോട് ശത്രുതയുണ്ടെന്നുതോന്നുന്നവരെയും, നമ്മെ വെറുക്കന്നവരെയും നാം സമീപിച്ച് അവരെ കൂടുതലായി സ്നേഹിച്ചുവർത്തിക്കണം. ശത്രു എന്ന പദം നമ്മെ സംബന്ധിച്ച് അർത്ഥമില്ലാത്തതാണെന്ന് പ്രവർത്തികളാൽ നാം വ്യക്തമാക്കണം. ദുഷ്ടന്മാർ, അക്രമികൾ, കൊലപാതകർ, മദ്യപാനർ, പരദ്രോഹികൾ, സ്വാർത്ഥകർ, എന്നല്ല ദുഷ്ടപ്രവർത്തനങ്ങളിൽ വ്യാ



www.malankaralibrary.com

ചരിക്കുന്നവരിൽ നമുക്ക് സമീപിക്കാവുന്നത്ര സഹോദരങ്ങളെ നാം സമീപിച്ച് അവരെ നല്ലവരാക്കുവാൻ ശ്രമിക്കയും, ആത്മാർത്ഥമായി അവരെ സ്നേഹിക്കുകയും വേണം.

നമ്മുടെ ഇല്ലായ്മയിലെ, ഇല്ലാവിഹിതാംശം സമൃദ്ധിയിലെ സമൃദ്ധാംശം, നമ്മെക്കാൾ ഇല്ലാത്തവർക്കു നാം നൽകണം. നമ്മുടെ ധനസമ്പത്ത്, നമ്മുടെ കൈവശം വന്നുചേരുന്ന ഓരോ ചില്ലിക്കാശുവരെയും, നമുക്കും നമ്മുടെ ഭാര്യാപുത്രാദികൾക്കും മാത്രം അനുഭവിക്കുവാനുള്ളതല്ല. നമ്മെക്കാൾ, കഷ്ടപ്പെടുന്ന ഞെരുങ്ങുന്ന നമ്മുടെ സഹോദരങ്ങൾക്കകൂടി അതിന്റെ വിഹിതം നൽകണം. നമ്മുടെ സുഖാനുഭവങ്ങൾ, പരിമിതമാക്കി കൊണ്ടു ദരിദ്ര സഹോദരങ്ങളെ സഹായിക്കണം.

ഭാവിയിലേക്കായി അമിത നിലയിൽ, ധനം, വസ്തുവകകൾ ആദിയായവ കൂട്ടി വയ്ക്കരുത്. ഭാവി സമ്പത്തു കൂട്ടി വയ്ക്കേണ്ടതു നമ്മുടെ നിത്യലോകത്തിലെ തുരുമ്പിക്കാത്തതും ചിതലിക്കാത്തതും മോഷണം പോകാത്തതുമായ നമ്മുടെ പേടകത്തിലായിരിക്കണം. പുണ്യമം കുന്നധനംകൊണ്ട് ആ പെട്ടി നിറക്കാൻ ശ്രമിക്കണം. നമ്മുടെ ഈ ലോകജീവിതത്തിൽ അതുമാത്രം എന്നും നിത്യസ്വത്തായി, നിത്യലോകത്തിൽ നമുക്കുണ്ടായിരിക്കും. ആയതിലേക്കുള്ള ഏകമാർഗം നമ്മുടെ ഇവിടത്തെ പരോപകാരപ്രവർത്തനങ്ങളും, നിസ്വാർത്ഥസേവനവും, ദൈവത്തെസ്നേഹിച്ചുള്ള സ്വാർത്ഥത്യാഗപരമായ ജീവിതവും മാത്രമാണ്. നമ്മുടെ ജീവിതാവശ്യങ്ങൾ കഴിവുള്ളത്ര പരിമിതിപ്പെടുത്തി, നിയന്ത്രിച്ച്, ഇന്ദ്രിയനിഗ്രഹത്തിലൂടെ, ശാരീരികസുഖാനുഭവങ്ങൾ കുറച്ചുമിച്ചം വരുത്തി, മററുള്ളവരെ സഹായിക്കണം.



www.malankaralibrary.com

## അദ്ധ്യായം 7

# ജീവിതലക്ഷ്യം 2

നമ്മുടെ അസ്ഥിയിൽ നിന്നുള്ള അസ്ഥിയും, മാംസത്തിൽനിന്നുള്ള മാംസവും ആയ സഹോദരങ്ങളിൽ ഒരുത്തരെയും വെറുക്കരുത്. വെറുപ്പിക്കരുത്. ശത്രുക്കളാക്കരുത്. ദുഷ്ടരെന്നു പറഞ്ഞു ആരെയും തള്ളരുത്. അരിഷ്ടനും, മോഷ്ടാവും, ദരിദ്രനും, മദ്യപാനിയും, അക്രമിയും കൊള്ളരുതാത്തവനെന്നും മററും വിധിച്ച് മാററി നിർത്താതെ, അവരെ കൂടുതലായി സ്നേഹിച്ചും നല്ലവരാക്കാൻ ശ്രമിക്കണം. അംഗഹീനരെയും, ഭിക്ഷക്കാരെയും, നിർദ്ധനരോഗികളെയും, വ്രണപരുക്കളുടെ പഴുപ്പിനാൽ വ്രണിതമായി ദുർഗന്ധം വമിക്കുന്ന ചലത്തുള്ളികളാൽ വേദനപ്പെടുന്നവരെയും എന്നുവേണ്ട, എല്ലാവിധ രോഗത്താലും ദാരിദ്ര്യത്താലും കഷ്ടപ്പെടുന്ന, ഞെരുങ്ങുന്നവരെയെല്ലാം നാം ആത്മാർത്ഥമായി സ്നേഹിച്ച് അവരെ സമീപിച്ച് കഴിവുള്ള സഹായങ്ങൾ ചെയ്യണം. ദൈവത്തെ അറിയാത്തവരും, ദൈവവിശ്വാസമില്ലാത്തവരും, കള്ളന്മാരും, കൊള്ളക്കാരും ആക്രമികളും, ആയവരെയും നാം സ്നേഹിച്ച് അവരെ നല്ലവരും, ദൈവവിശ്വാസികളും ആയി മാററുന്നതിനു ശ്രമിക്കണം.

നമ്മുടെ സഹോദരങ്ങൾ, കൊള്ളക്കാരും അക്രമികളും കൊലപാതകരുമായിവർത്തിക്കാനിടയാകുന്നതിന്റെ ഉത്തരവാദിത്വം നമ്മുക്കും കൂടിയുണ്ട്. നമ്മുടെയും എല്ലായിടത്തുമുള്ള മനുഷ്യരുടെയുംമധ്യെ ആ



www.malankaralibrary.com

ണല്ലോ ആവരും ജനിച്ചു വളരുന്നത്. അവർ ആ നില ക്കാരായിതീരാനിടയായത്, നേരത്തെ നാം അവരെ സമീപിച്ച് നല്ലവരാക്കാൻ ശ്രമിക്കാതിരുന്നതിനാലാണ്. സ്വന്തക്കാർക്കും ബന്ധുക്കൾക്കും അയല്ക്കാർക്കും അവരെ സംബന്ധിച്ചു കൂടുതൽ ഉത്തരവാദിത്വവും ചുമതലയും ഉള്ളതുമാകുന്നു. അവരെ നല്ലവരാക്കുന്നതിനൊരിക്കലും ഒരു ശ്രമവും ചെയ്യാതെ, സഹോദരസ്നേഹമില്ലാതെ, അവരെ കുററം വിധിച്ചുതള്ളുന്നത് വലിയ കുററവും തെററുമാകുന്നു.

ജന്മനാ ഒരാൾ അംഗഹീനനോ, രോഗിയോ ദരിദ്രനോ, ഭിക്ഷക്കാരനോ, ആയിതീരുന്നതും അവരുടെ പൂർവ്വന്മാർ ചെയ്ത തെററിൻെറ ദൈവശിക്ഷയാണെന്നും. അവർ ദൈവത്താൽ വെറുക്കപ്പെട്ടവരാണെന്നും, അവരെ സ്നേഹിക്കുന്നതും സഹായിക്കുന്നതും തെററും, ഈശ്വരവിദ്വേഷത്തിനു കാരണവുമാണെന്നുള്ള ധാരണയും, ചിന്താഗതിയും ശരിയല്ല. നമ്മുടെ സഹോദരസ്നേഹത്തെ, പരോപകാര പ്രവർത്തികളെ, സ്വാർത്ഥത്യാഗത്തെ, നിസ്വാർത്ഥസേവനത്തെ പരീക്ഷിക്കാനും, നമ്മുടെയും, അവരുടെയും ആത്മാവിനു നിത്യലോകത്തിലേക്കുപുണ്യമാകുന്നു മുതൽ കൂട്ടുവാനു, ദൈവം നൽകിയിരിക്കുന്ന നമ്മെ പോലുള്ള അവിടത്തെ വൽസല്യപുത്രന്മാരാണവരും. അതിനാൽ അവരെ നാം കൂടുതലായി സ്നേഹിച്ചു സഹായിച്ചു ഉപകാരങ്ങൾ നൽകിവർത്തിക്കണം. പ്രത്യുപകാരവും പ്രതിനന്ദിയും ഇങ്ങോട്ടുനമുക്കുതരാൻ കഴിയുന്നവരെക്കാൾ കൂടുതൽ സഹായിക്കേണ്ടതു മടക്കിത്തരാൻ കഴിയാത്തവരെയാണ്. ആരുടെയും ആരിൽ നിന്നും പ്രതിനന്ദി സ്വീകരിക്കാതെയും ആഗ്രഹിക്കാതെയും ഇരിക്കണം. യാതൊന്നും മടക്കിത്തരാൻ കഴിയാത്ത, നമ്മിൽ കുറഞ്ഞ സാധുക്കളെ, പട്ടിണിപ്പാവങ്ങളെയാണ്, നാം കൂടുതലായി സ്നേഹിക്കേണ്ടതും, സഹായിക്കേണ്ടതും.

സ്വാർത്ഥരഹിതരായിപരോപകാര പ്രവർത്തന



www.malankaralibrary.com

ങ്ങളും ആത്മാർത്ഥതയോടെ, കഴിവുള്ളത്ര ചെയ്യേണ്ടത് ഓരോരുത്തരുടെയും കടമയാണ്. എനിക്കുണ്ടായിരുന്നു എങ്കിൽ, കഴിയുമായിരുന്നു എങ്കിൽ ഞാൻ മററുള്ളവരെ സഹായിക്കുമായിരുന്നു എന്ന് ഇല്ലായ്മ പറഞ്ഞു തന്നത്താൻ നല്ല പിള്ളയാകുന്നത്, നീതിചമയുന്നത് ശരിയല്ല. ഒരു ഭിക്ഷക്കാരൻ അവനു ലഭിക്കുന്ന ഭിക്ഷയിൽ നിന്നും ഒരംശം അവനിൽ കുറഞ്ഞവനു നൽകണം. ഈ നിലയിൽ വൻകിടധനാഢ്യന്മാർ വരെ എല്ലാ നിലക്കാരും അവരവരിൽ കുറഞ്ഞവനു കഴിവിനുസരിച്ചു സഹായം നൽകണം. കഷ്ടപ്പെടുന്ന, വേദനയനുഭവിക്കുന്ന, ഞെരങ്ങുന്ന, സഹോദരങ്ങളെ സഹായിച്ചു നന്മ പ്രവർത്തനങ്ങളിലൂടെ ആത്മാവിനായി ഭാവിയിലേക്കു മുതൽ കൂട്ടണം.

നാം ഇവിടെ നിന്നും കടന്നുപോകുമ്പോൾ, സമ്പാദിച്ചു കൂട്ടിയ മുതലിൽ യാതൊന്നും കൊണ്ടുപോകാൻ സാദ്ധ്യമല്ലന്നനുഭവം നമ്മെ പഠിപ്പിക്കുന്നു. സുഖിപ്പിച്ചു, പോഷിപ്പിച്ചു, സുഗന്ധപൂരിത സുന്ദരമായി സൂക്ഷിച്ച നമ്മുടെ ശരീരം പോലും നമ്മോടുകൂടി വരുന്നില്ല, നമ്മോടുകൂടി വരുന്നതൊന്നു മാത്രം—നമ്മുടെ ഇവിടത്തെ നന്മ—തിന്മ പ്രവർത്തനങ്ങളുടെ ഫലം. അതാണ് നമ്മെ നിത്യകാല സുഖത്തിനോ, ദുഃഖത്തിനോ ഇടയാക്കുന്നത്. മരണാനന്തര ജീവിതം, ദുഃഖകരമായി ഭവിക്കാതിരിക്കുന്നതിലേക്ക് ഈ ലോക ജീവിതത്തിൽ സഹോദരങ്ങളെ സ്നേഹിച്ചു, സഹായിച്ചു വർത്തിക്കണം. ലോകം മുഴുവൻ ഒരു മനുഷ്യൻ നേടിയാലും അവൻെറ ആത്മാവു നശിച്ചാൽ അവനെന്തു പ്രയോജനം? ലോകം മുഴുവൻെറയും വിലയേക്കാൾ അനേകമടങ്ങു വലിയതാണ് ഒരു മനുഷ്യാത്മാവിൻെറ വില.

നമ്മുടെ ജീവിതത്തെ, മരണമാകുന്ന പ്രസവത്തെ നാം മുന്നിൽ കണ്ടുകൊണ്ടു ജീവിക്കണം. നമ്മുടെ ഈ ശരീരം മണ്ണും പൊടിയുമാണ്. അതുതിരിച്ച് മണ്ണിലേക്കു തന്നെ ചേർന്നു പൊടിയാകുന്നു. ശരീ



www.malankaralibrary.com

രത്തിൽ വസിച്ചിരുന്ന ആത്മാവ് അനശ്വരവസതിയായ നിത്യകൂടാരത്തിലേക്കു പറന്നെത്തുന്നു. അവിടെ നിത്യകാലം ജീവിക്കുന്നു. ആ ജീവിതം, അവർണ്ണനീയ ദുഃഖദുരിതങ്ങൾക്കിടയാകാതെ ആനന്ദകരമാകുന്നതിന് നന്മപ്രവർത്തനങ്ങളിലൂടെ സ്വാർത്ഥരഹിതമായി, തന്നത്താൻ ത്യജിച്ച് ഈ ലോകജീവിതം നയിക്കണം. അതിലേക്കു, എല്ലാരംഗങ്ങളിലും എപ്പോഴുമുള്ള നമ്മുടെ ചെയ്തികൾ ഉതകുന്നവയാകണം. നമ്മുടെ ചിന്തകളും, ഓരോ ചലനങ്ങളും വാക്കുകളും പ്രവർത്തനങ്ങളും സഹോദരസ്നേഹത്തോടുകൂടി ആത്മാർത്ഥതയിൽ, നിസ്വാർത്ഥയിൽ ഉള്ളതായിരിക്കണം.

## അദ്ധ്യായം 8

# ജീവിതം പ്രവർത്തനത്തിലൂടെ !

പൊങ്കനൽ, പ്രഭാപൂരിതമായ പരിഷ്ക്കാര സൂര്യന്റെ ഇളം കിരണങ്ങളാൽ, പ്രകാശിതമായി ലോകമാസകലം വ്യാപിച്ചിരിക്കുന്ന, വിവിധതര മതോച്ഛാടനത്തിനാലും, ദൈവാസ്തികാവഹേളനത്താലും നടമാടുന്ന ലോകമഹാനാടകത്തിലെ ഭയങ്കരരംഗമായ, ഈ തരുണത്തിൽ പണം. സുഖം, സ്വാതന്ത്ര്യം, പെരുമ, പ്രശസ്തി, എന്നിവയ്ക്കായി ശാരീരിക സുഖാനുഭവങ്ങൾക്ക് മാത്രമായി ജനതതി എവിടെയും അത്യാർത്തിയോടെ വെമ്പലോടെ രാപകലില്ലാതെ, നെട്ടോട്ടം ഓടുന്നു. എരിപിരികൊണ്ട് പായുന്നു, പണിപ്പെടുന്നു. ജീവിതം കഴിവുള്ളത്ര ആസ്വദിക്കുവാൻ, അതു നിലനിർത്താൻ



www.malankaralibrary.com

ആഗ്രഹിച്ചു കിണഞ്ഞു പരിശ്രമിക്കുന്നു. അദ്ധ്വാനിക്കുന്നു. എന്നാൽ ആഗ്രഹിക്കുന്നതുപോലെ, എല്ലാം നടക്കുന്നില്ല. സാധിക്കാമെന്നുവിചാരിക്കുന്നതെല്ലാം സാദ്ധ്യമാകുന്നില്ല. പണം കൊണ്ട് സാധിക്കാവുന്ന പലതും നേടി എടുത്ത് സുഖിക്കുന്നു. എങ്കിലും ശരീരമനസ്സുകൾക്ക് സംതൃപ്തിയും, ആനന്ദവും, ഒരിക്കലും ലഭിക്കുന്നില്ല. അഥവാ, ആഗ്രഹമനുസരണം ഈ ലോകസുഖങ്ങൾ, മുഴുവൻ ലഭ്യമായാൽ തന്നെയും എന്തോ ഒന്നിന്റെ ഒരു കുറവ് ഒരു അസംതൃപ്തി സദാ ഉള്ളിന്റെ ഉള്ളിൽ നിന്നു മുഴങ്ങിക്കൊണ്ടിരിക്കും. ആത്മ സംതൃപ്തിയുടെ കുറവിൽ നിന്നുണ്ടാകുന്ന ആ കുറവിനെ നികത്താനാണ് ജീവിതത്തിൽ പ്രധാനമായി ശ്രമിക്കേണ്ടത്. ആ കുറവും, ആത്മാവിന്റെ, അനശ്വരജീവിതാനന്ദത്തിനിടയാക്കുന്ന ആ കുറവ്—പരിഹരിക്കേണ്ടതാണ് സർവ്വപ്രധാനമായ ജീവിതലക്ഷ്യം. അതിലേക്ക്, പരിഷ്കാരത്തിന്റെ പുരോഗതിയോ, അധോഗതിയോ, ഉൽഗതിയോ, താഴ്ചയോ ഒന്നും നോക്കാതെ ദൈവസ്നേഹത്തിൽക്കൂടി സഹോദരങ്ങളെ വീക്ഷിച്ചും, ശാരീരിക സുഖങ്ങളെ പരിമിതമാക്കി, സ്വാർത്ഥത്യാഗത്തിലൂടെ, നിസ്വാർത്ഥമായി തന്നിൽ എളിയവരെ സദാസഹായിച്ചു ജീവിതയാത്ര തുടരണം. അതോടെ ആത്മസംതൃപ്തി കൈവരുന്നതാണ്.

ഈ ലോകസുഖാനുഭവ ദുഃഖങ്ങൾ, ക്ഷണികങ്ങളും, നശ്വരങ്ങളുമാണെന്നോർക്കണം. ആത്മാവിന്റെ നിത്യതയ്ക്കിവിടുത്തെ ആനന്ദജീവിതം പര്യപ്തമല്ല. എല്ലാവരും ശാരീരികസുഖാനുഭവലബ്ധിക്കായി, നശിച്ചുപോകുന്നവയ്ക്കായി, വിദ്യാഭ്യാസം ചെയ്യുന്നു. ചെയ്യിക്കുന്നു. തദനുസരണം ജീവിതം തുടരുന്നു. ആത്മാവിനെപ്പററിയോ, ആത്മാവിന്റെ അനശ്വരജീവിതത്തെപ്പററിയോ, ചിന്തിക്കുന്നില്ല, പഠിക്കുന്നില്ല, അന്വേഷിക്കുന്നില്ല, പ്രവർത്തിക്കുന്നു



www.malankaralibrary.com

മില്ല. ആർക്കും അതൊരു ചിന്താവിഷയം പോലു മല്ല. ജീവിത ലക്ഷ്യം മറന്നുള്ള ബുദ്ധിശൂന്യമായ ജീവിതം. ലൗകിക ജ്ഞാനത്തേക്കാൾ എന്തുമാത്രം വിലയേറിയതും, അത്യാവശ്യമായതുമാണ് നിത്യജീവിതത്തെ പററി പഠിക്കേണ്ടതും, പ്രവർത്തിക്കേണ്ടതും എന്നുമനസ്സിലാകുന്നില്ല. ആത്മാവിൻെറ അനശ്വരതയുടെ, ഭാസുരതയ്ക്കായിട്ടെങ്കിലും, ആത്മീക ജ്ഞാനസമ്പാദനം നടത്തി, ആത്മീകജീവിതത്തിനു പ്രഥമസ്ഥാനം നൽകി, വർത്തിച്ചു ജീവിച്ചാൽ ഈ ജീവിതത്തിൽ തന്നെ ആത്മസംതൃപ്തിയും. സമാധാനവും ആനന്ദവും ലഭ്യമാകുന്നതും, ജീവിതസാഫല്യം കൈവരുന്നതുമാണ്.

ഇന്നത്തെ തലമുറ പുരോഗതിയുടെ പരിഷ്ക്കാരത്തിൻെറ ശാസ്ത്രവികാസത്തിൻെറ നേട്ടങ്ങളെപ്പററി ഉച്ചൈസ്തരം ഉൽഘോഷിച്ചു തെളിയുന്നു. ഈ വികാസങ്ങളും നേട്ടങ്ങളും ഇല്ലായ്മയിൽ നിന്നാരും സൃഷ്ടിച്ചുണ്ടാക്കിയതല്ല. ഇല്ലയ്മയിൽ നിന്നു ദൈവം സൃഷ്ടിച്ചപ്രപഞ്ച പ്രകൃതിയിൽ അവിടുന്നു തന്നെ അന്തർലീനമാക്കിയിരിക്കുന്ന മേധാശക്തികളിൽ ചിലതിനെ സ്വാധീനിക്കുവാൻ ചെയ്ത ശ്രമം ദൈവം തന്നെ വിജയിപ്പിച്ചു കൊടുത്തതാകുന്നു. കണ്ടുപിടിത്തങ്ങളോരോന്നും എല്ലാം ദൈവപ്രകാശിതവെളിച്ചത്തിൽ ലഭ്യമായതാകുന്നു. എന്നാൽ ഇന്ന്. അതെല്ലാം തങ്ങളുടെ മിടുക്കിൻെറ ബുദ്ധിയുടെ പരിശ്രമത്തിൻെറ ഫലമെന്നു, അജ്ഞതയുടെ അജ്ഞതയിൽ നിന്ന് ഉൽഘോഷിക്കയാണ്. ദൈവം വെളിപ്പെടുത്തി നൽകിയഈ ശാസ്ത്രവികാസത്തിൻെറ വെളിച്ചത്തിൽ ദൈവാസ്തികത്തെ നിഷേധിക്കുകയാണ് ഭൂരിപക്ഷക്കാരും. ഏതെല്ലാം നേട്ടങ്ങൾ വിചാരിച്ചാലും അതെല്ലാം ദൈവത്തിൽ നിന്നാണെന്നും, ദൈവത്തെ കൂടാതെ, യാതൊന്നും സാധ്യമല്ലെന്നും വിശ്വസിക്കുന്നതിനും, മനസിലാക്കുന്നതിനും ആത്മീകജ്ഞാനം സമ്പാദിച്ചവർക്കേ സാദ്ധ്യമാകയു



www.malankaralibrary.com

ള്ളൂ. കൈവരിച്ച ലൗകികനേട്ടങ്ങൾ, ശാരീരിക സുഖാനുഭവങ്ങൾ തന്റെ മരണത്തോടുകൂടി തനിക്കു നിശേഷം നഷ്ടപ്പെടുന്ന കാര്യം ആരും ഓർക്കുന്നില്ല. ആത്മാവിന്റെ അനശ്വരതയും അതിന്റെ നിത്യസുഖദുഃഖങ്ങളും മനസിലാകുന്നുമില്ല.

ഇന്നത്തെ ലോകം സ്വാർത്ഥതയുടെ മൂർത്തിമത്താണ്. സാധുക്കളുടെ പേരു പറഞ്ഞു ചൂഷണം നടത്തി, തനിക്കുമാത്രം എല്ലാം എന്ന നിലയിൽ വർത്തിക്കുന്നു. നശിച്ചുപോകുന്ന ഭൗതികസുഖാനുഭവങ്ങളിൽ പോലും ഒരംശം തന്റെ എളിയ സഹോദരനുകൂടി ഉണ്ടാകണമെന്നുള്ള ചിന്തപോലും ആർക്കുമില്ല. എവിടെയും ആർക്കും തന്റെ സുഖം തന്നെ ചിന്ത. കൂടിയാൽ, ഭാര്യപുത്രാദികളുടേതും കൂടി ചിലർ കണക്കിലെടുത്തെന്നു വരും. ഇതെത്ര കഷ്ടമാണെന്നു ചിന്തിക്കണം. തന്റെ ഒരു ചെറുവിരലിന്റെ ചലനമെങ്കിലും കഷ്ടപ്പെടുന്ന, വേദനിക്കുന്ന തന്റെ സഹോദരങ്ങൾക്കു നൽകാൻ മനസില്ലാത്ത നൽകാത്ത ജീവിതപ്രവർത്തനത്തിൽ എങ്ങനെ സംതൃപ്തിയും സന്തോഷവും ഇവിടെ പരലോകങ്ങളിൽ ലഭ്യമാകും?

ലോകവ്യാപാരങ്ങളിൽ, പ്രവർത്തനങ്ങളിൽ ലോകനീതി പ്രകാരമുള്ള നല്ല ജീവിതത്തിന് മനുഷ്യത്വപരമായ ജീവിതത്തിനുപോലും ഇന്നധികം പേരും ഉത്സാഹിക്കുന്നില്ല, തയ്യാറാകുന്നില്ല. ഓരോരുത്തരുടെയും അടുത്തു അടുത്തു രോഗത്താലും ദാരിദ്ര്യത്തിലും വലയുന്നവരെ തിരിഞ്ഞു നോക്കാതെ, ഒരുനോക്കു കാണാതെ അവരുടെ അവശതകൾ അറിഞ്ഞാലും അറിഞ്ഞതായി ഭാവിക്കാതെ നാമെല്ലാം വർത്തിക്കുന്നു. നമ്മുടെ സുഖം നമ്മുടെ ഭാര്യാപുത്രാദികൾ, എന്ന ചിന്തമാത്രം. പൂർവാജ്ജിതാമയും അദ്ധ്വാനഫലമായും നമ്മുടെ കൈവശം വന്നുചേരുന്ന ഓരോ രൂപയും നമുക്കു മാത്രമായി ചിലവഴിക്കുകയും മിച്ചംവരുന്നതു ഭാവിയിലേക്കു കൂട്ടിവയ്ക്കയും ചെയ്യുന്നു. ഇതു മഹാപാതകവും തെറ്റു



www.malankaralibrary.com

മാണ്. നാം നമുക്കായി ചെലവു ചെയ്യുന്നതിന്റെ ഒരംശവും മിച്ചിച്ചുവയ്ക്കുന്നതു മുഴുവനും നമ്മുടെ മുന്നിലുള്ള ദരിദ്രർക്കു നല്കണം. ആ നല്കുന്ന നല്ല ദാനമായിരിക്കും മരണവേളയിൽ, നമ്മുടെ ആത്മാവിനു കൂട്ടായി അനുഗമിക്കുന്നത്.

എനിക്കൊന്നും മിച്ചമില്ല, കൂട്ടിവയ്ക്കാനില്ല. എന്റെ ആവശ്യങ്ങൾക്കു തന്നെ മതിയാകുന്നില്ല, എന്റെ ആവശ്യം കഴിഞ്ഞുണ്ടായിരുന്നെങ്കിൽ ഞാൻ പാവങ്ങൾക്കുകൂടി കൊടുക്കുമായിരുന്നു എന്നിങ്ങനെ പറയുന്നതും ശരിയല്ല. ഓരോരുത്തരും അവരവർക്കു ലഭിക്കുന്നതിൽ നിന്നുതന്നെ ആ കുറവിൽ നിന്നുതന്നെ ഒരംശം നമ്മിൽ കുറഞ്ഞവർക്കു നല്കണം. നമ്മുടെ മനസംതൃപ്തിക്കും നിത്യനന്മക്കും അതിടയാക്കും. സ്ത്രീധനം നൽകുന്നവർ അതിലൊരു വിഹിതം സാധു പെൺകുട്ടികളുടെ വിവാഹത്തിനായി നല്കണം. സമ്പത്തുകൾ മക്കൾക്കായി ഭാഗിക്കുമ്പോൾ ഒരു ഭാഗംകൂടി ചേർത്ത് ഭാഗിച്ച് ആ വീതം സാധുക്കൾക്കു നല്കണം. വിരുന്നു സദ്യകളിലേക്കു, നമുക്കു മടക്കിതരാവുന്നവരെ കുറവായും, പട്ടിണിപ്പാവങ്ങളെ ഒരു നേരത്തെ ആഹാരത്തിനായി, വിശന്നു വിളിക്കുന്ന സാധുക്കളെ കൂടുതലായും ക്ഷണിച്ചു തുല്യനിലയിൽ വിഭവങ്ങൾ നല്കി നടത്തണം.

വിൽക്കുന്ന സാധനങ്ങൾക്കു അങ്ങെയററത്തെ വിലയും, വാങ്ങുന്നവസ്തു എത്ര കുറസ്സാമോ അതിനും കിട്ടണമെന്നാഗ്രഹിക്കരുത്. രണ്ടുകൂട്ടർക്കും നമ്മെകൊണ്ട് അല്പം പ്രയോജനം സിദ്ധിക്കണം. വസ്തു ആദായങ്ങൾ, കൃഷിഫലങ്ങൾ, എല്ലാം എടുക്കുമ്പോൾ അതിലൊരു വിഹിതം സാധുക്കൾക്കു നല്കണം. തൊഴിൽ പരമായും വ്യവസായപരമായും ലഭിക്കുന്നതുകകളിലും ശമ്പളമായി ലഭിക്കുന്നതിലുംഒരു വിഹിതം നാം അറിയുന്ന കഷ്ടപ്പെടുന്ന നമ്മുടെ സോദരങ്ങൾക്കായി ദാനം ചെയ്യണം. അന്നന്നുള്ള നമ്മുടെ



www.malankaralibrary.com

ആഹാരാംശത്തിലും ഒരംശം വിശക്കുന്ന വയറുകൾക്കായി നല്കണം. ഭിക്ഷാടനക്കാർ മുതൽ ധനാഢ്യർ വരെ അവരവർക്കു കൈവശം വന്നുചേരുന്ന എല്ലാററിലും ഒരു വിഹിതം, തങ്ങളിൽ കുറഞ്ഞ, ഞെരുങ്ങുന്ന, വിശക്കുന്ന, സാധുക്കൾക്കു നല്കണം.

ഏതൊന്നിന്റെയും അധികാരികൾ, തങ്ങളോടൊപ്പവും തങ്ങളുടെ മുകളിലും താഴെയും ജോലിചെയ്യുന്നവരോടു സ്നേഹമായും സൗഹാർദ്ദമായും വർത്തിക്കണം. കീഴ് ജീവനക്കാർ മേലധികാരികളെ അനുസരിക്കണം. മേലധികാരികളും കീഴ് ജീവനക്കാരോട് രമ്യതയുള്ളവരായിരിക്കണം. വ്യവസായശാലകളുടെയും കമ്പനികളുടെയും മാനേജരൻമാരും, ഉടമകളും, അതിലെ തൊഴിലാളികളും, പരസ്പരം സ്നേഹിക്കുകയും തൊഴിലിനും ആദായത്തിനുമനുസരിച്ചു വേതനവും, ആദായവിഹിതവും നല്കയും ചെയ്യണം. ജോലിക്കാർ ആ സ്താപനത്തെയും ഉടമകളെയും ആത്മാർഥമായി സ്നേഹിക്കയും കർത്തവ്യബോധത്തോടെ ജോലി ചെയ്യുകയും വേണം. വേലക്കാരും മടികാണിക്കാതെ കഴിയുംവിധം ജോലി ചെയ്യണം. വേലക്കാർക്ക് വിശ്രമവും, കുറവില്ലാത്ത ശമ്പളവും ജോലി ചെയ്യിക്കുന്നവർ നൽകണം. അധികാരത്തിന് ഓരോരുത്തരും കീഴ്വഴങ്ങുകയും അധികാരികളെ അനുസരിക്കയും വേണം. അധികാരികൾ, അധികാരം ഒരിക്കലും ദുർവിനിയോഗം ചെയ്യരുത്. മനുഷ്യൻ നിയമത്തിനായിട്ടല്ല, സൃഷ്ടിക്കപ്പെട്ടതെന്നും നിയമം മനുഷ്യനായാട്ടാണെന്നും മനസിലാക്കി നിയമവും അധികാരവും കൈകാര്യം ചെയ്യണം.



www.malankaralibrary.com

## അദ്ധ്യായം 9

# ജീവിതം പ്രവർത്തനത്തിലൂടെ 2

ഹൃദയം നിർമ്മലവും മനസ്സ് ശുദ്ധവും ചിന്ത നല്ല കാര്യങ്ങളിലും വാക്കുമിതവുമായിരിക്കണം. സദാ സന്തോഷവാനും സംതൃപ്തനും ആയിരിക്കണം. വരുന്ന ഓരോ അവസ്ഥാഭേദവും ദൈവം നമ്മുടെ നന്മക്കായി നൽകുന്ന അനുഭവങ്ങളാണന്നോർത്ത് സംതൃപ്തിയോടെ സന്തോഷിക്കണം. മററുള്ളവരുടെ സുഖദുഃഖങ്ങളിൽ പങ്കുചേരണം. അത് നമുക്ക് വന്നതുപോലൊരനുഭവം നമുക്കുണ്ടാകണം. നമ്മുടെ സ്വന്തക്കാർ, അയൽക്കാർ, ദേശക്കാർ, നമ്മുടെ വ്യാപാരമണ്ഡലത്തിൽ നാം ഇടപെടുന്നവർ, സഹവസിക്കുന്നവർ തുടങ്ങി എല്ലാവരെയും ആത്മാർത്ഥമായി സ്നേഹിച്ചുവർത്തിക്കണം. ലോകമെങ്ങുമുള്ള സഹോദരങ്ങളെ അനുഗ്രഹത്തിലൂടെയെങ്കിലും നാം സ്നേഹിക്കണം. ശത്രുക്കരം ഉണ്ടാകരുത്. ആരും ശത്രുവാകാനിടവരരുത്. തെററിദ്ധാരണയിൽ നമ്മളോട് ശത്രുതയിൽ ആരെങ്കിലും ഉണ്ടന്നറിഞ്ഞാൽ നാം അവരെ സമീപിച്ച് സ്നേഹത്തിലാകണം. ലോകമെങ്ങുമുള്ള സകലരെയും സഹോദരങ്ങളായി കരുതി സ്നേഹിച്ചുവർത്തിക്കണം.

ആരുമായും കലഹിക്കരുത്. കലഹകാരണം ഉണ്ടാകരുത്. ചീത്തവാക്ക് പറയരുത്. അശ്ളീലഭാഷ ഉപയോഗിക്കരുത്. ആരെയും കളിയാക്കരുത്. കള്ളം പറയുകയും പ്രവർത്തിക്കയുമരുത്. അതി



www.malankaralibrary.com

ഭാഷണവും ജൽപനവും പാടില്ല. ദൈവം നമുക്ക് തന്നിരിക്കുന്ന നാവും സംസാര ശക്തിയും കഴിവും ഒരിക്കലും ദുർവിനിയോഗം ചെയ്യുന്നതിനിടയാകരുത്. നമ്മുടെ വേഷവും വേഷവിധാനവും മീശയും കേശവും എല്ലാം മിതവും ഹിതവുമായിരിക്കണം. മററുള്ളവരെ ഒരിക്കലും കുററം പറയരുത്. ആക്ഷേപിക്കരുത്. ചതിവ്, വക്രത, സൂത്രം, വിശ്വാസവഞ്ചന, ഇത്യാദികൾ ഒരിക്കലും ആരോടും ചെയ്യരുത്. ചിന്തിക്കുന്നതുതന്നെ പറയണം. പറയുന്നതുതന്നെ പ്രവർത്തിക്കണം.

ലൗകികജ്ഞാനത്തോടൊപ്പം ആത്മീകജ്ഞാനസമ്പാദനവും നടത്തണം. ലൗകികവ്യാപാരങ്ങളും പ്രവർത്തനങ്ങളും ദൈവത്തിലാശ്രയിച്ചും സമർപ്പിച്ചും നടത്തണം. ഈശ്വരചിന്ത, ധ്യാനപ്രാർത്ഥനകൾ പ്രഭാതസായം കാലങ്ങളിലും വിശ്രമവേളകളിലും നടത്തണം. സമയം കിട്ടുമ്പോഴെല്ലാം മനസ്സിനെ, ദൈവത്തിലേക്കുയർത്തി ദൈവവുമായി സംസർഗം ചെയ്യണം. നമ്മുടെ ജോലിയുടെ ആരംഭത്തിലും അവസാനത്തിലും ദൈവത്തെ സ്മരിച്ചു നന്ദിപറയണം. പ്രഭാതത്തിൽ എഴുന്നേൽക്കുമ്പോഴും രാത്രിയിൽ കിടക്കുമ്പോഴും കുറെസമയം ദൈവവുമായി സംസർഗം ചെയ്യണം, നടക്കുമ്പോഴും വിശ്രമവേളകളിലും നമ്മുടെ ഉള്ളിൽ നിന്നും 'എന്റെ ദൈവമേ, എന്റെ ദൈവമേ' എന്നു പതുക്കെ ഇടവിടാതെ ഉച്ചരിക്കണം.

ഉള്ളതിൽ നാം സദാസംതൃപ്തരാകണം. ധനമില്ല, സ്വത്തില്ല, നല്ലവീടും സുഖോപകരണങ്ങളുമില്ല, മാതാപിതാക്കൾക്കു സുഖമില്ല, മക്കൾക്കുജോലിയില്ല, എന്നിങ്ങനെ യാതൊന്നിനെ പററിയും ആവലാതിയും, അസംതൃപ്തിയും ഉണ്ടാകരുത്. സുഭിക്ഷതയിലും, ദുർഭിക്ഷതയിലും, സുഖത്തിലും, ദു:ഖത്തിലും, ഒന്നുപോലെ സംതൃപ്തരായി, സമാധാനചിത്തരായി വർത്തിക്കണം, ലോകസുഖഭോഗാദികൾക്കും, ധനസമ്പാദനത്തിനും, സ്ഥാനബഹുമാന പ്രശസ്തികൾക്കു



www.malankaralibrary.com

മായി വെമ്പലോടെ, ആർത്തിയോടെ, പരക്കം പായുകയും നെട്ടോട്ടം ഓടുകയും ചെയ്യരുത്. എല്ലാററിലും എല്ലാക്കാര്യങ്ങളിലും പ്രവർത്തനങ്ങളിലും ഒരു പരിമിതിയും സമാധാനവും സംതൃപ്തിയും നമുക്കുണ്ടായിരിക്കണം.

അമിതമായി യാതൊന്നും സമ്പാദിച്ചുകൂട്ടി വയ്ക്കരുത്. തങ്ങൾ കൂട്ടിവയ്ക്കുന്ന സമ്പത്തുകളിൽ അധികാരം പ്രാപിക്കുന്ന പിൻതലമുറ വഴക്കിട്ടു നശിപ്പിക്കുന്നതിനും തിൻമ പ്രവർത്തന ജീവിതത്തിനു ചെലവഴിച്ചവരുടെ ജീവിതം നശിപ്പിക്കുന്നതിനും അതിടയാക്കിയെന്നുവരും. നാം കൂട്ടിവായിക്കാനുദ്ദേശിക്കുന്നതുകകൾ, അപ്പോഴപ്പോൾ പട്ടിണിപ്പാവങ്ങൾക്ക വിനിയോഗിച്ചാൽ അതു നമ്മുടെ ആത്മാവിനു മുതൽകൂട്ടിനും പിൻതലമുറയ്ക്ക് ഈ ലോകനൻമകൾ ലഭിക്കുന്നതിനും ഇടയാകും. നാം ജനിച്ചുവളർന്ന സാഹചര്യത്തിനനുസരണമായ ഒരു ജീവിത നിലവാരം പുലർത്തണം. ഉന്നതമായ സുഖജീവിതം, കുറച്ചു പരിമിതമാക്കി മിച്ചിച്ചു സാധുക്കളെ സഹായിക്കണം. ആഗ്രഹങ്ങൾക്കും ജീവിതനിലവാരത്തിനും ഒരു പരിമിതി നിശ്ചയിച്ചു ജീവിക്കണം.

മാതാപിതാക്കളും ഭാര്യാ ഭർത്താക്കൻമാരും, മക്കളും കുടുംബാംഗങ്ങൾ ഏവരും അന്യോന്യം സ്നേഹത്തിലും ഐക്യത്തിലും പരസ്പര വിശ്വാസത്തിലും അനുസരണയിലും വർത്തിക്കണം. മാതാപിതാക്കളെ മക്കൾ അനുസരിക്കയും, സ്നേഹിക്കയും ബഹുമാനിക്കയും വേണം. അതുപോലെ മാതാപിതാക്കളും സ്നേഹിക്കയും, അവരെ കഴിയുന്നത്ര നല്ലവരാക്കാൻ ശ്രമിക്കയും വേണം. ഭാര്യാഭർത്താക്കൻമാർ ഏകശരീരമെന്ന നിലയിൽ, അന്യോന്യം വിശ്വസ്തരായി സ്നേഹഐക്യത്തിൽ മക്കൾക്കും മററുള്ളവർക്കും മാതൃകാപരമായി ജീവിക്കണം. മററുള്ളവരെ സഹായിക്കുന്ന പരിശീലന മാതൃക മക്കൾക്ക നൽകണം. ധർമ്മത്തിനും മററുവിധ സഹായങ്ങൾക്കും



www.malankaralibrary.com

സമീപിക്കുന്നവരെ ഒരിക്കലും നിരാശരാക്കരുത്. വായ്പയും കടവും പണമായോ ധനധാന്യമായോ ചോദിക്കുന്നവരെ നിവൃത്തിക്കനുസരിച്ച് സഹായിക്കണം. പലിശയോ, പണയമോ വായ്പാകടങ്ങൾ നൽകുന്നതിനു വാങ്ങരുത്. ലുബ്ധരായി ജീവിക്കരുത്. ലുബ്ധു കൊണ്ടാരും ഗ്രഹസ്ഥരായിട്ടില്ല. ധർമ്മം കൊടുത്താരും നശിച്ചിട്ടുള്ള അനുഭവവുമില്ല. കുടുംബാംഗങ്ങൾ ഈശ്വര പ്രാർത്ഥനയിലും, ഈശ്വരാരാധനയിലും, ഈശ്വരാരാധന സ്ഥാനങ്ങളിലുള്ള കർമ്മാദികളിൽ പങ്കെടുക്കുന്നതിലും ഉൽസുകരായി വർത്തിക്കണം. എന്തുടുക്കും, എന്തു തിന്നും, എന്നുള്ള ആവലാതി ആവശ്യമില്ല. വായും വയറും നൽകി നമ്മെ സൃഷ്ടിച്ച നമ്മുടെ സർവ്വശക്തനായ പിതാവ് നമ്മെ തീററിപ്പോററുമെന്നുറപ്പായി വിശ്വസിക്കണം. ഭക്ഷിക്കാനായി മാത്രം ജീവിക്കരുത്. ജീവിക്കാനായി മാത്രം ഭക്ഷിക്കണം. പ്രപഞ്ചത്തിലെ കോടാനുകോടി ജീവികളെ തീററിപ്പോററുന്ന അവിടുന്ന് അവിടുത്തെ മക്കളായ നമ്മെ തള്ളുകയില്ല. അവിടുത്തെ ഉറപ്പായി വിശ്വസിച്ചു നാം യാചിച്ചാൽ നമ്മുക്കാവശ്യമായതെല്ലാം തക്ക സമയത്തു തന്നെ ലഭിക്കും. നാളത്തെ കാര്യത്തെപ്പററിയുള്ള ചിന്തയും ആവശ്യമില്ല. നാളെ നാം ജീവിക്കുമെന്നുള്ള തുറപ്പില്ലല്ലോ? അതതു ദിവസത്തെക്കാര്യം അതതു ദിവസം തന്നെ നടന്നുകൊള്ളും. സൃഷ്ടാവായ പിതാവിനെ സ്നേഹിച്ചും ഉറപ്പായി വിശ്വസിച്ചു അവിടുത്തോടു ചോദിച്ചാൽ ഒന്നിലും ഒന്നിനും വിഷമിക്കേണ്ടിവരില്ല. ശാരീരിക ജീവന് ഒന്നാംസ്ഥാനം നൽകരുത്. പ്രഥമവും, പ്രധാനവുമായി നിത്യം ജീവിക്കുന്ന നമ്മുടെ ആത്മാവിന്റെ കാര്യത്തിലായിരിക്കണം എല്ലാററിനും മുമ്പെ, ആദ്യം സൃഷ്ടാവായ ദൈവത്തെ സ്മരിക്കയും സ്തുതിക്കയും ചെയ്യണം. അവിടുത്തോടെ നമ്മുടെ ആവശ്യങ്ങൾ അറിയിക്കുക എല്ലാം അവിടുന്നു നമുക്കു നൽകും.



www.malankaralibrary.com

# അദ്ധ്യായം 10

## ജീവിതം പ്രവൃത്തികളിലൂടെ

ധനാഢ്യരേ. കുബേരന്മാരെ-ഇന്നത്തെ ലോകജന സാന്ദ്രതയിൽ, ഭൂരിപക്ഷക്കാരും, ദരിദ്രരേഖയ്ക്കു താഴെ നിലനില്ക്കുന്നവരാണെന്നോർക്കേണമേ—വൻവസതികൾ വാർത്തുണ്ടാക്കി അലങ്കാരത്തിനും അമിത സുഖോപകര ണങ്ങൾക്കുമായി ലക്ഷങ്ങളും ദശലക്ഷങ്ങളും ചെലവു ചെയ്തു വസിക്കുന്നതു തികച്ചും തെറ്റാണ്, സോദര സ്നേഹമില്ലായ്മയാണ്. ദൈവ കോപത്തിനിടയാ ക്കുന്നതാണ്. അഞ്ച് അംഗങ്ങൾ മാത്രമുള്ള സുഖനിലയിൽ താമസിക്കുന്നതിനു ആയിരം ചതുരശ്ര അടിയും പത്തംഗ ങ്ങൾവരെ വസിക്കുന്നതിന് ആയിരത്തഞ്ഞൂറു ചതുര ശ്ര അടിയും വിസ്തൃതി ഭവനങ്ങൾ മതിയാകുമെന്നുള്ള അനുഭവസത്യം വിസ്മരിക്കരുതേ—അതിലധികം സ്ഥല സൗകര്യത്തിനും അമിതാലങ്കാരത്തിനും അമിത സുഖഭോ ഗാദികൾക്കും ചെലവാകുന്ന തുക—നിങ്ങളുടെ ചുറ്റുപാടു മുള്ള പട്ടിണിപ്പാവങ്ങൾക്കായിവിനിയോഗിച്ച് സഹോദര സ്നേഹവും, ദൈവ സ്നേഹവും പ്രകടമാക്കിയാലും, കഴിവിനപ്പുറമായി ഞെരുങ്ങിയും കടപ്പെട്ടും എല്ലാ റ്റിലും ധനാഢ്യരെ അനുകരിക്കുന്ന മധ്യസ്ഥിതരും, തങ്ങ ളുടെ ശേഷിയെ പറ്റി ചിന്തിക്കാതെ അവരെ അനുവർ ത്തിച്ച് അവസാനം ആപത്തിനും അപകടത്തിനും ഇടവ രുന്നതിനിടയാകാതെ സൂക്ഷിച്ച് ശ്രദ്ധിച്ച് ജീവിതം തുടർന്നാലും

കുബേരരേ—നിങ്ങൾ പിൻതലമുറയ്ക്കായി, അമിത നിലയിൽ ആർജ്ജിച്ച് കൂട്ടിവയ്ക്കുന്ന വസ്തുവകകളും ധനങ്ങളും അവർക്ക് അപചയത്തിനിട നൽകുന്നതാണെന്നോ



www.malankaralibrary.com

ത്താലും-നിങ്ങൾ ലക്ഷദശലക്ഷങ്ങൾ ചെലവാക്കി വാർത്തുണ്ടാക്കിയ വസതിയേയും, അമിതമായി സമ്പാദിച്ച വസ്തുവകകളെയും. നിങ്ങളുടെ മരണശേഷം മക്കൾ തമ്മിൽ പങ്കുവയ്ക്കുമ്പോൾ, വസതികളും വസ്തുവകകൾക്കുമായി അന്യോന്യം കലഹിച്ചും ഭിന്നിച്ചും വിദ്വേഷ വൈരാഗ്യത്തോടെ, കത്തികുത്തുകൾ മൂലവും വെടിപടക്ക സ്ഫോടനത്താലും മരണത്തിനും നാശത്തിനും ഇടയാകുമെന്നോർത്താലും. എല്ലാം മിതനിലയിൽ. പിൻതലമുറയ്ക്കായി കരുതി വയ്ക്കുകയും ബാക്കി അധികമുള്ളവയെ പട്ടിണിപ്പാവങ്ങൾക്ക നല്കുകയും ചെയ്താൽ നിങ്ങൾക്കും പിൻതലമുറയ്ക്കും നന്മയ്ക്കിടയാകുന്നതാണ്.

ലോക സുഖഭോഗാദികൾ വേണ്ടെന്നുവച്ച് ബ്രഹ്മചാര്യവ്രതപ്രതിജ്ഞയിൽസന്യാസാന്തസ്സിനെ, സ്വമനസ്സാ സ്വീകരിച്ച്, വ്യാപരിക്കുന്ന താപസികളും താപസവര്യരും ആചാര്യരും, ആചാര്യശ്രേഷ്ഠരും മുനിമാരും മുനിശ്രേഷ്ഠരും, യതികളുംയതിപുംഗവരുംസന്യാസിനികളും — തങ്ങളുടെപ്രതിജ്ഞയ്ക്കും ഉദ്ദേശ്യങ്ങൾക്കും വിരുദ്ധമാകാതെ സന്യാസാശ്രമങ്ങളിലും പർണ്ണാശ്രമങ്ങളിലും വള്ളക്കുടിലുകളിലും സന്യാസിമന്ദിരങ്ങളിലും പതുങ്ങിയും ഒതുങ്ങിയും ജീവിക്കുന്നവർ, ആ നിലയിലും സാധുസംരക്ഷണത്തിനും, ദീനാനുകമ്പാ പ്രവർത്തനങ്ങൾക്കും, അവിടവിടെച്ചുററിത്തിരിയുന്നവർ-ആനിലയിലും തങ്ങളുടെ പ്രതിജ്ഞയ്ക്ക വിപരീതമാകാതെയും പ്രത്യേകിച്ച് ബ്രഹ്മചര്യാ വ്രതമുദ്ര. ചിന്ത, വാക്ക്, പ്രവർത്തനം ഇവകളിൽ.യാതൊരു കേടും ചെളിയും ഭോഷലും വരാതെ, മുദ്ര പൊട്ടാനിടയാകാതെ സൂക്ഷ്മതയോടെ, വളരെ കരുതലോടെ ജീവിച്ചാലും.



www.malankaralibrary.com

ആത്മീക കാര്യങ്ങൾക്ക പ്രഥമ സ്ഥാനവും മുൻതൂക്ക വും നൽകി ലൗകീകവ്യാപാരങ്ങളിൽക്കൂടി ആത്മാർത്ഥ തയോടെ ദൈവ സ്നേഹം മനുഷ്യ സ്നേഹ മാർഗ്ഗേ ണ പ്രകടമാക്കിയാലും.

സന്യാസികളേ, സന്യാസിനികളെ, യതികളെ, യതിപുംഗവരേ, അലയും സ്വാമിമാരേ, കാഷായവേഷ പാദുക സ്വാമിമാരേ, ആചാര്യ, വൈദീക കുലാലങ്കാര തിലോത്തംസങ്ങളെ! നിങ്ങളിൽ ബഹുഭൂരിപക്ഷക്കാ രുടെയും , ചരിത്രാരംഭ കാലം മുതൽ ഇന്നുവരെയുള്ള, മനു ഷ്യ സ്നേഹപരമായ, ദീനാനുകമ്പാ പ്രവർത്തനങ്ങൾ, ആർക്കും, ആരാലും ഇന്നും എന്നും ഒരിക്കലും വിസ്മരി ക്കാൻ സാധ്യമല്ല—ലോക സമാധാനം എന്നും നിലനി ല്ക്കുന്നതു നിങ്ങളിൽക്കൂടി മാത്രമാണ്— ആർത്തർക്കും അവശർക്കും ആലംബഹീനർക്കും, എന്നും, താങ്ങും തുണയും ആലംബവും നിങ്ങൾ മാത്രമാണ് ത്യാഗോജ്ജ്വലമായ, നിങ്ങളുടെ സാധു ജനസേവന, പാരമ്പര്യം, അഭംഗുരം തുടർന്നാലും ശത്രുമിത്രഭേദമെന്യേ, ജാതിമത വർഗ്ഗ ചിന്തകൾക്കതീതമായി, ദൈവസ്നേഹത്തിൽക്കൂടിയുള്ള സഹോദര സ്നേഹ സേവനം ഒരിക്കലും ആർക്കും മറക്കാ നും മറയ്ക്കാനും സാധ്യമല്ല, ദൈവ സ്നേഹമില്ലാതെ ദൈവ വിശ്വാസമില്ലാതെ സഹോദര സ്നേഹമില്ലാതെ കൊടും സ്വാർത്ഥതയിൽപ്രശസ്തിക്കും ധനാർജ്ജനത്തിനും അമിത സുഖാനുഭവത്തിനും വെമ്പലോടെ വീറോടെ വെര ണ്ടോടുന്ന ഇന്നത്തെ ലോകത്തിന്, സമാധാനത്തിനും ആശ്വാസത്തിനുമുള്ള—ഏക മാർഗ്ഗം നിങ്ങളുടെ ത്യാഗപൂർ ണ്ണമായ സേവനവും, പ്രാർത്ഥനയും, പൂജാകർമ്മാദികളും മാത്രമാണ്. ഇന്നത്തെ ജനസാന്ദ്രതയുടെയും അമിത സുഖജീവിതവാഞ്ഛയുടെയും ഈശ്വരാസ്തിക്യ നിഷേ



www.malankaralibrary.com

ധനത്തിന്റെയും കൊട്ടും സ്വാർത്ഥതാ പ്രവർത്തനത്തിൽ ലോകത്തിനാശ്വാസവും സമാധാനവും സാധ്യമാക്കുന്നതിനുള്ള നിങ്ങളുടെ പരിത്യാഗപരമായ ത്യാഗോജ്ജ്വല സേവനങ്ങളെ ജനസഞ്ചയം എന്നും കൃതജ്ഞതയോടെ സ്മരിക്കും.

ഹിന്ദു, ബുദ്ധ, ജൈന, സിക്ക, യൂദ, ക്രൈസ്തവ, മുസ്ളീം മതങ്ങളിലെ. സന്യാസ സന്യാസിനി, വൈദികാചാര പുരോഹിത വൃന്ദങ്ങളിലെ, ഒരു ചെറിയവിഭാഗം, കൊട്ടും സ്വാർത്ഥരും, പരസ്നേഹം കൂടാതെ, തൻകാര്യ പ്രസക്തരും ധനമോഹികളും, അമിത സുഖാനുഭവികളുമായ ഇരുമ്പു മനുഷ്യരായി, അവിടവിടെ വർത്തിക്കുന്നുണ്ട്. അതേ പ്രകാരം തന്നെ—മറിച്ച്, നിസ്വാർത്ഥരായി, ത്യാഗികളായി, പരസ്നേഹഭാവികളായി തങ്ങളുടെമുഴുവൻ കഴിവുകളും. മററുള്ളവർക്കായി, തൻസുഖത്തെ ത്യജിച്ച ക്ളേശങ്ങളിലൂടെ, ശാരീരിക സുഖങ്ങളും മറെറല്ലാ സുഖങ്ങളും നിശ്ശേഷം ത്യജിച്ച, ദേവ മനുഷ്യരായി വർത്തിക്കുന്ന ഒരുചെറിയ വിഭാഗവും ഉണ്ട്. അവരെ എല്ലാക്കാലത്തും ലോകം അതീവ സ്നേഹത്തോടെ സ്മരിക്കും—ഇതിലെ ആദ്യ വിഭാഗക്കാരും. ലോകസമാധാനത്തിന ഒരിക്കലും തടസ്സമായി നിലനിൽക്കുന്നില്ലെന്നുള്ള സത്യം മറക്കാവുന്നതല്ല. മനുഷ്യതലമുറയുടെ ആരംഭകാലം മുതൽ ഇന്നേയോളമുള്ള എല്ലാം മതങ്ങളിലെയും, സന്യാസി, സന്യാസിനിമാരും, വൈദികാചാര്യന്മാരും ലോക നന്മയ്ക്കുവേണ്ടി പ്രാർത്ഥനാ ധ്യാനത്തോടെ, പൂജാകർമ്മാനുഷ്ഠാനങ്ങളോടെ, ആളുകളുടെ അവശരുടെയും ആലംബഹീനരുടെയും, ആശ്ചര്യ, നന്മകാംക്ഷായി അനവരതം കഴിവുള്ളത്ര, സേവനം ആത്മാർത്ഥതയോടെ ചെയ്തിട്ടുണ്ട് ഇന്നും ചെയ്തുകൊണ്ടിരിക്കുന്നു. അവശർക്കും ആർത്തർക്കും ആലംബഹീനർക്കുമായി അവർ ചെയ്തിട്ടുള്ളതും ചെയ്തുകൊണ്ടിരിക്കുന്നതുമായ, ദീനാനുകമ്പാപ്രവർത്തനങ്ങളും—ത്യാഗോജ്ജ്വലമായ നിസ്വാർത്ഥ സേവനങ്ങളും—ആരിലും ഒരിക്കലും വിസ്മരിക്കാൻ സാധ്യമല്ല.



www.malankaralibrary.com

## അദ്ധ്യായം 11

# ജീവിതം അനുഭവത്തിലൂടെ

നമ്മുടെ എല്ലാ കഴിവുകളും ശക്തികളും ധനസമ്പത്തുകളും ദൈവം നമുക്ക് നൽകിയിരിക്കുന്നത്, നമ്മുടെ സുഖത്തിനുള്ള ഉയർച്ചക്കും സ്വാർത്ഥപരമായ ജീവിതത്തിനും മാത്രമായിട്ടല്ല, നമ്മെ സമീപിക്കുന്ന, നാം അറിയുന്ന. അറിയാത്തവരെങ്കിലുമർഹിക്കുന്ന, ആവശ്യപ്പെടുന്ന നമ്മുടെ അസ്ഥിയിൽനിന്നുള്ള അസ്ഥിയും, മാംസത്തിൽനിന്നുള്ള മാംസവും ആയ നമ്മുടെ സാധുസഹോദരങ്ങൾക്കുകൂടി നൽകണ,. വിനിയോഗിക്കണം. ഒരിക്കലും ഒരു കാരണവശാലും അസത്യം പറയരുത്. ദൈവം നമുക്ക് തന്നിരിക്കുന്ന, നാക്കും, സംസാരശക്തിയും, സത്യം സംസാരിക്കുന്നതിന് മാത്രമാണ്. നമ്മുടെ എല്ലാ പ്രവർത്തനശക്തികളും, കഴിവുകളും ദൈവം നൽകിയിരിക്കുന്നത്. സൂത്രവും, ചതിവും, വഞ്ചനയും പ്രവർത്തിക്കുന്നതിനല്ല. കള്ളവും ചതിവും പ്രവർത്തിപ്പോർക്കും ഒരിക്കലും വിജയിപ്പിക്കുവാൻ സാധിക്കയില്ല. താൽക്കാലികവിജയമുണ്ടായാലും അത് പിന്നീട് വലിയ ആപത്തിനിടയാക്കും. കൂടാതെ, മരണാനന്തരജീവിതത്തിൽ, നിത്യദു:ഖത്തിന് കാരണവുമാകുന്നു.

നമ്മുടെ ഹൃദയാഗ്രഹവും ചിന്തയും സദാ നന്നായിരിക്കണം. വക്രതയും സൂത്രവും കാപട്യവും ഒരിക്കലും ഉണ്ടാകരുത്. നല്ല കാര്യങ്ങളെപററിയും അതിൻെറ പ്രവർത്തനങ്ങളെപ്പററിയും ചിന്തിക്കണം. നടക്കാത്തതും, അസാദ്ധ്യവുമായ കാര്യങ്ങളെപ്പററി



www.malankaralibrary.com

ചിന്തിക്കരുത്, വേണ്ടാത്തതും, കൊള്ളരുതാത്തതും അനാവശ്യവും, അക്രമപരവും തിന്മക്കിടനൽകുന്നതുമായ തോന്നലുകൾ, മനസിലുണ്ടാകുമ്പോൾ തന്നെ അവയെ തള്ളിമറന്ന് ഉള്ളിന്റെ ഉള്ളിൽ നിന്ന് എന്റീശ്വരാ. ദൈവമേ, എന്നുച്ചരിക്കണം. കൂടാതെ, വിശ്രമവേളകളിലും, നടക്കുമ്പോഴും ഉറക്കമില്ലാതെ കിടക്കുമ്പോഴും സമയം കിട്ടുമ്പോഴെല്ലാം ദൈവമേ, ഈശ്വരാ എന്ന് തുടരെ പതുക്കെ ഉച്ചരിക്കണം. അത് നമ്മുടെ ആത്മാവിന് എന്നെന്നേക്കും ഒരു മുതൽ കൂട്ടായിരിക്കും.

നാളത്തെപ്പറ്റി നാം ചിന്തിക്കരുത്; വ്യാകുലപ്പെടരുത്; നാളെ നാം ജീവിക്കുമെന്നുള്ളതുതന്നെ ഉറപ്പില്ലല്ലോ. മരണം നമുക്കെല്ലാമുണ്ടെന്നും, അതിന്റെ സമയം എപ്പോഴാണെന്ന് തീർച്ചയില്ലെന്നും നിശ്ചയമാണല്ലോ. കഴിയുന്നതും കഴിഞ്ഞതുമായ നിമിഷങ്ങളല്ലാതെ വരുവാനുള്ള നിമിഷങ്ങളിൽ നാം ജീവിക്കുമെന്നുറപ്പ് തരാൻ ആരാലും സാധ്യമല്ല നമ്മുടെ സ്വന്തക്കാർ, ബന്ധുക്കൾ, സ്നേഹിതർ തുടങ്ങി നിരവധി സോദരങ്ങൾ, ശിശുക്കൾ, യൗവ്വനക്കാർ, വൃദ്ധന്മാർ തുടങ്ങി പല പ്രായക്കാരും, അനുദിനം ഓരോ മണിക്കൂറിലും, പെട്ടെന്ന് നമ്മെ വിട്ടുപോകുന്നതായി നാം അറിയുന്നു. കേൾക്കുന്നു. നടന്നുകൊണ്ടിരിക്കുമ്പോൾ, ഭക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ, കുളിച്ചുനിൽക്കുമ്പോൾ ഉറങ്ങി കിടക്കുമ്പോൾ, വിശ്രമവേളയിൽ യാത്രയിൽ, ബസ്സിൽ വച്ച്, ട്രയിനപകടത്തിൽ, വിമാനം മൂലം മരണത്തിൽ നിന്നു വീണ് രോഗ കിടക്കയിൽ കിടന്ന്, ഇടിമിന്നലിനാൽ, വെടിയേറ്റ് അടിയാൽ, കത്തിക്കുത്തിനാൽ, രക്തം ഛർദ്ദിച്ച്, ഹൃദയസ്തംഭനത്താൽ, വിചാരിക്കാത്ത സമയത്തും, നിനയ്ക്കാത്ത് നാഴികയിലും, അനേകർ അകാലമൃത്യുവിനിരയാകുന്നതായി നാം കേൾക്കുന്നു, അറിയുന്നു. നാം ആരും ഇതിൽ നിന്നൊന്നും വ്യത്യസ്തരല്ല.

മരണത്തിൽ നിന്നും ആരും ഒഴിവാക്കപ്പെട്ടു

ജീവിച്ചിരിക്കുന്നതായി അനുഭവവുമില്ല. അതിനാൽ വരുവാനുള്ള സമയ കാലങ്ങളെയോ, ദിവസങ്ങളെയോ പററി ചിന്തിച്ചു ആകുലരാകേണ്ട ആവശ്യമില്ല. വരുന്ന സമയങ്ങളും, കാലങ്ങളും, ദിവസങ്ങളും, അന്നന്നുള്ള കാര്യങ്ങളും നടത്തിക്കൊള്ളും. ഈ ലോകത്തിലെ സമസ്തവും നമ്മുടെ ശരീരവും കൂടിവിട്ടൊഴിഞ്ഞു വിചാരിക്കാത്ത സമയത്തു നാം നമ്മുടെ നിത്യഭവനത്തിലേക്കു പോകേണ്ടിവരും. ഈ അനുഭവ സത്യം ആരും ഒരിക്കലും മറക്കാതെ ദിവസവും ചിന്തിക്കണം; സ്മരിക്കണം. ഓരോ നിമിഷത്തിലും അടുത്ത നിമിഷം നമുക്കു കിട്ടുകയില്ലെന്നുള്ള സുനിശ്ചിത ചിന്തയിൽ, സദാ നാം വ്യാപരിക്കണം, വർത്തിക്കണം, ജീവിക്കണം.

## അദ്ധ്യായം 12

# ജീവിതം അനുഭവത്തിലൂടെ 2

ഈ ലോക ജീവിതം, ക്ഷണികം, ഈ ലോകം ഒരു വഴിയമ്പലം. ഈ ലോകം ഒരു സത്രം, ഒരു ടൂറിസ്റ്റു ബംഗ്ളാവ്; യാത്രക്കാർ, വഴിപോക്കർ, ടൂറിസ്റ്റുകൾ, വരുന്നു—വിശ്രമിക്കുന്നു, പോകുന്നു. അതു തന്നെ, വീണ്ടും വീണ്ടും ആവർത്തിക്കുന്നു. ഈ ലോകം ഒരു നാടകശാല. ഓരോ നടനും അണിയറയിലെത്തി വേഷം കെട്ടുന്നു, ചുട്ടികുത്തുന്നു, മേക്കപ്പു നടത്തി രംഗത്തു പ്രത്യക്ഷനായി അഭിനയിക്കുന്നു. കാണികളുടെ മുമ്പിൽ ചിലർ വിജയിക്കുന്നു, ചിലർ അപഹർഷരാകുന്നു. നാടകം തീർന്നു. നിശയും കഴിഞ്ഞുപോയി. വിജയിച്ചവർ ആഹ്ളാദത്തോടെ, വി



www.malankaralibrary.com

ലപ്പെട്ട വിജയ സമ്മാനവുമായും, തോററവർ ഖേദഭാരത്തോടെ, ദു:ഖസങ്കടം സമ്മാനവുമായും മടങ്ങുന്നു, ഈ ലോക ജീവിതം അന്നന്നു വിരിഞ്ഞു നശിക്കുന്ന പുഷ്പങ്ങൾക്കു തുല്യം. പൂവിരിഞ്ഞു, വെയിലേററു, വാടി, വൈകുന്നേരം പൊഴിഞ്ഞു. ജീവിതം അസ്തമിച്ചു. ഈ ലോകജീവിതവും, ഈ ലോകം തന്നെയും, മായ, അൽഭുതം.

ജീവിതത്തിനു വേണ്ടി, ജീവിക്കുന്നതിനുവേണ്ടി, തത്രപ്പെട്ട്, വെറിളി പിടിച്ചും, സംഭ്രാന്തിയോടെ ഓടരുത്; ചാടരുത്; പരക്കംപായരുത്. സമാധാനപരമായി, ശാന്തരായി വളർന്നുവന്ന ചുററുപാടും, സാഹചര്യങ്ങളനുസരിച്ചും അദ്ധ്വാനിച്ചാൽമതി, ദരിദ്രജീവിതം സമ്പന്ന ജീവിതത്തേക്കാൾ ഉത്തമം. സമാധാനത്തോടും, സംതൃപ്തിയോടും കൂടിയ ദരിദ്ര ജീവിതം എത്രയോ ആനന്ദപ്രദവും മനോഹരവുമായിരിക്കുമെന്ന്, അനുഭവത്തിലൂടെ ഏതെങ്കിലും ഒരു കാര്യത്തിൽ ഒരവസരമെങ്കിലും പരീക്ഷിച്ചാലറിയാൻ സാധിക്കും. സമാധാനവും സംതൃപ്തിയുമില്ലാത്ത സമ്പന്ന ജീവിതം, എത്ര ദു:ഖകരമാണന്നുള്ളതും അനുഭവത്തിലൂടെ, എല്ലാ അദ്ധ്വാനങ്ങളും, പ്രവർത്തികളും ദൈവസ്നേഹത്തോടെ, പരസ്നേഹത്തോടെ, സ്വാർത്ഥരഹിതമായി, സത്യസന്ധമായി നടത്തണം. കരുണയില്ലാതെയും നീതിരഹിതമായും ഒന്നും ചെയ്യരുത്. ഹൃദയം കളങ്കരഹിതവും പരിശുദ്ധവുമായിരിക്കണം. ഓരോ ചിന്തയും വാക്കും പ്രവർത്തിയും ദൈവത്തെ മുൻനിർത്തിയുള്ളതായിരിക്കണം. ദോഷത്തിനും തിന്മയ്ക്കും ഇടവരുന്നതൊന്നും പ്രവർത്തിക്കരുത്. നമ്മുടെ ഓരോ പ്രവർത്തിയും മാതാപിതാക്കളെയും, ഗുരുനാഥന്മാരെയും ദൈവത്തെയും മുന്നിൽ കണ്ടുകൊണ്ടായിരിക്കണം ചെയ്യേണ്ടത്.

ധനം സമ്പാദിച്ചുകൂട്ടിവയ്ക്കുന്നതിനും, അമിതസുഖഭോഗങ്ങളനുഭവിക്കുന്നതിനും ആഗ്രഹിക്കരുത്.



www.malankaralibrary.com

ആവശ്യങ്ങൾ പരിമിതമാക്കണം. ജനിച്ചുവളർന്ന ചുററുപാടിനും സാഹചര്യത്തിനും അനുസരിച്ചുള്ള ഒരു ജീവിതം സ്വീകരിക്കയും അതിൽക്കൂടുതലായി വരുന്ന വരവുകൾ നമ്മിൽ കുറഞ്ഞ സാധുക്കൾക്കു നൽകയും ചെയ്യണം. വീടിനും, വീട്ടലങ്കാരത്തിനും, സുഖോപകരണങ്ങൾക്കും അമിതമായി ചെലവുചെയ്യാതെ, പരനൻമയ്ക്കായി സഹായിക്കണം. നമ്മുടെ സമീപസ്ഥാനങ്ങളിലുള്ള പട്ടിണിപ്പാവങ്ങളെ നാം കാണണം, അറിയണം, സഹായം ആവുന്നത്ര നൽകണം. കൂലിക്കാരോടു ദയവായി പെരുമാറണം. അവരും ജോലിയിൽ ആത്മാർത്ഥത കാണിക്കണം കൂലിശമ്പളം കുറയ്ക്കരുത്. ത്രാസും പടിയും അളവും തൂക്കവും ഒത്തതായിരിക്കണം.

ഏഷണിയും നുണയും കള്ളവും പറഞ്ഞു വഴക്കിനിടയാക്കരുത്. കാണുന്നതും കേൾക്കുന്നതുമെല്ലാം പറഞ്ഞു പരത്തരുത്. നുണ കൂട്ടിക്കെട്ടി ആരുമായും ശണ്ഠയ്ക്കിടവരുത്തരുത്. അസഭ്യങ്ങളും ചീത്തവിളികളും കേട്ടുരസിക്കാതെ, അതുവർദ്ധിപ്പിക്കുന്നതിനിടം നൽകാതെ ഓടിയകലണം. മററുള്ളവരുടെ രഹസ്യക്കാര്യങ്ങൾ അറിയാൻ ശ്രമിക്കരുത്, ഭിക്ഷ രഹസ്യത്തിൽ കൊടുക്കുന്നതാണു നല്ലത്. തന്നെ സംബന്ധിച്ചു അല്ലാത്തതും, മററുള്ളവർക്കനിഷ്ടമാകുന്നതും ആർക്കും ഒരു പ്രയോജനമില്ലാത്തതുമായ കാര്യങ്ങളിലിടപെടരുത്. മററുള്ളവർക്ക് ഒരുവിധത്തിലും നഷ്ടത്തിനിടവരുത്തരുത്. ആർക്കും നാം ഉപദ്രവകാരികളാകയുമരുത്. സഹോദരങ്ങളെ ആക്ഷേപിക്കരുത്. തുച്ഛീകരിക്കരുത്. ആരെയും നിസ്സാരൻമാരാക്കരുത്. എല്ലാവരേക്കാളും താൻ നിസ്സാരനാണെന്നു ധരിക്കണം. മററുള്ളവരെ ആദരിക്കയും, അവരുടെ അഭിപ്രായങ്ങൾ കേൾക്കയും, അതിനു വിലകല്പിക്കയും വേണം. പ്രതിപക്ഷബഹുമാനത്തോടെ എല്ലാററിലും വർത്തിക്കണം.

ഓരോരുത്തരും അവരവരുടെ അന്തസ്സിനൊത്ത



www.malankaralibrary.com

ജീവിതം നയിക്കണം. വ്യഭിചാരം ആരും ഒരിക്കലും ചെയ്യരുത്. അതിലേക്കാരുടെയും ഹൃദയം ആഗ്രഹിക്കരുത്. കണ്ണിന്റെ നോട്ടം എത്തരുത്. പതുങ്ങിയും സാവധാനത്തിലും വേഗതയിലും കാല്പാദങ്ങൾ അതിലേക്കു വീഴരുത്. അംഗവിക്ഷേപങ്ങൾ പോലുമുണ്ടാകരുത്. ചലിക്കരുത്., ചലിപ്പിക്കരുത്. ഏവരും, അവരവരുടെ അന്തസ്സിനടുത്തജീവിതചര്യകളും, ചുമതലകളും കൃത്യമായും കർത്തവ്യബോധത്തോടെയും നടത്തണം. എല്ലാററിനും എല്ലാററിലുംആദ്യമായി ദൈവത്തെ സ്മരിച്ച്, ദൈവത്തെ മുൻനിർത്തി, ഭയപ്പെട്ട്, സ്നേഹിച്ച്, ഭക്തിവിചാരത്തോടെ ദൈവകല്പനയ്ക്കും ലോകനീതിക്കും ചേർന്നവിധം ജീവിതം നയിച്ചാൽ, ആ ജീവിതം തനിക്കും മററുള്ളവർക്കും നന്മകൈവരുത്തി, ശുഭമേറയ അന്ത്യത്തിലെത്തി, ജീവിതലക്ഷ്യമായ നിത്യാനന്ദജീവിതം നിത്യലോകത്തിൽ തുടരുന്നതിനിടയാകും—അതിലേക്ക് നമുക്ക് ശ്രമിക്കാം !

## അദ്ധ്യായം 13

# ജീവിതാനുഭവ സാരം !

ഈ ഭൂമിയും പ്രപഞ്ചനഭോമണ്ഡലവും സൗരയൂഥവും സദാ കറങ്ങിക്കൊണ്ടിരിക്കുന്നു. ഈ ഭ്രമണത്താൽ, ഉദയാസ്തമനത്താൽ, ദിനരാത്രങ്ങൾ, ആഴ്ചകൾ, മാസങ്ങൾ, സംവത്സരങ്ങൾ വന്നും പോയ്ക്കൊണ്ടുമിരിക്കുന്നു. ഭൂമിയുടെ കറക്കത്തോടുകൂടി നമ്മളും കറങ്ങുന്നു. ഉദയാസ്തമനങ്ങളോടുചേർന്ന് നമ്മളും പൊയ്ക്കൊണ്ടേയിരിക്കുന്നു. ഓരോ നിമിഷം



www.malankaralibrary.com

കഴിയുന്തോറും നമ്മുടെ ശവത്തോട് നാം അടുക്കുന്നു. പുഴുവും, കൃമിയും, ചാരവും, മണ്ണും, പൊടിയുമായി നമ്മുടെ ശരീരത്തെ ലയിപ്പിക്കുന്ന ശവക്കല്ലറയിലേക്കുള്ള യാത്രാദൂരം നിമിഷങ്ങൾ, സമയങ്ങൾ, മണിക്കൂറുകൾ, ദിവസങ്ങൾ, കഴിയുന്തോറും കുറഞ്ഞടുകയാണ് എന്ന്, സദാ മരണത്തെ മുന്നിൽകണ്ടുകൊണ്ട് അടുത്തനിമിഷമോ, ദിനമോ, തനിക്ക് സംഭവിക്കാവുന്ന മരണത്തെയോർത്ത്, സന്തോഷസമേതം അത് സ്വീകരിക്കുവാൻ സദാസമയവും തയ്യാറായിരിക്കണം.

ഏതാനും ആഴ്ചകളോ, ദിവസങ്ങളോ, എല്ലാം വിട്ടൊഴിഞ്ഞ്, സ്വസ്ഥമായി സന്തോഷസമേതം കിടക്കയിൽ കിടന്ന് സമാധാനപരമായ മരണം ലഭിക്കുന്നതിന് സദാ നാം ആഗ്രഹിക്കണം. നമ്മോട് ഇണങ്ങിച്ചേർന്നിരുന്ന സകലതാൽപര്യങ്ങളും വിട്ടുപേക്ഷിച്ച് നമ്മുടെ സ്ഥിരം വസതിയിലേക്കുള്ള യാത്രയാണ് മരണം എന്ന് ധരിക്കണം. മരണത്തോടുകൂടി ഈ ലോകത്തിൽ നമുക്കുണ്ടായിരുന്നതെല്ലാം നഷ്ടമാകുന്നു. നമ്മുടെ സമ്പാദ്യങ്ങളിൽ, നമ്മുടെ നന്മതിന്മ പ്രവർത്തനങ്ങളുടെ വില മാത്രമാണു നമ്മെ അനുഗമിക്കുന്നത്. നമുക്ക് മനസില്ലെങ്കിലും മരണത്തോടെ നമുക്കിവിടെയുള്ളത് സകലതും വിട്ടൊഴിയണം. അതിനാൽ കുറെനേരത്തെതന്നെ, അഥവാ എപ്പോൾ മരണം വന്നാലും പോകാൻ തയ്യാറാണെന്നുള്ള നിലയിലായിരിക്കണം ഈ ലോകത്തോടിണങ്ങിച്ചേർന്നുള്ള ജീവിതം. കുറെ ദിവസം സകലതും വിട്ടുപേക്ഷിച്ച് കിടക്കയിൽ കിടന്ന് ഈശ്വരനെ മാത്രം ചിന്തിച്ചും, ധ്യാനിച്ചും മരിക്കാനിടയായാൽ, അത് ഈ ലോകത്തിൽവച്ച് ലഭിക്കാവുന്നതിൽ ഏറ്റം വലിയ മഹാഭാഗ്യമാകുന്നു.



www.malankaralibrary.com

## അദ്ധ്യായം 14

# ജീവിതാനുഭവസാരം 2

രാവിലെ ഉണർന്നെഴുന്നേല്ക്കുമ്പോഴും, ജോലിയുടെ ആരംഭത്തിലും, അവസാനത്തിലും, രാത്രി കിടക്കുന്നതിനുമുമ്പും, ദിവസാരംഭസമയങ്ങളിലും ദൈവത്തെ സ്മരിക്കണം; ധ്യാനിക്കണം; സ്തുതിക്കണം; നന്ദിപറയണം. ദൈവമുമ്പിലും സഹോദരങ്ങളുടെ മുമ്പിലും വന്നുപോയിട്ടുള്ള തെററുകളെ തിരുത്തുകയും, മേലിൽ അവ വരാതിരിക്കുവാൻ ശ്രമിക്കയും, അവരോടും, ദൈവമുമ്പാകെ വന്ന തെററിന് ദൈവത്തോടും മാപ്പ് അപേക്ഷിക്കയും വേണം. ആരെപ്പററിയും ആരോടും അസൂയ ഉണ്ടാകരുത്. സഹോദരങ്ങളുടെ ഉയർച്ചയിൽ അസൂയപ്പെടാതെ സന്തോഷിക്കണം. എല്ലാവർക്കും നന്മവരാനാഗ്രഹിക്കയും അതിലേക്കു നമ്മാൽ കഴിവതു ചെയ്യുകയും ചെയ്യണം. മററുള്ളവരുടെ ആപത്തിലും ദുഃഖത്തിലും നാം പങ്കുചേർന്നു കഴിയുന്ന സഹായം അവർക്കു ചെയ്യണം.

പണത്തിൽ, വസ്തുവകകളിൽ, സുഖഭോഗങ്ങളിൽ അമിതമായ ആഗ്രഹവും ചിന്തയും ഉണ്ടാകരുത്, മററുള്ളവർക്ക് ചെയ്യുന്ന സഹായങ്ങൾക്കു പ്രതിഫലമോ, കൈക്കൂലിയോ വാങ്ങരുത്. പ്രശംസയും, പുകഴ്ചയും, സ്തുതിപ്പുകളും ആഗ്രഹിക്കരുത്. പലവിചാരത്തോടെ പ്രാർത്ഥിക്കരുത്. പ്രാർത്ഥനയിൽ ചുമടു കണക്കിനുള്ള തന്റെ ഈ ലോകാവശ്യങ്ങളും പ്രശ്നങ്ങളും ഉന്നയിക്കരുത്. ദൈവത്തിൽ ഉറവായി വിശ്വസിക്കണം. ആത്മനിയന്ത്രണത്തി



www.malankaralibrary.com

ലൂടെയല്ലാതെ കൃത്യമമാർഗേ്ഗണ സന്താനനിയന്ത്ര ണത്തിനു ശ്രമിക്കരുത്, യാതൊരു കാരണവശാലും വിവാഹമോചനം പാടില്ല. ഭാര്യയെ ഭർത്താവോ, ഭർത്താവിനെ ഭാര്യയോ, ഒരിക്കലും ഉപേക്ഷിക്കരുത്. നമ്മുടെ കൈവശമുള്ളതും വന്നുചേരുന്നതും ആയ ധനധാന്യങ്ങളും വസ്തുവകകളും നമുക്കായി മാത്രം വിനിയോഗിക്കാനായിട്ടല്ല ദൈവം നമ്മെ ഏല്പിച്ചിരിക്കുന്നതെന്നുള്ളത് ഒരിക്കലും മറക്കാതെ. നമ്മുടെ സുഖജീവിതം പരിമിതപ്പെടുത്തി, മററുള്ളവർക്കു കൂടി നല്കണം. ഇല്ലായ്മയിൽ പോലും, ഉള്ളതിൻെറ ഓഹരി സാധുക്കൾക്കു നല്കണം.

വേദനിക്കുന്നവരെക്കണ്ടാൽ, നമുക്കും വേദനയുണ്ടാകണം. വിശക്കുന്നവരെക്കണ്ടാൽ നമുക്കും വിശപ്പുണ്ടാകണം. ഗുരുക്കൻമാരെയും ആചാര്യരേയും ബഹുമാനിച്ചാരാധിക്കണം. ദുശ്ചിന്ത, കൊലപാതകം, പരസംഗം, വിടക്കണ്ണ്, മോഷണം, കള്ളസാക്ഷ്യം, അത്യാഗ്രഹം, ദ്രവ്യാഗ്രഹം, മദ്യപാനം, അഹങ്കാരം, പ്രതികാരം, വൈരാഗ്യം, വാശി, വക്രത, ചതിവ്, സൂത്രം, കാപട്യം, അസത്യം, കുററംപറച്ചിൽ, അധികാരദുർവിനയോഗം, ഗർവ്, അലസത, അതിഭാഷണം, ജല്പനം. ഗുരുനിന്ദ, പരദ്രോഹം, പരസ്നേഹമില്ലായ്മ, സ്വാർത്ഥത, കൈക്കൂലി, അമിതഭോജനം, അമിതസുഖാനുഭവം, അസൂയ, സാധുതുഛീകരണം, പ്രത്യുപക്ഷ ബഹുമാനമില്ലായ്മ, ക്ഷിപ്രകോപം, പിരാക്ക്, ശാപോച്ചാരണം, അസഭ്യസംഭാഷണം. അശ്ളീലവായന, ചീത്ത പറച്ചിൽ, ശണ്ഠ, വഴക്ക്, കലഹം, മാതൃകാപരമല്ലാത്ത പ്രവർത്തനവും ജീവിതചര്യകളും, എല്ലാം പാടേ ഉപേക്ഷിച്ച്, സൽഗുണ പൂർണ്ണരായി സദാ നല്ല മനുഷ്യരായി ജീവിക്കുവാൻ ശ്രമിക്കയും ജീവിതം തുടരുകയും ചെയ്യണം.

ഈശ്വരൻ പക്ഷഭേദക്കാരനാണ്, ചിലർക്കു അമിത സുഖവും ചിലർക്ക് അങ്ങേയററത്തെ ദു:ഖജീവിത



www.malankaralibrary.com

വും നൽകുന്നു ചിലരെ അംഗഹീനരായും, വിരൂപരായും, സുന്ദരരൂപികളായും, ചിലരെ ആരോഗ്യവാന്മാരായും സൃഷ്ടിക്കുന്നു. അംഗസൗഷ്ടവത്തിലും ശരീരഘടനകളിലും വലിപ്പ ചെറുപ്പവും, പൂർണ്ണതയും അപൂർണ്ണതയും നൽകുന്ന അവസാനം വരെ സുഖജീവിതം ലഭിക്കുന്നവരും, ദു:ഖിതരും, രോഗികളും ദരിദ്രരും ഉണ്ട്. മരണത്തിലും ക്ഷണികമായും ദീർഘകാല സുഖങ്ങളിലും ഉള്ള അനുഭവം നൽകുന്നു. ആയുസ്സു ദൈർഘ്യത്തിലും ഏററം കുറഞ്ഞകാലം മുതൽ, ജന്മ മാത്ര മുതൽ ശതവർഷത്തിനപ്പുറം വരെ ജീവിതം നൽകുന്നു. ഈ വിധമായ അനുഭവവ്യത്യാസങ്ങൾ നൽകുന്നത് ദൈവ നീതിക്കു ചേർന്നതാണോ? ഈശ്വരവിശ്വാസത്തിൽ ഉറപ്പില്ലാത്തവർ ഒരു സങ്കൽപ ജീവിയായി ഈശ്വരനെ സങ്കൽപിക്കുന്നവർ, ഈശ്വരവിശ്വാസം കെട്ടുകഥ പോലെ കരുതുന്നവർ, തൊടുത്തിവിടാറുള്ള ചോദ്യശരങ്ങളാണിതെല്ലാം.

സംശയാലുക്കളേ! എല്ലാററിൻെറയും എല്ലാവരുടെയും സൃഷ്ടാവ് ദൈവം തന്നെയാണ്. അവിടുന്നു മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത് ഈ ലോകത്തിലെ ഹ്രസ്വകാല ജീവിതത്തിനായിട്ടല്ല. നിത്യലോകത്തിൽ നിത്യകാലം തന്നോടൊത്ത് ആനന്ദിച്ചു ജീവിക്കാനാണ്. അതിലേക്കുള്ള ഒരു പരീക്ഷണ ജീവിതമാണിവിടെയുള്ളത്. അതിൻെറ ദൈർഘ്യം നിത്യജീവിതത്തോടു തുലനം ചെയ്താൽ ഏതുമില്ല, ഒട്ടുമില്ല, അൽപമാത്രം—ആ അൽപകാല ജീവിതത്തിൽ സുഖിച്ചാലും ദു:ഖിച്ചാലും വലിയ കാര്യമായി ഗൗനിക്കേണ്ടതില്ല. പിന്നീടു ലഭിക്കുന്ന സൗഭാഗ്യത്തോടും അതിൻെറ അവസാനിക്കാത്ത കാലദൈർഘ്യത്തോടും തുലനം ചെയ്യുമ്പോൾ ഈ ലോകസുഖദു:ഖങ്ങളിൽ വലിയ പ്രാധാന്യം നൽകേണ്ടതില്ല.

ദു:ഖിതരും, രോഗികളും, ദരിദ്രരും. മററുള്ളവരുടെ പരീക്ഷണഉരക്കല്ലുകളാണ്, അവർക്കിവിടം വിട്ടുള്ള നിത്യ ജീവിതത്തിൽ ഉന്നതസ്ഥാനം ലഭിക്കും.



www.malankaralibrary.com

അതുപോലെ സമ്പന്നരും, അവരുടെ ജീവിതം പരോപകാരജീവിതത്തിലൂടെ സ്വാർത്ഥരഹിതമായി തുടർന്നവസാനിപ്പിച്ചാൽ അവർക്കും നിത്യജീവിത സുഖാനുഭവലബ്ധിക്കു തടസ്സമില്ല. എല്ലാ വിധക്കാരും, ജീവിത പരീക്ഷണത്തിനായിട്ടാണ് ഈ വ്യത്യാസങ്ങൾ നൽകിയിരിക്കുന്നത്. എല്ലാ വിധക്കാരും അവരവരുടെ നിലയിൽ സഹോദര സ്നേഹത്തോടെ സ്വാർത്ഥ ത്യാഗജീവിതം, ഒരു നല്ല ജീവിതം നയിച്ച് ഇവിടെ നിന്നും വിട്ടുപോയാൽ, നിത്യാനന്ദജീവിതം ലഭിക്കുന്നു.

ആത്മീയജ്ഞാനമില്ലാതെ, ലൗകികജ്ഞാനം മാത്രം ലഭ്യമാക്കുന്നവർ, യഥാർത്ഥ ജ്ഞാനികളല്ല. ശരിയായ ജ്ഞാനം, മനുഷ്യൻെറ നിത്യ ജീവിതവും അതിനെ നൽകുന്ന സ്രഷ്ടാവിനെക്കുറിച്ചുള്ള അറിവുമാണ്. ദൈവത്തെപ്പററിയും മനുഷ്യൻെറ നിത്യകാലജീവിതത്തെപ്പററിയും അറിവില്ലാത്തവർ ലൗകികജ്ഞാനത്തിൽ എത്രതന്നെ ഉന്നതരായാലും സത്യത്തിൽ അജ്ഞരും ഇരുളിൽ കൂരിരുട്ടത്ത് ജീവിക്കുന്നവരുമാകുന്നു ലോകം, പരിഷ്ക്കാരത്തിൽ ലൗകിക ജ്ഞാനത്തിൽ വികസിക്കുന്തോറും കൂരിരുളാകുന്ന അന്ധകാരത്തിൽ നിലംപതിക്കുകയാണ് ചെയ്യുന്നത്. മനുഷ്യജീവിതത്തിൻെറ യഥാർത്ഥമായ ഉദ്ദേശവും ലക്ഷ്യവും മനസ്സിലാക്കാതെ ലോകജ്ഞാനവികാസത്തിൻെറ പരമോന്നതിയിലെത്തി ഞെളിയുന്നവർ അജ്ഞാതമാകുന്ന കൂരിരുളിൽ നിമഗ്നരായി ജീവിക്കുകയാണ്. ആദ്യമായും പ്രധാനമായും സ്രഷ്ടാവിനെയും തന്നെയുംപ്പററി അറിയണം. തന്നെ ആരാണ് സൃഷ്ടിച്ചത്? മരണത്തോടെ ജീവിതം അവസാനിക്കുന്നുവോ? തുടങ്ങുന്നെങ്കിൽ അതെവിടെ? എന്നുവരെ? ആ ലോകം സുഖകരമോ, ദുഃഖഭൂയിഷ്ഠമോ? ഇത്യാദി സർവപ്രധാനമായ നിത്യകാലജീവിതകാര്യം അന്വേഷിക്കാതെ, അറിയാതെ, ചിന്തിക്കാതെ, ക്ഷണികമായ, നശിക്കുന്ന, ഈ ലോകജീ



www.malankaralibrary.com

വിതത്തെപ്പററി, എത്രകൂടുതലായറിവുസമ്പാദിച്ചാലും യഥാർത്ഥ ജ്ഞാനമാകയില്ല. ആകയാൽ നാം ലൗകികജ്ഞാനം അൽപം സമ്പാദിച്ചാലും മതി. ഇവിടുത്തെ ജീവിതം സുഖമോ, ദുഃഖമോ; സുഭിക്ഷിതമോ, ദുർഭിക്ഷിതമോ. ഏതുവിധമായാലും അത് കാര്യമാക്കാനും അതിൽ ക്ലേശിക്കാനുമില്ല. എല്ലാവസ്ഥയിലും, സമാധാനവും, സംതൃപ്തിയും, സ്ഥാനത്യാഗവും, സഹോദരസ്നേഹവും, പരോപകാരവും, ശരീരാവയവഘടകമായി രൂപപ്പെടുത്തി ജീവിതം തുടർന്നവസാനിച്ചാൽ മതി. എല്ലാത്തിനും മുമ്പെ ദൈവത്തെ അറിയുക, സ്നേഹിക്കുക, ദൈവേഷ്ടപ്രകാരം ജീവിക്കുക. രണ്ടാമതായി, നമ്മുടെ സഹോദരങ്ങളെ തന്നെപ്പോലെതന്നെ സ്നേഹിക്കുക.

## അദ്ധ്യായം 15

# ജീവിതം, പ്രവർത്തികളിലൂടെ

### സ്വാർത്ഥതയും, നിസ്വാർത്ഥതയും

രണ്ടും അതിരും അളവുമില്ലാത്ത സ്വാഭാവവിശേഷങ്ങളാണ്. സ്വാർത്ഥത ഒരാളുടെ ശരീരഘടകമാക്കിത്തീർക്കാൻ പഠിപ്പോ അറിവോ ക്ലേശമോ ആവശ്യമില്ല. മറിച്ച് നിസ്വാർത്ഥത ശരീരഘടകമായ, സ്വാഭാവവിശേഷമാക്കാൻ അതിന്റെ പൂർണതയിൽ എത്തിക്കാൻ തുടർച്ചയായ പരിശീലനവും ശ്രമവം അത്യാവശ്യമാകുന്നു.



www.malankaralibrary.com

ഇന്നത്തെ തലമുറ വിദ്യാഭ്യാസത്തിനും പരിഷ്കൃത പരിഷ്ക്കാരങ്ങളിൽ പുരോഗമനോത്സുകമാണ്. എന്നാൽ സ്വാർത്ഥതയിൽ മുൻതലമുറയേക്കാൾ വളരെ മടങ്ങ് അധികരിച്ചിരിക്കുകയാണ്. ഇന്നത്തെ ജനതതി ബഹുഭൂരിഭാഗവും, സ്വാർത്ഥരാണ്. സ്വാർത്ഥം മൂർത്തികളാണ്. ധാർമ്മികമൂല്യങ്ങളും ധാർമ്മിക പ്രവർത്തനങ്ങളും വാക്കുധോരണിയിൽ, പ്രസംഗത്തിൽ ഉടനീളം ഉച്ചൈസ്തരം എവിടെയും മുഴക്കി, ഉൽഘോഷിച്ചുകൊണ്ട് നിറഞ്ഞ കടും സ്വാർത്ഥതയിൽ വർത്തിക്കുന്നു. പ്രവർത്തിയിൽ ഇല്ലാത്ത പ്രസംഗം ചത്തതാണു എന്നുള്ള മഹാവാക്യം സ്മരണീയം തന്നെ.

ജീവിത തുറയിൽ നിസ്വാർത്ഥർ വളരെ വളരെ വിരളമാണെന്നുള്ള ഒരു സത്യം മാത്രമാണ്. ദീനാനുകമ്പ പ്രവർത്തനങ്ങളിലും, ആതുരസേവനങ്ങളിലും, വർത്തിക്കുന്ന വ്യക്തികളും സമൂഹങ്ങളും തന്നെ സ്വന്തബന്ധക്കാരുടെ, വ്യക്തിഗതമായ താന്തങ്ങളുടേയും ഉയർച്ചക്കും സുഖഭോഗാദികൾക്കും മുൻതൂക്കം നൽകിയാണ് വർത്തിക്കുന്നത് പേരും പെരുമയും പ്രശസ്തിയുമാകുന്നു സ്വാർത്ഥതാ, ധനസമ്പാദനത്തിനുള്ള സ്വാർത്ഥത.

അധികാരമോഹത്തിനായുള്ള സ്വാർഥതാ തൻ ശരീരസുഖാദികൾക്ക് മാത്രമായുള്ള സ്വാർഥതാ ഇങ്ങനെ ഇങ്ങനെ എല്ലാം എല്ലാം എവിടെയും എവിടെയും സ്വാർഥത, കടും സ്വാർഥത, കൊടുസ്വാർഥത, വിളങ്ങി പ്രകാശിക്കുന്നു. ലോകജനതയിൽ തൊണ്ണൂറഞ്ച് ശതമാനവും ഇന്ന് സ്വാർഥമൂർത്തികളാണ്. ഇന്ന് എങ്ങും സ്വാർഥത താളമേളത്തോടെ നൃത്തം ചെയ്തു പ്രസരിച്ച് പ്രശോഭിക്കുകയാണ്.

സ്വന്തം ശരീരസുഖം മാത്രം കണക്കിലെടുത്ത് വർത്തിക്കുന്ന ഒരു വിഭാഗം, തങ്ങളുടെ സുഖത്തിന് എതിരായിവരുന്ന ഏതിനെയും അവർ തല്ലിത്തകർക്കുന്നു. തൻെറ സുഖത്തിനായി മാത്രം ആഗ്രഹിക്കു



www.malankaralibrary.com

ന്നതെല്ലാം ലഭ്യമാക്കുന്നതിനായി കൊല്ലും കൊലയും പോലും നടത്തുന്നതിന് അവർ മടിക്കത്തില്ല

മാതാപിതാക്കൾ എന്നോ മക്കൾ എന്നോ സ്വന്തക്കാരും ബന്ധക്കാരും സ്നേഹിതന്മാരുമെന്നോ കുബേര കുചേല പണ്ഡിത പാമര പ്രശസ്ത അപ്രശസ്തർ എന്നോ ഉപകാര അപകാരികളെന്നോ യാതൊരു വ്യത്യാസവും തങ്ങളുടെ സ്വാർത്ഥത സാദ്ധ്യതക്ക് വിലങ്ങുതടിയാകുന്നില്ല. തൻെറ സുഖം മാത്രം, തനിക്ക് താൻ തന്നെ എന്ന നിലപാടിലുള്ള പ്രവർത്തനം മാത്രമാണ് ഇവരുടേത്. ഇവരെരുമ്പ് മനുഷ്യർ എന്നു പറയാം.

മററൊരു വിഭാഗം വൃക്ഷമനുഷ്യരായി വർത്തിക്കന്നു. അവരുടെ സ്വാർത്ഥത താൻ, തൻെറ ഭാര്യാ, മക്കൾ, എന്നിവരിൽ മാത്രം ഒതുങ്ങി നിൽക്കുന്നു. സമ്പത്തിൻെറ കൂമ്പാരത്തിലും ഇല്ലായ്മയിലും ഒരു ചെറുവിരൽ ചലനസഹായം പോലും മററുള്ളവർക്ക് ചെയ്യുന്നില്ല. ഇന്നത്തെ ജനസമൂഹത്തിൽ ബഹുഭൂരിഭാഗവും ഈ വിധക്കാരാണ്.

ചില അനുഭവങ്ങൾ വിവരിക്കാം. മദ്ധ്യസ്ഥിത നിലയിൽ ക്ഷീണിച്ച ഒരു കുടുംബം നാലഞ്ച് സഹോദരങ്ങളും മാതാപിതാക്കളും. കുറഞ്ഞ നിലയിൽ വിശപ്പ് അടക്കുവാനുള്ള ആഹാരത്തിനു തന്നെ വരവില്ല. ജ്യേഷ്ഠ സഹോദരൻ മാതാപാതാക്കളോട് ഒത്തും ഒററക്കും വളരെ കഷ്ടപ്പെട്ട് ശ്രമിച്ച് കുടുംബത്തെ ഒരു വിധം നല്ല നിലയിൽ ഉയർത്തി സോദരരെ വിദ്യാസമ്പന്നരാക്കി, സാമാന്യം നിലയിൽ വസ്തുവകകൾ ആർജിച്ചു, മാതാപാതാക്കളുടെ സുഖാശ്വാസങ്ങൾക്കായി കേണു പരിശ്രമിച്ചു. തനിക്ക് തന്നെ തൻെറതാക്കാമായിരുന്നത്. എല്ലാം എല്ലാപേർക്കുമായി നൽകി. കാലങ്ങൾ പിന്നിട്ടപ്പോൾ ആ നല്ല ജ്യേഷ്ഠൻ നിത്യതക്കുപോലും ഗതിയില്ലാത്തവനായി. സോദരങ്ങൾ എല്ലാം മദ്ധ്യസ്തസമ്പന്നരായി തീർന്നപ്പോൾ ആ ജ്യേഷ്ഠനെ സ്വാർത്ഥനെന്നും



www.malankaralibrary.com

കുടുംബ ദ്രോഹി എന്നും മുദ്രകുത്തി തങ്ങൾ നി സ്വാർത്ഥരെന്നു പെരുമ്പറമുഴക്കി. വിവാഹ പ്രായം കഴിഞ്ഞു നിൽക്കുന്ന ജ്യേഷ്ഠന്റെ പെൺമക്കളുടെ വിവാഹത്തിന് വഴിയില്ലാതെ ആ സഹോദര സ്നേഹി പരക്കം പായുമ്പോൾ താൻ എല്ലാം എല്ലാമായി വളർത്തി ഉയർത്തി സമ്പന്നരാക്കിയ തന്റെ കൂടെ പിറന്ന സോദരങ്ങളിൽ ഒരാൾ, വിവാഹ പ്രായങ്ങളിൽ എത്തിയിട്ടില്ലാത്ത തന്റെ മകളെ ദശലക്ഷങ്ങൾ നൽകി, വിവാഹിതയാക്കുകയും ജ്യേഷ്ഠനെ സ്വാർത്ഥനെന്നു പ്രസ്ഥാപിച്ചു നിസ്വാർത്ഥനാകുകയും ചെയ്യുന്നു. ഇതു പോലെ എത്ര എത്ര വൃക്ഷ മനുഷ്യരാണ് ഈ തലമുറയിലുള്ളത്. തനിക്ക് വേണ്ടി കഷ്ടപ്പെട്ട് ആവുന്നത്ര എല്ലാം എല്ലാം ചെയ്ത സ്വന്തം കൂടെ പിറന്ന സോദരങ്ങൾക്കുപോലും, ചെറുവിരൽ ചലന സഹായം ചെയ്യാതെ, താൻ, തന്റെ ഭാര്യ, മക്കൾ എന്നിവരോട് കൂടി അമിതസുഖ അനുഭവക്കാരായി വൃക്ഷമനുഷ്യർ വർത്തിക്കുന്നു.

താൻ ദശലക്ഷങ്ങൾ വരെ ചിലവു ചെയ്ത് രമ്യഹർമ്മ്യങ്ങൾ പണിയിക്കുകയു, ധനം, വസ്തുവകൾ, സുഖോളപകരണങ്ങൾ, സുഖഭോജ്യങ്ങൾ ആർജിക്കുകയും ചെയ്തു സുഖിക്കുമ്പോൾ തന്റെ ചുററുപാടിലുംകിടപ്പാടമില്ലാതെ ചേററകുടിലുകളിലും ചെറുമൺപുരകളിലും കഷ്ടപ്പെട്ട് തൊഴിൽ ഇല്ലാതെ, ഉടുതുണിയില്ലാതെ ആഹാരമില്ലാതെ വിശപ്പിനാലുംരോഗത്താലും വലയുന്നു. തന്റെ അസ്ഥിയിൽ നിന്നുള്ള അസ്ഥിയും മാംസത്തിൽ നിന്നുള്ള മാംസവും ആയ തന്റെ സഹോദരങ്ങളെ ഒരു നോക്ക് കാണുന്നതിന് പോലും അവരെപ്പററി ചിന്തിക്കുന്നതിന് പോലും മനസില്ലാത്ത മനസ്ആകത്ത വൃക്ഷ മനുഷാ നിനക്ക് ഹ; കഷ്ടം

ഇന്ന് നാം സഞ്ചാര വേളയിൽ കാണുന്ന ശോച്യമായ സ്ഥിതി വിശേഷം ഹൃദയമുള്ളവരെ വേദനിപ്പിക്കുന്നതാണ്. ഒററ നില മുതൽ നാലും അഞ്ചും



www.malankaralibrary.com

നിലകളുള്ള മണിമാളികകളുടെ റോഡ് പുറം പോക്ക് വക്കുകളിൽ പത്ത് അടി പോലും സമചതുരമില്ലാത്ത ചെറു കുടിലുകളിൽ, പത്തും പന്ത്രണ്ടും അംഗങ്ങൾ ഒരുമിച്ചു കഴിയുന്ന കാഴ്ചയാണ് നാം കാണുന്നത്. ഇവരെപ്പററി അതിന് അടുത്ത് താമസിക്കുന്ന കൊട്ടാരവാസികൾക്കോ അവശരും ആലംബഹീനർക്കുവേണ്ടി കല്ലുകെട്ടി ഇറങ്ങി ഇരിക്കുന്ന സന്യാസ പുരോഹിതവാസികൾക്കോ സ്വാമിയാരന്മാർക്കോ, കന്യകാലയവാസികൾക്കോ യാതൊരു ചിന്തയുമില്ല, ഇവരെ എല്ലാ സാധുക്കളുടെ പേരിൽ ഉദാരമതികളിൽ നിന്നും സംഭാവനകൾ വാങ്ങി തങ്ങൾക്കും തങ്ങളുടെ സ്വന്തക്കാർക്കുമായി വിനിയോഗിച്ച് സംതൃപ്തരാകുന്നു. സാധു സംരക്ഷ ലേബിൾ ഒട്ടിച്ച് അവശ്യമായ വേഷം കെട്ടി, മററുള്ളവരിൽ നിന്നും തട്ടിപ്പും വെട്ടിപ്പുമായി സംഭാവനകൾ കൈവശമാക്കി തങ്ങളുടേയും സ്വന്തക്കാരുടെയും സുഖം മാത്രം കണക്കിലെടുത്ത് വർത്തിക്കുന്നു. സന്യാസ, വൃക്ഷ, മനുഷ്യരും ഇന്നത്തെ തലമുറയിൽ നിസ്വാർത്ഥമായി വിരാജിക്കുകയാണ്. വൃക്ഷ മനുഷ്യസഹോദരാനിന്റെ അമിതസുഖാനുഭവത്തിൽ അഥവാ പരിമിത സുഖാനുഭവത്തിൽ ഒരു അല്പാംശമെങ്കിലും നിന്റെ കൂടെ പിറന്നവർക്കും നിന്റെ ചുററുപാടിൽ കാണുന്ന എല്ലാവിധ ആലംബഹീനർക്കും നൽകിവർത്തിച്ചാലും.



www.malankaralibrary.com

## അദ്ധ്യായം 16

# ജീവിതം പ്രവർത്തനത്തിലൂടെ 2

ഇനിയും കുറഞ്ഞൊരു വിഭാഗം **മനുഷ്യ മനുഷ്യരായി** വർത്തിച്ച് ജീവിക്കുന്നു. മുൻതലമുറകളിൽ ഈ കൂട്ടർ എവിടെയും ഒരു നല്ല പങ്ക് ഉണ്ടായിരുന്നു. വിദ്യാഭ്യാസത്തിന്റെയും ശാസ്ത്രത്തിന്റെയും പുരോഗതിയുടെ ഈ യുഗത്തിൽ ഈ വിഭാഗക്കാർ വളരെ കുറഞ്ഞിരിക്കുകയാണ്. ഇല്ലായ്മയിലും സമൃദ്ധിയിലും സുഖദു:ഖങ്ങളിലും ക്ലേശാരിഷ്ടതകളിലും സന്തോഷാനുഭവങ്ങളിലുമെല്ലാം തന്നോടൊപ്പം മറ്റുള്ളവരെ കാണുകയും തന്റെ ചെറുവിരൽ മാത്രമല്ല പെരുവിരൽ ചലനം വരെ അവർക്കായി നൽകുകയും ചെയ്യുന്നവരാണ് **മനുഷ്യ മനുഷ്യർ**. തനിക്ക് ഒന്നും ചെയ്യാൻ കഴിഞ്ഞില്ലെങ്കിലും മറ്റുള്ളവരുടെ ദു:ഖാനുഭവങ്ങൾ തനിക്ക് ഉണ്ടായത് പോലെതന്നെ ഹൃദയത്തിൽ അനുഭവമാക്കി മാനസികമായി അവരോടു ഒത്ത് വർത്തിക്കുന്നു. തന്റെ വ്യാപാരമണ്ഡലത്തിന് അകത്തുള്ളവരെ നേരിൽ കണ്ട് ആശ്വസിപ്പിക്കയും ചെയ്യാവുന്നത് എല്ലാം ചെയ്തു കൊടുക്കുകയും ചെയ്യുന്നു. തനിക്ക് ഉള്ളത് തന്റെ കൈവശം വന്നു ചേരുന്നതുമായ എല്ലാററിലും ഒരു വിഹിതം അവശരും ആർത്തരുമായവർക്ക് കൂടി സന്തോഷസമേതം പ്രധാനം ചെയ്യുന്നു. ഭിക്ഷക്കാരൻ തനിക്ക് ലഭിച്ചതിൽ ഒരു അംശം ഭിക്ഷലഭിക്കാത്തവന് നൽകുന്നു. അർദ്ധപട്ടിണിക്കാരൻ മുഴുപട്ടിണിക്കാരനുംകൂടി തന്റെതിൽനിന്നും വീതിക്കുന്നു.



www.malankaralibrary.com

ഈ വിധം എല്ലാ നിലക്കാരും അന്യോന്യം തന്നിൽ കുറഞ്ഞവരെ തനിക്കുള്ളതിൽ നിന്നും അംശിച്ച് സഹായിക്കുന്നു. ഇങ്ങനെ തങ്ങളുടെ എല്ലാവിധ കഴിവുകളും വിഹിതം സ്വാർത്ഥത വെടിഞ്ഞു നിസ്വാർത്ഥമായി സ്വന്ത ബന്ധു ബന്ധമോ ജാതിമതവർഗ്ഗ ചിന്തയോ കൂടാതെ നൽകി ജീവിക്കുന്ന നല്ല മനുഷ്യരാണ് **മനുഷ്യ മനുഷർ**

ദേവമനുഷ്യർ എന്ന പറയുന്നത് തന്റെ ജന്മം മുഴുവനും തനിക്ക് ഉള്ളത് എല്ലാം മറ്റുള്ളവർക്കായി നൽകി മരണ പര്യന്തം സ്വാർത്ഥ പരിത്യാഗത്തോടും കായിക ക്ലേശ സേവനത്തോടും വർത്തിച്ചു ജീവിക്കുന്നവരാണ്. സ്ഥലകാല വിദൂരതയും മാതൃ-പിതൃ, സോദരി, സോദരബന്ധങ്ങളും കൈവെടിഞ്ഞു. അവശരുടെയും ആർത്തരുടെയും ആലംബഹീനരുടെയു, രോഗാതുരരുടെയും, ആശ്വാസ സേവനങ്ങൾക്കായി, കരയും കടലും താണ്ടി അങ്ങ് അകലെ, അകലെയും വിദൂരതയിലും സമീപ സ്ഥാനങ്ങളിലും സ്വ, സുഖ താല്പര്യങ്ങളെ നിശ്ശേഷം പരിത്യജിച്ച് തനിക്കുള്ളത് എല്ലാം, വസ്തുവകകൾ കഴിവുകൾ സ്വാധീനശക്തികൾ എല്ലാം വിനിയോഗിച്ചും സംഭാവനകൾ തെണ്ടിവാങ്ങിച്ചും ഭിക്ഷാടനം വരെ നടത്തിയും, തന്റെ വ്യാപാര മണ്ഡലത്തിന് അകത്തും പുറത്തും, കായക്ലേശാർത്ഥസേവനം യഥാശക്തി ആത്മാർത്ഥമായി നടത്തുന്നു ധിവ്യാജോതിസ്സുകളാണ് ദേവമനുഷ്യർ.

ഈ നാലുവിഭാഗക്കാരായ മനുഷ്യരിൽ, ഓരോ വിഭാഗത്തിനും, ചെറിയ വിഭാഗം വ്യത്യസ്ത നിലയിൽ വർത്തിച്ചുജീവിപ്പിക്കുന്നവരുമുണ്ട്. ഇരുമ്പു മനുഷ്യരിലും വൃക്ഷമനുഷ്യരിലും തന്നെ താങ്കളുടെ സുഖഭോഗാതികൾക്കായി, കഷ്ടപ്പെടുന്ന ചിലരെ അൽപമായി സഹായിക്കുന്നു. ഇരുമ്പ് മനുഷ്യനെ സംബന്ധിക്കുന്നിടത്തോളം തനിക്ക് താൻ തന്നെ എന്ന പ്രമാണത്തിന് അപ്പുറമില്ല. എന്നാൽ വൃക്ഷ



www.malankaralibrary.com

മനുഷ്യരിൽ ചിലർ ഭാര്യാപുത്രകളത്രാദികൾ എന്ന പ്രമാണത്തിനു പുറമെ തങ്ങൾക്കുവേണ്ടി തങ്ങളുടെ സുഖത്തിനായി പ്രവർത്തിക്കുന്ന തങ്ങളുടെ സുഖത്തിനായി പ്രവർത്തിക്കാനും തങ്ങളുടെ സ്വന്തക്കാർക്കുകൂടി അൽപ സ്വൽപം സഹായം നൽകി വരുന്നു. ഇത് രണ്ടുകൂട്ടരും, ഭിക്ഷക്കാരും, അവശരും, രോഗഗ്രസ്തരും ദൈവത്താൽ വെറുക്കപ്പെട്ടവരും ശപിക്കപ്പെട്ടവരുമാണ് എന്നും അവർക്ക് ചെറുനാണയം ഭിക്ഷക്കുകൊടുക്കുന്നതുവരെ തെററാണ് എന്നും അങ്ങനെ അവർക്ക് ഏതെങ്കിലും സഹായം നൽകുന്നത് ദൈവശിക്ഷക്ക് ഇടയാകുമെന്ന് ഉൽഘോഷിച്ച് സ്വാർത്ഥ മൂർത്തികളായി വർത്തിച്ചു വരുന്നു.

മാന്യത ചമഞ്ഞു നടക്കുന്നു ഈ മഹാന്മാരെ ചന്തത്തെരുവുകളിലും, ബസ്സ്റേറാപ്പുകളിലും, അനുദിനം കാണാൻ കഴിയും. തനിക്ക് ഏതുവിധത്തിലെങ്കിലും ഉപകാരമോ ബന്ധമോ ഉള്ള ഒരാളെ കണ്ടാലുടനെ അയാൾക്ക് വേണ്ടന്നു പറഞ്ഞാലും നിർബന്ധിച്ച് കാപ്പി സൽക്കാരത്തിന് ക്ഷണിക്കുന്നു. ഇവർ അതേസമയം തൻെറ അടുത്ത് കീറിപ്പറിഞ്ഞുനാറിയ തുണി അരയിൽ ചുററി വടിയും ഊന്നി ഊന്നി പിച്ചച്ചട്ടിയുമേന്തി തൻെറ അടുത്ത് വരുന്ന ഭിക്ഷക്കാരനെ സത്യത്തിൽ തൻെറ സോദരനെ ദൈവശാപക്കാരൻ എന്ന് മുദ്രയടിച്ച് അഞ്ചുപൈസയുടെ നാണയത്തുട്ട് പോലും നൽകാൻ സന്മനസില്ലാതെ സ്ഥലം വിട്ട് ഓടുന്നു.

ഒരിക്കൽ ഒരാൾ തൻെറ ബന്ധുവിനോട് ആവശ്യത്തിലധികം തനിക്ക് ഉണ്ടാകുന്നപക്ഷം അത് എല്ലാം കടലാസു രൂപാ നോട്ടുകളാക്കി അഗ്നിയിൽ എരിച്ച് ചാമ്പലാക്കി മണ്ണിൽ വിതറുമെന്നും എന്നാലും തൻെറ ഒരാളിനും ഒരു പൈസയുടെ സഹായം പോലും നൽകുകയില്ലെന്ന് തൻെറ ഒരു സ്വന്തക്കാരനോട് പറയുകയുണ്ടായി. കാരണം ബുദ്ധിമുട്ടും പ്രയാസവു. അവശതയും രോഗവും ദാരിദ്ര്യവും



www.malankaralibrary.com

ദൈവം ഓരോരുത്തർക്ക് നൽകുന്ന ശിക്ഷയാണ് എന്നും അത് അവർ അനുഭവിക്കേണ്ടതാണ് എന്നും അതിന് എതിരായി വർത്തിക്കുന്നവരെ ദൈവം ശിക്ഷിക്കുമെന്നും പറഞ്ഞു സംതൃപ്തനായി. ഈ വിധക്കാരെ ഇരുമ്പ് മനുഷ്യർ എന്നോ വൃക്ഷ മനുഷ്യരെന്നോ വായനക്കാർ വിധിച്ചുകൊള്ളേണ്ടതാണ്.

മനുഷ്യ മനുഷ്യരിൽ അധികം പേരും തങ്ങളുടെ ഉയർന്ന സുഖജീവിത നിലയെ അൽപം താഴ്ത്തി മററുള്ളവരെ സഹായിക്കുന്നു. ലക്ഷക്കണക്കിന് വാർത്ത വീട് വക്കുന്നു ഒരു മനുഷ്യ മനുഷ്യൻ അതിന്റെ പത്തില് ഒരു അംശമെങ്കിലും വീടില്ലാത്തവർക്ക് കുറഞ്ഞ നിലയിൽ വീട് ഉണ്ടാക്കാൻ മാററിവെക്കുന്നു ഉന്നതനിലയിൽ തന്റെ മക്കളെ വിവാഹം ചെയ്യിക്കാൻ കഴിയുന്ന മനുഷ്യ മനുഷ്യൻ അതിലൊരു വീതം കുറച്ച് നിവർത്തിയില്ലാത്തവരുടെ വിവാഹത്തിനു നൽകണം ബാക്കി കൊണ്ട് തങ്ങളുടെ മക്കളെ വിവാഹം നടത്തണം ഇങ്ങനെ മനുഷ്യ മനുഷ്യരിൽ ചിലരെ എല്ലാം ദേവ മനുഷ്യരെപ്പോലെ ത്യാഗം ചെയ്തു വർത്തിച്ചു വരുന്നു. ദേവമനുഷ്യരിൽ തന്നെ ത്യാഗികൾ എന്നും പൂർണ്ണ ത്യാഗികൾ എന്നും രണ്ട് വിഭാഗക്കാർ ഉണ്ട്. ത്യാഗികൾ തങ്ങളുടെത് എല്ലാം മററുള്ളവർക്ക് നൽകി വർത്തിക്കുന്ന പൂർണ്ണത്യാഗികൾ ആകട്ടെ തങ്ങളുടെത് മാത്രമല്ല. ഭിക്ഷാടനം വരെ നടത്തി മററുള്ളവർക്ക് വേണ്ടി കഷ്ടപ്പെടുന്നു.

ഇങ്ങനെ ഈ നാലു വിഭാഗക്കാരായ മനുഷ്യരിൽ ചെറിയ ചെറിയ അവാന്തരാ വിഭാഗങ്ങളുമുണ്ട്. തനിക്ക് താൻ തന്നെ എന്ന് ഇരുമ്പ്മനുഷ്യർ തന്റെ അസുഖത്തിനായി വർത്തിക്കുന്ന ചിലരെ അല്പാല്പം ആയി സഹായിക്കാറുണ്ട്. അതുപോലെ തന്നെ വൃക്ഷ മനുഷ്യരും താൻ ഭാര്യ,മക്കൾ എന്നതിനു പുറമെ തങ്ങളുടെ ഇഷ്ടത്തിനുവർത്തിക്കുന്ന സ്വന്തക്കാരിൽ ചിലരെ അല്പാല്പം സഹായിച്ച് വരുന്നു. ഈ രണ്ട് കൂട്ടർക്കും മററുള്ള എല്ലാ മനുഷ്യരോട്



www.malankaralibrary.com

തന്നെ വലിയ അസൂയയും വെറുപ്പും വിരോധവുമാണ്. മററുള്ളവരുടെ ഉയർച്ചയിൽ,നന്മയിൽ അവർ വിദ്വേഷം പ്രകടിപ്പിച്ച് അവരോട് അസൂയാലുക്കളായി വർത്തിക്കുന്നു.

മററുള്ളവരുടെ സ്തുതിയും പ്രശംസയും പൊങ്ങച്ചവും അവർ ആഗ്രഹിക്കുന്നില്ല. മരക്കീഴിലും കടത്തിണ്ണയിലും ചെളിക്കുണ്ടിലും കൊടും പട്ടിണിയിലും അർദ്ധപട്ടിണിയിലും രോഗത്തിലും കഴിയുന്ന തങ്ങളുടെ സോദരങ്ങളുടെ അടുത്ത് അവർ എത്തുന്നു. പരിചരിക്കാനും, ആശ്വസിപ്പിക്കാനും സേവനനിരതരായി വർത്തിക്കുന്നു, ഈ ഗണത്തിലുള്ള ദേവ മനുഷ്യർ ഇന്ന് വളരെ വളരെ കുറവാണ് ഇന്നത്തെ തലമുറയിൽ

ഇരുപത് ശതമാനം ഇരുമ്പ് മനുഷ്യരും അമ്പത് ശതമാനം വൃക്ഷമനുഷ്യരും, ഇരുപത്തെട്ട് ശതമാനം മനുഷ്യ മനുഷ്യരും രണ്ട് ശതമാനം ദേവമനുഷ്യരും ആണ് എന്ന് പറയാം.

ദേവമനുഷ്യരായി ചമഞ്ഞ്, മററുള്ളവരുടെ നന്മമാത്രമാണ്തങ്ങളുടെ ജീവിതാദർശവും ലക്ഷ്യവും എന്ന് പ്രകടനപത്രികയും പ്രസ്താവനയും ഇറക്കി അതിലേക്ക് ഉദാരമതികളിൽനിന്നും സംഭാവനകൾ സ്വീകരിച്ചുവർത്തിക്കുന്ന സോഷ്യൽ സങ്കടനകളുംസന്യാസ സമൂഹങ്ങളും നിരവധിയാണ്. എന്നാൽ അവരെ എല്ലാം തന്നെ തങ്ങളുടെയും സ്വന്തക്കാരുടെയും സുഖഭോഗാതികൾക്കായി അത് വിനിയോഗിക്കുകയാണ് എന്നുള്ള സത്യം മറച്ചുവയ്ക്കാവുന്നത് അല്ല. സന്യസികളെ, സന്യസിനികളെ, യതികളേ, യതിപുംഗവരെ പുരോഹിതരേ, പുരോഗിത ശ്രേഷ്ഠരേ നിങ്ങൾ അവകാശപ്പെടുന്ന ഭാവിക്കുന്ന, മാറുള്ളവരെ മനസിലാക്കത്തവിധം, ദേവമനുഷ്യരായിവർത്തിച്ചില്ലെങ്കിലും ഇരുമ്പ് മനുഷ്യരും വൃക്ഷമനുഷ്യരും ആകാതെ, മനുഷ്യ മനുഷ്യരായിട്ട് എങ്കിലുംവർത്തിച്ചാലും. ആത്മാർത്ഥയായി സത്യസന്ധമായി നിങ്ങൾ,ആർജിച്ചു



www.malankaralibrary.com

ണ്ടാക്കുന്നു സംഭാവനകൾ അന്യരിൽനിന്നും ലഭിക്കുന്ന ധനങ്ങൾ എല്ലാം, ഇരുമ്പ്മനുഷ്യരെപ്പോലെ നിങ്ങളുടെ മാത്രം സുഖത്തിനായും വൃക്ഷ മനുഷ്യരെപ്പോലെ ഉററവർക്കായിയും മാത്രംവീതിക്കാതെ ചെലവാക്കാതെ യഥാർത്ഥമായി, അർഹിക്കുന്ന എല്ലാവിധ അവശർക്കുമായി നൽകിയാലും. നിങ്ങളുടെ ധനസമ്പാദനമാർഗത്തിൻെറ കള്ളത്തരവും പൊള്ളത്തരവും തട്ടിപ്പും വെട്ടിപ്പും വ്യജമാർഗവും വിനിയോഗവിധവും, കൈവശം വരുന്ന ഓരോ നാണയത്തുട്ടിൻെറയും കണക്കും ഒരു ദിവസം എല്ലാ കണ്ട് അറിയുന്ന ദൈവസന്നിധിയിൽ ബോധിപ്പിക്കേണ്ടിവരും എന്ന് ഓർത്താലും. നിങ്ങൾക്ക് നിങ്ങളുടെ സ്വന്തക്കാർക്കു സുഖിക്കുന്നതിലേക്കായി സന്യസചട്ടയെ ആപാദചൂഡമുള്ള സന്യസവേഷത്തെ ദുരുപയോഗപ്പെടുത്താതിരുന്നാലും.

സാധുക്കളുടെയും അവശരുടെയും പേരിൽ ദീനാനുകമ്പപ്രകടിപ്പിച്ച് ഉദാരമതികളിൽനിന്നും മററ് കിട്ടാവുന്നസ്ഥാനങ്ങളിൽനിന്നും കൈവശമാക്കുന്നതിനുള്ള ഏത് മാർഗവും സ്വീകരിച്ച് കിട്ടാവുന്നത്ര വാങ്ങി തനിക്കും തൻെറ സ്വന്തക്കാർക്കുമായി വിനിയോഗിച്ച് സുഖിക്കുന്ന കഷ്ടതരമായ കള്ളസന്യസത്തെ ഉപേക്ഷിച്ചാലും.

ജീവിതത്തിൻെറ ഓരോ മണ്ഡലങ്ങളിലും വ്യാപരിച്ചുവർത്തിക്കുന്ന എല്ലാവരുമേ, ഉദ്യോഗസ്ഥരേ, അനുദ്യോഗസ്ഥരേ, കച്ചവടക്കാരേ, കൃഷിക്കാരേ, മുതലാളികളേ. തൊഴിലാളികളേ, ഭരണാധികാരികളേ, ഭരണിയരേ, രാഷ്ട്രനേതാക്കളേ, മതനേതാക്കളെ പുരോഹിതവൃന്ദമേ, കുടുംബസ്ഥരേ, സന്യസികളേ, മാതാപിതാക്കളോ മക്കളേ, സോദര സോദരികളേ, വിവിധവിഭാഗങ്ങളിലും, വിവിധതലങ്ങളിലും വിവിധ സരണികളിലും വിവിധ മണ്ഡലങ്ങളിലും, വിവിധ ചേരികളിലും, വിവിധ ഇസങ്ങളിലും, വിവിധ മാർഗങ്ങളിലുമായി



www.malankaralibrary.com

വ്യാപരിച്ചു വർത്തിക്കുന്ന എല്ലാം പേരുമേ, ഓരോരുത്തരുമേ, സ്വാർത്ഥതയും അഹങ്കാരവും സ്നേഹമില്ലായ്മയും വിദ്വേഷവും പ്രതികാരവും വൈരാഗ്യവും വിട്ട് ഉപേക്ഷിച്ച് നിസ്വാർത്ഥമായി പരസ്നേഹമായി, സത്യസന്ധമായി, ദീനാനുകമ്പയോടെ, ശാന്തതയോടെ, സഹോദരസ്നേഹത്തോടെ, ഈശ്വര ചിന്തയോടെ, വ്യാപരിച്ചുവർത്തിച്ചാലും.

ഇന്നത്തെ തലമുറപോലെയുള്ള ജനതതി മനുഷ്യ ആരംഭം മുതൽ ഇന്നോളും ഉണ്ടായിട്ടില്ല. ഗവേഷണ, നിരീക്ഷണ, പരീക്ഷണ വിജയങ്ങളും ശാസ്ത്ര പുരോഗതിയും വിദ്യാഭ്യാസ അഭിവൃത്തിയും പരിഷ്ക്കാര പുരോഗതിയും എല്ലാമെല്ലാം പരസ്നേഹത്തിലും നിസ്വാർത്ഥതയിലും സന്മാർഗ്ഗ ആചാരാനുഷ്ഠാനങ്ങളിലും പ്രതികാര വൈരാഗ്യ ഇല്ലായ്മയിലും, ഈശ്വരചിന്തയിലുമുള്ള ഒരു ജനസഞ്ചയത്തെ വാർത്ത് എടുക്കുന്നതിന് പകരം അതിന് എതിരായ ഫലത്തിൽ എത്തിച്ചിരിക്കുകയാണ്. എവിടെയും എങ്ങും സ്വാർത്ഥത, എല്ലാം സ്വാർത്ഥത, ഭരണമണ്ഡലങ്ങളിൽ അനുദിന ജീവിധാനുഷ്ടാനങ്ങളിൽ ജാതിമത വിശ്വാസ അനുഷ്ടാനങ്ങളിൽ, വസ്തുവകകൾ വർദ്ധിപ്പിക്കുന്നതിൽ, രാജ്യവിസ്തൃതിയിൽ എല്ലാററിലും സ്വാർത്ഥത കൊണ്ടും സ്വാർത്ഥത, എവിടെയും സദാ സ്വാർത്ഥദുർഭൂതം താണ്ഡവനിർത്തംചെയ്യുന്നു. ഒററക്കും കൂട്ടായും സ്വാർത്ഥതക്ക്വേണ്ടി പോരാടുന്നു. ഈ പോരാട്ടത്തിൽ അനുദിനം എത്ര എത്ര സോദരങ്ങളാണ് ബലിയാടായി ജീവാർപ്പണം ചെയ്യേണ്ടിവരുന്നത്. അനുദിനം കത്തികുത്തുകൾ, അടിപിടി, മർദ്ദനമുറകൾ, വെടിപടക്കങ്ങൾ, ബോംബ് പൊട്ടലുകൾ തുടങ്ങി ശണ്ഠകളിലൂടെ, യുദ്ധങ്ങളിലൂടെ, വിഷവാതക പ്രയോഗങ്ങളിലൂടെസ്വാർത്ഥസാധ്യതക്കായി സോദരവധം എല്ലായിടത്തും നടത്തുന്നു, നടക്കുന്നു.

മതാചാര്യരുടെ, സന്യാസിസന്യാസിനികളുടെ,



www.malankaralibrary.com

യതികളുടെ, സഞ്ചാരസ്വാമികളുടെ, പുരോഹിതശ്രേഷ്ഠരുടെ പ്രവർത്തിയില്ലാത്ത ഉജ്ജ്വലപ്രസംഗധോരണിയിലും സമാധാന സമ്മേളനങ്ങളും സർവ്വരാജ്യസഖ്യങ്ങളും രാജ്യാന്തരസമാധാനസമ്മേളനങ്ങളും നടത്തുന്നതുകൊണ്ട് ഫലമൊന്നും ഇല്ല. എല്ലാം മുഴുവൻ സ്വാർത്ഥതയിൽ തന്നെ. ഇന്നത്തെ നിലയിലുള്ള സ്വാർത്ഥത മുന്നേറിയാൽ അടുത്ത ഒന്ന് രണ്ട് തലമുറകൾക്ക് അകം മനുഷ്യരാശി മുഴുവനും അന്യോന്യം പടവെട്ടിയും ബോംബ് തുടങ്ങി ആററംവരെയുള്ള വിഷവായുപ്രയോഗത്താലും ഭാഗികമായോ ഒന്നായോ നശിക്കുമെന്നുള്ള നിലയാണ് ഇന്നുള്ളത്. സ്വാർത്ഥതയുടെ ഈ നാശകൂപത്തിൽ നിന്നും മുക്തി പ്രാപിക്കുന്നതിലേക്കു ആയി കഴിയുന്നതത്രെ നിസ്വാർത്ഥതയോടെ സഹോദരസ്നേഹത്തോടെ പരോപകാരതല്പരതയോടെ ഓരോരുത്തരും ശ്രദ്ധിച്ച് വർത്തിച്ചാലും.

## അദ്ധ്യായം 17

# സംതൃപ്തിയും സമാധാനവും

ഈ ലോകത്തിലെ സർവഭാഗ്യങ്ങളിലുംവച്ച് ഏററവും വലിയ മഹാഭാഗ്യമാണ് സംതൃപ്തി. ഇത് വിലകൊടുത്തുവാങ്ങേണ്ടതോ സൗജന്യദാനമായി ലഭിക്കുന്നതോ അല്ല. ആരും ആർക്കും വിതിച്ചുകൊടുക്കേണ്ടതുമല്ല കൈവശമാക്കാൻ പണമോ അദ്ധ്വാനഭാരമോ ആവശ്യമില്ല. ഭൂലോകം മുഴുവൻ കൈവശംവരുന്നതിനെക്കാൾ വിലയേറിയതും വിലയററതും ആയ സമ്പത്താണ് സംതൃപ്തി.



www.malankaralibrary.com

ഈ മഹാഭാഗ്യം കൈവരിക്കേണ്ടത് അവരവർ തന്നെയാണ്. ഓരോരുത്തരും അവരവരുടെ എല്ലാവിധ കഴിവിലും ശക്തിയിലും ധനസമ്പാദനത്തിലും സുഖഭോഗാദികളിലും അപ്പോഴപ്പോഴുള്ളതും ഉണ്ടാകുന്നതും വന്നുചേരുന്നതുമായ അവസ്ഥകളിലും നിലകളിലും സംതൃപ്തരായി തന്നിൽ അസംതൃപ്തി ആഴമായി, ആത്മാർത്ഥമായി ഉറച്ച് ശക്തി പ്രാപിച്ച് സന്തോഷചിത്തനായി വർത്തിക്കുക എന്നത് മാത്രമാണ്. എല്ലാററിലും എല്ലായിപ്പോഴും സംതൃപ്തനായി കഴിയുന്ന ഒരാളിനുള്ള ആനന്ദവും സമാധാനവും അനുഭവിച്ച് അറിയേണ്ടതാണ്.

ഉള്ളതിൽ, ഉള്ളതുകൊണ്ട്, എപ്പോഴും തൃപ്തനായിരിക്കുക. എനിക്ക് ഒന്നും ഇല്ല, സ്വത്ത് ഇല്ല, സ്വത്ത് അൽപം മാത്രമാണുള്ളത്. കിടപ്പാടം ഇല്ല, വരവില്ല, കുറഞ്ഞവരവാണുള്ളത്, ജീവിതാവശ്യത്തിന് മതിയാകുന്നില്ല. കുറഞ്ഞനിലയുള്ള ജീവിതമാണ് എനിക്കുള്ളത്. സ്വന്തക്കാരോട് ഒപ്പം, അയൽവാസികളോട് ഒപ്പം ജീവിതസൗകര്യമില്ല. മണിമാളികവസതിയില്ല, ഇടത്തരം, ചെറുതരം, മൺപുര, ചെററക്കുടിൽ, വസതികളാണുള്ളത്. തെങ്ങിൻതോപ്പുകളും ധാന്യകൃഷിസ്ഥലങ്ങളും റബ്ബർതോട്ടങ്ങളുമില്ല. യാത്രക്ക് സൈക്കിൾ, കാർ എന്നിവയില്ല. ഇത്യാദി നൂറ് നൂറ് ചിന്തകൾ, തന്റെ അടുത്തപറമ്പ് കൂടി തനിക്ക് വാങ്ങി തന്റെതിനോട് ചേർക്കാൻ തനിക്ക് കഴിഞ്ഞിരുന്നുവെങ്കിൽ മക്കളെ ഉന്നതനിലയിൽ വിവാഹിതരാക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ, മക്കൾക്ക് വലിയ നല്ല ഉദ്യോഗം ലഭിച്ചിരുന്നുവെങ്കിൽ പേരും പ്രശസ്തിയും ലഭിച്ചിരുന്നുയെങ്കിൽ, ഇങ്ങനെ ആയിരം ആയിരം ചിന്തകൾ, ആഗ്രഹങ്ങൾ, ഉണ്ടാകുകയും പരിതസ്ഥിതികൾക്ക് അപ്രമായ ആശകൾ സാദ്ധ്യമാകാതെവരുമ്പോൾ നിരാശയും അതൃപ്തിയും ആശയുടെ കോട്ടകൾ എല്ലാം തകർന്ന് അസ്വാസ്ഥ്യചിത്തനാകുകയും ചെയ്യുന്നു.



www.malankaralibrary.com

ഒരോരുത്തനും തങ്ങൾക്ക് സാധ്യമാകാത്തത് പരിതസ്ഥിതിക്കും കഴിവിനും അപ്പുറമുള്ളത് ആഗ്രഹിക്കരുത്, ചിന്തിക്കരുത്. മററൊന്നും അനുദിനം അനുനിമിഷം തനിക്ക് ഉണ്ടാകുന്നതും വന്നുചേരുന്നതുമായ സുഖദു:ഖ അനുഭവങ്ങളിൽ അസംതൃപ്തരാകരുത്.

ദാരിദ്ര്യം, പട്ടിണി, രോഗം, ഉററവരുടെ അസുഖം മരണം, പ്രകൃതി കോപം, തുടങ്ങി അനുദിനം സംഭവിക്കുന്നതും സംഭവിക്കാവുന്നതുമായ സംഭവങ്ങളിൽ വന്നു ചേരുന്ന ഓരോ ദു:ഖാനുഭവങ്ങളിലും സമനില തെററി ആകുലചിത്തരാകരുത്. ജീവിതം സുഖദു:ഖ സമ്മിശ്രമാണ്. അധികം പേർക്ക് ദു:ഖാനുഭവങ്ങൾ കൂടുതലായും സന്തോഷാനുഭവങ്ങൾ കുറവായും ആണ് ലഭിക്കുന്നത്. തനിക്ക് വരുന്ന വന്നുചേരുന്ന ഓരോ അനുഭവങ്ങളും തന്റെ ഭാവി നന്മയ്ക്കായിട്ടുള്ളതാണ് എന്നു ചിന്തിച്ചുറച്ചാൽ സംതൃപ്തിയും സമാധാനവും ലഭ്യമാകും. ദു:ഖാനുഭവങ്ങൾ ഓർത്ത് ദു:ഖിക്കുന്നവർക്ക് ഒരിക്കലും സംതൃപ്തിയും സമാധാനവും കൈവരിക്കാൻ സാദ്ധ്യമല്ല.

സംതൃപ്തിയും സമാധാനവും വേർപിരിക്കാൻ ആവാത്ത അഭേദ്യമായ സ്വഭാവവിശേഷങ്ങളാണ്.

സമാധാനം ലഭ്യമാകുന്നത് ലഭ്യമാകേണ്ടത്, കൈവരിക്കേണ്ടത് സംതൃപ്തിയിൽ നിന്നു മാത്രമാണ്. സംതൃപ്തിക്കും സമാധാനത്തിനും എതിരായി അസൂയ എന്ന ഒരു മഹാവ്യാധി മാറാവ്യാധി, വ്യാപകരിക്കുന്നുണ്ട്. തന്റെ സ്വന്തക്കാരുടെ, അയൽക്കാരുടെ, പരിചിതരുടെ, സുഖത്തിലും ഉയർച്ചയിലും അധഃപ്പതനത്തിലും, തന്റെ മനസ് എന്തെന്നില്ലാതെ ആകുലപ്പെടുകയും ഹൃദയചാഞ്ചല്യത്തോടെ, അങ്കലാപ്പോടെ അസ്വസ്ഥതയോടെ എല്ലാററിലും സദാ ചിന്തിച്ച് വ്യാപരിച്ച് അസംതൃപ്തനാകുന്നു. മററുള്ളവരുടെ അധ:പതനത്തിലും നാശനഷ്



www.malankaralibrary.com

ടങ്ങളിലും കഷ്ടങ്ങളിലും മാത്രമാണ് അസൂയക്കാരന് സന്തോഷവും സംതൃപ്തിയും ഉണ്ടാകുന്നത്. അസൂയക്ക് ഇന്നുവരെ യാതൊരു മരുന്നും കണ്ടുപിടിച്ചിട്ടില്ല. ചികിൽസിച്ച് ഭേദമാക്കാവുന്നത് അല്ല. ഓരോരുത്തരും അസൂയരോഗം പിടിപെടാതെ സൂക്ഷിച്ചും ശ്രദ്ധിച്ചും വ്യാപരിച്ചാൽ സംതൃപ്തി ലഭിക്കും. തന്റെ സഹോദരങ്ങളായ എല്ലാപേരെയും സ്നേഹിക്കുകയും അവരുടെ അഭിവൃദ്ധിയിലും സുഖത്തിലും സന്തോഷിക്കുകയും ചെയ്യണം. എല്ലാപേർക്കും ഐശ്വര്യവും സുഖവും ഉണ്ടാകാനായി ആഗ്രഹിക്കുകയും അതിലേക്ക് തന്നാൽ കഴിവുള്ളത് എല്ലാം ചെയ്തുവർത്തിക്കുകയും വേണം.

സത്യസന്ധത ഇല്ലാത്തവർക്കും വക്രബുദ്ധികൾക്കും ഹൃദയനിർമലത ഇല്ലാത്തവർക്കും ഒരിക്കലും ഐശ്വര്യവും സംതൃപ്തിയും സമാധനവും ഉണ്ടാകയില്ല. കൈക്കൂലി, ചതിവ്, കള്ളത്തരം, അഹങ്കാരം, പ്രശംസാ, സ്വാർത്ഥതാ എന്നിവയെല്ലാം സമാധനത്തിനും സംതൃപ്തതിക്കും എതിരാണ്. തന്റെ വ്യാപാരമണ്ഡലങ്ങളിലും താൻ ഇടപെടുന്ന എല്ലാററിലും ഒരോന്നിലും പരസ്നേഹത്തോടെ, നിർമലതയോടെ, സത്യസന്ധതയോടെ, വർത്തിച്ചാലുണ്ടാകുന്നു. സംതൃപ്തിയും സമാധാനവും ആനന്ദവും അനുഭവിച്ച് അറിയേണ്ടതാണ് ആഴമായ, അഗാധമായ ആത്മാർഥമായ അടിയുറച്ച ഈശ്വരവിശ്വാസത്തിൽ അധിഷ്ഠതമായി എല്ലാം ഈശ്വരനിൽ സമർപ്പിച്ച് തതാനുസൃതമായി വർത്തിച്ച് ജീവിക്കുന്നവർക്ക് സംതൃപ്തതിയും സമാധനവും ഉണ്ടാകുന്നതാണ്.

എല്ലാവിധ തൊഴിലിൽ ഏർപ്പെട്ട് വ്യപരിക്കുന്നവർക്കും തൊഴിൽ സൗകര്യമില്ലാതെ അലയുന്നവർക്കും, ധനവരുമാനത്താൽ ജോലിയൊന്നും ചെയ്യാതെ ഭക്ഷിക്കാനായി മാത്രം ജീവിക്കുന്നവർക്കും, അമിത



www.malankaralibrary.com

സുഖാനുഭവികൾക്കും ജീവിതത്തിൽ ഒരിക്കലും, പൂർണ്ണമായ സംതൃപ്തിയും സമാധാനവും ലഭിക്കുന്നതല്ല. കാർഷികവ്യവസായ തൊഴിലാളികളും തൊഴിൽ ഉടമകളും ഭരണനേതാക്കളും ഭരണിയരും ഈശ്വരാ ആരാധന സ്തുതി സ്തോത്രങ്ങൾക്കും പൂജാകർമ്മാദികൾക്കുമായി കച്ചകെട്ടിയവരും പ്രതിജ്ഞയെടുത്തവരും, സന്യസ സന്യസികളും യതിവര്യരും നിർമ്മലമായും സത്യസന്ധമായി സ്വാർത്ഥരഹിതമായി പരസ്നേഹത്തോടെയും ലോകവ്യാപരങ്ങളിലൊന്നും ഇടപെടാതെ ആത്മ്യക ചിന്തയിലും പ്രാർത്ഥനാ ധ്യാനങ്ങളിലും ആത്മീക വൃത്തിയിലും വർത്തിക്കാത്തപക്ഷം അവർക്കും സംതൃപ്തിയും സമാധാനവും ലഭിക്കുന്നതല്ല.

വ്യാപാരികളെ,കച്ചവടക്കാരെ,സത്യസമാന്ധയും നീതിയായും, ന്യായമായും, അന്യായവിലയും ലാഭവും എടുക്കാതെ അളവിലും തൂക്കത്തിലും വ്യത്യാസം വരുത്താതെ വർത്തിച്ചില്ലെങ്കിൽ നിങ്ങൾക്ക് ഹാ! കഷ്ടം. സംതൃപ്തിയും സമാധാനവും നിങ്ങളെ വിട്ട് ഓടിപ്പോകും. കാർഷികമേഖലകളിലും വ്യവസായശാലകളിലും മററ് എല്ലാ സ്ഥാനങ്ങളിലും പണിയെടുക്കുന്ന, വേലചെയ്യുന്ന തൊഴിലാളികളെ, നിങ്ങളും വേലയിൽ,ജോലിയിൽ ആത്മാർത്ഥതയില്ലാതെ മടിയും ഉപേക്ഷയും കൂടാതെ ജോലിചെയ്യാത്തപക്ഷം നിങ്ങൾക്കും ഹ! കഷ്ടം.സംതൃപ്തിക്കും സമാധാനത്തിനും ഒരിക്കലും നിങ്ങൾ അർഹരാകയില്ല. വ്യവസായ ഉടമകളെ, കമ്പനി മാനേജരന്മാരെ,കുബേരന്മാരെ, ധനാഢ്യരെ, ഭരണനേതാക്കളെ, സ്ക്കൂൾ കാളേജ് ഇതര പ്രൈവററ് സ്ഥാപനത്തിൻെറ മാനേജരന്മാരെ സർക്കാർ സ്ഥാപനത്തിൻെറ നേതാക്കളെ നിങ്ങളും സ്വാർത്ഥതവെടിഞ്ഞ് സത്യസന്ന്ധമായും പരസ്നേഹപരമായും നീതിയായും ന്യായമായും വർത്തിക്കാത്ത പക്ഷം നിങ്ങൾക്ക് ഹ! കഷ്ടം. സമാധാനവും സംതൃപ്തിയും നിങ്ങളെ വിട്ട് ഓടിപ്പോകും.



www.malankaralibrary.com

വൈദികരെ, സന്യാസിനികളെ, പുരോഹിതശ്രേഷ്ഠരേ, യതിപുംഗവരെ, ആലയും സ്വാമിമാരെ, സഞ്ചാരസ്വാമിമാരെ യോഗദണ്ഡും രുദ്രാക്ഷമാലയും ശക്കും കാവടിയും ഏന്തി പാദുകസഞ്ചാരയാത്ര നടത്തുന്ന സ്വാമിമാരെ നിങ്ങളും നിങ്ങളുടെ പ്രതിജ്ഞകൾക്കും പ്രസ്താവനകൾക്കും പ്രസംഗങ്ങൾക്കും അനുസൃതമായി വർത്തിച്ച് ജീവിച്ചാലും. ലൗകികമായി എല്ലാററിനെയും വിട്ട്, ഉപേക്ഷിച്ച് ജീവിക്കാനായി, ജീവനെ നിലനിറുത്താനായി മാത്രം ഇരന്ന് വാങ്ങി ഭക്ഷിച്ച് ദിനരാത്രങ്ങളിലെ അധികസമയവും ഈശ്വരധ്യാനത്തിലും പൂജാകർമ്മാദികളിലുമായി വിനിയോഗിച്ച് ജീവിക്കാത്ത പക്ഷം നിങ്ങൾക്ക് ഹാ! കഷ്ടം. സ്വാർത്ഥതയിലും സ്നേഹമില്ലായ്മയിലും ദുഷ്ടപ്രവർത്തനങ്ങളിലും അക്രപ്രവർണതകളിലും ഈശ്വര അസ്ഥിക്യ അവഹേളനത്തിലും മതോച്ചാടനത്തിലും ഉത്സുകരായി വർത്തിക്കുന്ന ഭൂരിഭാഗം ജതതതിയാൽ നിബന്ധിതമായി കലങ്ങിമറിഞ്ഞിരിക്കുന്ന ഇന്നത്തെ ലോകത്തെ സമാധാനത്തിലും സംതൃപ്തിയിലും പരിവർത്തനം ചെയ്യിക്കുന്നതിന് നിങ്ങളുടെ നെടുങ്കൻ പ്രസംഗങ്ങളും ലൗകികവ്യാപാരങ്ങളും ഉപകരിക്കുന്നില്ലെന്നുള്ള സത്യം നിങ്ങൾ മനസിലാക്കി ലൗകികമായത് എല്ലാവിട്ടു പേക്ഷിക്കാത്ത പക്ഷം നിങ്ങൾക്ക് ഹാ! കഷ്ടം. സംതൃപ്തിക്കും സമാധാനത്തിനും നിങ്ങളും അർഹരല്ല.

കുടുംബസ്ഥരെ ഗ്രഹസ്ഥാശ്രമവാസികളെ, മാതാപിതാക്കളെ, മക്കളെ, ഭാര്യാഭർത്താക്കന്മാരെ, നിങ്ങളെല്ലാപേരും. അന്യോന്യം സ്നേഹമായും ഏറക്കുറവുകളും തെററുകുററങ്ങളും ക്ഷമിച്ചും സഹിച്ചും ശാന്തതയോടെ സൗമ്യതയോടെ അടക്കഒതുക്കത്തോടെ പരസ്നേഹത്തോടെ, പരോപകാര തൽപരതയോടെ ദൈവീക സ്നേഹത്തോടെ, സഹോദര സ്നേഹത്തോടെ, ഈശ്വരവിശ്വാസത്തോടെ, വർത്തിച്ചുജീവിക്കാത്തപക്ഷം നിങ്ങൾക്കും നിങ്ങളുടെ



www.malankaralibrary.com

കുടുംബങ്ങൾക്കും സംതൃപ്തിയും സമാധാനവും ഒരിക്കലും ലഭിക്കയില്ല. മാതാപിതാക്കളെ അന്യോന്യം പഴിക്കരുത്. ദുർമ്മാതൃക വാക്കിലും പ്രവർത്തിയിലും അനുഷ്ഠിക്കരുത്. മക്കളെ സ്നേഹിച്ച് അവരുടെ ഉയർച്ചക്കും സന്മാർഗജീവിതത്തിനും ഉതകത്തക്കവിധം വർത്തിക്കണം. മക്കൾ മാതാപിതാക്കളെയും സോദരി സോദരങ്ങളെയും സ്നേഹിച്ചും അവരുടെ നല്ല മാതൃകകളേയും, ഉപദേശങ്ങളേയും സ്വീകരിച്ചും പഠിക്കണം. ഭാര്യാഭർത്താക്കൻമാർ തമ്മിൽ ഒരിക്കലും അഭിപ്രായഭിന്നതക്ക് ഇടവരരുത്. ഇരുവർക്കും ഭിന്നാഭിപ്രായത്തിൽ, രുചിക്കാത്ത കാര്യങ്ങളിൽ ഭർത്താവ് ചെവികേൾക്കാത്തവനായും പൊട്ടനായും ഭാര്യ കണ്ണുകാണാത്ത കുരുടിയെപ്പോലെയും വർത്തിക്കണം. കുടുംബാംഗങ്ങൾ എല്ലാം മററുള്ള എല്ലാപേരെയും പ്രത്യേകിച്ച് തങ്ങളുടെ അയൽവാസികളെയും തങ്ങളുമായി ഇടപെടുന്നവരെയും ആത്മാർത്ഥമായി സ്നേഹിച്ചും പരോപകാരപരമായി സ്വാർത്ഥത വെടിഞ്ഞും ജീവിക്കണം. മററുള്ളവർ തങ്ങളോട് എങ്ങനെ വർത്തിക്കണം എന്ന് ആഗ്രഹിക്കുന്നുവോ അതേവിധം മററുള്ളവരോടും വർത്തിക്കണം. ഓരോ കുടുംബവും സൻമാതൃകയിലും നിസ്വാർത്ഥതയിലും പരസ്നേഹത്തോടെയും പരോപകാരപരമായും പ്രതികാരവൈരാഗ്യമില്ലാതെ ഈശ്വര വിശ്വാസത്തിലും ചിന്തയിലും വർത്തിച്ചു ജീവിച്ചാൽ തങ്ങൾക്കും ലോകത്തിന് പൊതുവേയും, നന്മയും സംതൃപ്തിയും സമാധാനവും ലഭിക്കും.



www.malankaralibrary.com

## അദ്ധ്യായം 18

# ഇന്നത്തെ തലമുറ

തലമുറ തലമുറകളായിട്ടുള്ള ശ്രമഫലമായി വിദ്യാഭ്യാസ വിജ്ഞാനത്തിലും ശാസ്ത്രജ്ഞാന പുരോഗതിയിലും ഗവേഷണനിരീക്ഷണങ്ങളിലും ഇന്നത്തെ തലമുറ, ഏറ്റവും ഉന്നതനിലയിൽ എത്തിയിരിക്കുകയാണ്. അത്യുൽക്കർഷം പ്രാപിച്ചിരിക്കുകയാണ്. പ്രകൃതിനിരീക്ഷണ പരീക്ഷണങ്ങളിലൂടെ പ്രകൃതിയിൽ അടങ്ങിയിരിക്കുന്ന മേധാശക്തികളിൽ ചിലതിനെ എല്ലാം, പലതിനെയും സ്വാധീനിച്ച് എന്തെന്നില്ലാത്ത അൽഭുതാവഹമായ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഭൂതലത്തിന്റെ ചക്രവാള ഉപരിതലത്തിലും ചന്ദ്രഗോളത്തിലും പറന്ന് എത്തി വിജയക്കൊടിനാട്ടുന്നതിനും കഴിഞ്ഞു. ആ സ്ഥാനങ്ങളിലും സൗരയൂഥത്തിലെ ഇതരഗോളങ്ങളിലും പറന്നു എത്തുന്നതിനും, വാസസ്ഥാനവസതികൾ അവിടെയുണ്ടാക്കി, താമസിക്കുന്നതിനും ശ്രമം നടത്തുന്നു. വിദൂരതയിൽ ഇരിക്കുന്നവരെ അന്യോന്യം അഭിമുഖമായി കാണുന്നതിനും അവരുടെ സംഭാഷണം അതേ മാത്രയിൽ ശ്രവിക്കുന്നതിനും, ആകാശമാർഗേണ വാർത്താതരംഗിണിയിലൂടെ ലോകവാർത്തകൾ അപ്പോഴ് അപ്പോൾ അറിയുന്നതിനും സാധിക്കുന്നു.

ഭൂലോകത്തെ ഒന്നോടെ ഒന്ന് നശിപ്പിച്ച് ഭസ്മീകരിക്കുന്നതിനുള്ള വിഷാണുക്കളും വിഷവായുവും ആററംബോമ്പുകളും തയ്യാറാക്കി സൂക്ഷിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഈ നേട്ടങ്ങൾമൂലം വന്നിട്ടു



www.malankaralibrary.com

ള്ളതും വന്നുകൊണ്ടിരിക്കുന്നതുമായ കോട്ടങ്ങൾ, ഭീകരസംഭവങ്ങൾ അത്യധികം ഭയാനകവും മനുഷ്യരാശിയെ മുഴുവനും ഭീതിയിലും അസംതൃപ്തതിയിലും അസമാധാനത്തിലും എത്തിച്ചിരിക്കുകയാണ്. ഇന്ന് അനുദിനം സ്വാർത്ഥതാൽപര്യങ്ങളുടെ സാധ്യതക്കായി, വ്യക്തിഗതമായും സമൂഹമായും നടക്കുന്ന പോരാട്ടങ്ങളിൽ എത്ര എത്ര മനുഷ്യജീവനാണ് നിഹനിക്കപ്പെടുന്നത്. കൊല്ലപ്പെടുന്നത്. ഇന്നത്തെപോലെ സ്വാർത്ഥത, പരസ്നേഹമില്ലായ്മ, അധികാരപ്രമത്തത, പ്രശംസാ, പരസ്നേഹമില്ലായ്മ, ഉന്നതസുഖഭോഗതാൽപരത എല്ലാം എല്ലാം മുൻതലമുറകളിൽ എങ്ങും ഉണ്ടായിട്ടില്ല. തൻകാര്യ സാദ്ധ്യതക്കായി ഏത് കുടിലമാർഗങ്ങൾ സ്വീകരിക്കുന്നതിനും സോദരങ്ങളെ കൊല്ലുന്നതിനും നരബലി നടത്തുന്നതിനും ഒരു നല്ല വിഭാഗം മനുഷ്യർ മടിക്കുന്നില്ല. പരസ്നേഹത്താൽ വ്യക്തിപര താൽപര്യങ്ങൾ വേണ്ടെന്നുവക്കുന്നു നിസ്വാർത്ഥർ മുന്നേക്കാൾ ഇന്ന് വളരെ കുറഞ്ഞിരിക്കുന്നു. സമൂഹം സമൂഹമായി, സംഘം സംഘമായി, സംഘടനാപരമായ നിലയിൽ സ്വാർത്ഥലക്ഷ്യപ്രാപ്തിക്കായി സ്വന്തം മാതാപിതാക്കളെപോലും കൊല്ലുന്നതിന് മടിക്കുന്നില്ല. കൊല്ലും കൊലയുമാകുന്ന സംഹാരമൂർത്തി എങ്ങുമെങ്ങും നിർത്തൃതാണ്ഡവം ചെയ്യുന്നു. ഓരോ മനുഷ്യനും തങ്ങളുടെ സ്വാർത്ഥ തല്പര്യങ്ങൾക്കായി, പണം, സുഖം, അധികാരം, പ്രതാപം, പ്രശംസ, എന്നിവക്കായി, വെമ്പലോടെ പരക്കം പാഞ്ഞു ഓടുകയാണ്. ഈ നേട്ടോട്ടം അവസാനിക്കാതെ ഒരൊരുത്തരും ചിന്തിച്ച് അവസാനിപ്പിക്കാതെ ആർക്കും പൊതുവെ ലോകത്തിനും സമാധാനവും സംതൃപ്തിയു ലഭിക്കുന്നതല്ല.

സോദരങ്ങളെ! ക്ഷണഭംഗുരമായ നമ്മുടെ ഈ ലോകജീവിതത്തിൽ, ഒരിക്കലും നശിക്കാതെ നിത്യം ജീവിക്കുന്ന നമ്മുടെ ആത്മാവിനെ നാശകൂപത്തിലേക്ക്



www.malankaralibrary.com

നയിക്കരുതെ, സ്വാർത്ഥതയും പരസ്നേഹമില്ലായ്മയും ദുർമക്ക് ജീവിതവും ശരീരത്തെ മാത്രമല്ല ആത്മാവിനെയും നാശത്തിലേക്ക് നയിക്കും. അതിനാൽ വളരെ ശ്രദ്ധിച്ചും ചിന്തിച്ചും നാം ജീവിക്കണം. കുബേരരേ, ധനാഢ്യരേ നിങ്ങളുടെ അമിത സുഖജീവിതത്തിനും ധനത്തിനും പരിമിധി നിശ്ചയിച്ച് എല്ലാററിലും ഒരു അളവ്, ഒരു വിഹിതം നിർദ്ധനരായ നിങ്ങളുടെ സോദരർക്കു ആയി നൽകിയാലും. ദശലക്ഷങ്ങളുടെ, രമ്യഹർമ്മ്യങ്ങൾ പണിയിക്കുന്നവർ അതിൽ ഒരു നല്ല വിഹിതം കുറവുവരുത്തി വീടില്ലാത്തവർക്കും ചെററക്കുടിലുകാർക്കും നൽകിയാലും. നിങ്ങൾ ലഹരിപദാർത്ഥങ്ങൾക്കായി അനുദിനം ചിലവഴിക്കുന്ന, ആയിരക്കണക്ക് നാണയം ഒരു നേരത്തെ ആഹാരത്തിന് നിവർത്തിയില്ലാത്ത പട്ടിണിപ്പാവങ്ങൾക്ക് നൽകിയാലും മക്കളുടെ വിവാഹത്തിന് ദശലക്ഷങ്ങൾ നൽകുന്നതിൽ അർദ്ധ പകുതിയെങ്കിലും, വിവാഹ പ്രായം കഴിഞ്ഞു നിൽക്കുന്ന പാവപ്പെട്ടവർക്കായി നൽകി സോദര സ്നേഹം പ്രകടിപ്പിച്ചാലും. തോട്ടം ഉടമകളെ, ഭൂഉടമകളെ, നിങ്ങളുടെ വസ്തുക്കളിൽ ഒരു ഭാഗം വീടും പറമ്പും ഇല്ലാത്തവർക്കായി ദാനം ചെയ്താലും, മദ്ധ്യസ്ത്യരെ നിങ്ങളും ജീവിതാവശ്യനിർവഹണത്തിൽ പരിമിതി വരുത്തി ഒരു വിഹിതം നിങ്ങളിൽ കുറവുള്ളവർക്ക് നൽകി സംതൃപ്തി വരുത്തുക. പാവങ്ങളെ, പട്ടിണിപ്പാവങ്ങളെ, നിങ്ങളുടെ ഇല്ലായ്മ വിഹിതത്തിലെ ഒരു അംശം നിങ്ങളിൽ കുറവായിട്ടുള്ളവർക്ക് നൽകി സംതൃപ്തിവരുത്തിയാലും, തൊഴിലാളികളെ തൊഴിൽ ഉടമകളെ നിങ്ങളും അന്യോന്യം ആത്മാർത്ഥ സ്നേഹത്തിൽ വർത്തിച്ചാലും. തൊഴിലാളികൾ ശരിയായും കൃത്യമായും ജോലി ചെയ്താലും. തൊഴിൽ ഉടമകളും കമ്പനിമാനേജരന്മാരും ശരിയായ വേതനവും ആദായവിഹിതവും തൊഴിലാളികൾക്ക് നൽകി സമാധാനവും സംതൃപ്തി



www.malankaralibrary.com

യും കൈവരിച്ചാലും. ഉദ്യോഗസ്ഥരെ ഉദ്യോഗ മുഖ്യരെ, ഭരണമേധാവികളെ നിങ്ങളും നിങ്ങളോട് ചേർന്ന് ജോലി ചെയ്യുന്നവരും സ്നേഹത്തിലും ഐക്യതയിലും സത്യസന്ധതയിലും കൃത്യനിഷ്ടയിലും ഉൽസുകരായിവർത്തിച്ച് സമാധനം വരുത്തുക.

സ്ക്കൂൾ കോളേജ് വിദ്യാർത്ഥികളെ നിങ്ങളുടെ പഠനകാലത്ത് അദ്ധ്യാപകർക്കും മാതാപിതാക്കൾക്കും മററുള്ളവർക്കും മനഃപ്രയാസവും ദു:ഖവും വരുന്നതിന് ഇടയാക്കാതെ ശരിയായ വിധത്തിൽ വിജ്ഞാനസമ്പാദനം നടത്തിയാലും. നിങ്ങളുടെ ഭാവിജീവിതം സുഖപ്രദവും സുരക്ഷിതവുമായി കെട്ടിപ്പടുക്കുന്നതിനുള്ള പരിശീലനകേന്ദ്രമാണ് വിദ്യാലയം. നിങ്ങൾ ഗുരുക്കന്മാരെ അനുസരണത്തിലും ഭക്തി ആദരവുകളിലും സ്നേഹിച്ചുവർത്തിക്കണം. ഇന്നത്തെ പരിതാപകരമായ നിങ്ങളുടെ നില തുടർന്നാൽ നിങ്ങൾക്കും നാടിനും നന്മക്ക് പകരം തിന്മയാണ് വന്നുചേരുന്നത്. അദ്ധ്യാപകരെ നിങ്ങളും നിങ്ങളുടെ ജോലി ആത്മാർത്ഥമായി ചെയ്താലും. നിങ്ങളുടെ മുൻപിൽവരുന്ന ശിഷ്യഗണങ്ങളെ മക്കളെപ്പോലെ സ്നേഹിച്ചുവർത്തിച്ചാലും. സന്യസിമാരെ സന്യസിനികളെ, പാതിരിമാരെ, പുരോഹിതശ്രേഷ്ഠരെ, ആശ്രമവാസികളെ നിങ്ങളിൽ അധികംപേരുടെയും ഇന്നത്തെ സ്വാർത്ഥപരമായ നിലമാററിവർത്തിച്ചാലും. തൻനാട്ടിലും വിദേശങ്ങളിലും ഊരുചുററി പട്ടിണി പാവങ്ങളുടെ പേരിൽ വാങ്ങുന്ന തുകകൾ ആർത്തർക്കും അവശർക്കും നൽകാതെ നിങ്ങളുടെയും നിങ്ങളുടെ സ്വന്തക്കാരുടെയും അമിതസുഖത്തിനായി മാത്രം വിനിയോഗിക്കുന്നത് തികച്ചും തെററാണ്. ഓഡിറേറാറിയങ്ങളും കല്ല്യാണമണ്ഡപങ്ങളും ലക്ഷകണക്കിന് പണം ചിലവാക്കി പണിയിച്ച് വൻവാടക വാങ്ങിച്ച് നിങ്ങൾ സുഖിച്ചജീവിക്കുന്നത് ഹ; കഷ്ടം. പ്രസുകൾ, തോട്ടങ്ങൾ, സ്ക്കൂളുകൾ കോളേജുകൾ, ഹോസ്റ്റലുകൾ തുടങ്ങിയവയെല്ലാം, നിങ്ങളുടെ സുഖജീവിത



www.malankaralibrary.com

ത്തിന് വരുമാനമാർഗമായി പരിണമിച്ചിരിക്കുകയാണ്. സുവിശേഷവേലക്കു ആർത്തർക്കും ദരിദ്രർക്കുമായി പ്രസംഗിച്ചുവാങ്ങിയ സംഭാവന ഈ വിധം വിനിയോഗിക്കാതെ സാധുജനസംരക്ഷണത്തിലേക്ക് ചിലവാക്കിയാലും, സംഘടനകളെ, സമൂഹങ്ങളെ, ഇസ്സക്കൂട്ടങ്ങളെ, രാഷ്ട്രീയ പാർട്ടികളെ, വർഗീയ പാർട്ടികളെ മതസമൂഹങ്ങളെ നിങ്ങൾ എല്ലാം മനുഷ്യത്വത്തിന്റെ പേരിൽ വർത്തിക്കണമേ. സോദരവധം ഒരിക്കലും നടത്താൻ ഇടയാക്കരുതെ.

ഇന്നത്തെ ലോകത്തിൽ നിന്ന് സമാധാനവും സംതൃപ്തിയും കുറഞ്ഞു കുറഞ്ഞ് അകന്ന് അകന്നു പോകുകയാണ്. ഈശ്വരനിൽ അടിയുറച്ച വിശ്വാസം ഇല്ലാത്തതിനാലാണ്. സഹോദരസ്നേഹം ഇല്ലാതെ വർത്തിക്കുന്നത്. ഈശ്വരനെ സ്നേഹിക്കുന്നത് കാണപ്പെടുന്നു. ഈശ്വരന്റെ മക്കളായ സഹോദങ്ങളെ സ്നേഹിച്ച് വർത്തിച്ചുള്ള ജീവിതത്തിൽ കൂടിയാണ്. കാണപ്പെടുന്ന തന്റെ സഹോദരനെ, സ്നേഹിക്കാത്തവന്, കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ ഒരിക്കലും സാധിക്കയില്ല. നാം എല്ലാം കാണപ്പെടുന്ന, നമ്മോട് സഹവസിക്കുന്ന ഇടപെടുന്ന എല്ലാ പേരോടും ലോകജനത മുഴുവനോടും ആത്മാർത്ഥമായ സ്നേഹത്തിൽ വർത്തിച്ച് ജീവിച്ചാൽ സമാധാനവും സംതൃപ്തിയും എല്ലാപേർക്കും ലഭിക്കും. മാത്രമല്ല. ലോകം സ്വർഗമായി മാറും.



www.malankaralibrary.com

## അദ്ധ്യായം 19

# അന്ത്യം

മനുഷ്യരായ നമ്മുടെ ഓരോരുത്തരുടെയും അന്ത്യം, പക്ഷിമൃഗാദി ജന്തുക്കൾ തുടങ്ങി അതിസൂക്ഷ്മങ്ങളായ ജീവികൾ വരെ, ചരിക്കുന്ന ഓരോ ജീവികളുടെയും അന്ത്യം. ചരിക്കുന്നില്ലെങ്കിലും ജീവനുള്ള വൃക്ഷ ലതാദിതരുനികരങ്ങളിൽ ഓരോന്നിൻെറയും അന്ത്യം, കാലാകാലങ്ങളിലായി മുറയ്ക്കു നടന്നുകൊണ്ടിരിക്കുന്നു. മനുഷ്യരും സർവ്വ ജീവരാശികളും, ചരിക്കുന്നതും ചരിക്കാത്തതുമായ, ചേതനങ്ങളും അചേതനങ്ങളുമായ സകലതും സർവ്വതും ഈ ലോകവും ഭൂമണ്ഡലവും പ്രപഞ്ച പ്രകൃതികളും നഭോമണ്ഡലവും സൂര്യചന്ദ്രനക്ഷത്രാദി ജ്യോതിസുകൾ ഉൾപ്പെടെ കാണപ്പെടാത്തതും അറിയപ്പെടാത്തതും അറിയപ്പെടുന്നതും ആയ സൗരയൂഥഗ്രഹവ്യൂഹങ്ങളും ഒന്നോടെ, ഒന്നായി, ഒരിക്കലായി, നശിക്കുന്ന ലോകാന്ത്യം, ഈ ലോകാവസാനം ഇന്നത്തെ പോലൊരു ദിനം സംഭവിക്കുന്നതാണ്.

ലോകാവസാനം, എല്ലാററിൻെറയും ഒന്നായുള്ള അന്ത്യം, എപ്പോഴായിരിക്കുമെന്നു പ്രവചിക്കാനോ നിശ്ചയിക്കാനോ ആരാലും സാദ്ധ്യമല്ല, ഒന്നോടെ എല്ലാം ഒരിക്കൽ നശിക്കുമെന്നുള്ളത് തീർച്ചയാകുന്നു. ദൈവികവെളിപാടിൻെറ ആവിഷ്ക്കരണത്തിൽ, മതഗ്രന്ഥങ്ങളുടെ സാരാംശത്തിൽ ഈസംഗതി നിസ്തർക്കമായി വ്യക്തമാക്കിയിരിക്കുന്നു. അത്– ആ–



www.malankaralibrary.com

അന്ത്യം എന്ന്, എപ്പോൾ സംഭവിക്കുമെന്ന് വിശദമാക്കിയിട്ടില്ല. ഹൈന്ദവമതഗ്രന്ഥം ഇത് നാലാംയുഗമായ കലിയുഗമാണെന്നും അത് അവസാനയുഗമാണെന്നും രേഖപ്പെടുത്തിയിരിക്കുന്നു. ക്രൈസ്തവഗ്രന്ഥം ലോകാവസാനത്തെപ്പററി ഉറപ്പിച്ചും തറപ്പിച്ചും വ്യക്തമാക്കിയിരിക്കുന്നു. കൂടാതെ ലോകാവസാനത്തിൻെറ മുൻകൂറായി അതിനടുത്തു നടക്കുന്ന സംഭവവികാസങ്ങളെയും ആ ഗ്രന്ഥം വിവരിക്കുന്നു. തദനുസരണം ഈ തലമുറയിൽ ഇതിനകം നടന്നുകഴിഞ്ഞിരിക്കുന്നതും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതുമായ സംഭവങ്ങളിലൂടെ ലോകാന്ത്യം എ. ഡി രണ്ടായിരത്തിനടുത്തുണ്ടാകുമെന്ന് വിശ്വസിച്ച് പ്രവചിക്കുന്നവർ ലോകത്തിൻെറ വിവിധഭാഗങ്ങളിലായി ധാരാളമുണ്ട്. ഈ കാണുന്നതും, കാണാത്തതുമായ സകലതും, സർവവും, അടുത്ത ഭാവിയിലോ, വിദൂരഭാവിയിലോ, ഒന്നായി നശിക്കുന്ന ലോകാന്ത്യം സംഭവിച്ച് എല്ലാം അവസാനിക്കുമെന്നുള്ളത് നിശ്ചയമാകുന്നു.

ലോകാന്ത്യം, സർവത്തിൻേറയും അന്ത്യം അടുത്തോ, വിദൂരകാലഘട്ടങ്ങൾക്കുശേഷമോ സംഭവിക്കട്ടെ. നമ്മെ സംബന്ധിച്ച് നാം ഓരോരുത്തരും ചിന്തിക്കേണ്ടത് നമ്മുടെ അന്ത്യത്തെപ്പററിയാണ്. നമ്മുടെ സ്വന്തക്കാരും ബന്ധുക്കളും സ്നേഹിതരും അയൽക്കാരും ദേശരാജ്യവാസികളും ഓരോരുത്തരായനുദിനം അന്ത്യത്തെ പ്രാപിക്കുന്ന അനുഭവത്തിലൂടെയാണല്ലോ നാം ജീവിക്കുന്നത്. നമ്മെ നമ്മെ ചുററിയുള്ളതും ചരിക്കുന്നതും ചരിക്കാത്തതുമായ സർവജീവരാശികളും ഓരോന്നായി, ഓരോരികളായി അന്ത്യത്തെ പ്രാപിക്കുന്നു. അവസാനിക്കുന്നു. അനുഭവവെളിച്ചത്തിൽ നമ്മളും ഓരോരുത്തരായി വിചാരിക്കാത്ത സമയത്തും നിനക്കാത്തനാഴികയിലും കടന്നുപോകും. അന്ത്യത്തെ പ്രാപിക്കും. അതിനാൽ ലോകാന്ത്യത്തെപ്പററിയുള്ള ചിന്തയേക്കാൾ നമ്മുടെ ഓരോരുത്തരുടെ



www.malankaralibrary.com

യും അന്ത്യത്തെപററി അനുദിനം നാം ചിന്തിക്കണം. സമാധാനപരമായ, സൽഗുണസമ്പന്നമായ, ശാന്തസുന്ദരമായ നല്ല ഒരന്ത്യം ലഭിക്കുന്നതിന് ശ്രദ്ധിക്കുകയും ശ്രമിച്ചുവർത്തിക്കുകയും ചെയ്യണം.

സ്വർഗ,നരകസാമ്രാജ്യങ്ങളുടെ വിസ്തൃതിയോ, അതിരോ, നമ്മുടെ ഊഹാചിന്താമണ്ഡലങ്ങൾക്കതീതമായി ഒതുങ്ങാനാവാതെ നിലകൊള്ളുന്നു. ഉന്നതിയുടെ ഉന്നതയിൽ, പരമോന്നതിയിൽ എണ്ണമററ, സംഖ്യാതീതമായ, ഗ്രഹഗോളവ്യൂഹങ്ങൾ ഒന്നുചേർന്ന സ്ഥിതി ചെയ്യുന്നതാകുന്നു; സ്വർഗമഹാസാമ്രാജ്യം. അവിടത്തെ ചക്രവർത്തിയും ഭരണകർത്താവും നമ്മുടെ പിതാവായ ദൈവമാകുന്നു. എണ്ണമററ, സംഖ്യാതീതങ്ങളായ, വാനഭൂതഗണവും, മനുഷ്യാരംഭം മുതൽ ലോകാന്ത്യം വരെ നല്ല ജീവിതം നയിച്ചു നല്ലവരായി അന്ത്യം പ്രാപിച്ചെത്തുന്ന എണ്ണമററ കോടാനുകോടി നല്ല മനുഷ്യരാകുന്നവിടുത്തെ പ്രജാസമൂഹം. അവരെല്ലാം ഒന്നുചേർന്നു വാനദൂതഗണങ്ങളുമൊത്ത് നിത്യാനന്ദസുഖസൗഭാഗ്യത്തിൽ ദൈവത്തെ സ്തുതിച്ചുകൊണ്ടു നിത്യം ജീവിക്കുന്നു. സ്വർഗരാജ്യം ആകമാനം സദാ ദീപ്തിയുടെ ദീപ്തിയിൽ പ്രകാശധോരണിയിൽ തിളങ്ങിവിളങ്ങി പ്രകാശിക്കുന്നു. അന്ധകാരമോ, ഇരുളോ ഒരിക്കലും അവിടെയില്ല. അവിടുത്തെ ആകാശദേശം വെൺമയുടെ വെൺമനിറഞ്ഞ വെൺമേഘങ്ങളാൽ അലംകൃതമായി മൂടപ്പെട്ടിരിക്കുന്നു.

നമ്മുടെയും സർവത്തിന്റെയും സൃഷ്ടാവും രക്ഷിതാവുമായ ദൈവം തലസ്ഥാനനഗരമായ സ്വർഗാധിസ്വർഗത്തിൽ വസിക്കുന്നു. വിശുദ്ധ നഗരം ദൈവതേജസ്സിനാൽ സദാപ്രകാശ പൂരിതമാണ്. അതിന്റെ ജ്യോതിസ് ഏററവും വിലയേറിയ രത്നത്തിന് തുല്യമായി സ്ഫടിക സ്വച്ഛതയുള്ള സൂര്യകാന്തംപോലെ പ്രകാശനമാണ്. ദൈവകൊട്ടാരനഗരത്തിനുചുററും, പൊക്കമുള്ള വസതിയും, പന്ത്ര



www.malankaralibrary.com

ണ്ടുഗോപുരവും, ഗോപുരങ്ങളിൽ പന്ത്രണ്ടുദൂതൻമാരും ഉണ്ട്. കിഴക്കും പടിഞ്ഞാറും തെക്കും വടക്കുമായി മൂന്നുഗോപുരങ്ങൾ വീതം നിലകൊള്ളുന്നു. നഗരമതിലിന് പന്ത്രണ്ടടിസ്ഥാനമുണ്ട്. നഗരം സമചതുരമായിട്ടാണ് കിടക്കുന്നത് വീതിയും നീളവും സമമാകുന്നു. മതിലിന് ഇരുനൂററിപതിനാറടി പൊക്കമുണ്ട്. സമചതുരമായ കൊട്ടാരനഗരത്തിന്റെനീളം, ഉയരം. വീതി, പന്തീരായിരം നാഴികവീതമാണ്. നഗരമതിലിന്റെ പണി സൂര്യകാന്തവും നഗരം സ്വച്ഛസ്ഫടികത്തിനൊത്ത തങ്കവും ആകുന്നു. മതിലിന്റെ അടിസ്ഥാനങ്ങൾ സകലരത്നം കൊണ്ടും അലങ്കരിച്ചതാണ്. ഒന്നാം അടിസ്ഥാനം, സൂര്യകാന്തരത്നത്താലും രണ്ടാമത്തേതു നീലരത്നം കൊണ്ടും, മൂന്നാമത്തേതു വൈഡൂര്യംകൊണ്ടും നാലാമത്തേത് മരതകം കൊണ്ടും അഞ്ചാമത്തേതു നഖവർണ്ണിയാലും, ആറാമത്തേതു ചുവപ്പുകല്ലുകൊണ്ടും, ഏഴാമത്തേതു പീതരത്നത്താലും, എട്ടാമത്തേത് ഗോമേദകം കൊണ്ടും, ഒൻപതാമത്തേതു പുഷ്യരാഗത്താലും, പത്താമത്തേത് പവിഴം കൊണ്ടും പതിനൊന്നാമത്തേതു പരാഗത്താലും, പന്ത്രണ്ടാമത്തേതു സുഗന്ധിരത്നംകൊണ്ടും മതിലിന്റെഅടിസ്ഥാനങ്ങൾ കെട്ടിപ്പടുത്തലങ്കരിച്ചിരിക്കുന്നു.

പന്ത്രണ്ടു ഗോപുരങ്ങൾ ഓരോന്നും മുത്തിനാൽ പണിതിരിക്കുന്നു. നഗര റോഡുകൾ സ്വച്ഛസ്ഫടിക തുല്യമായ തങ്കത്തകിടുകൾ നിരത്തി വിരിച്ചതാണ്. നഗരം ദൈവതേജസ്സിനാൽ എപ്പോഴും പ്രകാശിച്ചുകൊണ്ടിരിക്കും. നഗരമതിലിലെ ഗോപുരങ്ങൾ ഒരിക്കലും അടയ്ക്കാറില്ല. വീഥിയുടെ നടുവിൽകൂടി ദൈവ സിംഹാസനത്തിൽ നിന്നു പുറപ്പെടുന്ന പളുങ്കുപോലെ ശുഭ്രമായ ജീവജലനദി ഒഴുകുന്നു നദിയുടെ ഇരുവശങ്ങളിലും ജീവവൃക്ഷം തഴച്ചുവളർന്നവിടവിടെ നില്ക്കുന്നുണ്ട്. ആ ഓരോ മരവും മാസംതോറും പന്ത്രണ്ടു തരത്തിലുള്ള ഫലം കായ്ക്കും. വൃക്ഷത്തിന്റെ ഇലയും. ഫലവും, എന്നും



www.malankaralibrary.com

യൗവ്വനപ്രദമായ ആരോഗ്യത്തെ നല്കുന്നതാണ്. ഈ ലോകത്തിൽ ദൈവത്തെ അറിഞ്ഞു സ്നേഹിച്ച് സ്വാർത്ഥപരിത്യാഗത്തോടെ, സഹോദര സ്നേഹത്തോടെ, പരോപകാര നന്മ പ്രവർത്തനങ്ങളിലൂടെ ജീവിതം നയിച്ച് അന്ത്യം പ്രാപിച്ചവർക്കു മാത്രമേ, ഈ ലോകജീവിതം അവശർക്കും ആർത്തർക്കും, ആലംബഹീനർക്കുമായി ഉഴിഞ്ഞുവച്ചു ദൈവിക ശരണത്തിൽ ജീവിച്ചു അന്ത്യം പ്രാപിക്കുന്നവർക്കു മാത്രമേ ദൈവപ്രകാശം സ്ഥിതിചെയ്യുന്ന സ്വർഗ്ഗാധി സ്വർഗ്ഗമായ തലസ്ഥാന നഗരിയിലേക്കു പ്രവേശനാനുവാദം സിദ്ധിക്കുകയുള്ളു. അതിസ്വാഭാവിക, സ്വഭാവാതീതമായ, സാംഗോപാംഗ പുണ്യപ്രവർത്തനങ്ങളിലൂടെ ജീവിതാന്ത്യം പ്രാപിച്ചു സ്വർഗ്ഗാധി സ്വർഗ്ഗത്തിലെത്താൻ കഴിഞ്ഞില്ലെങ്കിലും ഒരു നല്ല ജീവിതത്തിലൂടെ, സ്വാർത്ഥപരിത്യാഗത്തിലൂടെ, സഹോദരസ്നേഹത്തിലൂടെ, പരോപകാര നന്മ പ്രവർത്തനങ്ങളിലൂടെ, ദൈവസ്നേഹത്തിലൂടെ, ദൈവശരണത്തിലൂടെ, പ്രാർത്ഥനയിലൂടെ, ധ്യാനചിന്തയിലൂടെ കഴിവതു ശ്രമിച്ചു പ്രവർത്തിച്ചു ഒരു നല്ല അന്ത്യം പ്രാപിച്ചു ദൈവരാജ്യത്തിനു പങ്കാളികളാകുവാനും, അവകാശികളായി സ്വർഗ്ഗസൗഭാഗ്യം കൈവരിക്കുന്നതിന്, കരഗതമാക്കുന്നതിന്, ഏവരും പരിശ്രമിക്കണം.

സ്വർഗ്ഗരാജ്യത്തിലെ എല്ലാവിധ സ്ഥിതിഗതികൾക്കും നേരെ എതിരായി, വിപരീതമായിട്ടുള്ള സ്ഥിതിവിശേഷമാണ് നരകത്തിലേത്. അങ്ങ് അകലെയകലെ, ഖളരെ താഴ്ചയിൽ, അത്യാഗാധതയിൽ, ആഴിയുടെ ആഴത്തിന്റെ ആഴത്തിൽ, വിസ്തൃതമായ അനേകം രാജ്യങ്ങൾ ചേർന്നുള്ളതാണ് നരക സാമ്രാജ്യം. അവിടുത്തെ രാജാവ് എല്ലാ പിശാചുക്കളുടെയും, കൊടും പിശാചുക്കളുടെയും, തലവനായ വലിയ പിശാചാണ്. മതഗ്രന്ഥമായ ബൈബിൾ, സാത്താനെന്നും, ബെയിത്സുബൂസെന്നും, ലൂസിപ്പോ



www.malankaralibrary.com

രെന്നും—നരകാധിപതിക്കു പേരിട്ടിരിക്കുന്നു. ദൈവത്താൽ വെറുക്കപ്പെട്ടു ശപിച്ചു തള്ളിയ വാനദൂതഗണങ്ങളിൽ ചിലരും, മനുഷ്യരിൽ ദുഷ്ടമായ പൈശാചിക ജീവിതം നയിച്ചു അന്ത്യം പ്രാപിച്ചവരും അവിടുത്തെ പ്രജാസഞ്ചയമാകുന്നു.

മനുഷ്യാരംഭതലമുറ മുതൽ ലോകാവസാനം വരെയുള്ള എല്ലാ മാനുഷ്യരും ലോകാന്ത്യത്തോടുകൂടി അവരവർക്കർഹമായ വസതികളിലെത്തി നിത്യജീവിതം തുടങ്ങുന്നതിനിടയാകുന്നതാണ്. ദൈവത്തോടൊത്തുവസിക്കുന്നതിനു ലഭിക്കുന്ന സമ്മാനത്തിന് മോക്ഷമെന്നും, നിത്യശാന്തിയെന്നും, നിത്യരക്ഷയെന്നും പറയുന്നു. ഹൈന്ദവമത, ഗ്രന്ഥം മനുഷ്യൻ പരബ്രഹ്മത്തോടൊത്തു ഒന്നിച്ചുവസിക്കുന്നതിനു മോക്ഷമെന്നും, നിത്യശാന്തിയെന്നും പറയുന്നു. ദൈവത്തോടു കൂടാതെയുള്ള വാസത്തിന് നിത്യാഗ്നിയെന്നും, നിത്യനാശമെന്നും നിത്യനരകമെന്നും, പറയുന്നു, നാം ഓരോരുത്തരും വരാൻ പോകുന്ന ലോകാന്ത്യത്തെ പററി ചിന്തിച്ചു സമയം നഷ്ടമാക്കാതെ,നമ്മുടെ അന്ത്യത്തെ പററി ചിന്തിക്കുന്നതാണേററവുമാവശ്യം. നമ്മുടെ ഈ ലോകജീവിതാന്ത്യത്തിലൂടെ-നിത്യശാന്തി സംപ്രാപ്തമാക്കുന്നതിനുവേണ്ടി ജീവിതം നയിച്ച്, മോക്ഷമാകുന്ന സമ്മാനം കരഗതമാക്കി, നിത്യരക്ഷയിലേക്കു പ്രവേശിച്ചു ദൈവത്തോടൊത്ത്, നല്ല ജീവിതത്തിലൂടെ കടന്നുപോയ നമ്മുടെ സ്വന്തക്കാരോടൊത്ത്,ബന്ധുക്കളോടൊത്ത്, സ്നേഹിതരോടു ചേർന്ന്, മനുഷ്യാരംഭം മുതൽ ലോകാന്ത്യം വരെ—നല്ല ജീവിതത്തിലൂടെമോക്ഷസമ്മാനം കരഗതമാക്കുന്ന എണ്ണമററ മനുഷ്യസമൂഹത്തോടു ചേർന്ന് കോടാനുകോടി ദൈവദൂതരോടൊത്ത്—സംഖ്യാതീതമായ സ്വർഗീയ സൈന്യങ്ങളോടൊത്ത് നിത്യാനന്ദസൗഭാഗ്യ ജീവിതം ലഭ്യമാക്കുന്നതിനും കരുണാനിധിയായ നമ്മുടെ സ്വർഗീയ പിതാവിൽ നമ്മെ മുഴുവനായി സമർപ്പിച്ചു ശരണീകരിച്ചു നല്ല ജീവിതം നയിക്കാം.



www.malankaralibrary.com

# അദ്ധ്യായം 20

# വിടവാങ്ങൽ

സ്നേഹനിർഭരമായ ലോകമേ! എന്റെ സർവ്വസ്വവുമായ ലോകമേ! നിനക്കുവന്ദനം. അന്ത്യമായി നിന്നോട് ഞാൻ വിടചോദിക്കട്ടെ. അത്ഭുതങ്ങളുടെ അത്ഭുതമായ, മായകളുടെ മായ ആയ നിന്നോടുള്ള സംയോജിപ്പിൽനിന്ന്, ഉററബന്ധത്തിൽനിന്ന്, ആയിരങ്ങളുടെ ആയിരമായ നിമിഷവാസത്തിൽനിന്ന്, വേർപിരിവിന്റെ ഈ നിമിഷ വാസത്തിൽനിന്ന്, നിന്നോടുള്ള എല്ലാ ബന്ധത്തിൽനിന്നും, കൂപ്പുകരങ്ങളോടെ, തുറിച്ചനേത്രങ്ങളോടെ, തുറന്ന അധരങ്ങളോടെ, ചലനരഹിതമായ ശരീരാവയവങ്ങളോടെ, മന്ദീഭവിച്ചഹൃദയസ്പന്ദനത്തോടെ, നിന്നോട് ഞാൻ യാത്ര പറയുന്നു. നിനക്കുവന്ദനം. കൃതജ്ഞതാ നിർഭരമായ എന്റെ ഹൃദയാന്തരാളത്തിൽനിന്നും ഉൽഗമിച്ചുതിങ്ങിവിങ്ങി പൊങ്ങി അലതല്ലി മറിഞ്ഞുബഹിർഗമിച്ചുപൊട്ടിപ്പുറപ്പെടുന്ന ആയിരമായിരങ്ങളായ നെടുനാൾ കൃതജ്ഞത സ്തുതിപ്പുകളെ, നന്ദി കൂമ്പാര പ്രകടനാശംസകളെ, സ്നേഹഭക്ത്യാദരവുകളെ, വിജൃംഭിതവികാരാവേശത്തോടെ, നിന്റെ പാദപങ്കേരുഹങ്ങളിൽ സഹർഷം ഞാൻ സമർപ്പിക്കുന്നു; തിരുമുൽക്കാഴ്ചവയ്ക്കുന്നു ജനിച്ചനാൾമുതൽ ഇന്നേയോളം എന്നെ ഓമനിച്ച് ലാളിച്ച് എനിക്കാവശ്യമായതെല്ലാം അപ്പോഴപ്പോൾതന്നെ തന്നു എന്നെ സ്നേഹപൂർവം വളർത്തിയ ലോകമേ, നിന്നോട് ഞാൻ അന്ത്യയാത്ര പറയുന്നു—നിനക്കുവന്ദനം. എന്റെ സ്വദേശമായ, നി



www.malankaralibrary.com

ത്യലോകത്തിലെ നിത്യാനന്ദഭവനത്തിലേക്ക് അനുഗ്രഹാശംസകളോടെ എന്നെ നീ യാത്ര അയച്ചാലും! നിനക്കെൻെറ അഭിവാദനം! ഞാൻ സമാധാനത്തോടെ, സന്തുഷ്ടിയോടെ, സംതൃപ്തിയോടെ, നിന്നിൽനിന്നും പിരിഞ്ഞുപോകട്ടെ.

ഞാൻ, ഞാനറിയാത്ത ഞാൻ, ഞാനറിയാതെ തന്നെ ഞാൻ ഈ ലോകത്തിലേക്കുവന്നു. എൻെറ ആദ്യവാസസ്ഥാനമായ മാതാവിൻെറ ഗർഭാലയലോകത്തിൽ ഞാനറിയാതെ ഞാൻ ഉളവായി. പത്തുമാസക്കാലത്തെ അവിടത്തെ വാസം. മാതാവിൻെറ ഇച്ഛാനീക്കപ്രവർത്തനങ്ങൾക്കൊത്ത്, ചലനതാളങ്ങൾക്കനുസൃതമായി, അവരുടെ അന്നത്തെ എല്ലാവിധചെയ്തികൾക്കും, സമ്പൂർണവിധേയനായി, കീഴടങ്ങിപ്പൂർണാനുസരണത്തോടെ ഒരേ കിടപ്പിൽ ക്രമശ്ശ; വളർന്നു രൂപാകൃതി പ്രാപിച്ച്, മാസ, ദിവസ, നിമിഷങ്ങളുടെ തികവിൽ, കൂപ്പുകരങ്ങളോടെ, അശുഭസൂചകമായരോദനത്തോടെ, ഞരങ്ങൽ മൂളലോടെ, ആ ഗർഭാലയലോകത്തോടൊരു നിമിഷത്തിൽ ഞാൻ വിടവാങ്ങി. വിസൃതനഭോമണ്ഡലമാകുന്ന നിന്നിലേക്ക് ഞാൻ, ഞാനറിയാതെ തന്നെവന്നുപിറന്നു.

ഉരുവായനിമിഷം മുതൽ എന്നെ തിററിപോററി, രൂപപ്പെടുത്തി, അംഗഭംഗമോ, അംഗഹീനതയോ കൂടാതെ, സുമുഖസുന്ദരഗാത്രനായി, വർണശോഭയുള്ളവനായി, സമയതികവിൽ ഈ പ്രപഞ്ചത്തിലേക്കു തള്ളിവിട്ട ജാതമാക്കിയ, എൻെറ സ്നേഹഗർഭാലയമേ! വന്ദ്യമാതേ! നിൻെറയും, എൻെറയും സ്വദേശമായ നിത്യനാട്ടിലെ നമ്മുടെ നിത്യഭവനത്തിൽ നിത്യാനന്ദമനുഭവിച്ചുകൊണ്ടിരിക്കുന്ന നിൻെറ സന്നിധിയിലേക്കുവന്നെത്താൻ ഞാനും, ഈ ക്ഷണികവാസത്തിൽ, നിന്നും യാത്ര പറയുന്ന ഈ ഘട്ടത്തിൽ, നിന്നോടുള്ള എൻെറ സ്നേഹബഹുമാനഭക്ത്യാദരവുകളെ നിൻെറ ആത്മസന്നിധിയിലേക്കുയർത്തി കാഴ്ചവച്ചുകൊണ്ടവിടെനിന്നും വിടവാങ്ങി നിൻസന്നിധിയിലേ



www.malankaralibrary.com

ക്കുവരുന്നതിന് എന്നെ അനുവദിച്ചാലും! പത്ത് മാസക്കാലം എൻെറ അധിവാസസ്ഥാനമായിരുന്ന പരേതയായ എൻെറ ഗർഭാലയലോകമേ, എൻെറ മാതാവേ, ഇപ്പോൾ നിന്നോടൊത്തുവന്നുചേരുന്നതിലേക്കായി ഞാനിവിടെനിന്നും വിടവാങ്ങിക്കൊള്ളട്ടെ!

പത്തുമാസക്കാലം ഉദരേ എന്നെ ചുമക്കുകയും ഇവിടേക്കു പിറപ്പിച്ചു നിൻെറ പാലൂട്ടി താരാട്ടു പാടി എന്നെ വളർത്തുകയും എനിക്കുവേണ്ടതെല്ലാം വളരെ കഷ്ടതയിലൂടെ, അദ്ധ്വാനഭാരത്തിലൂടെ, നീ ഇവിടെ നിന്നും യാത്രപറഞ്ഞു പിരിയുന്ന നിമിഷംവരെ നൽകുകയും എൻെറ എല്ലാ സുഖദു:ഖങ്ങളിലും എന്നോടൊത്തു പങ്കുചേരുകയും ചെയ്ത നിന്നെ, എൻെറ ഈ അന്ത്യയാത്രാ വേളയിൽ കൃതജ്ഞതയോടെ സ്മരിക്കുകയും, നിന്നോടൊപ്പം വന്നെത്തുവാൻ ഇവിടെ നിന്നു യാത്രയാകുകയും ചെയ്യട്ടെ. നിൻെറ നിത്യവസതിയിലേക്കു പറന്നെത്തുന്നതിനെന്നെ അനുവദിച്ചാലും. മാതാവിനോടൊത്ത് ധർഭാശലയലോകത്തിൽ എന്നെ ഉരുവാക്കി ജനിപ്പിക്കുകയും ഈ മണ്ഡലത്തിലേക്ക് ഗർഭാരിഷ്ടതകളൊന്നും കൂടാതെ പിറക്കുന്നതിനാവശ്യമായതെല്ലാം, മാതാവിൽ കൂടി നൽകുകയും പിറക്കുന്ന നാൾ മുതൽ എന്നെ ഓമനിച്ച് കരങ്ങളിലേന്തി, ഒക്കത്തിരുത്തി താലോലിച്ചു താരാട്ടുപാടികൊണ്ടു നടക്കുകയും ബാലാരിഷ്ടതകളിൽ നിന്നെല്ലാം, വേണ്ട ശുശ്രൂഷാദികൾ നൽകി തേച്ചുകുളിപ്പിച്ചു വളർത്തുകയും രാത്രി കാലങ്ങളിൽ തന്നോടൊത്ത് കിടത്തി ഉറക്കുകയും അനുദിനം ചുംബനങ്ങളാൽ എന്നെ ഓമനിക്കുകയും, തന്നോടൊത്ത് വിരുന്നു ഭവനങ്ങളിലും, ദേവാലയങ്ങളിലും പുഴയിലും, കൊണ്ടു പോകയും, ജ്ഞാനസമ്പാദനത്തിനു വിദ്യാലയങ്ങളിൽ ചേർക്കുകയും, മതാഭ്യാസ സ്ഥാപനങ്ങളിലൂടെ ആധ്യാത്മികജ്ഞാനം നൽകുകയും, എനിക്കാവശ്യമായ പഠനങ്ങൾക്കെല്ലാം, ആഹാരാദികൾക്കെല്ലാം



www.malankaralibrary.com

വേഷഭൂഷാദികാരംക്കെല്ലാം പണിപ്പെട്ടു. കഷ്ടപ്പെട്ടു, ഓടിച്ചാടി പണമുണ്ടാക്കുകയും യൗവ്വനാരംഭത്തിൽ പ്രാണസഖിയെ കൂട്ടിത്തരികയും, എന്റെ പുത്ര പൗത്രാദികളെ വളരെ സ്നേഹവാൽസല്യത്തോടെ വളർത്തുകയും, മാതാവും, സഹോദര സഹോദരികളുമൊപ്പം ഞങ്ങരംക്കു വേണ്ടി വളരെ വളരെ ക്ലേശങ്ങളും, കഷ്ടതകളും, ത്യാഗങ്ങളും, പട്ടിണിയും വരെ സഹിക്കുകയും, ഞങ്ങളുടെ എല്ലാ നന്മയ്ക്കും വിശ്രമം കൂടാതെ പണിപ്പെട്ടു പരിശ്രമം നടത്തി ക്ഷീണിതനായി, ശയ്യാവലംബയായി, ഞങ്ങളോട് അന്ത്യയാത്ര പറഞ്ഞു പിരിഞ്ഞ് നിത്യലോകത്തിലെത്തി നിത്യഭവനത്തിൽ പിന്നാലെ വന്ന മാതാവിനോടും എണ്ണമററ സ്വർഗ്ഗീയ ഭൂതഗണങ്ങളോടും ചേർന്ന്, സ്വർഗ്ഗീയ പിതാവിന്റെ തിരുസന്നിധിയിൽ സദാ ആനന്ദാൽഭൂതിയാൽ വിരാജിക്കുന്ന എന്റെ പിതാവേ, അവിടുത്തെ ഓമന മകനായ ഞാൻ നീ എനിക്കു നൽകിയ ഈ ഭൂമണ്ഡല പ്രപഞ്ചത്തിലെ സകലത്തെയും ഇവിടെ ത്യജിച്ച് നിങ്ങളുടെയും സ്വർഗ്ഗീയപിതാവിന്റെയും സന്നിധിയിലേക്കുവരുന്ന ഈ അന്ത്യനിമിഷത്തിൽ അവിടുത്തോട് ഇവിടെ വച്ചു വരുത്തിയ, കാട്ടിക്കൂട്ടിയ. പ്രവൃത്തിച്ച എല്ലാ തെററുകുററങ്ങരംക്കും നന്ദിഹീനതയ്ക്കും മാപ്പ് അപേക്ഷിച്ചുകൊണ്ട് ഇവിടുന്ന് യാത്രാവന്ദനം പറയുന്നത് അവിടുന്ന് സ്വീകരിച്ചെന്നെ അനുഗ്രഹിക്കേണമേ.

മാതാവിനോടൊപ്പം തുല്ല്യപങ്കാളിത്തം വഹിച്ച് എന്നെ ജാതനാക്കുകയും, ഇവിടെ നിന്നും നിത്യവസതിയിലേക്ക് യാത്ര അയയ്ക്കുന്നതുവരെ കഠിനാദ്ധ്വാനത്തിലൂടെ സദാ എനിക്കുവേണ്ടി ബദ്ധപ്പെട്ടു കഷ്ടതകരം അനുഭവിക്കുകയും എന്റെ സുഖജീവിതത്തിനാവശ്യമായതെല്ലാം അങ്ങേയററം പണിപ്പെട്ടാർജിച്ചുതരികയും ലൗകികമായും, ആധ്യാത്മികമായും ജീവിതം നയിക്കുന്നതിനാവശ്യമായ ജ്ഞാനാഭ്യാസനം



www.malankaralibrary.com

നൽകി എന്നെ ധന്യനാക്കുകയും പരസ്നേഹം സ്വാർത്ഥത്യാഗം, പരോപകാരപ്രവർത്തനം, നിസ്വാർത്ഥസ്നേഹം, കരുണ, ക്ഷമ എന്നിത്യാദി മാതൃകാ ജീവിതത്താൽ. അവയെ എന്റെ ശരീരഘടകങ്ങളാക്കി മാററുന്നതിനു ശ്രമിക്കുകയും, സർവ്വോപരി സൃഷ്ടാവായ ദൈവത്തോടൊത്തു പരലോകത്തിലെ നിത്യവസതിയിൽ വന്നെത്തുന്നതിനുതകത്തക്കവിധം, ലൗകീകവും ആധ്യാത്മികവുമായ, മണ്ഡലങ്ങളിൽ, എല്ലായിപ്പോഴും എല്ലാററിലും ശുഷ്കാന്തിയോടെ വർത്തിക്കുന്നതിനു എന്നെ പ്രാപ്തനാക്കുകയും, ചെയ്തശേഷം നിത്യസൗഭാഗ്യാനന്ദത്തിലേക്കു പിരിഞ്ഞുപോയിരിക്കുന്നു. എന്റെ പിതാവേ, അവിടുത്തോടു ചേർന്ന്, സർവേശനെ, സ്വർഗീയ പിതാവിനെ സദാ സ്തുതിച്ചുവാഴ്ത്തി, നിത്യസൗഭാഗ്യത്തിൽ, നിത്യകാലം ജീവിക്കുന്നതിനായി, ഞാനീലോകത്തോടു യാത്ര പറഞ്ഞുകൊള്ളട്ടെ.

## അദ്ധ്യായം 21

# വിടവാങ്ങൽ 2

യാതൊന്നുമില്ലാത്തവനായി, മൂന്നു നാലു പൗണ്ടു മാംസരക്തത്തോടെ ഈ പ്രപഞ്ചവിരിമാറിലേക്കു നഗ്നനായി ഞാൻ വന്നുവീണു. കൈകാലുകൾ ചലിപ്പിച്ചുകൊണ്ടു മലർന്നു കിടന്നു ഞാൻ, നിന്നിലേക്ക് മേലോട്ട് തന്നെ നിർന്നിമേഷനായി നോക്കി. എന്റെ കൺപോളകൾ വികസിപ്പിച്ച് നിന്റെ ചക്രവാളാതിരുകളെ കാണാൻ അന്നെനിക്കു കഴിഞ്ഞില്ല. ഗർഭലോകത്തേക്കാൾ വിസ്തൃതമായ വെളിച്ചം തൂകു



www.malankaralibrary.com

ന്ന മാതാവിൻെറ കിടപ്പറയിലെ മടിത്തൊട്ടിലിലു ശയനകിടക്കയിലും മലർന്നുകിടന്നു കൊണ്ടു ഞാൻ വീണ്ടും വീണ്ടും നിന്നിലേക്കുനോക്കി മുഷ്ടി ചുരുട്ടി, കരങ്ങളാനീട്ടി, കൊച്ചുകാലുകൾ കൊണ്ടു താളം ചവുട്ടി, രോദനത്തോടും ചിലപ്പോൾ മന്ദസ്മിതത്തോടും പലപ്പോഴും ഞാൻ നിന്നെ വിളിച്ചു. നിൻെറ താരാട്ടുപാട്ടിൽ, ദിവസത്തിലധിക ഭാഗവും ഞാൻ നിദ്രയിൽ കഴിച്ചു. നീ പ്രദാനം ചെയ്യുന്ന മാതൃസ്തനത്തിലെ പാലുണ്ടും, ഉമിനീര് കുടിച്ചും അതിൽ കുളിച്ചും, നിൻെറ വായു ശ്വസിച്ചും, ഞാൻ അനുദിനം പുഷ്ടി പ്രാപിച്ചു വളർന്നു.

തിരിഞ്ഞു പിരിഞ്ഞു കിടന്നും, കൈകാലുകളൂന്നി ഇഴഞ്ഞ് നീന്തി നീന്തി തത്തിക്കളിച്ചും കാൽമുട്ടുകൾ മടക്കി പൊങ്ങി നിവർന്നിരുന്നും കുറെ നാളുകളങ്ങുകഴിച്ചു. വീണ്ടും കാലുകൾ രണ്ടും നിൻെറ വിരിമാറിലുറപ്പിച്ചു കൊണ്ടു ഞാൻ മന്ദം മന്ദം നടന്നു. ക്രമേണ ഓടിച്ചാടിയും, നിൻെറ അൽഭുതാവഹമായ, ചക്രവാളത്തിലുൾപ്പെട്ട മനോഹര കാഴ്ചകളെഅത്യധികം അത്യാകാംക്ഷയോടെ, അതികൗതുകത്തോടെ, നോക്കി കണ്ടുകണ്ടു കുറെ ദിനരാത്രങ്ങളങ്ങുകഴിഞ്ഞു ഞാൻ പിറന്നു വീണ കിടക്കമുറിയേ, പിള്ളത്തൊട്ടിലേ, കട്ടിലേ, കിടക്കയേ, വീടേ, നിങ്ങളോടെല്ലാം ഞാൻ അന്ത്യയാത്രചോദിക്കുന്നു. നിനക്കു വന്ദനം.

ഞാനറിയാതെ തന്നെ വെള്ളിപ്രഭയെ വെല്ലുന്ന മനോഹര ദന്തനിരകൾ വരുകയും അവ കുറെ നാളെന്നോടൊന്നിച്ചിരുന്നിട്ടന്നെ വിട്ടുപിരിയുകയും തൽസ്ഥാനത്തു വീണ്ടും മുന്നേക്കാൾ ഉറപ്പോടും, ബലത്തോടും, പ്രഭയോടും കൂടിയ നിറപ്പകിട്ടാർന്ന തൂവെള്ള ദന്തമുത്തുകൾ വന്നു നിരക്കുകയും ചെയ്തു. നിന്നോടൊന്നിച്ചുള്ള ഇവിടുത്തെ വാസത്തിലുണ്ടാകാവുന്ന ഏതു കഠിന യാതനകളും പ്രയാസമെന്യെ തട്ടി



www.malankaralibrary.com

നീക്കി, ഭസ്മീകരിക്കുന്നതിനുള്ള ഒരു മുൻകുറി എന്നവണ്ണം ഏതു കഠിനാഹാര പദാർത്ഥത്തെയും ക്ഷണമാത്രയിൽ കടിച്ചുപൊട്ടിച്ചു, ചവച്ചരച്ചു ഭസ്മീകരിക്കുന്നതിനുള്ള ശക്തിയും ഉറപ്പും ബലവും നീ, ആ പല്ലികാംക്ക് നൽകി. ഇത്രനാളും എന്നോടൊന്നിച്ചിരിക്കയും ഞാൻ കഴിക്കുന്ന എല്ലാ ആഹാര സാധനങ്ങളും ചവച്ചരച്ചു മാർദ്ദവമാക്കി ഉള്ളിലേക്കയച്ചു മാംസവും രക്തവും വർദ്ധിപ്പിച്ചും ശക്തിപ്പെടുത്തിയും ആരോഗ്യത്തെ നിലനിർത്തുകയും മുഖത്തിനു വാട്ടവും, കോട്ടവും വരുത്താതെ, വിരൂപതയ്ക്കിട വരുത്താതെ സൗന്ദര്യത്തെ പ്രദാനം ചെയ്തു പ്രകാശിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്ന എന്റെ ദന്തനിരകളേ, വെള്ളിമുത്തുകളേ, ഞാൻ നിങ്ങളെ ശ്മശാനത്തിലേക്കു തള്ളിവിട്ടിട്ട് നിങ്ങളിൽ നിന്നും പിരിഞ്ഞുപോകട്ടെ, നിങ്ങാംക്കെന്റെ അന്ത്യാഭിവാദനം!

വർഷങ്ങാം പിന്നിട്ടു ഒന്ന്,രണ്ട്, മൂന്ന്, നാല്, അഞ്ച്, എന്നിങ്ങനെ ഇതിനകം വളരെ, വളരെ, ധാരാളം, ധാരാളം, പലതും ചിലതും, ചിലതും പലതും, ഞാൻ കണ്ടു, കേട്ടു. പഠിച്ചു. ഗ്രഹിച്ചു. അമ്മയുടെ മടിയിൽ നിന്ന് കിടക്കമുറിയിലെ പിള്ളതൊട്ടിലിൽ നിന്ന്, വീട്ടുമുറികളിൽനിന്ന്. തിണ്ണയിൽനിന്ന്, കോലായത്തുനിന്ന് അടുക്കളയിൽ നിന്നു, അടുത്തുള്ള വീടുകളിലും പറമ്പുകളിലും നിന്ന്, അടുത്തുള്ള ഇടവഴികളിലും, പെരുവഴികളിലും നിന്നും, പഥികരിൽ നിന്നും, ഈശ്വരാരാധനാ കേന്ദ്രമായ അടുത്തും അകന്നും ഉള്ള ക്ഷേത്രങ്ങളിൽനിന്നും, പള്ളികളിൽ നിന്നും, മോസ്കുകളിൽ നിന്നും വീട്ടുപക്ഷിമൃഗാദികളിൽ നിന്നും, ആകാശ പറവകളിൽ നിന്നും, നീരൊഴുക്കുകളിൽ നിന്നും വൃക്ഷലതാദികളിൽ നിന്നും, മണ്ണിൽ നിന്നും, മണലിൽനിന്നും, ചെളിയിൽ നിന്നും, കല്ലുകളിൽ നിന്നു പാറകളിൽ നിന്നും, കുന്നുകളിൽ നിന്നും, കാടുകളിൽനിന്നും, ധാന്യച്ചെടികളിൽ നിന്നും, വൃക്ഷഫലത്തിൽനിന്നും,



www.malankaralibrary.com

വർണ്ണശോഭയാർന്ന സുഗന്ധവാഹികളായ പൂക്കളിൽ നിന്നും, ഷഡ്പദങ്ങളിൽ നിന്നും കൃമികളിൽനിന്നും പുഴുക്കളിൽനിന്നും, ചിത്രശലഭങ്ങളിൽനിന്നു, വലുതും ചെറുതുമായ എല്ലാ വിധമായ പക്ഷിമൃഗാദിജന്തുക്കളിൽനിന്നും എല്ലാവിധ സസ്യവൃക്ഷാദികളിൽ നിന്നു ജലജീവികളിൽനിന്നു; ഞാൻ വളരെ വളരെ കാര്യങ്ങൾ കണ്ടു കേട്ടു, ധരിച്ചു. എല്ലാം എനിക്ക് ഏററവും വിസ്മയാവഹമായിരുന്നു. അന്ന്, ഇന്നേക്ക് ഏതാനും ദശവർഷങ്ങൾക്ക് മുൻപ് എൻെറ ശിശുപ്രായത്തിൽ ഞാൻ കണ്ടതും സ്പർശിച്ചതും ഗ്രഹിച്ചതും അനുഭവിച്ചതുമായ എല്ലാററയും, നിങ്ങൾക്ക് എല്ലാം എൻെറ ഈ അന്തിയാത്രാ ഭിവന്ദനം ഞാൻ വിടചോദിക്കുന്നു. പിരിഞ്ഞുപോകട്ടെ.

ഇതിലുപരി എനിക്ക് ആദ്യമായി അനുഭവപ്പെട്ടമഹത്തൽഭുതം അൽഭുതങ്ങളുടെ അൽഭുതം. ആകാശചക്രവാളത്തിലേക്ക്, അതിലുമുപരി അങ്ങ് അങ്ങ് അകലെ അകലെ അതിവിദൂരതയിലെ, എൻെറ ചെറിയ നയനങ്ങൾ എത്തി കണ്ടകാഴ്ച, ആകാശചക്രവാളത്തിലെ നീലിമകലർന്ന. വെള്ളിമേഘങ്ങൾ, കട്ടും കറുപ്പ് നിറഞ്ഞകാർമേഘപടലങ്ങൾ, അവയുടെ കൂട്ടിമുട്ടലിലുണ്ടാകുന്ന മിന്നൽ പ്രഭയും ഘോരശബ്ദമുഖരിതമായ ഇടിനാദവും, ശബ്ദവർണാഭനിറഞ്ഞ മഴവില്ല്, അതിവേഗം ശക്തമായി സർവത്തിനെയും തട്ടിമുട്ടിമറിച്ചിട്ടുകൊണ്ട്. പറക്കം പായുന്ന കൊടും കാററ്, പെരുവെള്ളത്തിൻെറ ഇരമ്പിപ്പാച്ചലിന് ഇടയാക്കുന്ന പാറപൊളപ്പൻ, കല്ലുരുട്ടൽ, മഴ, പ്രഭാത സായംകാലങ്ങളിലെ തുഷാരബിന്ദുക്കൾ, വേനൽക്കാലത്തിലെ അത്യുഷ്ണം, ചക്രവാളത്തിന് ഉപരി കത്തിയെരിയുന്നതീയിൽ നിലകൊള്ളുന്ന അഗ്നികുണ്ഡസമാനം. ജ്വലിച്ച് എരിയുന്ന ഭാനുബിംബം അസ്തമനവേളയിൽ തേച്ചുകുളിനടത്തുന്നതിന് എന്ന് തോന്നുമാറ് സപ്തവർണഭാമായ വസ്ത്രാഛാദനത്തോടെ വലിയൊരു താഴികക്കുടം കണ്ട



www.malankaralibrary.com

ക്കെ ആഴിയുടെ ആഴത്തിലേക്ക് മുങ്ങിയും പ്രഭാത വേളയിൽ പൊങ്ങിയുമുള്ള ഗമനാഗമനം. ആകാശദേശചക്രവർത്തിയായി നിശാവേളയിൽ സ്വർണ്ണപ്രഭ വീശിയുള്ള തൂനിലാവിനാൽ ഭൂവാസികളെ ആനന്ദിപ്പിക്കുന്നു ശശിധരൻ, പ്രാജസമൂഹങ്ങളായ കാർത്തിക, മകയിരം, തുടങ്ങി എണ്ണമററ, മിന്നി മിന്നി പ്രകാശിക്കുന്ന. താരാഗണം, ഇവയുടെ എല്ലാം നിമിഷം തെററതുള്ള യാത്ര എല്ലാംമെല്ലാം എന്തന്നില്ലാത്ത ആനന്ദഅനുഭൂതിജിജ്ഞാസയും എന്നിലുളവാക്കി.

## അദ്ധ്യായം 22

# വിടവാങ്ങൽ 3

ആകാശ ചക്രവാളമേ, സൂര്യചന്ദ്രനക്ഷത്ര സമൂഹമേ, ദിനരാത്രങ്ങളെ, കൂരിരുട്ടേ, വെളിച്ചമേ, വായുമണ്ഡലമേ, സൗരയൂഥമേ, പ്രപഞ്ചമേ ഇത്രനാളും നിങ്ങൾ എനിക്ക് ആലംബവും അഭയ സ്ഥാനവും ജീവനും എല്ലാമെല്ലാമായിരുന്നു, ദുഃഖവും അതിദുഃഖവും ആനന്ദവും അത്യാനന്ദവും നിങ്ങൾ എനിക്ക് പ്രദാനം ചെയ്തു നിങ്ങളോടുള്ള എൻെറ കടപ്പാട് വാചാമഗോചരമാണ്. നിങ്ങളെ വേർപിരിയുന്ന ഈ അന്ത്യനിമിഷത്തിൽ; എനിക്ക് ആദ്യന്തം എല്ലാമെല്ലാമായിരുന്ന നിങ്ങളോടു ഞാൻ യാത്ര പറയുന്നു. എന്നെ അനുവദിച്ചാലും.

അഞ്ചാം വയസു മുതൽ അഞ്ചുവർഷക്കാലം കൂട്ടുകാരുമൊത്ത് പലതും പറഞ്ഞും ചിരിച്ച് രസിച്ചും ചിലപ്പോൾ വഴക്കുകൂടിയും പുസ്തകവുമേന്തി വിജ്ഞാന പഠനം നടത്തിയ എൻെറ അടുത്തുള്ള



www.malankaralibrary.com

വിദ്യാലയമേ, സാമാന്യ ജ്ഞാനത്താൽ എന്നെ പരിപുഷ്ടമാക്കിയ ആദ്യസരസ്വതീമന്ദിരമേ, ഉപരിജ്ഞാനം നൽകിയതിന് അങ്ങ് അകലെയുള്ള ഉന്നത അഭ്യാസശാലയേ, വിജ്ഞാനം പ്രദാനം ചെയ്ത പരേതരും ജീവിച്ചിരിക്കുന്നവരുമായ എല്ലാ വന്ദ്യവത്സല ഗുരുഭൂതരരെ, നിങ്ങളോടുള്ള എന്റെ സ്നേഹബഹുമാന ഭക്തിആദരവുകളും ഹൃദയം നിറഞ്ഞ കൃതജ്ഞതയും നിങ്ങളുടെ എല്ലാം പാദപത്മങ്ങളിൽ സമർപ്പിച്ചുകൊണ്ട് ഞാൻ യാത്ര ചോദിക്കുന്നു. എന്നെ അനുവദിച്ച് അനുഗ്രഹിച്ചാലും.

ആദ്യന്തം വിദ്യാലയ ജീവിതത്തിൽ എന്നോട് ഒത്തു കഴിഞ്ഞ സതീർത്ഥ്യഗണമേ—നിങ്ങളോടും എന്റെ സ്നേഹ ആദരവുകളും കൃതജ്ഞതയും പ്രകടിപ്പിച്ച് യാത്രാ വന്ദനം പറയുന്നു.

ശൈശവകാലം മുതൽ ഇന്നയോളം എനിക്ക് ആത്മീക ജ്ഞാനം നൽകിയിട്ടുള്ള എല്ലാ മത പണ്ഡിതരരേ, മതാചാര്യന്മാരേ, മതഗ്രന്ഥങ്ങളേ, ജീവന്റെ ജീവനായ എന്റെ ആത്മാവിന്റെ നിത്യജീവിതം, നിത്യാനന്ദപ്രദം ആകത്തക്കവിധം വിലപ്പെട്ട ദിവ്യമായ, ആത്മീകോപദേശങ്ങളും, കർമ്മാനുഷ്ഠാനങ്ങളും വഴി ശാന്തിയും സമാധാനവും സംതൃപ്തിയും, ജീവിതത്തിൽ ഇതേവരെ പകർന്നുതന്നതിനു പുറമേ, മരണാനന്തര ജീവിതത്തിൽ നിത്യകാലം മുള്ളനിത്യാനന്ദാനുഭവലബ്ധിയുടെ, അച്ചാരവും ഉറപ്പും നല്കിയിരിക്കുന്ന ആചാര്യ പുരോഹിത ശ്രേഷ്ഠരേ, ആരാധനാ മന്ദിരങ്ങളേ, ദേവാലയങ്ങളേ നിങ്ങളോട് എല്ലാം ഞാൻ എന്റെ അന്ത്യയാത്ര പറഞ്ഞുകൊള്ളട്ടെ. നിങ്ങൾക്ക് എന്റെ ഹൃദയം നിറഞ്ഞ നന്ദി.

ഞാൻ പോകട്ടെ!

എന്റെ യൗവ്വനാരംഭം മുതൽ അടുത്തകാലം വരെ പ്രവർത്തിമണ്ഡലങ്ങളിൽ, വ്യാപാരസ്ഥാനങ്ങളിൽ ഞാൻ ഇടപ്പെട്ട്, നടത്തിയിട്ടുള്ള, പ്രവർത്തിച്ചിട്ടു



www.malankaralibrary.com

ള്ള എല്ലാ കാര്യങ്ങളിലും, ആരെല്ലാം ഇടപെട്ടിട്ടുണ്ടോ അവരോട് എല്ലാം, എനിക്ക് ഉപകാരവും ഉപദ്രവവും ചെയ്തിട്ടുള്ളവരോട് എല്ലാം സ്നേഹമായും ശത്രുതയായും വർത്തിച്ചിട്ടുള്ളവരോട് എല്ലാം, എന്റെ സ്നേഹനിർഭരമായ കൃതജ്ഞത അർപ്പിച്ചുകൊണ്ട് ഞാൻ യാത്രാവന്ദനം പറയുന്നു. വാക്കിലും പ്രവർത്തിയിലും നഷ്ടവും മനോവേദനയും മാനഹാനിയും ഉണ്ടാകുന്നതിന് ഇടവന്നിട്ടുള്ള എല്ലാ പേരോടും നിറഞ്ഞ മനസ്താപത്തോടെ ക്ഷമാപണം ചെയ്തു മാപ്പ് ആപേക്ഷിച്ചുകൊണ്ടും എന്നിൽ നിന്നും വന്നുപോയ എല്ലാ തെററുകളും എന്റെ സോദരങ്ങളായ നിങ്ങൾ എല്ലാം ക്ഷമിച്ച് മാപ്പ് തരണമെന്നു അപേക്ഷിച്ചുകൊണ്ട് വീണ്ടും വീണ്ടും അഭ്യർത്ഥിച്ചുകൊണ്ടും ഞാനുമായി ഇടപെട്ടുവസിച്ചു സഹവർത്തിച്ച എല്ലാപേരോടും യാത്ര ചോദിച്ചു കൊള്ളട്ടെ. എനിക്കു ഏററവും കടപ്പെട്ടിരിക്കുന്ന എന്റെ പുത്രമിത്രകളത്രാദികളോടും ബന്ധുക്കളോടും ചാർച്ചക്കാരോടും സ്നേഹ സുഹൃത്തുക്കളോടും ഞാൻ നിങ്ങളോട് ചെയ്ത തെററുകൾ ക്ഷമിക്കണമെന്നു അപേക്ഷിക്കുന്നു. യാചിക്കുന്നു, അവസാനമായി എന്റെ ഇപ്പോഴത്തെ ശയ്യാതലമെത്തയോടും ഉപധാനത്തോടും കട്ടിലിനോടും മുറിയോടും വീടിനോടും വീട്ടു ജന്തുക്കളോടും അയൽവാസികളോടും ജനിച്ചു വളർന്ന ദേശത്തോടും അയൽദേശങ്ങളോടും തുടർന്നു ഇതുവരെ ജീവിച്ച ദേശങ്ങളോടും ഈ രാജ്യത്തോടും എന്റെ സഹോദരങ്ങളാകുന്ന ലോകജനതാ മുഴുവനോടും അന്ത്യമായി ഞാൻ യാത്ര ചോദിക്കുന്നു. വന്ദനം പറയുന്നു ഞാൻ പോകട്ടെ.

എന്റെയും നിങ്ങളുടെയും പിതാവായ സ്വർഗസ്ഥ ദൈവസന്നതിയിലേക്കു, അവിടത്തെ അഭിമുഖമായി കണ്ട് അങ്ങയോടൊത്ത് അവിടെ എത്തിയിരിക്കുന്നു മുൻതലമുറക്കാരോടൊത്ത് എണ്ണമററ സ്വർഗീയ ഗണത്തോട് ചേർന്ന് നിത്യാനന്ദം



www.malankaralibrary.com

അനുഭവിക്കുന്നതിന് ഞാൻ നിങ്ങൾക്കു മുൻപായിപോകട്ടെ. എനിക്ക് പിന്നാലെ അനുദിനങ്ങളിലായി അവിടേക്കുവരുന്ന, വരാനിരിക്കുന്ന. നിങ്ങളെ എല്ലാം അവിടെ എത്തുന്നുമുറക്ക് സഹർഷം ഞാൻ സ്വാഗതം ചെയ്തുകൊള്ളാം. അങ്ങനെ വീണ്ടും നമുക്ക് എല്ലാം ഒത്തൊരുമിച്ച് നമ്മുടെ നിത്യപിതാവിന്റെ നിത്യവസതിയിൽ ആനന്ദിച്ച് സന്തോഷിച്ച് ഉല്ലസിച്ച് നിത്യകാലം ജീവിക്കാം. അതിലേക്ക് ആ ജഗൽപിതാവ് എനിക്കും നിങ്ങൾക്കും ഇടയാക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ലോകമെ, ലോകജനതയെ, ലോകമാസകലമുള്ള എന്റെ സോദരങ്ങളെ, പ്രപഞ്ചമെ നിങ്ങൾക്ക് എല്ലാം എന്റെ ഹൃദയം നിറഞ്ഞ നന്ദി. ഞാൻ പോകട്ടെ.

വീണ്ടും എനിക്ക് എന്നോടുതന്നെ. വിജ്ഞാനപഠനത്തിനും നിത്യാഹാരലബ്ധിക്കും ശരീരപോഷണത്തിനും ശരീരസുഖത്തിനും ധനധാന്യസമ്പാദനത്തിനും നന്മ തിന്മ പ്രവർത്തനങ്ങൾക്കും പ്രതികാരവൈരാഗ്യവാശി പ്രവർത്തനങ്ങൾക്കും കാർഷികവ്യാവസായ വൃദ്ധികൾക്കും നാടക സിനിമാദികൾക്കും ഈശ്വരസ്തുതിയർപ്പണങ്ങൾക്കും പൂജാകർമ്മങ്ങൾക്കും വഴക്കിനും വെയ്യാവേലിശണ്ഠകൾക്കും എന്നുവേണ്ട തെട്ടതിന് എല്ലാം സർവഥാ, സദാ, ബദ്ധപ്പെട്ടത്രപ്പെട്ട്; വെമ്പലോടെ, ധൃതിയോടെ, സാവധാനം, മന്ദമന്ദമായി. ഓടിച്ചാടിയും, പതുങ്ങിപ്പതുങ്ങിയും സാധാരണ നിലക്കും ഒററക്കും കൂട്ടുകാരൊത്തും സ്വന്തക്കാർ ചേർന്നും ഈ അടുത്ത കാലം വരെ സഞ്ചരിച്ച എന്റെ രണ്ടുകാലുകളുമേ നിന്നിലുള്ള വിരലുകൾ പോലും ചലിപ്പിക്കാനാകാതെ നീണ്ടുനിവർന്നുള്ള ഈ അന്ത്യകിടപ്പിൽ, കാൽമുട്ടുകളെ, കാൽപാദങ്ങളെ, കാൽ വിരലുകളെ രണ്ട് കാലുകളുമെ ഞാൻ നിങ്ങളോടു അന്ത്യയാത്ര പറയുന്നു.

നിരവധി കാര്യങ്ങൾക്ക് എല്ലാററിനും സർവത്തിനും താങ്ങും തണലും തുണയുമായി ഭക്ഷണപാനീ



www.malankaralibrary.com

യങ്ങൾ ഉള്ളിലാക്കുന്നതിന്, പ്രവർത്തികൾ ചെയ്യുന്നതിന് ആംഗ്യഭാഷയിൽ മററുള്ളവരെ കാര്യങ്ങൾ ഗ്രഹിപ്പിക്കുന്നതിന്, പഠിക്കുന്നതിന്, എഴുതുന്നതിന് അടിക്കുന്നതിന്, പിടിക്കുന്നതിന്, കൂട്ടിമുട്ടി ശബ്ദം പുറപ്പെടുവിക്കുന്നതിന്, സ്നേഹ പ്രകടനാദികൾക്ക് എന്നുവേണ്ട സകലത്തിനും മുൻപന്തിയിൽ, മുന്നിട്ട് മുഖ്യമായി വർത്തിച്ച കൈപ്പാണികളെ വിരലുകളെ എന്റെ രണ്ടു ബാഹുക്കളുമേ, ചലനരഹിതമായി നിവർന്നുള്ള ഈ കിടപ്പിൽ, ഞാൻ നിങ്ങളോട് അവസാന യാത്ര പറയുന്നു.

നല്ലതും ചീത്തയും നന്മയും തിന്മയുമായ സർവ കാര്യങ്ങൾക്കും വേണ്ടി എല്ലായിടത്തും എല്ലാററിനും എല്ലായിപ്പോഴും, പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എന്റെ സുന്ദര ഗാത്രമേ, ഈ ശയ്യാതലത്തിലെ ചലനരഹിതമായ ഈ കിടപ്പിൽ നിന്നോടും ഞാൻ യാത്ര പറയുന്നു. ഗാത്രത്തേയും തലയേയും സംയോജിപ്പിച്ചു നേരെ നിർത്തി എല്ലാ പ്രവർത്തനങ്ങൾക്കും നയിച്ചുകൊണ്ടിരുന്ന, എന്റെ ഗാത്രമേ; എല്ലായെല്ലാം കേട്ടു കേട്ട് തദനുസരണം എല്ലാററിനും എന്നെ ഉത്തേജിപ്പിച്ചു കൊണ്ടിരുന്ന എന്റെ ഇരുചെവികളുമെ, സദാ സർവത്രം മണത്തറിഞ്ഞ നാസികേ—കയ്പും മധുരവും എരിവും പുളിപ്പും എല്ലാ രസങ്ങളും രുചിച്ച് അറിഞ്ഞ നാവേ വളരെ പതുങ്ങിയത് മുതൽ അന്തരീക്ഷമുഖരിതമാക്കി ശബ്ദാഹട്ടഹാസം, മന്ദസ്മിതംവരെ തൂകിയ നാവേ, അധരമേ, ജീവനെ നിലനിർത്താൻ ശരീരാവയവങ്ങളെ പരിപുഷ്പമാക്കാൻ ഭക്ഷണപാനീയങ്ങളെ ഉള്ളിലേക്കയച്ചുകൊണ്ടിരുന്ന അധരമേ; ഏത് കഠിനപദാർഥത്തെയും ക്ഷണമാത്രയിൽ കടിച്ചുപൊട്ടിച്ച് ചവച്ചരച്ചുകൊണ്ടിരുന്ന, വെള്ളി പ്രഭയാർന്ന ദന്തനിരകളേ, നിങ്ങളോട് എല്ലാം ഞാൻ അന്ത്യയാത്ര പറയുന്നു.



www.malankaralibrary.com

## അദ്ധ്യായം 23

# വിടവാങ്ങൽ 4

ഏറ്റവും വലിയതുമുതൽ ചെറുതുവരെ, നിലം മുതൽ ആകാശചക്രവാളംവരെ, അതിനുപരി അങ്ങ് അകലെ സൂര്യചന്ദ്ര നക്ഷത്രസമൂഹാദിമണ്ഡലംവരെ എല്ലാമെല്ലാം, എപ്പോഴും നോക്കികണ്ടുകണ്ടിരുന്ന നയനദ്വയങ്ങളേ! ആദിമുതൽ കുറേവർഷങ്ങൾക്കുമുമ്പുവരെ കറുത്തിരുണ്ടും, പിന്നീടിതുവരെ ഇപ്പോഴും പഞ്ഞിപോലെ വെണ്മയായും ഉള്ളനിറപ്പകിട്ടാർന്നമുടിയാൽ ആവരണം ചെയ്യപ്പെട്ട ശിരസേ–കഴുത്തുമുതൽ പാദംവരെ സദാ ശരീരത്തെ, നയിച്ചുകൊണ്ടിരുന്ന തലയേ, എല്ലാ താളമേളങ്ങൾക്കും പ്രവർത്തനങ്ങൾക്കും, ആലോചനക്കും, നിർദേശങ്ങൾ നൽകികൊണ്ടിരുന്ന തലച്ചോറേ, എല്ലാററിനും എല്ലാമെല്ലാമായിരുന്ന സുന്ദരമുഖമേ, നെററിത്തടമേ, മൂക്കേ, കണ്ണേ, വായേ. ചിറിയേ, ചെവിയേ, തലയേ, തലമുടിയേ, യൗവ്വനകാലം മുഴുവൻ ഇടതിങ്ങി കറുത്തിരുണ്ടുനില കൊണ്ടിരുന്ന കൃാറിമീശയേ, വൃദ്ധാരംഭം മുതൽ ക്രമശ്ശനിറംമാറി ഇപ്പോൾ ഹിമസമാനമായി വളന്നുഇരുവശത്തോടും വളഞ്ഞുനിലകൊള്ളുന്ന വളകോടൻ കൊമ്പർമീശയേ! നിങ്ങളോടെല്ലാം ഞാൻ അന്ത്യയാത്ര പറയുന്നു.

ശരീര അവയവങ്ങളെ, നേരെ നിറുത്തിക്കൊണ്ടിരുന്ന നട്ടെല്ലേ് വാരിയെല്ലുകളെ, അസ്ഥികൂടമെ, രക്തവാഹിനികളായ ഞരമ്പുകളെ, ഓജസുമേജസ്സു നൽകി ശരീര ജീവനെ നിലനിറുത്തുന്നതിന്



www.malankaralibrary.com

ശരീരമാസകലം ഓടികൊണ്ടിരുന്നു രക്തമേ, എല്ലാററിനും എല്ലാ ശക്തിക്കും കാരണക്കാരനും കാര്യക്കാരനുമായി ടിക്ക്,ടിക്ക് എന്നു പെണ്ഡുലം കണക്കെ സദാഞൊടി നിമിഷം തെററാതെ അടിച്ചുകൊണ്ടിരുന്ന ഹൃദയമേ നിങ്ങളോടു എല്ലാം ഞാൻ യാത്ര പറയുന്നു. പിരിഞ്ഞുപോകട്ടെ.

എൻേറതാകുന്ന, എൻേറതായ, ഞാനാകുന്ന, ആത്മാവാകുന്ന. ഞാൻ, ശരീരമേ ഇത്രയും നാപ വർഷങ്ങൾ, മാസങ്ങൾ, ആഴ്ചകൾ, ദിവസങ്ങൾ, മണിക്കൂറുകൾ, നിമിഷങ്ങൾ താണ്ടി നിന്നിൽ അതിവസിച്ചു. നിന്നോട് ഒത്ത് ജീവിച്ചു നിൻെറ സർവതാളമേളങ്ങൾക്കും ചലനങ്ങൾക്കും നിർദ്ദേശങ്ങൾക്ക് ഒത്തുതുള്ളി വ്യാപരിച്ചു പ്രവർത്തിച്ചു. എല്ലാ സുഖഭോഗാതികളിലും മാംസളമായ എല്ലാ ആനന്ദാനുഭൂതികളിലും ദുഖദുരിതങ്ങളിലും എല്ലാററിലും സർവതിലും ഞാൻ വ്യാപരിച്ചു. നിൻെറ ഇഛാപ്രവർത്തനങ്ങൾക്ക് വിധേയനായത് മൂലം പലപ്പോഴും ഞാൻ ചെളിയിലും ആഴത്തിലും കുണ്ടിലും കുഴിയിലും കല്ലിലും മുള്ളിലും പാറയിലും തട്ടിയും മുട്ടിയും പൊട്ടിയും പൊങ്ങിയും മുങ്ങിയും അഴുക്കിലകപ്പെട്ടു. കരുണാനിധിയായ ജഗദീശൻ, നീയും ഞാനും ചേർന്നുള്ള പശ്ചാത്താപ പ്രകടനത്താൽ കണ്ണുനീരിൻെറ താഴ്വരയിൽകൂടി ഹൃദയം പൊട്ടിയുള്ള അപേക്ഷയാൽ എന്നെ കഴുകി വെളുപ്പിച്ചു. ഹിമസമാനം വെൺമയുള്ളവനാക്കി അവിടത്തെ സന്നിധിയിലേക്ക് എന്നെ വിളിക്കുന്നു. ശരീരമേ ഞാൻ പോകട്ടെ.

എൻെറ ശരീരമേ നീ മണ്ണിൽ നിന്നുവന്നു മണ്ണിലേക്ക് തന്നെ തിരികെ പോയാലും. ഞാൻ ഉയരത്തിൽ നിന്നും നിന്നിലേക്ക് വന്നു. ഈ നിമിഷം വരെ ഞാൻ എൻെറ അധിവാസകൂടാരമായി, ഭവനമായി, നിന്നെ ഞാൻ സ്വീകരിച്ചു. നിന്നിൽ അതിവസിച്ചു.



www.malankaralibrary.com

നിന്നോടുകൂടി, നിന്നോടൊത്തുകൊണ്ട് നിന്റെ അഭിപ്രായാനുസരണം പ്രവർത്തിച്ചു ജീവിച്ചു. ജനിച്ചനാൾ മുതൽ ഈ നിമിഷംവരെ എന്നെ, എന്റേതല്ലാ, നിന്റേതാക്കി അതിവസിപ്പിച്ചു. പ്രവർത്തിപ്പിച്ചു. ആവശ്യമായതും, അനാവശ്യമായതും, വേണ്ടതും, വേണ്ടാത്തതും എല്ലാം നീയും ഞാനും ഒന്നുചേർന്ന് പ്രവർത്തിച്ചു. എന്നെ വിട്ട് പിരിയാൻ നിനക്കും, നിന്നെ വിട്ടുപിരിയാൻ എനിക്കും സമ്മതം ഇല്ലാത്തവിധം, വേർപിരിയാൻ പാടില്ലാവിധം വേർപെടാൻ അസാദ്ധ്യമാം വിധം നീണ്ട നീണ്ട നെടുനാൾ അഭേദ്യമായി ഒന്നായി ഒട്ടിച്ചേർന്ന് ഒന്നായി ജീവിച്ച ശരീരമേ പ്രിയഗാത്രമേ നമ്മുടെ ബന്ധത്തെ വിട്ട് ഞാൻ പോകട്ടെ.

എന്റെ ശരീരമേ നിന്നോട് ഒത്ത് നീയും ഞാനും ഒന്നായി ചേർന്നുകൊണ്ട് ഒന്നിച്ച് ഒന്നായികൊണ്ട് നിന്റെ സകല ഇച്ഛാനീക്കങ്ങൾക്കും നൻമയും തിൻമയും നീതിയും അനീതിയും ന്യായവും അന്യായവും പരസ്നേഹവും പരവിദ്വേഷവും പരോപകാരവും പരോപദ്രവവും സ്വാർത്ഥതയും, നിസ്വാർത്ഥതയും ഗുണവും ദോഷവും ആയ സകലവിധ നീക്ക പ്രവർത്തനങ്ങൾക്കും വ്യാപാരങ്ങൾക്കും വേണ്ടി ഒളിച്ചും പതുങ്ങിയും ശീഘ്രഗതിയിലും മന്ദമായും തത്രപ്പെട്ടും വേവലാധിയോടും വെമ്പലോടും സഭീതിയോടും സാവധാനമായും ശാന്തമായും സമാധാനത്തോടും ധൈര്യത്തിലും അധൈര്യത്തിലും നീണ്ടും വിരണ്ടും പിരണ്ടും കണ്ടും കാണാതെയും പ്രവർത്തിച്ച കാൽപ്പാദമേ കാൽവിരലുകളേ കാൽമുട്ടുകളേ അരേ, അരയോട് ചേർന്നിരിക്കുന്ന ജനനേന്ദ്രിയമേ, നെഞ്ചേ, വയറേ, കഴുത്തേ ബാഹുക്കളേ കൈപ്പത്തിയേ കൈവിരലുകളേ കണ്ണേ ചെവിയേ അധരമേ മൂക്കേ തലയേ നാക്കേ പല്ലുകളേ, ആമാശയമേ, ദഹനേന്ദ്രിയമേ, നാഡീഞരമ്പുകളേ, ഹൃദയമേ. നാം നടത്തിയിരിക്കുന്ന, വർത്തിച്ചിരിക്കുന്ന എല്ലാകാര്യങ്ങൾക്കും അതിൽ വന്ന



www.malankaralibrary.com

പോയിരിക്കുന്ന സകലവിധ സമസ്ത തെററ് കുററങ്ങൾക്കും നമ്മുടെ സ്രഷ്ടാവായ ദൈവത്തോട് നമുക്ക് ഒത്ത് ഈ അന്ത്യവേളയിൽ മാപ്പ് അപേക്ഷിക്കാം ക്ഷമാപണം ചെയ്യാം.

കാരുണ്യവാനായ ജഗൽപിതാവേ, സച്ചിദാനന്ദ മൂർത്തെ, നിത്യപ്രകാശമേ,നിത്യസത്യമേ അവിടുന്ന് എനിക്ക് നൽകിയ ശരീരവും ഞാനും കൂടി ഒന്നായി ജനിച്ചനാൾ തുടങ്ങി ഈ നിമിഷം വരെ ചിന്തയിൽ, വാക്കിൽ, പ്രവർത്തിയിൽ, ചെയ്തിയിരിക്കുന്ന എല്ലാവിധ തെററ് കുററങ്ങളേയും ക്ഷമിച്ച് അനുഗ്രഹിക്കുമാറാകണമേ, അവിടുന്ന് ഈ ലോകത്തിലേക്ക് തന്ന ജീവിതകാലം ക്ഷണികമായ,അല്പ നീണ്ട ഇത്രനാളത്തെ ജീവിതം അവിടുത്തെ കല്പനകൾക്ക് വിരുദ്ധമായി അങ്ങയോട് മൽസരിച്ച്അവിടുത്തേക്ക് എതിരായി വന്നു പോയിരിക്കുന്ന എല്ലാലംഘനങ്ങളും എന്നോട് ക്ഷമിച്ച് മാപ്പ് തന്ന് നിന്നോട് ഒന്നിച്ച് ഉള്ള നിത്യകാലജീവിതത്തിലേക്ക് എന്നെ അനുഗ്രഹിച്ച്സ്വീകരിക്കുമാറാകണമേ,എല്ലാം എല്ലാം സകലതും, സകലവും എന്നോട്ക്ഷമിക്കേണമേ. എന്നെ അനുഗ്രഹിച്ചാലും.

ഇല്ലായ്മയിൽനിന്നും എന്നെ സൃഷ്ടിച്ച് ഉരുവാക്കുകയും എൻെറ ഇത്ര നാളത്തെ അതിവാസത്തിനുവേണ്ടി എനിക്ക് മുമ്പായി ഈ പ്രപഞ്ചത്തെ തയ്യാറാക്കുകയും ഇവിടെ നിന്നുള്ള വേർപിരിവിനു ശേഷം നിത്യലോകത്തിൽ നിത്യകാലം, നിത്യാനന്ദമായി ജീവിക്കുന്നതിന്, നിത്യഭവനം ഒരുക്കി എന്നെ അതിലതിവസിപ്പിക്കാനായി നോക്കിപ്പാർത്തിരിക്കുകയും ചെയ്യുന്ന എൻെറ സ്നേഹനാഥാ, സ്വർഗീയ പിതാവേ, സൃഷ്ടിതാവേ, രക്ഷിതാവേ, പരമകാരുണികാ, എൻെറ എല്ലാല്ലാമായ എൻെറ സമസ്തവുമായ എൻെറ ഏകശരണമായ, ഏകാലംബമായ, ഏകാനന്ദമായ,നിത്യാനന്ദമായ നിത്യവെളിച്ചമേ അൽഭുതങ്ങളുടെ അൽഭുതമായ നിത്യദിപ്തിയേ എനിക്ക് നിന്നാൽ



www.malankaralibrary.com

ദാനമായി ദൃഢം ചെയ്യപ്പെട്ട ഈ മായാലോകത്തിലെ മായകളുടെ മായയായ ക്ഷണികലോകത്തിലെ സകലത്തേയും ഞാൻ ഉപേക്ഷിച്ചുകൊണ്ട് തിരിച്ച് ഏൽപിച്ചു കൊണ്ട് എന്റെ നിത്യവാസത്തിലേക്ക് നീ തയ്യാർ ചെയ്തിരിക്കുന്ന നിത്യകൂടാരത്തിലേക്ക് പറന്നു വരുന്ന എന്നെ സ്വീകരിച്ച് അവിടേക്ക് ആനയിച്ച് അനുഗ്രഹിച്ചാലും.

ഇല്ലായ്മയിൽ എന്നെ സൃഷ്ടിച്ച് ഇത്ര നാളും പരിപാലിച്ച് ഞാൻ അറിയാതിരുന്ന ഈ മഹാദാനങ്ങൾക്ക് എല്ലാം എന്നെ അവകാശിയും അനുഭവേസ്ഥനാക്കുകയും തുടർന്ന് നിത്യം, അവസാനിക്കാത്ത ആനന്ദ ജീവിതത്തെ പ്രദാനം ചെയ്യുന്നതിന്ന് വേണ്ടത് എല്ലാം ഒരുക്കിവക്കുകയും ചെയ്തിരിക്കുന്ന അവിടത്തെ ആനന്ദമായ സ്നേഹത്തിനും കരുണക്കും ഈ നിമിഷം വീട് ഉപേക്ഷിക്കുന്ന എന്റെ ശരീര അവയവങ്ങളോട് ചേർന്ന് കൊണ്ട് എന്റെ കഴിവിന് അനുസരിച്ച് നിറഞ്ഞ ഹൃദയത്തോടെ താങ്ങാനാകുന്ന ഭാരത്തോടെ, പറയാനാകുന്ന ശബ്ദത്തോടെ ചിന്തിക്കാനാകുന്നു ചിന്തയോടെ, കൃതജ്ഞത സ്തുതിസ്തോത്രങ്ങളെ അവിടത്തെ തൃപ്പാദത്തിങ്കൽ സമർപ്പിച്ചുകൊണ്ട് എന്റെ എല്ലാമെല്ലാമായ സർവസ്വവുമായ; നെടുനാളായി പ്രതീക്ഷകളുടെ പേശീരക്ഷേത്രത്തിൽ കമനീയകളേബരനായി, പ്രതിഷ്ഠിച്ചിരുന്നു അങ്ങേ അഭിമുഖമായി കണ്ട് ആനന്ദിക്കുന്നതിനും കുശല പ്രശ്നങ്ങൾ അറിയിക്കുന്നതിനും കൃതജ്ഞാതാ സ്തുതി സ്തോത്രങ്ങൾ അർപ്പിക്കുന്നതിനും എന്നും എന്നും അങ്ങേയോടൊത്ത് ജീവിക്കുന്നതിനും ഇവിടെ നിന്നും വിടവാങ്ങുന്ന എന്നെ സ്വീകരിച്ച് അനുഗ്രഹിക്കണമേ.

ഇങ്ങിനിയാതൊന്നിനും സാദ്ധ്യമാക്കത്തവിധം അടുത്ത അന്ത്യനിമിഷത്തിലെ നീങ്ങാനും ഞാൻ, എന്റെ അവസാനമായ ചിന്താശക്തിയെ ശബ്ദനാളത്തിലൂടെ ചലിപ്പിച്ചുകൊണ്ട് ഒരിക്കൽകൂടി യാത്ര



www.malankaralibrary.com

അനുവാദം ആവർത്തിക്കുന്നതിന് വൽസരസോദരങ്ങളെ, ക്ഷമയോടെ കേട്ട് എന്നെ അനുഗ്രഹിച്ചാലും.

ലോകമേ ഭൂമണ്ഡലമേ, സകലചരാചരങ്ങളുമേ, പ്രപഞ്ചപ്രകൃതികളെ, ആകാശചക്രവാളമേ, സൂര്യചന്ദ്രനക്ഷത്രാദികളെ, സൗരയൂഥഗ്രഹമേ,കാണപ്പെടുന്നതും കാണപ്പെടാത്തതും അറിയപ്പെടുന്നതും അറിയപ്പെടാത്തതും ആയ സർവ്വ സൗരയൂഥ ഗ്രഹവ്യൂഹമേ, നിങ്ങളോട് ഈ എളിയദാസനും കൃമിയും പുഴുവുമായ ഞാൻ യാത്ര ചോദിച്ചുകൊള്ളട്ടെ ഇല്ലായ്മയിൽനിന്ന് എന്നെയും എനിക്കു വേണ്ടി ഈ പ്രപഞ്ചലോകത്തെയും സൃഷ്ടിച്ചുണ്ടാക്കുകയും എന്റെ എഴുതാനും വർഷത്തെ ഇവിടത്തെ വാസത്തിനായി ഇവയെല്ലാം സൗജന്യമായി എനിക്ക് നൽകുകയും ചെയ്ത ലോകാടമയും എന്റെയും സർവ്വത്തിന്റെയും സർവരുടെയും സ്രഷ്ടാവും ദാതാവും പരിപാലകനുമായ ദൈവമേ, സർവശക്ത, ആത്മനാഥാ, സ്നേഹനാഥാ, എനിക്കും എല്ലാ നല്ലവർക്കുമായി അവിടെ തയ്യാർചെയ്തിരിക്കുന്ന നിത്യആനന്ദഭവനത്തിലെ എനിക്കുള്ള നിത്യവസതിയിൽ അങ്ങയെ അഭിമുഖമായിക്കണ്ട് അങ്ങയോട് ഒന്നിച്ചു സദാ ആനന്ദിച്ച്, ഉല്ലസിച്ച്, നിത്യകാലം ജീവിക്കുന്നതിലേക്കായി അവിടന്ന് എനിക്ക് നൽകിയിരിക്കുന്ന തൽക്കാലികവസതിയായ, ഈ ലോകത്തെയും ശരീരത്തെയും വിട്ടുപിരിഞ്ഞ് തൃപ്പാദസവിധേ, വന്നുചേരുന്നതിനായി എന്നെ അനുവദിച്ചാലും.

അവിടത്തെ വകയും ഇത്രനാളും സൗജന്യമായി ഞാൻ അനുഭവിച്ചിരുന്നതുമായ ഈ ലോകത്തിലെ സകലവും, എന്റെ ശരീരവും ഇവിടെ ഉപേക്ഷിച്ച് അങ്ങേ സന്നിധിയിൽ വന്നു എത്തുവാൻ എനിക്ക് അനുവാദം അരുളിയാലും. അവിടെ നിന്ന് ഇവിടെ എനിക്ക് ദാനം ചെയ്യപ്പെട്ടിരുന്നതും, ഇന്നോളം ഞാൻ കൈവശം വച്ച് അനുഭവിച്ചിരുന്നതുമായ സർവ്വതും പൂർണ്ണമനസോടെ, സന്തോഷത്തോടെ, അവിട



www.malankaralibrary.com

ത്തെ നിർദ്ദേശാനുസരണം, അവിടത്തെ വകയായിത്ത ന്നെ പിൻതലമുറയെതിരിച്ചേൽപ്പിക്കുന്നു. അങ്ങയു ടെ ഈ മഹാദാനങ്ങൾക്ക് എല്ലാം കൃതജ്ഞതാനിർഭര മായ ഹൃദയത്തോടെ നന്ദിയും സ്തുതിസ്തോത്രങ്ങ ളും അർപ്പിക്കുന്നു. എന്നെ അങ്ങയുടെ സവിധേ വരു ന്നതിന് അനുവദിച്ചാലും.

അടുത്തതായി എന്റെ പ്രിയപ്പെട്ട മാതാപിതാ ക്കളെ, ഈ ലോകത്തിൽ വച്ച് നിങ്ങൾ എനിക്ക് നൽ കിയ സർവതിനും എല്ലാററിനും സ്നേഹം നിറഞ്ഞ എന്റെ ഹൃദയത്തോടെ, ആയിരം ആയിരമായ കൃത ജ്ഞതാംശം സകളോടെ, ഉന്നതിയിലെ നിങ്ങളുടെ സ ന്നിധിയിൽ ഞാൻ സമർപ്പിച്ചുകൊണ്ട് ഇവിടെ നി ന്നും, ഇവിടേക്കും, ഇവിടത്തോടുമുള്ള സകലത്തോ ടും യാത്രപറഞ്ഞ് നിങ്ങളുടെ അടുത്തേക്ക് വന്ന് എത്തുന്നതിന് എന്നെ അനുവദിച്ചാലും.

ഗർഭാലയലോകം മുതൽ പിള്ളത്തൊട്ടിൽവരെ, വീ ണ്ടും അടുത്തുള്ള വിദ്യാലയംവരെ; ഇഴഞ്ഞും പിട ഞ്ഞും, നിന്നും, തത്തിക്കളിച്ചും, കൂട്ടരോടൊന്നിച്ച് ഉല്ലസിച്ചും, വളർന്ന എന്റെ അഭയസ്ഥാനമായി രുന്ന ജനനഗൃഹത്തോടും അത് സ്ഥിതിചെയ്യുന്ന വൃക്ഷലതാദിനിബിഡീകൃതമായ പറമ്പിനോടും, സ്വ ദേശവാസികളായ എല്ലാ ജനസമൂഹത്തോടും സ്നേ ഹം നിറഞ്ഞ ഹൃദയത്തോടെ ഞാൻ അന്ത്യയാത്ര പറയുന്നു. സ്വദേശത്തെയും അതിന് അടുത്ത സ്ഥ ലത്തെയും വിദ്യാലയങ്ങളെയും ജീവിച്ചിരിക്കുന്നവ രും പരേതരുമായ ഗുരുഭൂതരേയും, സതീർത്ഥ്യ രേയും സസ്നേഹം സ്മരിച്ചുകൊണ്ട് ഇപ്പോൾ അന്ത്യയാത്രപറയുന്നു. യൗവ്വനാരംഭം മുതൽ ഇന്നുവ രെയുള്ള എന്റെ പ്രവർത്തന, വ്യാപാര, മണ്ഡലങ്ങ ളിൽ ഇടവിട്ട് സഹവസിക്കേണ്ടിവന്ന എല്ലാപേരോ ടും ഞാൻ അന്ത്യവിട ചോദിച്ചുകൊള്ളുന്നു. നി ങ്ങൾക്ക് എല്ലാം എന്റെ നന്ദി.



www.malankaralibrary.com

ആത്മീയമായി എനിക്ക് ജ്ഞാനം നൽകിയ ശ്രേഷ്ഠപുരോഹിതരോടും, ധ്യാനപ്രാർത്ഥനാ സ്തുതിസ്തോത്രങ്ങൾ സമർപ്പിക്കുന്നതിനു ഇടം നൽകിയ ദേവാലയങ്ങളോടും അതീവ കൃതജ്ഞതയോടെ എന്നന്നേക്കുമായി ഞാൻ വിടചോദിക്കുന്നു. വിപൽ ഘട്ടങ്ങളിൽ ആത്മാർഥമായി എന്നെ സഹായിക്കുകയും രോഗാതുരയിലും അനുദിന ജീവിത ബുദ്ധിമുട്ടുകളിലും കഴിവുള്ള അത്ര ഉദാര സംഭാവനകൾ നൽകുകയും കടം വായ്പകൾ തരുകയും ചെയ്തിട്ടുള്ള എല്ലാപേരോടും ഞാൻ നന്ദിപറഞ്ഞുകൊണ്ട് അന്ത്യയാത്ര ചോദിക്കുന്നു. പ്രത്യേകിച്ചും രോഗാതുരയിൽ എന്നെ ചികിത്സകളാൽ സുഖമാക്കിയ ഡാക്ടറന്മാരോടും പരിചരണ ശിശ്രൂഷാദികൾ നടത്തി സഹായിച്ചവരോടും നന്ദിരേഖപ്പെടുത്തി അവസാന യാത്ര പറയുന്നു.

## അദ്ധ്യായം 24

# വിടവാങ്ങൽ 5

ഞാൻ അറിഞ്ഞോ അറിയാതയോ ഇതഃപര്യന്തമുള്ള ജീവിതത്തിൽ ആരോടെങ്കിലും ശത്രുതയായി പെരുമാറിയിട്ടുണ്ടെങ്കിൽ, പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ, സ്നേഹമില്ലാതെ വർത്തിച്ചിട്ടുണ്ടെങ്കിൽ ആർക്കെങ്കിലും കഷ്ട നഷ്ടങ്ങൾക്കിടയാക്കിയിട്ടുണ്ടെങ്കിൽ മനോവേദനയ്ക്കും മാനഹാനിക്കും ദുഃഖത്തിനും കാരണമായിട്ടുണ്ടെങ്കിൽ എന്റെ വാക്കിനാലും പ്രവർത്തിയാലും വന്നുപോയ സകലകുററങ്ങൾക്കും പരസ്നേഹമില്ലായ്മയും ആത്മാർഥമായ, മനുഷ്യസ്നേഹമില്ലായ്മയും



www.malankaralibrary.com

സ്വാർത്ഥത്യാഗം ഇല്ലായ്മയും, സ്വാർത്ഥതക്കും ഞാൻ എല്ലാ സോദരങ്ങളോടും ദൈവസന്നിധിയിൽ ഈ വൈകിയ വേളയിൽ ക്ഷമാപണത്തോടെ മാപ്പുചോദിച്ചുകൊള്ളുന്നു. സ്വന്തക്കാരെ, ബന്ധുക്കളെ, സ്വജനങ്ങളെ, സ്വദേശമേ, സ്വരാജ്യമേ, ലോകജനതയെ, ലോകമാകമാനമുള്ള എന്റെ വത്സല സഹോദരങ്ങളെ, നിങ്ങളോടൊന്നിച്ചുള്ള എന്റെ വാസം അവസാനിപ്പിച്ചിട്ട്, ഞാൻ എന്റെയും നിങ്ങളുടെയും സ്വദേശമായ അനന്തയുടെ നിത്യലോകത്തിലേക്ക് നിത്യവസതിയിലെ നിത്യജീവിതത്തിലേക്കു നിങ്ങൾക്കു മുമ്പായി പോകട്ടെ. പിന്നാലെയുള്ള നിങ്ങളുടെ വരവിനെ അവിടെ ഞാൻ ആകാംഷയോടെ, പ്രത്യാശയോടെ, നോക്കിപ്പാർത്തുകൊണ്ടിരിക്കും നിങ്ങൾക്കെല്ലാമെന്റെ അന്ത്യാഭിവാദനം!

എന്റെ ജീവിതപങ്കാളിയും, എന്നോടൊന്നിച്ച് ഏകമനസ്സോടെ ഒത്തുചേർന്നിത്രനാളും വേർപിരിയാതെ, ഏകശരീരവും ഏകാത്മാവുമെന്നനിലയിൽ ജീവിച്ച പ്രിയപ്രാണപ്രിയസഖിയേ, നിനക്കുമുമ്പായി നമ്മുടെ നിത്യവസതിയിലേക്ക്, സ്വർഗീയപിതാവിന്റെ സന്നിധിയിലേക്ക് ഞാൻ പിരിഞ്ഞുപോകട്ടെ. എന്നെ സന്തോഷമായി, യാത്ര അയച്ചാലും! നിന്റെ വരവിനെ ആകാംഷയോടെ ഞാനവിടെ നോക്കിപാർത്തുകൊണ്ടിരിക്കും. നമ്മുടെ ഇതഃപര്യന്തമുള്ള ജീവിതത്തിൽ ഞാൻ മൂലം നിനക്കുവന്നിട്ടുള്ള എല്ലാ ദുഃഖദുരിതസങ്കടങ്ങളും എന്നോട് ക്ഷമിച്ച് എന്നെ യാത്ര അയച്ചാലും! ഇവിടെയുള്ളതിന്റെ അവശേഷിച്ച അൽപകാല ജീവിതം ഭാസുരമാക്കുന്നതിനുവേണ്ടി നമ്മുടെ പുത്രകളത്രാദികളെ ഭാരമേൽപിക്കുന്നു. അവർ സന്തോഷസമേതം ഭംഗിയായി ശ്രദ്ധയോടെ അത് നിർവഹിക്കുമെന്നെനിക്കുറപ്പുണ്ട്. എന്നെ യാത്രയാക്കിയാലും!

എന്റെ ഏററം അരുമസന്താനങ്ങളേ! പുത്രപുത്രാദികളേ! മരുമക്കളെ! മൂന്നും നാലും തലമുറക്കാ



www.malankaralibrary.com

രായ ചെറുമക്കളേ! എന്നെ അധികം സ്നേഹിക്കുന്ന നിങ്ങളെയെല്ലാം താൽക്കാലികമായി വിട്ടുപിരിഞ്ഞ് നമ്മുടെ സ്വർഗീയഭവനത്തിലേക്ക് പോകട്ടെ! ക്ഷണികമായിവിടരുത്തെ, ഇനിയത്തെ നിങ്ങളുടെ ജീവിതം മുന്നേപ്പോലെ, ആത്മർഥമായ മനുഷ്യസ്നേഹത്തോടെ, പരോപകാര പ്രവർത്തനങ്ങളോടെ, സ്വാർഥത്യാഗത്തോടെ, ഈശ്വരഭക്തിയോടെ, നയിച്ചാലും! മംഗളാന്വിതവും. ശോഭനവും, ദൈവികവും, മാനുഷികവുമായ നിങ്ങളുടെ ഭാസുരഭാവിക്കായി ഞാൻ കാരുണ്ണികനായ നമ്മുടെ പിതാവിന്റെ സന്നിധിയിൽ, പ്രാർഥനകളർപ്പിച്ചുകൊണ്ട് നിങ്ങളെ നോക്കി പാർത്തുകൊണ്ടിരിക്കും. എന്റെ അനുഗ്രഹാശിസുകൾ നിങ്ങൾക്ക് ഞാൻ നൽകുന്നു. ഞാൻ പോകട്ടെ! എന്നെ യാത്ര അയച്ചാലും!

എന്റെ സ്വന്തക്കാരേ! ബന്ധുക്കളേ! ഉപകാരികളേ! മിത്രങ്ങളേ, അയൽക്കാരേ, ദേശക്കാരേ, ദരിദ്രസഹോദരങ്ങളേ, ഭിക്ഷക്കാരായ വത്സലസഹോദരങ്ങളേ, പട്ടിണിപാവങ്ങളേ, ലോകമാസകലമുള്ള എല്ലാവരുമേ, ഞാൻ നിങ്ങളെയെല്ലാം വിട്ടുപിരിയുന്ന ഈ അന്ത്യവേളയിൽ, നിങ്ങളോടെല്ലാം ഞാൻ ചെയ്തിരിക്കുന്ന എല്ലാതെററുകുററങ്ങൾക്കും നന്ദിഹീനതയ്ക്കും വീണ്ടും വീണ്ടും മനസ്താപത്തോടെ, മാപ്പ് അപേക്ഷിച്ചുകൊണ്ടു സ്നേഹനിർഭരമായ എന്റെ അനുഗ്രഹാസംസകളെയും പ്രാർത്ഥനകളെയും നിങ്ങൾക്കെല്ലാം നേരുകയും സഹോദര സ്നേഹമസൃണവും പരോപകാരപ്രദവും നിസ്വാർത്ഥവും ദൈവികവും മാനുഷികവുമായ ഒരു സമാധാന ജീവിതത്തിലൂടെ നിങ്ങളുടെ ഭാവി ഭാസുരമാകുന്നതിലേക്കു പ്രാർത്ഥിച്ചുകൊണ്ട് നിങ്ങളോടെല്ലാം യാത്രചോദിക്കുന്നു, യാത്രപറയുന്നു. ഞാൻ പോകട്ടെ! ദൈവം, നിങ്ങളെല്ലാവരെയും ലോകത്തെയും ശാന്തിയിലും സന്തുഷ്ടിയിലും സമാധാനത്തിലും നയിക്കട്ടെ! ലോകമേ, ലോകജനതയേ, സഹോദരങ്ങളേ, നിങ്ങൾ



www.malankaralibrary.com

ക്കെല്ലാം എന്റെ അന്ത്യാഭിവാദനങ്ങൾ! നന്ദി. വീണ്ടും അന്ത്യമായി, അവസാനമായി, ഇനി ചലിക്കാനാവാത്ത നാവിന്റെ, അന്ത്യചലനത്തിൽ ലോകമേ, പ്രപഞ്ചനഭോമണ്ഡലമേ, ലോകമാസകലമുള്ള എല്ലാ സോദരങ്ങളുമേ! സകല ലോകവസ്തുക്കളുമേ! നിങ്ങളോടൊത്തു ഞാൻ ഇന്നോളം ഇവിടെ ജീവിച്ചു. എന്റെ ശരീരമാകുന്ന കപ്പൽ, ഈ ലോകമാകുന്ന ഈ മഹാപ്രപഞ്ചസമുദ്രത്തിൽ സഞ്ചരിച്ചു യാത്ര ചെയ്തു. പലപ്പോഴും പാറകളിൽ മുട്ടിയും നക്രങ്ങളുടെയും മുതലകളുടെയും ഇടയിൽ പെട്ടും തിരുച്ചുഴിയിലും തിരമാലകളാലും മുങ്ങിയും താണും പൊങ്ങിയും അങ്ങനെ, ഓളത്തിൽ കൂടിഇഴഞ്ഞിഴഞ്ഞ് പണിപ്പെട്ടു കഷ്ടപ്പെട്ടു യാത്ര ചെയ്തു. ഇപ്പോഴിതാ, എന്റെ ജീവിതമാകുന്ന, കപ്പൽ ജീവന്റെ തുറമുഖത്തടുത്തു നങ്കൂരമിട്ടിരിക്കുന്നു, എന്റെ സ്വദേശമായ നിത്യലോകത്തിലേക്കു ഞാൻ പോകട്ടെ.

സ്വർഗകവാടം എനിക്കുതുറന്നുതരുന്നതിലേക്കും ആയിരമായിരങ്ങളും, പതിനായിരം ക്ഷലങ്ങളും എന്നെ ചിറകടിച്ചു മാടിവിളിച്ചു കാത്തുനിൽക്കുന്നു. പാതാള ലോകാധിപതിയായ പിശാചും അവന്റെ ദൂതന്മാരും, എന്നെ അവരോടൊന്നിച്ചു കൊണ്ടു പോകാൻ ജീവിതാരംഭം മുതൽ, ലോകശരീരമാർഗ്ഗേണ കഴിവുള്ളത്ര ശ്രമങ്ങൾ ചെയ്തെങ്കിലും കരുണാനിധിയായ എന്റെ സ്വർഗ്ഗീയ പിതാവ് അവിടുത്തെ മഹാകരുണയാലും, സ്നേഹത്താലും എന്നെ തന്റെ തൃക്കരങ്ങളാൽ കാത്തുസൂക്ഷിച്ചു. നിങ്ങളേവരും ഓരോരുത്തരായും, കുടുംബമായും മണിക്കൂറുകൾ, ദിവസങ്ങൾ, മാസങ്ങൾ, വർഷങ്ങൾ, താണ്ടി എന്റെ പിന്നാലെ വന്നുചേരുമെന്നെനിക്കുറപ്പുണ്ട്. പരമപിതാവിനെ, മുറുകെ പിടിക്കാതെ, സ്വർഗ്ഗകവാടം ആർക്കും തുറന്നു കിട്ടുകയില്ലന്നും, ഇവിടെ മനുഷ്യത്വമില്ലാതെ, സ്വാർത്ഥത്യാഗമില്ലാതെ, നിർമ്മലതയില്ലാതെ, സത്യസന്ധതയില്ലാതെ, നിങ്ങളുടെ



www.malankaralibrary.com

ശരീരമാകുന്ന കപ്പലോടിച്ചാൽ ആഴിയുടെ ആഴത്തിലേക്കവസാനം താണുപോകുന്നതും, നരക പാതാളത്തിലെ അവർണ്ണനീയ ദു:ഖദുരിതങ്ങൾക്കവകാശികളാകുന്നതുമാണെന്നുള്ള സത്യം, എന്റെ ഈ അന്ത്യയാത്രാ നിമിഷത്തിൽ അനുസ്മരിപ്പിച്ചുകൊള്ളുന്നു.

കഴിഞ്ഞകാലങ്ങളിലെ സഞ്ചാരവേളയിൽ വന്നുപോയ, എല്ലാവിധ തെററുകുററങ്ങൾക്കും-ബാഷ്പകണങ്ങളോടെ, ജഗൽപിതാവിനോട്, കരുണാവാരിധിയോട്, സ്നേഹപിതാവിനോട് മാപ്പപേക്ഷിക്കുകയും, നീതിയുടെ, വെണ്മയുടെ, പരിശുദ്ധിയുടെ, പരിശുദ്ധി നിറഞ്ഞ സ്വർഗത്തിലേക്ക് പ്രവേശിക്കുന്നതിന് ശേഷിച്ചിരിക്കുന്ന ശിഷ്ടായുസ്സിൽ പാപപ്രവർത്തനങ്ങളാൽ ആത്മാവിനെ പൊതിഞ്ഞിരിക്കുന്ന, കറുത്തിരുണ്ട. ചെളിനിറഞ്ഞ, വസ്ത്രത്തെ അനുതാപത്തിന്റെയും മനസ്താപത്തിന്റെയും കണ്ണുനീർ കണങ്ങളാൽ അലക്കി ഹിമം പോലെ വെൺമയുള്ളതാക്കിയാലും! മേലിൽ ആ വെൺമയിൽ കളങ്കം വരുത്താതെ സൂക്ഷിച്ചാലും! സോദരങ്ങളേ, സർവ്വശക്തനായ ദൈവത്തിൽ ശരണപ്പെടുക. നിങ്ങളുടെ ഹൃദയവേദിയിൽ അങ്ങയെ പ്രതിഷ്ഠിക്കുക; വൽസലമക്കളായിത്തീരുക. ആ സ്നേഹപിതാവിൽ നിങ്ങളെ മുഴുവനായി സമർപ്പിച്ചു ജീവിതം തുടരുക ദൈവനാമത്തിൽ നിങ്ങൾക്കെല്ലാമെന്റെ അന്ത്യയാത്രാവന്ദനം! മംഗളാശംസകൾ! ദൈവം നിങ്ങളെയെല്ലാം അനുഗ്രഹിക്കട്ടെ! എനിക്കുവേണ്ടിയും നിങ്ങളെല്ലാം ദൈവത്തെ സ്തുതിച്ചു നന്ദിപറഞ്ഞു പ്രാർത്ഥിക്കേണമേ.



www.malankaralibrary.com

# അദ്ധ്യായം 25

## ക്ഷമായാചനം

എന്റെ ദൈവമേ, എന്റെ പിതാവേ, എന്റെ സൃഷ്ടാവേ, എന്റെ രക്ഷിതാവേ! കരുണാനിധിയും സ്നേഹമൂർത്തിയുമായ സർവശക്താ, സകലത്തിന്റെയും ഉടമയേ, അവിടന്നു ഇല്ലായ്മയിൽനിന്ന് എന്നെയും എനിക്കായി ഈ കാണപ്പെടുന്ന സർവത്തെയും സൃഷ്ടിച്ച്, എല്ലാം സൗജന്യമായി എനിക്കുനൽകി. ജനിച്ചനാൾമുതൽ ഇന്നേയോളം എന്നെ തീററിപ്പോററി, എല്ലാവിധ ആപത്തുകളിൽനിന്നും, ദുഃഖദുരിതങ്ങളിൽനിന്നും എന്നെ കാത്തുസൂക്ഷിച്ചു. അങ്ങയോടുകൂടി നിത്യകാലം ജീവിക്കുന്നതിനിടയായി. ആ മഹാകരുണ തയ്യാർ ചെയ്തിരിക്കുന്നതും ഞാനറിയുന്നു.

അവിടത്തെ ഈ കൃപാദാനങ്ങൾക്ക് ഞാൻ ആദ്യന്തം എന്നെ മുഴുവനായി അവിടത്തേക്ക് സമർപ്പിച്ചു തിരുമുൽക്കാഴ്ചവച്ചുജീവിക്കേണ്ടതിനുപകരം, എന്റെ പിതാവേ ഞാൻ നന്ദിഹീനനായി, അവിടത്തെ ഓർക്കാതെ, അവിടത്തെ കൽപനകളനുസരിക്കാതെ അവിടത്തെയാതായതെല്ലാം എന്റെ സ്വന്തമെന്നനിലയിൽ, കയ്യടക്കി സ്വാർത്ഥപരമായി ഇന്നേയോളം ജീവിച്ചുപോയി. അവിടന്നെല്ലാം എനിക്ക് സൗജന്യമായി നൽകിയെങ്കിലും ഞാനവിടത്തെ പുത്രന്മാരായ എന്റെ സഹോദരങ്ങളിൽ ആർക്കും ഒന്നും സൗജന്യമായി നൽകാതെ എല്ലാം എന്റെയും എന്റെ ഭാര്യാപുത്രാദി



www.malankaralibrary.com

കളുടെയും സുഖത്തിനായി മാത്രം വിനിയോഗിച്ചു പോയി—പിതാവേ, എന്നോടു ക്ഷമിക്കണമേ!

സച്ചിദാനന്ദസ്വരൂപാ, കരുണാനിധിയേ, ഞാൻ ഭക്ഷിക്കാനായി മാത്രം ജീവിച്ചും മരുന്നു കഴിച്ചുവിശപ്പു വർദ്ധിപ്പിച്ചു കൂടുതൽ കൂടുതൽ ആഹാരം കഴിച്ചു. വേവിച്ചാഹാരങ്ങളിൽ അധികം വരുന്നവപോലും കുഴിച്ചുമൂടുകയല്ലാതെ അന്യർ വിശക്കുന്ന വയറുകൾക്കു നൽകിട്ടില്ല. കല്യാണസദ്യകൾ, വിരുന്നുകൾ എല്ലാം മടക്കിത്തരുവാൻ കഴിയുന്നവർക്കു മാത്രമേ ഞാൻ നൽകിട്ടുള്ളു. അനുദിനം അനേകസാധുക്കൾക്കു ഒരു നേരം വിശപ്പടക്കാൻ നൽകാൻ കഴിയുന്ന പണം ഞാൻ ശരീരോല്ലാസത്തിനായി,ലഹരി പദാർത്ഥങ്ങൾക്കായി വിനിയോഗിച്ചു. ഉല്ലാസത്തിനും ഉന്മേഷത്തിനും ശരീരസുഖത്തിനുംവേണ്ടി മാത്രം ഞാൻ എന്റെ ധനത്തിൽ ഒരു നല്ല പങ്കു വിനിയോഗിച്ചുപോയി. ഉന്നതമായ രമ്യഹർമ്മ്യം നിർമ്മിച്ചുവാഴുന്ന ഞാൻ-എന്റെ തൊട്ടടുത്തുള്ള ഒരു ചെറ്റക്കുടിലിനുപോലും മേയുന്നതിനു ഓലയോ, കാററടിക്കാതെ, വിറച്ചുമരവിക്കാതെ, സോദരങ്ങൾ കഴിയുന്നതിന്, ഒരു കതകുപോലുമോ നൽകാൻ മനസ്സായില്ല. ക്ഷമാമൂർത്തിയും കരുണാനിധിയുമായ പിതാവേ, എന്റെ എല്ലാ തെററുകളും എന്നോട് ക്ഷമിച്ച് എനിക്ക് മാപ്പുതരണമേ!

ലോകമേ, ലോകജനതയെ, സോദരങ്ങളെ, ഈ ലോകമാകുന്ന സമുദ്രത്തിൽ നിങ്ങളോടൊപ്പം സഞ്ചരിച്ചുകൊണ്ടിരുന്ന എന്റെ ജീവിതയാനപാത്രം, ആത്മാവിനെ വഹിച്ചിരുന്ന ശരീരമാകുന്ന കപ്പൽ, സദാ അലതല്ലി മറിഞ്ഞുകൊണ്ടിരിക്കുന്ന ജീവിത തിരമാലകൾക്കിടയിലൂടെ, മുങ്ങിയും താണും വീണ്ടും പൊങ്ങിയും, ഇപ്പോഴിതാ സ്വദേശമായ നിത്യലോകത്തിലെ തുറമുഖത്തിനടുത്തെത്തി നങ്കൂരമിട്ട് കാത്തു കിടക്കുന്നു. അവസാനം നിങ്ങളോടെല്ലാം ഞാൻ ചെയ്തുപോയ എല്ലാവിധ തെററുകുററങ്ങൾക്കും



www.malankaralibrary.com

മാപ്പു ചോദിച്ചുകൊണ്ടും നിങ്ങളെല്ലാം എന്നോട് ക്ഷമിച്ച് മാപ്പുതരണമെന്ന് പ്രത്യാശിച്ചുകൊണ്ടും, ഞാൻ എന്റെ ഈ കപ്പലിൽനിന്നും സ്വർഗമാകുന്ന നിത്യലോകത്തിലേക്ക് പോകുന്നു നിങ്ങളും എന്റെ പിതാവിന്റെ പിന്നാലെ അവിടെക്കൊരിക്കലായി വരുമെന്നും അപ്പോൾ പ്രത്യക്ഷതയിൽ അന്യോന്യം വീണ്ടും കണ്ട സന്തോഷം പകർന്നു സ്വാഗതാശംസകളോടെ നിങ്ങളെ നിത്യാനന്ദ കൂടാരത്തിലേക്കു കൂട്ടിക്കൊണ്ടു പോകണമെന്നു പ്രത്യാശിച്ചുകൊണ്ടു വീണ്ടും വീണ്ടും നിങ്ങളോടുചെയ്ത എല്ലാവിധ തെററുകുററങ്ങൾക്കും മാപ്പുചോദിക്കുന്നു. നിങ്ങൾക്കെല്ലാമെന്റെ അന്ത്യയാത്രാഭിവാദനം. കരുണാനിധിയും സ്നേഹമൂർത്തിയുമായ ദൈവം നിങ്ങളെയെല്ലാം അനുഗ്രഹിക്കട്ടെ. എന്നെ അവിടുത്തെ നിത്യകൂടാരത്തിലേക്കവിടുന്നു സ്വീകരിച്ചാനയിക്കുന്നതിലേക്കായി നിങ്ങളുടെ എല്ലാം വിലയേറിയ പ്രാർത്ഥനകളെ അർപ്പിച്ചാലും! നിങ്ങൾക്കെല്ലാം എന്റെ അന്ത്യമായ കൂപ്പുകൈ. ഞാൻ സമാധാനത്തോടെ, ആനന്ദത്തോടെ, നിത്യഭവനത്തിലേക്കു പോകട്ടെ. ലോകമേ, എല്ലാ സഹോദരങ്ങളുമേ, നിങ്ങൾക്കെല്ലാം എന്റെ ഹൃദയം നിറഞ്ഞ നന്ദി, കൃതജ്ഞത—നമസ്കാരം.



www.malankaralibrary.com

## അദ്ധ്യായം 26

# മരണം

പ്രപഞ്ച പ്രകൃതിയിലെ സർവ്വ ജീവരാശികളും പ്രപഞ്ച പ്രകൃതിയിൽ നിന്നുതന്നെ ശരീര ജീവനോടുകൂടി ജനിക്കുന്ന പഞ്ചഭൂത നിർമിതമായ ശരീരജീവനാണ് എല്ലാ ജീവികൾക്കും ലഭിക്കുന്നത്. മനുഷ്യനും മറ്റെല്ലാ ജീവികളെപ്പോലെ പഞ്ചഭൂത നിർമ്മിതമായ ശരീര ജീവനോടുകൂടി ഉളവാകുന്നു. എന്നാൽ മനുഷ്യനിൽ ദൈവം തന്റെ രൂപസദൃശ്യമായ ഒരിക്കലും നശിക്കാത്ത ആത്മാവിനെകൂടി പ്രദാനം ചെയ്യുന്നു തന്നിമിത്തം മനുഷ്യൻ—ദൈവപുത്രരായി ജാതനാകുന്നു എല്ലാ ജീവികൾക്കും ജനനം, വളർച്ച, നാശം എന്ന ത്രിവിധ അവസ്ഥകളുണ്ട്. മനുഷ്യനും ജനിക്കുകയും വളരുകയും നശിക്കുകയും ചെയ്യുന്നു. എന്നാൽ സർവജീവജാലങ്ങളും പഞ്ചഭൂത നിർമ്മിതമായ ശരീര ജീവനുകളെ പ്രപഞ്ച പ്രകൃതിയിൽ നിന്നെടുത്തപോലെ തന്നെ, തിരിച്ചുവിടെതന്നെ ലയിക്കുന്നു. മനുഷ്യരാകട്ടെ, മററു ജീവികളെപ്പോലെ തന്നെ നിക്ഷേപിക്കുന്നു. എന്നാൽ ഒരിക്കലും നശിക്കാത്ത, അവസാനമില്ലാത്ത ദൈവത്തിൽ നിന്നു ലഭിച്ച അവന്റെ ആത്മാവ്—മരണാനന്തര ലോകത്തിൽ നിത്യം വാഴുകയും ചെയ്യുന്നു. അതിനാൽ മനുഷ്യാത്മാവിന്റെ ഏതാനും നാളത്തെ അധിവാസസ്ഥാനം മാത്രമാണ് പ്രപഞ്ച പ്രകൃതിയിൽ നിന്നു ലഭിച്ച പഞ്ചഭൂത നിർമിതമായ ശരീരം.

മനുഷ്യജീവിതം മരണത്തോടുകൂടി അവസാനി



www.malankaralibrary.com

ക്കുന്നില്ല. മരണം അവനെ നിത്യകാല ജീവിതത്തിനായി നിത്യലോകത്തിലേക്കു പ്രസവിക്കുന്നു. മററു സർവ്വ ജീവരാശികളും ഈ ലോകത്തിൽ നിന്നും ജനിച്ചുവളർന്നു നശിക്കുമ്പോൾ, മനുഷ്യൻ ഈ ലോകത്തിലെ ജനനം, വളർച്ച, നാശം അഥവാ മരണത്തോടെ നിത്യജീവിതത്തിലേക്കു പ്രവേശിക്കുന്നു നിത്യലോകത്തിലെ ജീവിതത്തിനു മനുഷ്യനെ തയ്യാറാക്കുന്നതാണ് ഈ ലോകജീവിതം. നിത്യലോകത്തിലെ, നിത്യസുഖത്തിൻെറയും നിത്യ ദു:ഖത്തിൻെറയും അർഹമാകുന്നതും മരണത്തോടുകൂടിയാണ്. ഈ ലോകജീവിതത്തിൻെറ മാനദണ്ഡം—പ്രവർത്തനഗതി—അനുസരിച്ചായിരിക്കും അതിലൊരു സ്ഥാനം ലഭ്യമാകുന്നത്.

ഈ ലോകജീവിതത്തിൽ ദൈവത്തെ അറിഞ്ഞു സ്നേഹിച്ചു, തന്നെപ്പോലെ തന്നെ മററുള്ളവരെയും കണക്കിലെടുത്തു തൻെറ കഴിവിനനുസരിച്ചുള്ള പരോപകാര പ്രവർത്തനങ്ങളിലൂടെ, സ്വാർത്ഥ ത്യാഗത്തിലൂടെ,സഹോദരസ്നേഹത്തിലൂടെ ആത്മാർത്ഥമായി നല്ല ജീവിതം നയിച്ച നല്ല മനുഷ്യർക്കു മരണത്തെ ഭയപ്പെടേണ്ടതില്ല. മറിച്ചു മരണം അവർക്കു നിത്യജീവിതത്തിലെ നിത്യസമ്മാനർത്തനർഹമാക്കുന്നതിനാൽ—സന്തോഷത്തോടും സമാധാനത്തോടും ഇവിടെ നിന്നും യാത്രയാവുന്നതാകുന്നു. നല്ല മനുഷ്യരുടെ മരണത്തിൽ സ്വന്തക്കാരും ബന്ധുക്കളും സ്നേഹിതരും ഒരിക്കലും വിലപിക്കരുത്. സുഖ, ദുഃഖസമ്മിശ്രിമായ ഈ ലോക ജീവിതത്തിൽ നിന്നും അവർ രക്ഷപ്പെടുകയാണ്. മരണം മൂലം സംഭവിക്കുന്നത്, അവിശ്രമമായ അവരുടെസ്വാർഥത്യാഗജീവിതത്തിൻെറ സമ്മാനമായ നിത്യാനന്ദജീവിതത്തിനവർ പോകയാണ്; അവരെ സംബന്ധിച്ചിടത്തോളമുള്ള അനന്തരഫലം.

മാതാപിതാക്കളുടെ സുഖേഛാപൂർത്തീകരണത്തിൻെറ ഫലമായിട്ട് മാത്രമല്ല, നാം ജാതരാകുന്നത്. മനുഷ്യരുൾപ്പടെ സർവജീവരാശികൾക്കും സ-



www.malankaralibrary.com

ന്തതിപരമ്പരയെ നിലനിർത്തുന്നതിനുള്ള സന്താനോല്പാദനശക്തി സൃഷ്ടാവായ ദൈവം പൊതുവെ നൽകിയിട്ടുണ്ട്. എന്നാൽ മനുഷ്യർക്കുമാത്രമായി, മററ് ജീവികളെപ്പോലെ പഞ്ചഭൂതനിർമിതമായ ശരീരജീവനോടുകൂടി ഉരുവാകുമ്പോൾതന്നെ—തൻെറ രൂപസദൃശ്യമായ ആത്മാവിനെകൂടി നൽകുന്നു. ശരീരജീവനോടുകൂടി ആത്മാവിനെ സംയോജിപ്പിക്കന്നതു ദൈവമാണ്. ദൈവം സംയോജിപ്പിക്കുന്നതിനെ വേർപിരിക്കാൻ, നശിപ്പിക്കാൻ ആർക്കും അവകാശമില്ല. ദൈവം നല്കിയിരിക്കുന്ന കഴിവും സ്വാതന്ത്ര്യവും ദുരുപയോഗപ്പെടുത്തി സൃഷ്ടാവിനെ മറന്ന് ജീവിതത്തെ ആരും അവസാനിപ്പിക്കാതിരിക്കാൻ ഓരോരുത്തരും ശ്രദ്ധിക്കേണ്ടതും ആവിധമാകുന്ന ആത്മഹത്യാ മരണത്തിന് ആരും സന്നദ്ധരാകാതിരിക്കുവാൻ വേണ്ടതെല്ലാം ചെയ്യേണ്ടതും നമ്മുടെ കടമയാകുന്നു. തീരാ ദുഃഖം——സദാ അതിവേദന——ശരീരമാകമാനം വൃണവൃണിതമായ പരുക്കളും പഴുപ്പും, ക്ഷയം, ആസ്ത്മാ, കാൻസർ തുടങ്ങിയ മഹാവ്യാധികൾ—കൊടും പട്ടിണി എല്ലാവിധത്തിലും അസുഖങ്ങളും അനാരോഗ്യവും, ജീവിക്കുവാനുള്ള ധനമില്ലായ്മ; നിത്യദാരിദ്ര്യം; കിടപ്പാടമില്ലാത്ത അവസ്ഥ; ആഗ്രഹാനുസരണമുള്ള വിവാഹം നടക്കാതെ വന്നത്, വിചാരിച്ചത്ര ഉന്നതബിരുദം ലഭിക്കാത്തത്, പേരും പെരുമയും പ്രശസ്തിക്കും ഇടയാക്കാഞ്ഞത്, അക്ഷീണശ്രമം ചെയ്ത കാര്യം അപജയമായി കലാശിച്ചത്, ഇങ്ങനെ അനേകമനേകം മോഹഭംഗങ്ങൾ, നിരാശകൾ, നിത്യദുഃഖങ്ങൾ, എല്ലാം ക്ഷമയോടെ സഹിക്കണം. എല്ലാം ദൈവം നമ്മുടെ നന്മസ്സും തരുന്ന കുരിശുകളായി കരുതി സന്തോഷത്തോടെ വർത്തിക്കണം. സഹിക്കണം. ഒരുപക്ഷേ, ക്ഷണഭംഗുരമായ ഈ ലോകദുഃഖങ്ങളും ക്ലേശങ്ങളും നിത്യലോകത്തിലെ, നിത്യാനന്ദജീവിതത്തിൽ ഏററം വലിയ സമ്മാനത്തിനു നമ്മെ അർഹരാക്കുന്നതിലേക്കുള്ളതാണെന്ന് നാം



www.malankaralibrary.com

ഓർക്കണം. അതിനാൽ സുഖത്തിലും ദു:ഖത്തിലും നാം ഒന്നുപോലെ സമാധാനമുള്ളവരായി, സമനില, ശാന്തത സംതൃപ്തി ഒരിക്കലും കൈവെടിയാതെ, സഹോദരസ്നേഹത്തോടെ, ദൈവീക ചിന്തയോടെ, പരമാർത്ഥമായി ജീവിതത്തെ നയിച്ചു ജീവൻ നമുക്കു നൽകിയ നമ്മുടെ പിതാവ് നമ്മെ വിളിക്കുന്നതു വരെവളരെസന്തോഷമായി ജീവിക്കണം. സമാധാനപരമായ ഒരന്ത്യം—മരണം—ലഭിക്കുന്നത് ജീവിതത്തിലെ ഏററവും വലിയ നേട്ടമാണ്. സമാധാനപരമായ ഒരു നല്ല മരണം ലഭിക്കാൻ നാം ആഗ്രഹിക്കണം. അതിനായി സൃഷ്ടാവായ പിതാവിനോട് നാം പ്രാർത്ഥിക്കണം. മരണമാകുന്ന മാരണം ഓരോരുത്തർക്കും വന്നുചേരുമെന്നുള്ളത് തർക്കമില്ലാത്ത ഒരു വസ്തുതയും, അനുഭവവുമാണ്. മരണമുണ്ടെന്നതു നിശ്ചയം. അതുപോലെ മരണസമയം—നാഴിക—എപ്പോഴെന്നാർക്കും നിശ്ചയമില്ലാത്ത സുനിശ്ചിതകാര്യമാണ്. അതിനാൽ ഓരോരുത്തരും സദാ മരണത്തെ മുന്നിൽ കണ്ടുകൊണ്ടു ജീവിക്കണം. ഓരോ ദിവസവും രാവിലെ എഴുന്നേൽക്കുമ്പോൾ വൈകുന്നേരം വരെയും വൈകുമ്പോൾ വെളുക്കും വരെയും ജീവിക്കുമെന്നു നിശ്ചിക്കരുത്. ഓരോ ദിവസവും, നാഴികയും വിനാഴികയും കഴിയുന്തോറും നാം ശവകുടീരത്തോട് അടുക്കുകയാണ്. കഴിഞ്ഞുപോകുന്ന നിമിഷങ്ങൾ നമ്മുടെ ജീവിതയാത്രയുടെ ദൂരം കുറയ്ക്കുന്നു—അന്ത്യത്തോടടുക്കുന്നു. എപ്പോൾ മരണം നമ്മെ പിടികൂടിയാലും സമാധാനപരമായി സംതൃപ്തിയോടെ, സന്തോഷത്തോടെ, ഇവിടെ നിന്നും വിട്ടുപിരിഞ്ഞുനമ്മുടെ സ്വദേശമായ നിത്യലോകത്തിൽ നമ്മുടെ പിതാവിൻെറ സന്നിധിയിലെത്തി—നിത്യാനന്ദവിശ്രമജീവിതം നയിക്കുന്നതിനു നാം സദാ തയ്യാറാകണം. ഒരുക്കമുള്ളവരായിരിക്കണം. ഈ ലോകജീവിതത്തിൻെറ വിജയം—നേട്ടം. ജന്മസാഫല്യം—സമാധാനമരണത്തിലൂടെ നിത്യസൗഭാഗ്യത്തിൽ എത്തുന്നതുമാത്രമാണ്.



www.malankaralibrary.com

# അദ്ധ്യായം 27

# മരണം 2

മരണത്തെ കണ്ടിട്ടില്ലാത്തവർ മരണം കാണുന്നത് നല്ലതാകുന്നു. തങ്ങൾക്കും വന്നുചേരുന്ന ഈ മരണത്തെ നേരത്തെ തന്നെ ദർശിക്കുന്നത് പിന്നീടുള്ള ജീവിതം ക്രമപ്പെടുത്തുന്നതിനും, തയ്യാറാക്കുന്നതിനും സഹായകമാണ്. അതിനാൽ സമാധാനപരമായ ഒരു മരണമെങ്കിലും നാം കണ്ടിരിക്കണം. മരണക്കിടക്കയുടെ ചുററും സ്വന്തക്കാരും ബന്ധുക്കളും സ്നേഹിതരും നോക്കിനിൽക്കുന്നതും, തലയ്ക്കലും കാൽക്കലും ഇരുന്നുകൊണ്ട് ശയ്യാവലംബിയുടെ ശരീരത്തെ സ്പർശിക്കുന്നതും കാണാം. അങ്ങനെ നോക്കിനിൽക്കെ തന്നെ നിരവധി കാര്യങ്ങൾക്ക് നല്ലതും തീയതുമായ പ്രവർത്തനങ്ങൾക്ക് ഓടിച്ചാടിയ കാൽപ്പാദങ്ങൾ രക്തഓട്ടം നിലച്ചു തണുത്തു മരവിക്കുന്നതും, നിമിഷന്തോറുമായി കാൽമുട്ടുകൾവരെ, അരവരെ, കഴുത്തുവരെ, രക്തചലനം നിലച്ചുതണുത്തു നിർജീവമാകുന്നു. തുടർന്ന് അധരങ്ങൾ തുറക്കുകയും കൺദൃഷ്ടി തുറിച്ചു നോക്കയും ചെയ്യുന്നു. അൽപനിമിഷത്തിനുള്ളിൽ വായിൽക്കൂടിയോ, മൂക്കിൽ ചെവിവഴിയോ, നയനങ്ങൾ മാർഗമോ, തലയുടെ ഉച്ചിയിൽ,കൂടിയോ, അവസാനശ്വാസം, ജീവൻെറ ജീവൻ വിട്ടുപിരിയുന്നു.

ശരീരം ആകമാനം തണുത്ത് നിർജീവമാകുന്നു. സ്വന്തക്കാർ വായും കണ്ണും തിരുമ്മി, കരഞ്ഞു നിലവിളികൂട്ടുകയും ചെയ്യുന്നു. നിരവധി നന്മതി



www.malankaralibrary.com

ന്മാപ്രവർത്തനങ്ങളുടെ ഉടമ, പണ്ഡിതാഗ്രേസരൻ, പാമരകോമരം, പ്രശസ്താപ്രശസ്തൻ, സമ്പന്നരും നിർദ്ധനരും, വാശിവൈരാഗികളും വീരപരാക്രമികളും പുലർത്തിയ ധീരവീരകേസരി, സൗമ്യനും സമാധാനപ്രിയനുമായി വർത്തിച്ച ആരം, കുറെ ദശവർഷക്കാലം പ്രപഞ്ചത്തിൽ ചലനാത്മകമായി സഞ്ചരിച്ചുകൊണ്ടിരുന്ന വ്യക്തി, പ്രപഞ്ചത്തിരയ്ക്കുള്ളിൽ അങ്ങ് എവിടെയോ പറന്നു മറയുന്നു. ചുരുങ്ങിയ നാളിനുള്ളിൽ ലോകത്തിൽ നിന്നും വിസ്മൃതനാകുന്നു. ചിന്തിച്ചാലും !

അമ്പോ, ഗംഭീര പുരുഷാ നിന്റെ പ്രതാപവും പ്രശസ്തിയും ഇപ്പോൾ എവിടെ? വമ്പും കൊമ്പും എവിടെ? സുഗന്ധലേപനത്താൽ മണുമണുത്ത് മിനുങ്ങിയ സുന്ദരഗാത്രം എവിടെ? നാടും വീടും തുടങ്ങി വ്യാപാരമണ്ഡലം മുഴുവനും ശബ്ദകോലാഹലത്താലും, ധീരവീരപരാക്രമ പ്രവർനത്താലും മാറൊലി കൊള്ളിച്ച് മുഖരിതമാക്കിയ നീ ഇപ്പോൾ എവിടേയ്ക്ക് മറഞ്ഞു? നിന്റെ ശബ്ദമുഖരിതമായ പ്രസംഗ ധോരണിയാൽ ആയിരക്കണക്കിനാളുകളെ ആകർഷിച്ച നീ ഇപ്പോൾ എവിടെയാണ്? സൈക്കിളിൽ, സ്കൂട്ടറിൽ, കാറിൽ ഇരുന്നു റോഡിൽ പൊടി പടലം പരത്തി അതിവേഗം ഓടിച്ചുപോയ നിന്റെ വാഹനങ്ങൾ, ഇപ്പോൾ ആരോടിക്കുന്നു? യാത്ര ചെയ്യുന്നു? എന്നറിയാമോ? നിന്റെ വ്യവസായശാലകൾ, തൊഴിൽ ശാലകൾ, കച്ചവടക്കോട്ടകൾ, വസ്തുവകകൾ, നിലം പറമ്പുകൾ, ഇപ്പോൾ ആരുടെ കൈവശം? ഉദ്യോഗമണ്ഡലങ്ങളിൽ, തൊഴിൽ രംഗങ്ങളിൽ, നിന്റെ കീഴ്മേലുള്ളവരോടുകാണിച്ച ഔദാര്യമര്യാദകൾ, അഥവാ അധികാരപ്രമത്തത, ഗർവ്, ഇപ്പോഴെവിടെ? എല്ലാമെല്ലാം എന്റേത്! എന്റെ മിടുക്ക്! ഞാൻ, ഞാനാരെന്നറിയാമോ? എന്നിത്യാദികളെല്ലാം എവിടെ പോയി മറഞ്ഞു?



www.malankaralibrary.com

നീ ആർജ്ജിച്ച വസ്തുവകകൾ, ധനം, സുഖോപകരണങ്ങൾ, എല്ലാമനുഭവിക്കുന്നവർ നിന്നെ സ്മരിക്കുന്നുണ്ടോ? നിൻെറ നന്മപ്രവർത്തനങ്ങൾക്ക്, ഉപകാരസഹായങ്ങൾക്ക്, അർഹരായവർ നിശ്ചയമായി നല്ല നിലയിലും, നിൻെറ തിന്മപ്രവർത്തനങ്ങളാൽ കഷ്ടങ്ങൾക്കിടയായവർ നിന്നെ ശപിച്ചും കഴിഞ്ഞുവരുന്നുണ്ടെന്നു നിനക്കറിയാമോ? അതെ, അതുനിനക്കറിയാം. ആ നന്മ, തിന്മപ്രവർത്തങ്ങളുടെ പ്രതിഫലം ഇപ്പോൾ നിന്നെ അനുഗമിച്ചിരിക്കയാണല്ലോ? നൻമപ്രവർത്തനത്തിൻെറ വിലപ്പെട്ട സമ്മാനം, നിത്യാനന്ദം, അഥവാ തിൻമപ്രവർത്തിൻെറ പ്രതിഫലം ദു:ഖദുരിതമായ നിത്യനരകസമ്മാനം. നീ ഇപ്പോൾ അതിലൊന്നിൻെറ ഉടമയാണല്ലോ?

ജീവിതത്തിലെ ഏററം വലിയ അതിപ്രധാനവും അവിസ്മരണീയവുമായ സംഭവമാണ് മരണമാകുന്നമാരണം. ഇതിൽ നിന്നാരും ഒഴിവാക്കപ്പെടുന്നില്ല. ഒഴിവാകാനാഗ്രഹിച്ചാൽ സാധ്യവുമല്ല. പ്രപഞ്ചത്തിലെ ജീവനുള്ളഎല്ലാജീവികൾക്കും, സർവ്വജീവരാശികൾക്കും മരണത്തിനു വിധേയമാകാതെ സാധ്യമല്ല. എന്നാൽ മനുഷ്യനൊഴികെയുള്ള ജീവരാശികളുടെ നാശത്തെ, അവസാനത്തെക്കുറിച്ചാരും ഗൗനിക്കാറില്ല; വിലപിക്കാറില്ല; വർണ്ണിക്കാറുമില്ല. സംഭവബഹുലമായ ഒരു ജീവിതാവസാന സംഭവമായി, കണക്കാക്കപ്പെടുന്നില്ല. എന്താണിതിനു കാരണം? മനുഷ്യനെപ്പോലെ തന്നെ ജനനവും വളർച്ചയും; ശരീരാവയവങ്ങളും മാംസരക്തവും, ശ്വാസവും ജീവനും, എല്ലാമെല്ലാം മററു ജീവികൾക്കും ഉള്ള നിലയ്ക്കു, പട്ടി, പൂച്ച, എലി, ആന, കടുവ, സിംഹം, എറുമ്പ്, പുഴു, ഇത്യാദി കരയിലും കടലിലും, ആകാശത്തും വായു മണ്ഡലത്തിലും ഉള്ളകോടാനുകോടി ജീവികളിൽ ഓരോന്നിൻെറയും മരണം, നാശം, സദാ നടന്നുകൊണ്ടിരിക്കുന്നു, സംഭവിക്കുന്നു.

അതുപോലെ തന്നെ, സഞ്ചാര സംസാരശക്തി



www.malankaralibrary.com

യില്ലെങ്കിലും, ജീവനുള്ളവയായ വൃക്ഷഫലദ്താദി കളും നശിക്കുന്നു. എന്നാൽ ഇവകളുടെയെല്ലാം നാശം, മരണം ജീവിതത്തിലെ ഒരു സുപ്രധാന സംഭവമായി ആരും അംഗീകരിക്കാറില്ല. ഗൗനിക്കാറില്ല. ഇതിൽ നിന്നു തന്നെ, മനുഷ്യ ജീവിതത്തിൻെറ പ്രത്യേകതയും, മനുഷ്യൻ ഒരിക്കലും നശിക്കാത്ത, എന്നെന്നേക്കും ജീവിക്കുന്ന ആത്മാവുകൂടിയവനുമാണെന്നും മനസ്സിലാക്കാം. മനുഷ്യൻ ഒരിക്കലും മരിക്കുന്നില്ല. നശിക്കാത്ത എന്നെന്നേക്കും ജീവിക്കുന്ന ആത്മാവോടുകൂടിയവനാണ് മനുഷ്യൻ.

ജനനാരംഭം തുടങ്ങി പത്തുമാസക്കാലം ഗർഭാലയ ലോകത്തിൽ വസിക്കുന്നു. അതിനുശേഷം ഒരു നൂററാണ്ടിൽ താഴെയോ, അല്പംകൂടിജീവിച്ചിട്ട് ഇവിടെ നിന്നും ലഭിച്ച ഈ ശരീരത്തെ ഇവിടെ ഉപേക്ഷിച്ചിട്ട് തൻെറ ഒരിക്കലും നശിക്കാത്ത എന്നെന്നേക്കും ജീവിക്കുന്ന നിത്യവസതിയിലേക്കു പോകുന്നു. ഗർഭാലയ ലോകത്തെ വിട്ടുഭൂമണ്ഡലത്തിലേക്കു വന്നതുപോലെ, ഭൂതലത്തെ വിട്ട്, എന്നന്നേക്കും ജീവിക്കുന്നതിനായി ജീവിതം അനശ്വരമായി തുടങ്ങുന്നതിനായി നിത്യലോകത്തിലേക്കു മനുഷ്യൻ പോകുന്നു, അതിനാൽ, പ്രപഞ്ചത്തിലെ കോടാനുകോടി ജീവരാശികളിൽ ഒരിക്കലും നാശമില്ലാത്ത, നശിക്കാത്ത, മരണമില്ലാത്ത, മനുഷ്യാത്മാവ് മരണമാകുന്ന സംഭവത്താൽ ശരീരം വിട്ടു അടുത്ത സൗഭാഗ്യജീവിതത്തിലേക്കു പ്രവേശിക്കുന്നു.

സൗഭാഗ്യകരവും ആനന്ദതുന്ദിലവുമായ സൗഭാഗ്യനിത്യജീവിതത്തിലേക്കു മനുഷ്യനെ പ്രസവിക്കുന്ന, മരണമാകുന്ന മാതാവിനെ സന്തോഷസമേതം മരണനാഴികയിൽ കരഞ്ഞു പ്രലപിക്കാതെ സ്തുതി കീർത്തനങ്ങളാൽ വാഴ്ത്തി പുകഴ്ത്തിയാണ് നിത്യലോകത്തിലെ സൗഭാഗ്യസ്ഥാനത്തേക്കു ആ ആത്മാവിനെ സ്വീകരിക്കുന്നതിന്, സർവലോക ഉടമയായ പിതാവിനോടു പ്രാർത്ഥിക്കേണ്ടത്. അത്യാനന്ദകരമായ



www.malankaralibrary.com

നിത്യജീവിതത്തിലേക്ക് എന്നെ കടത്തിവിടുന്ന മരണമേ നിനക്കു ഞാൻ ഹൃദയം നിറഞ്ഞ നന്ദി പറയുന്നു. സ്വാഗതാശംസകളോടെ കൃതജ്ഞതാ നിർഭരമായ ഹൃദയത്തോടെ നിന്നെ ഞാൻ സ്വീകരിക്കുന്നു, ആലിംഗനം ചെയ്യുന്നു.

നല്ല മരണം, ഭാഗ്യകരമായ ഒരു നിത്യാനന്ദ ജീവിതത്തെ നമുക്കു പ്രദാനം ചെയ്യുന്നു. മരണം നമ്മുടെ ഈ ലോക ജീവിത പ്രയാസങ്ങളെ, ദുഃഖദുരിതങ്ങളെ ഇല്ലാതാക്കുന്നു. മരണം നമ്മുടെ ശാരീരിക വേദനകളെയും അസുഖങ്ങളെയും അവസാനിപ്പിക്കുന്നു. മരണം നമ്മുടെ ഇവിടുത്തെ പലതാനും ദശവൽസരക്കാലത്തെ ക്ളേശഭൂയിഷ്ഠമായ ജീവിതംതന്നെ അവസാനിപ്പിക്കുന്നു. മരണം ഇവിടെ നമ്മുടേതായിരുന്ന സകലത്തേയും നമ്മിൽ നിന്നപഹരിച്ചു മററുള്ളവർക്കു നൽകുന്നു. മരണം, സൃഷ്ടാവിങ്കലേക്കു നമ്മുടെ നിത്യപിതാവിൻെറ തിരുസന്നിധിയിലേക്കു നമ്മെ എത്തിക്കുന്നു. ദൈവത്തോടും എണ്ണമററ വാനദൂതഗണത്തോടും പിൻതലമുറക്കാരിൽ നിന്നും എത്തിച്ചേർന്നു ആനന്ദിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ സോദരങ്ങളോടും നമ്മെ സംയോജിപ്പിക്കുന്നു. അവർണ്ണനീയവും, ഊഹാതീതവുമായ സുഖസൗഭാഗ്യങ്ങൾക്കു നിത്യകാലം നമ്മെ, അവകാശികളാക്കുന്നു.

ഈ ആനന്ദസൗഭാഗ്യജീവിതം, സൃഷ്ടാവായ സ്വർഗീയ പിതാവിനെ ഈ ഭൗതിക ജീവിതത്തിൽ അറിഞ്ഞും സ്നേഹിച്ചും, അവിടുത്തെ കല്പനകൾ പ്രമാണിച്ചും സഹോദരങ്ങളെ സ്നേഹിച്ചു നൻമയും പരോപകാരവും, സ്വാർത്ഥത്യാഗത്തിലൂടെ നിസ്വാർത്ഥ സേവനത്തിലൂടെ നൽകി ജീവിച്ചവർക്കു മാത്രം നൽകുന്ന വിലപ്പെട്ട സമ്മാനമാണ്. സഹോദരസ്നേഹത്തോടെ നൻമയിൽ വർത്തിക്കയും, തിൻമയെ വെറുക്കയും, പരോപകാരം ചെയ്യുകയും സ്വാർഥത്യാഗിയായി നിസ്വാർഥ സേവനം ചെയ്യുകയും തൻെറ സുഖാനുഭവങ്ങൾക്ക്



www.malankaralibrary.com

പരിമിതി വരുത്തി ഞെരുങ്ങുന്നവരെയും കഷ്ടപ്പെടുന്നവരെയും അവശരെയും ആർത്തരെയും ആലംബഹീനരെയും കഴിയുംവിധം സഹായിച്ച് ജീവിക്കയും, ചെയ്യുവർക്കുമാത്രം മരണം അവർക്ക് നൽകുന്ന ഈ ലോകജീവിതത്തിൻെറ വിജയകിരീടമാണ്; ആ വിധക്കാരുടെ മരണം ഒരു നല്ല മരണം. സമാധാന മരണം. വിലപ്പെട്ട, നിത്യാനന്ദജീവിത പ്രാപ്തിക്കുള്ള മരണപ്രസവമാകുന്ന ജനനം. ഒരു ജീവിതത്തിൻെറ സുപ്രധാനസംഭവമാകുന്നു മരണം. ഈ ലോകജീവിതത്തിൻെറ അവസാനത്തോളം നിത്യലോകജീവിതത്തിൻെറ ആരംഭനിമിഷത്തിലേക്ക് പ്രവേശനം നൽകുന്നതുമാകുന്നു മരണം.

ഒരു വിഭാഗക്കാർക്ക് മരണം നിത്യകാല ദു:ഖജീവിതത്തിനിടയാക്കുന്നു. ദൈവത്തിൽ വിശ്വസിക്കാതെ ദുഷ്ടജീവിതം നയിച്ചവരും ദൈവവിശ്വാസികളിൽതന്നെ, ദൈവമില്ലെന്ന് പറയുന്നവരേക്കാൾ മോശമായി, ദുഷ്ടമായി, പരോപദ്രവികളായി ജീവിച്ചവരും മരണാനന്തരം നിത്യദു:ഖമാകുന്ന നരകജീവിതാവകാശികളായിഭവിക്കുന്നു. നരകത്തിലെ കൊടും യാതനകളിൽ അവർ നിത്യം ജീവിക്കുന്നു. ഈ വിധക്കാരിൽ ഭൂരിപക്ഷക്കാരും ജീവിതനിരാശയോടെയാണ് മരിക്കുന്നത്. മരണം അവരെ സംബന്ധിച്ചിടത്തോളം അതിദയനീയവും അതിഭയങ്കരവുമായ ഒരു സംഭവവികാസമാണ്.

ആത്മഹത്യയാകുന്ന മരണം, ദൈവനീതിക്കും മനുഷ്യനീതിക്കുതന്നെയും എതിരായിട്ടുള്ള ദുഷ്ടമരണമാണ്. ദൈവം നമുക്ക് മഹാദാനമായി തന്നിരിക്കുന്ന ഈ ശരീരവും ജീവനും യാതൊരു കാരണവശാലും നമ്മുടെ അഭിപ്രായാനുസരണം തോന്നലിന് വിധേയമാക്കി നശിപ്പിക്കാൻ പാടില്ല. നമ്മുടെ ശരീരജീവനുകളുടെ സാക്ഷാൽ ഉടമ നാം അല്ല. ആത്മാവിൻെറ, ഈ ലോകത്തിലെ അധിവാസത്തിനായി ഈശ്വരൻ ദാനമായി നൽകിയിരിക്കുന്ന ശരീരവും ജീവനും



www.malankaralibrary.com

ഈ ലോകത്തിൽ ജീവിക്കാവുന്ന കാലത്തോളം ഇവിടെതന്നെ വസിക്കണം. ജീവിക്കണം. അതിനെതിരായി നമ്മുടെതല്ലാത്ത നമ്മുടെ ശരീരജീവനെ അതിൻെറ ഉടമയുടെ അനുവാദമില്ലാതെ നശിപ്പിക്കുന്നത്, ആത്മഹത്യാമൂലം, മരിക്കുന്നത് ആ കാരണത്താൽതന്നെ അതിലധിവസിക്കുന്ന ആത്മാവിന് നിത്യകാലം അനന്തവും അവർണ്ണനീയവുമായ നരകയാതനകൾക്കിടയാകും. ആകയാൽ നമ്മുടെ സഹോദരങ്ങളായ ആരും ആത്മഹത്യമൂലം മരിക്കാതിരിക്കുന്നതിലേക്ക് ശ്രദ്ധിക്കണം. ഏത് വിധമായാലും എങ്ങനെയായാലും പെട്ടെന്നുള്ള മരണത്തിനും ആത്മഹത്യക്കും ഇടവരാതെ, സമാധാനപരമായ സ്വൽപദിവസത്തെ സ്വസ്ഥതക്കുശേഷം മരണത്തെ, സ്വാഗതത്തോടെ, സന്തോഷത്തോടെ, അറിഞ്ഞുകൊണ്ടുനോക്കിപ്പാർത്ത് എല്ലാം വിട്ടൊഴിഞ്ഞ് എല്ലാവരോടും എല്ലാററിനോടും യാത്രപറഞ്ഞ് സ്രഷ്ടാവിങ്കലേക്ക് കണ്ണുയർത്തി ധ്യാനനിരതനായി, ആത്മാവിനെ തനിക്ക ദാനമായി നൽകിയ ഉടമസ്ഥനായ പിതാവിനെ ഭരമേൽപിക്കതക്ക വിധമുള്ള സൗഭാഗ്യ മരണം ലഭിക്കുവാനാണ് നാം ആഗ്രഹിക്കേണ്ടത്. അതിലേക്ക് ആത്മാവിൻെറയും ശരീരത്തിൻെറയും ജീവൻെറയും മരണത്തിൻെറ നിത്യലോകത്തിൻെറയും നിത്യ ജീവിതത്തിൻെറയും ഉടമസ്ഥനായ സൃഷ്ടാവിനോടു നമുക്കെല്ലാം പ്രാർത്ഥിക്കാം.

മാതാപിതാക്കളുടെയും സ്വന്തക്കാരുടെയും ബന്ധുക്കളുടെയും, സ്നേഹിതരുടെയും ഓമന ലീലകൾക്കും താരാട്ടു പാട്ടുകൾക്കും പാത്രവാനായി ശിശുപ്രായത്തിലൂടെ, കൗമാരത്തിലെത്തി കൂട്ടുകാരുമൊത്തുല്ലസിച്ച് ഗുരുഭൂതരിൽ നിന്നും മതാചാര്യരിൽ നിന്നും വിദ്യാലയം വഴിയും ജ്ഞാനസമ്പാദനം നടത്തി യൗവ്വനദശയിലെത്തി ഗൃഹസ്ഥാശ്രമത്തിലൂടെയോ, സന്യാസ ബ്രഹ്മചാരിയായോ, യൗവ്വന പ്രസരിപ്പിൻെറ, രക്തത്തിളപ്പിൻെറ ഊർജസ്വലതയിൽ



www.malankaralibrary.com

തന്റെ ആത്മാവിനു മുതൽക്കൂട്ടു ലഭിക്കുംവിധം മററുള്ളവർക്കു നന്മ ലഭിക്കുംവിധം സൃഷ്ടാവിങ്കൽ തന്റെ ഓരോ ചെയ്തികളും ഭാരമേല്പിച്ച്, സ്വാർത്ഥത്യാഗിയായി പരോപകാരിയായി, തനിക്കും മററുള്ളവർക്കും നന്മസ്ഥിതിയാകുന്ന പ്രവർത്തനങ്ങളിൽ മാത്രം ഇടപെട്ടു പ്രവർത്തിച്ച് പരോപദ്രവങ്ങൾക്കും തിന്മയ്ക്കും ഇടവരാതെ തന്റെ കഴിവിനും ശക്തിക്കും അന്തസ്സിനും അനുസൃതമായി തന്റെ ചുററുപാടിലും വ്യാപാരമണ്ഡലങ്ങളിലും നിശ്ശബ്ദ സുന്ദരവും നിസ്വാർത്ഥവും ചലനാത്മകവുമായ പ്രവർത്തനങ്ങളിലൂടെ വാർദ്ധക്യ ദശയിലെത്തി ഓടിച്ചാടി നടന്ന കാലുകളുടെ, കൈകളുടെ, അധരങ്ങളുടെ, ശരീരാവയവങ്ങളോരോന്നിന്റെയും ശക്തി ക്ഷയിച്ച് അവസാനം ഹൃദയസ്പന്ദനം മാത്രമുള്ളവനായി സമയം, മണിക്കൂറുകൾ, നിമിഷങ്ങൾ കാത്തുകാത്തു കിടക്കുന്നു.

തന്റെ സ്വന്തക്കാരും ബന്ധുക്കളും സ്നേഹിതരും പ്രത്യേകിച്ച് തന്റെ നന്മപരോപകാര പ്രവർത്തനങ്ങൾക്കർഹരായവരും തന്നെ ഒരുനോക്കു കാണുന്നതിനും കിടക്കയുടെ ചുററിലും വളഞ്ഞു വട്ടംകൂടി, നിർന്നിമേഷരായി, ശോകമൂകരായി, ബാഷ്പകണങ്ങളോടെ നിലകൊള്ളുന്നു. ചിലരെല്ലാം തന്റെ കൈ കാലുകളിലും, നെററിത്തടങ്ങളിലും നെഞ്ചിലും കൈ സ്പർശിച്ച് ഹൃദയസ്പന്ദനവും ചൂടും നിലച്ചോ എന്നു നോക്കുന്നു. നിമിഷ മാത്രയിൽ, കൈകാലുകളും ശരീരമാകമാനം തണുത്തു മരവിക്കുന്നു. ഈ വിധമായ ഒരു സമാധാന മരണം ലഭിക്കുന്നതിലേക്കായി, നമുക്കു സദാ ചിന്തിച്ചു. സഹോദരസ്നേഹത്തോടെ, നന്മ പ്രവർത്തനങ്ങൾ ചെയ്തും ദൈവത്തെ സ്നേഹിച്ചു സേവിച്ചു പ്രാർഥിച്ചും ജീവിതം തുടരാം.



www.malankaralibrary.com

## അദ്ധ്യായം 28

# സ്വർഗ്ഗവും നരകവും

ഈശ്വരന്റെ വാസസ്ഥാനമാണ് സ്വർഗ്ഗം. അതു നാം കാണുന്ന ഈ പ്രപഞ്ചത്തിന്റെയും ആകാശ ചക്രവാളത്തിന്റെയും എല്ലാ ജ്യോതിർ ഗോളങ്ങളുടെയും മുകളിൽ, ഉയരത്തിൽ, ഉന്നതിയുടെ ഉന്നതിയിൽ, അങ്ങ് അകലെയകലെ പരമോന്നതിയിൽ സ്ഥിതി ചെയ്യുന്നു. അതിന്റെ അതിരോ, വിസ്തൃതിയോ, നമ്മുടെ ഊഹാ ചിന്താമണ്ഡലങ്ങളിൽ ഒതുങ്ങാനാകാതെ നിലകൊള്ളുകയാണ്.

അവിടത്തെ പ്രജകളായി എണ്ണമററ വാനദൂതഗണങ്ങളും ഭൂമിയിൽ നന്മ ചെയ്തു നല്ലവരായി ദൈവേഷ്ട പ്രകാരം ജീവിച്ച മനുഷ്യരും ദൈവത്തോടു കൂടി വസിക്കുന്നു. അവിടത്തെ ജീവിതം ഒരിക്കലും അവസാനമില്ലാതെ നിത്യാനന്ദത്തിൽ തുടരുകയാണു ചെയ്യുന്നത്, ആ സ്വർഗ്ഗ സാമ്രാജ്യത്തിന്റെയും, ഈ ഭൂമണ്ഡലത്തിന്റെയും എല്ലാ സൗരയൂഥ ഗ്രഹവ്യൂഹങ്ങളുടെയും സർവ്വലോകത്തിന്റെയും സർവ്വസ്വത്തിന്റെയും അധിനായകനും, ഉടമസ്ഥനും രാജാവും പരമാധികാരിയും ചക്രവർത്തിയും ദൈവം തന്നെയാകുന്നു.

സ്വർഗ്ഗ സാമ്രാജ്യത്തിൽ സങ്കടമോ, ദു:ഖമോ കഷ്ടതയോ, യാതനകളോ, ഞെരുക്കങ്ങളോ ഒന്നുമില്ല. അവിടെ എല്ലാവരും സുഖവും സന്തോഷവും തൃപ്തിയും സന്തോഷവും ഉല്ലാസവും സദാ ആനന്ദവും



www.malankaralibrary.com

നിറഞ്ഞവരായി ആനന്ദ ലഹരിയിൽ മുഴുകി ഉല്ലസിസിക്കുന്നു. ജരാനരകളോ, വിശപ്പോ, ദാഹമോ, ക്ഷീണമോ, രോഗമോ, അസുഖമോ ഒന്നും അവിടെയില്ല.

ശിക്ഷാവിധികളുടെയും ദുഷ്ടരുടെയും തിൻമയുടെയും സ്ഥാനം—ആഴിയുടെ ആഴത്തിൽ വിസ്തൃതമായി കിടക്കുന്ന സർവ്വ ദുഃഖങ്ങളും കഷ്ടതകളും നിറഞ്ഞ സ്ഥാനം—ഭൂമി, പാതാളങ്ങളുടെ, അടിത്തട്ടിന്റെ അടിത്തട്ടിൽ അണ്ഡകടാഹ അതിവിദൂരയിൽ വർണ്ണനാതീതമായ കൊടും യാതനകളുടെ നികേതന സ്ഥാനം. ചെറുതും വലിതുമായ എണ്ണമററ, ദുഷ്ടാരൂപികളായ, ദുഷ്ടന്മാർ വസിക്കുന്നു. ദൈവകോപം മൂലം നിലം പതിച്ച ദുഷ്ടാരൂപികളായ പിശാചുക്കളൊവിടെയുള്ളതെല്ലാം. അവർക്കും അവിടെ തലവനും രാജാവും ഉണ്ട്. ഊഹിക്കാവതല്ലാത്ത വർണ്ണനാതീതമായ യാതനകളും ദുഃഖങ്ങളുമാണവിടത്തെ അനുഭവം.

അവിടുത്തെ യാതനാ ദുരിതങ്ങൾക്ക്, വാസത്തിന് ജീവിതാനുഭവത്തിന്, ഒരിക്കലും അവസാനവുമില്ല. എന്നും നിത്യകാലം വർത്തമാനകാലത്തിൽ തുടരുകയാണ്. വർണ്ണനാതീതമായ അവിടുത്തെ ആ നിത്യാഗ്നിജ്വാലയിൽ എന്നും സദാ കിടന്നു നിത്യവേദന അനുഭവിക്കുന്ന നിർഭാഗ്യം വന്നുചേരാതിരിക്കുവാൻ നമുക്കു ശ്രമിക്കാം. കരുണാനിധിയായ നമ്മുടെ സ്വർഗീയ പിതാവിന്റെ തൃപ്പാദത്തിങ്കൽ നമ്മെ മുഴുവനായി സമർപ്പിച്ചു ശരണീകരിച്ച്, അവിടുത്തെ സ്നേഹിച്ചു കൽപനകൾ കാത്ത് സ്വാർത്ഥപരിത്യാഗത്തിലൂടെ നന്മപ്രവർത്തനങ്ങളും പരോപകാരങ്ങളും അനുഷ്ടിച്ചു നമുക്കു ജീവിതം തുടരാം, വർത്തിക്കാം.

X X X X

സ്വർഗ്ഗ നരകത്തിലെ അനുഭവങ്ങളെക്കുറിച്ച് ക്രിസ്തുദേവൻ ഒരു അനുഭവ കഥ വിവരിക്കുന്നത്



www.malankaralibrary.com

ശ്രദ്ധിക്കുക ലൂക്കോസിന്റെ സുവിശേഷം 16-ാം അദ്ധ്യായം 19 മുതൽ 31 വരെയുള്ള വാക്യങ്ങൾ.

ധനവാനായൊരു മനുഷ്യൻ ഉണ്ടായിരുന്നു. അവൻ ധൂമ്രവസ്ത്രവും പട്ടും ധരിച്ചു ദിനംപ്രതി ആഡംബരത്തോടെ സുഖിച്ചുകൊണ്ടിരുന്നു. ലാസർ എന്നു പേരുള്ളോരു ദരിദ്രൻ വ്രണം നിറഞ്ഞവനായി അവന്റെ പടിപ്പുരയ്ക്കൽ കിടന്നു ധനവാന്റെ മേശയിൽ നിന്നുവീഴുന്നതു തിന്നു വിശപ്പടക്കാനാഗ്രഹിച്ചു. നായ്ക്കളും വന്നവന്റെ വ്രണം നക്കും. ആ ദരിദ്രൻ മരിച്ചപ്പോൾ ദൂതൻമാർ അവനെ അബ്രഹാമിന്റെ മടിയിലേക്കുകൊണ്ടുപോയി. ധനവാനും മരിച്ചടക്കപ്പെട്ടു. പാതാളത്തിൽ യാതന അനുഭവിക്കുമ്പോൾ മേലോട്ടുനോക്കി ദൂരത്തുനിന്നും അബ്രഹാമിനെയും അവന്റെ മടിയിൽ ലാസറെയും കണ്ടു: അബ്രഹാം പിതാവേ, എന്നോടു കനിവുണ്ടാകണമേ: ലാസർ വിരലിന്റെ അററം വെള്ളത്തിൽ മുക്കി എന്റെ നാവിനെ തണുപ്പിക്കേണ്ടതിനു അവനെ അയക്കേണമേ; ഞാൻ ഈ ജ്വാലയിൽ കിടന്നു വേദന അനുഭവിക്കുന്നു എന്നു വിളിച്ചുപറഞ്ഞു. അബ്രഹാം: മകനേ, നിന്റെ ആയുസ്സിൽ നീ നന്മയും ലാസർ അവ്വണ്ണം തിന്മയും പ്രാപിച്ചു എന്ന് ഓർക്ക; ഇപ്പോൾ അവൻ ഇവിടെ ആശ്വസിക്കുന്നു; നീയോ വേദന അനുഭവിക്കുന്നു. അത്രയുമല്ല ഞങ്ങൾക്കും നിങ്ങൾക്കും നടുവെ വലിയൊരു പിളർപ്പുണ്ടാക്കിയിരിക്കുന്നു. ഇവിടെനിന്നു നിങ്ങളുടെ അടുക്കൽ കടന്നുവരുവാൻ ഇച്ഛിക്കുന്നവർക്കു കഴിവില്ല; അവിടെ നിന്നു ഞങ്ങളുടെ അടുക്കൽ കടന്നുവരുവാനും പാടില്ല എന്നു പറഞ്ഞു. അതിനു അവൻ: എന്നാൽ പിതാവേ, അവനെ എന്റെ അപ്പന്റെ വീട്ടിൽ അയക്കേണമെന്നു ഞാൻ അപേക്ഷിക്കുന്നു. എനിക്കു അഞ്ചു സഹോദരന്മാർ ഉണ്ട്. അവരും ഈ യാതനസ്ഥലത്തു വരാതിരിപ്പാൻ അവൻ അവരോടു സാക്ഷ്യം പറയട്ടെ എന്നു പറഞ്ഞു. അബ്രഹാം അവനോട്; അവർക്കു മോശയും പ്രവാച



www.malankaralibrary.com

കന്മാരും ഉണ്ടല്ലോ; അവരുടെ വാക്ക് അവർ കേൾക്കട്ടെ എന്നു പറഞ്ഞു. അതിനു അവൻ: അല്ലല്ല, അബ്രഹാം പിതാവേ, മരിച്ചവരിൽ നിന്നു ഒരുത്തൻ എഴുന്നേററു അവരുടെ അടുക്കൽ ചെന്നു എങ്കിൽ അവർ മാനസാന്തരപ്പെടുമെന്നു പറഞ്ഞു. അവർ അവനോടു: അവർ മോശയുടെയും പ്രവാചകന്മാരുടെയും വാക്കു കേൾക്കാഞ്ഞാൽ മരിച്ചവരിൽ നിന്നു ഒരുത്തൻ എഴുന്നേററു ചെന്നാലും വിശ്വസിക്കയില്ല എന്നു പറഞ്ഞു.'

## അദ്ധ്യായം 29

# ലോകസമാധാനം

ഇന്ന് ലോകം അസ്വസ്ഥമാണ്. എവിടെയും, വഴക്കും ബഹളവും ശണ്ഠയും മർദ്ദനമുറകളും, വെടിപടക്ക സ്ഫോടനങ്ങളും, ബോംബുപൊട്ടിക്കലും, വിഷാണുപ്രയോഗവും, അനുദിനം, അനുനിമിഷം—ലോകത്തിന്റെ ഓരോ ഭാഗങ്ങളിലായി നടക്കുന്ന-നടന്നുകൊണ്ടിരിക്കുന്ന—മനുഷ്യക്കുരുതികൾ ഹൃദയമുള്ളവർക്ക്, ചിന്തിക്കുന്നവർക്ക്, സഹോദരസ്നേഹികൾക്ക് മർമ്മഭേദകം തന്നെ.

ലോകം ഇന്ന് വിദ്യാഭ്യാസത്തിലും വിജ്ഞാനത്തിലും, സംസ്ക്കാരത്തിലും, ഗവേഷണത്തിലും, ശാസ്ത്രവിജ്ഞാനത്തിലും, ഏററം ഉൽക്കർഷം പ്രാ



www.malankaralibrary.com

പിച്ചതായി അവകാശപ്പെടുന്നു എല്ലാ വിധത്തിലും കുറെ നേട്ടങ്ങളുമുണ്ടായിട്ടുണ്ട്. നേട്ടങ്ങളെക്കാൾ വളരെ കൂടുതലാണ് ആകമാനം ഉണ്ടായിക്കൊണ്ടിരിക്കുന്ന കോട്ടങ്ങൾ. ഒരു മനുഷ്യാത്മാവിന്റെ—മനുഷ്യ ജീവന്റെ—വില, എത്രമാത്രമെന്ന് നിശ്ചയിക്കാവുന്നതും, അളക്കാവുന്നതും തൂക്കാവുന്നതുമല്ല. ലോകം മുഴുവനേക്കാളും, വിലയേറിയതും വിലയുററതുമാണ് ഒരു മനുഷ്യജീവൻ. തന്നെപ്പോലെ, മാംസവും രക്തവും അസ്ഥിയും,ജീവനുമുള്ള തന്റെ സഹോദരനെ—സഹോദരങ്ങളെ ഒററയ്ക്കും കൂട്ടമായും, പലവിധമാർഗങ്ങളിലൂടെ സ്വസഹോദരങ്ങളെ കൊന്നൊടുക്കുന്നതിൽപ്പരം ദു:ഖകരമായും, കർക്കശമായും, മർമ്മഭേദകമായും, നീച, നീചമായ, പ്രവർത്തി മറെറാന്നുമില്ല തന്നെ.

ഈ നില വന്നുചേർന്നതിന്റെ അടിസ്ഥാനപരമായ കാരണങ്ങളെ നമുക്ക് വീക്ഷിക്കാം.

ഇന്ന് ലോകജനത ഒന്നടങ്കം രണ്ടുചേരിയിലാണ്. ഉള്ളവരും—ഇല്ലാത്തവരും. ഉള്ളവർ, ഇല്ലാത്തവരെ, വെറുപ്പോടെ വീക്ഷിക്കുകയും, അടിമകളെപ്പോലെ കരുതി അധ:സ്ഥിതമനസ്ഥിതിയോടെ കാണുകയും തങ്ങളുടെ ഒരു ചെറുവിരൽ സഹായം പോലും നൽകാതിരിക്കുകയും ചെയ്യുന്നു. ഉള്ളവരിൽ, അമിതസുഖാനുഭവികൾ, അർദ്ധമിത സുഖാനുഭവികൾ, മിതസുഖാനുഭാവികൾ, എന്നിങ്ങനെ പ്രധാനമായി മൂന്നുവിഭാഗക്കാരുണ്ട്.

രാജാക്കന്മാർ, രാഷ്ട്രത്തലവന്മാർ, ഭരണമേധാവികളായ മന്ത്രിമാർ—ഗവർണ്ണർമാർ, അംബാസിഡന്മാർ—മതനേതാക്കളായ അതി പുരോഹിത ശ്രേഷ്ഠന്മാർ, കുബേരചക്രവർത്തിമാർ— ഉന്നതധനാഢ്യർ—വ്യവസായ വാണിജ്യ ഉടമകളെല്ലാം ഉൾപ്പെടുന്നു—അർദ്ധാമിത സുഖാനുഭവികളിൽ—മന്ത്രിപദത്തിന് താ



www.malankaralibrary.com

ഴെ സുപ്രെണ്ടിനടുത്ത പടിവരെയുള്ളവർ, വാണിജ്യ–വ്യവസായ മാനേജരൻമാർ, പുരോഹിത വൃന്ദം മുഴുവനും, ഡാക്ടറൻമാർ, എൻജിനീയർന്മാർ, കാളേജ് പ്രിൻസിപ്പൽമാരും, പ്രൊഫസന്മാരും എല്ലാം ഉൾപ്പെടുന്നു. ക്ളാർക്കു മുതൽ സുപ്രെണ്ടു വരെയുള്ള സർക്കാരും പ്രൈവററ് സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ മുഴുവനും, ഹൈസ്ക്കൂൾ അധ്യാപകരും, കോളേജ് ലക്ച്ചറന്മാരും, മധ്യസ്ഥിത നിലയിലെ ഉയർന്നുള്ള ഉടമകളും ഉൾപ്പെടുന്നു.

മിതസുഖാനുഭവികളിൽ–എല്ലാ സ്ഥാനങ്ങളിലുമുള്ള ക്ളാർക്കന്മാർ, മിഡിൽസ്ക്കൂൾ അധ്യാപകർ, മധ്യസ്ഥിത ഭൂഉടമകളും–കൃഷിക്കാരും.

അർധമിതസുഖാനുഭവികളിൽ എല്ലാ സ്ഥാപനങ്ങളിലെയും, ശിപായി, അററൻറന്മാരും, പ്രൈമറി സ്ക്കൂൾ അദ്ധ്യാപകർ, വാണിജ്യ, വ്യവസായശാലകളിലെ തൊഴിലാളികൾ——ചെറിയ ഭൂഉടമകളെല്ലാം ഉൾപ്പെടുന്നു.

ഇല്ലാത്തവരുടെ ഗണത്തിൽ അർധപ്പട്ടിണിക്കാർ, മുഴുപ്പട്ടിണിക്കാർ, കിടപ്പാടമില്ലാത്തവർ, ചെററക്കുടിലുവാസികൾ, നഗ്നരും–അർധനഗ്നരും–ഇങ്ങനെ വിവിധതരക്കാരുൾപ്പെടുന്നു. ഉള്ളവർ–ഇല്ലാത്തവരെ കാണുന്നുണ്ടെങ്കിലും, കാണുന്നില്ലെന്നുള്ള ഭാവത്തിലും, അറിയുന്നുണ്ടെങ്കിലും, അറിയുന്നില്ലെന്നുള്ള നിലയിലുംവർത്തിക്കുന്നു. ഉള്ളവരുടെ ഒരു ചെറുവിരൽ സഹായംപോലും ഇല്ലാത്തവർക്ക് നൽകുന്നില്ലെന്നുമാത്രമല്ല, അവരെ ഈശ്വരനാൽ വെറുക്കപ്പെട്ടവരും ശപിക്കപ്പെട്ടവരുമായി താറടിച്ചു തള്ളുന്നു. വിശപ്പിൻെറ വിളിയുടെ ആഴം ഉള്ളവർ ഒരിക്കലും അനുഭവിച്ചറിയുന്നില്ല.

ഭക്ഷണശാലകളിലെ എച്ചിലിലക്കുഴിയിൽ ആർ



www.malankaralibrary.com

ത്തിയാലെ, എച്ചിലില പെറുക്കി ഭക്ഷണാവശിഷ്ടങ്ങൾ ആർത്തിയോടു നക്കിപ്പെറുക്കിത്തിന്നുന്ന കൊച്ചു സോദരങ്ങളെ അവർ കാണുന്നുണ്ടെങ്കിലും കാണാത്ത നിലയിൽ കടന്നു പോകുന്നു.

ഉള്ളവർക്കാകട്ടെ, ഭൂരിപക്ഷക്കാർക്കും അവരുടെ ദുഷ്ടതയുടെ ഫലമായി അമിതാനന്ദ സുഖം അനുഭവിക്കാൻ, ദൈവം അനുവദിക്കുന്നില്ല. ദഹനക്കുറവിനാൽ വിശപ്പിനു സദാ മരുന്നു കഴിച്ചു വിശപ്പുണ്ടാക്കണം. ചിലർക്ക് പഞ്ചസാര ദീനം, ചിലർക്ക് അരി ആഹാരം വേണ്ടാ. ചിലർക്കു ദിവസവും മരുന്നു കുത്തിവയ്ക്കണം ഈവിധമെല്ലാമായാലും പാവപ്പെട്ടവരെ തിരിഞ്ഞു നോക്കുന്നില്ല. മഹോദരം, അർബുദം, ക്യാൻസർ, തുടങ്ങിയ മഹാവ്യാധികളാൽ വേദനാനുഭവത്തിലൂടെ ലോക ജീവിതം അവസാനിപ്പിക്കേണ്ടിവരുന്നവർ പോലും കൊടും സ്വാർത്ഥതയിലും ദുഷ്ടതയിലും പരസ്നേഹമില്ലായ്മയിലും വർത്തിച്ച് ജീവിതമവസാനിപ്പിക്കുന്നു.

പ്രധാനമായ മറ്റൊരു പ്രശ്നം അസമാധാനത്തിന്റെയും അസ്വസ്ഥതയുടെയും, വിത്തുപാകി മുളപ്പിച്ചു വളർത്തുന്നവരും ഉള്ളവരാണെന്നുള്ള സത്യം മറയ്ക്കാവതല്ല. ഉള്ളവർ തങ്ങളുടെ സുഖത്തിനും സ്വാർത്ഥതാല്പര്യങ്ങൾക്കുമായി, ഇല്ലാത്ത പാവപ്പെട്ടവരെ ഉപയോഗപ്പെടുത്തുന്നു, ആയുധമാക്കുന്നു. തങ്ങളുടെ ലക്ഷ്യ പ്രാപ്തിക്കു ശേഷം കറിവേപ്പില പോലെ അവരെ പുറന്തള്ളുന്നു വെറുക്കുന്നു.

സർവ രാഷ്ട്രീയ പാർട്ടികളും ഇതരസംഘടനകളും, ഇസ്സങ്ങളും, സമൂഹങ്ങളുമെല്ലാം, പാവപ്പെട്ടവരെ ഉപകരണമാക്കി പൊക്കിപ്പിടിച്ചു തങ്ങളുടെ, സുഖം സ്വാർത്ഥത, താല്പര്യങ്ങൾ നേടിയെടുക്കുന്നു, അത്യധികം കഠിനതരവും, ശോച്യവുമായ ഈ നില മാറാതെ ലോക സമാധാനം കൈവരുന്നതല്ല.



www.malankaralibrary.com

ഇന്ന് എവിടെ നോക്കിയാലും അസമാധാനം, അസ്വസ്ഥത, അക്രമവിളയാട്ടവും പോരാട്ടവും, മനുഷ്യക്കുരുതി, ഇതിന്റെയെല്ലാം ഉറവിടം മാത്ര മല്ല, ശക്തികേന്ദ്രം തന്നെ മുൻപറഞ്ഞ ഉള്ളവരുടെ, സംഘടനാ സമൂഹങ്ങളിൽ നിന്നാണെന്നുള്ളതുശക്ത വും വ്യക്തവുമായ ഒരു പരമ സത്യം മാത്രമാണ്. ചിലർക്കു അമിതാനന്ദ സുഖാനുഭവം മാത്രം പോരാ പേരും പെരുമയും പ്രശസ്തിയും, അധികാരമോ ഹം, എല്ലാമെല്ലാം വേണം. അതിലേക്ക് എന്തു ദുഷ്ട തയും കഠിനപ്രവർത്തിയും ചെയ്യുന്നതിന് അവർക്ക് മടിയില്ല. കൊല്ലും കൊലയും കൊള്ളിവയ്പും നടത്തുന്നതിനും മടിയില്ല. അതിന്റെ ദുരിതാനുഭവ ഫലങ്ങൾക്കിടയാകുന്ന സഹോദരങ്ങളെ അവർ കാണു ന്നില്ല.

മതത്തിന്റെ പേരിൽ ചൂഷണമോഷണങ്ങളും തട്ടിപ്പുവെട്ടിപ്പുകളും നടത്തുന്ന ഒരു നല്ലവിഭാഗം ലോകത്തെവിടെയും ഉണ്ട്.

ദൈവഭക്തരും മതസ്നേഹികളുമെന്നു ഭാവി ക്കുന്ന വ്യക്തികളും ഉപദേശികളും സന്യാസികളും വൈദികരും സന്യാസ ശ്രേഷ്ഠന്മാരും-യതികളും– യതിപുംഗവരും, ദേവാ ലയ ബലിയർപ്പണക്കാരുമെല്ലാം ഇതിൽ ഉൾപ്പെട്ടിരി ക്കുന്നു. ഇക്കൂട്ടരിൽ, ആത്മാർത്ഥതയോടെ, ദൈവ സ്നേഹത്തോടെ പരസ്നേഹത്തോടെ, വർത്തിക്കുന്ന ഒരു വിഭാഗക്കാരും അവിടവിടെ ഇല്ലാതില്ല. അധിക പങ്കും തൻ സുഖം തനിക്കു താൻ, സ്വാർത്ഥത–തന്റെ സ്വന്തക്കാർ, ബന്ധുക്കൾ–എല്ലാം അമിതാനന്ദ സുഖ ത്തിൻ പ്രശസ്തിയിൽ–ധനാഢ്യതയിൽ കഴിയണം– ആയതിലേക്കു - പാവപ്പെട്ടവന്റെ – പിച്ചച്ചട്ടിക്കാര ന്റെ, അവശന്റെ- ആലംബഹീനന്റെ–പേരിൽ, എവി ടെയെല്ലാം എങ്ങനെയെല്ലാം പൊക്കിക്കാണിച്ചു ഉദാര



www.malankaralibrary.com

മതികളിൽ നിന്നു വാങ്ങാവുന്നത്ര വാങ്ങി സുഖിക്കുന്നു. ഈ നില മാറണം. അറുതിവരണം.

## നഗ്നവും വ്യക്തവുമായ ഒരു സത്യം

ലോക ജനതയിൽ ഒരു നല്ല വിഭാഗം എന്നും അസ്വസ്ഥതയിലും അസമാധാനത്തിലുമാണ് കഴിഞ്ഞിട്ടുള്ളത്. ഇന്നു ആകപ്പാടെ, ലോകം മുഴുവൻ തന്നെ, സമാധാനമില്ലാതെ, സ്വസ്ഥതയില്ലാതെ, വഴക്കും വയ്യാവേലിയുമായി, ശണ്ഠയിലും മർദ്ദനത്തിലും സംഘടനത്തിലും മനുഷ്യക്കുരുതിയിലും ഭീകരതയോടെ, നടുക്കത്തോടെ മുന്നേറുന്നു. എവിടെയും, ജാതി, ജാതിക്കെതിരായും വർഗ്ഗം, വർഗ്ഗത്തിനെതിരായും മതം, മതത്തിനെതിരായും കുടുംബം, കുടുംബത്തിനെതിരായും, ദേശം, ദേശത്തിനെതിരായും, സമൂഹം സമൂഹത്തിനെതിരായും, ഇസ്സം ഇസ്സത്തിനെതിരായും പോരാടുന്നു.

ഒരേ ജാതിയും, വർഗവും, മതവും, സമൂഹവും, രാജ്യവും, കുടുംബവുംതന്നെ, തമ്മിൽ തമ്മിൽ എതിരായി മത്സരിച്ചുവർത്തിക്കുന്നു. മാതാപിതാക്കളും മക്കളും, സ്വന്തക്കാരും ബന്ധുക്കളുമെല്ലാം തമ്മിൽ തമ്മിലും അന്യോന്യവും പോരാടുന്നു. എങ്ങും ഒരിടത്തും സമാധാനമില്ലെന്നുള്ളത് നഗ്നമായ ഒരു സത്യം മാത്രമാണ്.

ആദികാലം മുതൽ ഇന്നുവരെ—ലോകത്തിലെവിടെയും സമാധാനചിത്തരായിവർത്തിക്കുന്ന—ജീവിക്കുന്ന—സമാധാനത്തിനായി അവിശ്രമപരിശ്രമം നടത്തുന്ന ഒരു വിഭാഗക്കാരുണ്ടെന്നുള്ള വ്യക്തമായ സത്യം, മറക്കാവതോ—മറയ്ക്കാവതോ അല്ല. അത് അവർ എല്ലാമതങ്ങളിലേയും, പുരോഹിതർ, വൈദികർ, പുരോ



www.malankaralibrary.com

ഹിതശ്രേഷ്ഠർ, സന്യാസിനികൾ, സന്യാസ ബ്രദേഴ്സ്—ആനന്ദബ്രഹ്മാനന്ദസ്വാമിമാർ, പാദുകസ്വാമിമാർ, തുടങ്ങിയവരാണ് ഇക്കൂട്ടർ, എത്രതന്നെ സ്വാർത്ഥരും, സ്വാർത്ഥമോഹികളും, പരസ്നേഹമില്ലാത്തവരുമായാലും—അവരുടെ അതേ സ്വഭാവപ്രവർത്തനങ്ങൾക്ക് കോട്ടംവരാതെ—വരുത്താതെ—സമാധാനത്തിനുവേണ്ടി സമാധാനചിത്തരായി വർത്തിക്കുന്നു. എന്നത് നമുക്ക് മറക്കാവുന്നതല്ല.

എല്ലാ വിഭാഗത്തിലും, ജാതിയിലും മതത്തിലും ഉള്ള, സകലവൈദികരും, പുരോഹിതരും, പുരോഹിതശ്രേഷ്ഠരും, സന്യാസികളും, കന്യാസ്ത്രീകളും, സന്യാസസഹോദരങ്ങളും—എത്രതന്നെ തൻകാര്യപ്രിയരും—സ്വാർത്ഥമൂർത്തികളും അമിതസുഖാനുഭവികളുമായാലും അവർ ലോകാരംഭം മുതൽ ഇന്നുവരെ ലോകസമാധാനത്തിനുവേണ്ടി നിലകൊണ്ടുപരിശ്രമിച്ചിട്ടുണ്ട്. ഇന്നും പരിശ്രമിക്കുന്നു അവരുടെ സന്മാർഗികവും, നിസ്വാർത്ഥതയും പരസ്നേഹവും എത്രതന്നെ കുറവായിരുന്നാലും, അവർ, അസ്വസ്ഥകളും, വഴക്കുകളും മനുഷ്യക്കുരുതിയും ഉണ്ടാകാതെ അതിനെതിരായി ലോകസമാധാനം കൈവരിക്കുന്നതിനായി അവിശ്രമം പരിശ്രമം നടത്തുന്നു. അവരുടെ സ്തുത്യർഹമായ സേവനം, ആർക്കും ഒരിക്കലും മറക്കാനോ മറയ്ക്കാനോ സാധ്യമല്ല. ആ വിജയക്കൊടി എന്നും പാറിപ്പറക്കുന്നു. പാറിക്കൊണ്ടിരിക്കുന്നു.

ലോകസമാധാനം കൈവരിക്കുന്നതിന് ഉള്ളവരായ സുഖാനുഭവികൾ, എല്ലാ തലത്തിലും എല്ലാവിധത്തിലും, തങ്ങളുടെ സുഖം പരിമിതമാക്കി, ഇല്ലാത്തവരെ സഹായിക്കണം. കൂടാതെ ഉള്ളവർ തങ്ങളുടെ സ്വാർത്ഥതാല്പര്യങ്ങൾക്കായി ഇല്ലാത്തവരെ ആ



www.malankaralibrary.com

യുദ്ധമാക്കാതെയും, ഇസ്സങ്ങളും, സംഘടനകളും, സമൂഹങ്ങളും കെട്ടിപ്പടുക്കാതെയും. കഴിവുള്ള നിസ്വാർത്ഥതയോടെ വർത്തിച്ച് ജീവിക്കണം.

സമാധാനത്തിന്റെ മൂർത്തിയും സമാധാനത്തിന്റെ ഉടമയും, സർവത്തിന്റെയും സ്രഷ്ടാവും, രക്ഷിതാവുമായ സർവേശ്വരനിൽ, എല്ലാവരും വിശ്വസിച്ച്, ദൈവസ്നേഹം മനുഷ്യസ്നേഹത്തിലൂടെ പ്രവർത്തിച്ച് വ്യക്തമാക്കി ഏകോദരസഹോദരങ്ങളായി ജീവിച്ചാൽ, ലോകസമാധാനം കൈവരിക്കാം.



www.malankaralibrary.com

## അദ്ധ്യായം 30

# പ്രാർത്ഥന

ഉണർന്നെഴുന്നേൽക്കുമ്പോൾ; എന്റെ ദൈവമേ, അവിടുത്തെ സങ്കേതത്തിൽ ഞാൻ എന്റെ കണ്ണുകളെ തുറക്കുന്നു. ഈ കിടക്കയിൽനിന്നു ഞാനെഴുന്നേററതുപോലെ എന്റെ സകലവിധ പാവങ്ങളെ വിട്ടെഴുന്നേല്പാനും വീണ്ടും വീണ്ടും പാപത്തിൽ വീഴാതിരിപ്പാനും എനിക്കു നീ സഹായം ചെയ്യണമേ! എന്റെ പിതാവേ, എന്റെ ശരീരം മറയ്ക്കുവാൻ വസ്ത്രം തന്നതുപോലെ, എന്റെ ആത്മാലങ്കാരത്തിനും അവിടുത്തെ പുണ്യമാകുന്ന വസ്ത്രം തരേണമേ? എന്റെ സ്വർഗീയ നാഥാ, ഇന്നേ ദിവസം എന്റെ കാലുകൾ വയ്ക്കുന്ന ഓരോ അടിയും കൈയുടെ ചലനങ്ങളോരോന്നും പാപികൾ നല്ലവരാകുന്നതിനും വിശക്കുന്ന വയറുകൾക്കാഹാരം നല്കുന്നതിനുമായി തിരുസന്നിധിയിൽ കാഴ്ചവയ്ക്കുന്നു.

എന്റെ സൃഷ്ടാവും രക്ഷകനുമായ സ്നേഹനാഥാ, ഇന്നേ ദിവസം എന്റെ വായ് കൊണ്ടുള്ള സംസാരങ്ങളോരോന്നും, നാക്കുകൊണ്ടുള്ള ഉച്ചാരണങ്ങളോരോന്നും രോഗത്തിലും മരണാവസ്ഥയിലും കിടക്കുന്നവരുടെ ആശ്വാസത്തിനും ലോകസമാധാനത്തിനുമായി തൃപ്പാദത്തിങ്കൽ ഞാൻ കാഴ്ചവയ്ക്കുന്നു. എന്റെ ആത്മനാഥാ, എന്റെ ചങ്കിടിക്കുന്ന ഓരോ ഇടിപ്പും, നാടീഞരമ്പുകൾ ഇടിക്കുന്ന ഓരോ തുടിപ്പും എല്ലാവരും നല്ലവരായി ജീവിക്കുന്നതിനും,



www.malankaralibrary.com

എന്റെ ഉപകാരികൾക്കു നന്മ നൽകുന്നതിനും തിരുസന്നിധിയിൽ കാഴ്ചയർപ്പിക്കുന്നു.

എന്റെ ആത്മനാഥാ, ഇന്നേ ദിവസമുണ്ടാകുന്ന എന്റെ ഹൃദയ വിചാരങ്ങളോരോന്നും, ചിന്തകളോരോന്നും, എന്റെ കുടുംബാംഗങ്ങൾ നല്ലവരാകുന്നതിലേക്കായി തിരുസന്നിധിയിൽ കാഴ്ചയർപ്പിക്കുന്നു.

ക്ഷമാപണ പ്രാർത്ഥന: സർവത്തെയും കാൾ സ്നേഹിക്കപ്പെടുവാൻ യോഗ്യനായ എന്റെ സർവ്വേശ്വരാ, പിതാവേ! അവിടുത്തോടു എല്ലാവിധ തെററുകളും ഞാൻ ചെയ്തുപോയതിനാൽ മനസ്താപിക്കുന്നു. ദു:ഖിക്കുന്നു. എന്റെ മുഴുഹൃദയത്തോടെ അങ്ങയെ സ്നേഹിക്കുന്നു. എന്റെ തെററുകുററങ്ങളാലും പാപങ്ങളാലും എന്റെ ആത്മാവിനെ അശുദ്ധമാക്കി, സ്വർഗ്ഗ സൗഭാഗ്യം നഷ്ടമാക്കി നരകാവകാശി ആയതിനാലും ഞാൻ അത്യധികം സങ്കടപ്പെടുന്നു. അവിടുത്തെ അനുഗ്രഹത്താൽ ഇനിമേലിൽ പാപം ചെയ്യുകയില്ലെന്നും, പാപഹേതുക്കളെ ഉപേക്ഷിച്ച്, ഏതെങ്കിലും ഒരു ദോഷം ചെയ്യുന്നതിനു മുമ്പേ, മരിക്കുന്നതിനു ഞാൻ ഒരുക്കമാണെന്നും അവിടുത്തെ മുമ്പിൽ പ്രതിജ്ഞ ചെയ്യുന്നു. പിതാവേ, പ്രാണനാഥാ, വന്നുപോയ തെററുകൾ എന്നോടു ക്ഷമിച്ച് എനിക്കു മാപ്പു തരണമേ!

എന്റെ ദൈവമേ! എന്റീശ്വരാ! അവിടുത്തേക്കു സ്തുതി, ഇന്നേ ദിവസം ലോകമൊക്കെയും അർപ്പിക്കുന്നതായ പൂജാകർമ്മാനുഷ്ഠാനങ്ങളും, സകലസുകൃത പുണ്യവ്യാപാരങ്ങളും ഒന്നായി ചേർത്ത് അവയോടരൂപിയിൽ ഞാനും ചേർന്നുകൊണ്ട് എന്റെയും ലോകത്തിന്റെയും സകല വിധ പാപപരിഹാരത്തിനുവേണ്ടിയും, എന്റെ കുടുംബത്തിന്റെ പരിമിതമായ ഭൗതിക നന്മകൾക്കുവേണ്ടിയും തിരുസന്നിധിയിൽ ഞാൻ കാഴ്ചവയ്ക്കുന്നു.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അവി



www.malankaralibrary.com

ടുത്തെ തിരുനാമം പരിശുദ്ധമാകണമേ; അവിടുത്തെ സ്വർഗ്ഗരാജ്യം ഈ ഭൂമിയിൽ സ്ഥാപിക്കണമേ. ഞങ്ങളുടെ അനുദിനാഹാരം ഇന്നും എന്നും ഞങ്ങൾക്കു തരേണമേ. ഞങ്ങളോടു തെററു ചെയ്തവരോടു ഞങ്ങൾ ക്ഷമിച്ചപോലെ ഞങ്ങളുടെ തെററുകുററങ്ങളും ഞങ്ങളോടെ ക്ഷമിക്കണമേ! ലോകത്തിൻെറയും, ശരീരത്തിൻെറയും പരീക്ഷയ്ക്കിടവരുത്തരുതേ. ഞങ്ങൾ ഉൾപ്പെടെ ഈ പ്രപഞ്ചമണ്ഡലം ഉൾപ്പെടെ, സർവ്വത്തിൻെറയും സൃഷ്ടാവും രക്ഷിതാവും, സർവ്വശക്തനായ അവിടുന്നാണെന്നും എല്ലാററിനേക്കാൾ ഉപരിയായ സ്തുതിമാഹാത്മ്യങ്ങൾ അവിടുത്തേക്കുള്ളതാണെന്നും ഞാനേററു പറയുന്നു.

നടക്കുമ്പോഴും വിശ്രമവേളകളിലും തുടർച്ചയായ പതുങ്ങിയ സ്വരത്തിൽ ഉള്ളിൻെറ ഉള്ളിൽ നിന്നും എൻെറ ദൈവമേ, എൻറീശ്വരാ അതുതന്നെ വീണ്ടും വീണ്ടും തുടരണം.

ആഹാരസമയത്ത്: എൻെറ ദൈവമേ, അവിടുന്നു എനിക്ക് ഈ ശരീരാഹാരം തന്നതുപോലെ, എൻെറ ആത്മാവിനും ആവശ്യമായ പുണ്യാഹാരം നൽകി നിറയ്ക്കണമേ!

★



www.malankaralibrary.com